# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാനന്തവാടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**വയനാട്-673121**

**ഇ-മെയിൽ: dowyd.ksad@kerala.gov.in**

**ഫോൺ : 0493-6203672**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം3-114/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 20/03/2024
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
മാനന്തവാടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : മാനന്തവാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാനന്തവാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2. ജോയിന്റ് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, വയനാട്
3. കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം3-114/2024 തീയ്യതി: 20/03/2024

# വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 84 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വസന്ത.പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-01-2024 | 02-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2024 | 02-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ശശീന്ദ്രൻ.കെ (ഓഡിറ്റ് ഓഫീസർ)

ശ്രീമതി.ബിന്ദു.കെ.കെ (അസി .ഓഡിറ്റ് ഓഫീസർ)

ശ്രീ.അലി അക്ബർ.കെ (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീ.സമീർ.എം (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീമതി.ഇന്ദു.കെ.നായർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.അനിൽ ജോസ് ഡൊമനിക് (ഓഡിറ്റർ)

ശ്രീമതി.അപർണ്ണ ശശിധരൻ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി.കെ. രത്നവല്ലി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മമ്പള്ളി സന്തോഷ് കുമാർ | മുനിസിപ്പൽ സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. സൗമ്യ. എസ് | മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.അമ്പിളി. യു.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-01-2023 |
| ഡോ.പ്രവീൺ ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-02-2023 | 31-03-2023 |
| ഡോ.ദയാൽ. എസ് | വെറ്റിനറി സർജ്ജൻ | 01-04-2022 | 08-08-2022 |
| ഡോ.ജവഹർ.കെ | വെറ്റിനറി സർജ്ജൻ | 09-08-2022 | 31-03-2023 |
| ശ്രീ.ഗ്രീഷ്മ ഗോപാലൻ | ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ. എം.എം. | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. സലിം അൽത്താഫ് | പ്രിൻസിപ്പൽ .ജി.വി.എച്ച്.എസ്.എസ് | 01-04-2022 | 31-03-2023 |
| ശ്രീ. ആര്യ.പി.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു.കെ.എൽ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സജി.കെ.എം. | ഹെൽത്ത് ഓഫീസർ | 01-04-2022 | 30-11-2022 |
| ശ്രീ.പി.ജി.അജിത്ത് | ഹെൽത്ത് ഓഫീസർ | 01-12-2022 | 31-03-2023 |
| ശ്രീ.അജിത്ത് | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-08-2022 |
| ശ്രീ.സിമി.വി | പ്രോജക്ട് ഓഫീസർ | 01-09-2022 | 16-09-2022 |
| ശ്രീ.പ്രസാദ്.കെ.എം. | പ്രോജക്ട് ഓഫീസർ | 17-09-2022 | 31-03-2023 |
| ശ്രീ.നിഷാദ്.കെ.വി | ഡയറി എക്സ്റ്റൻഷൻ ഓപീസർ | 01-04-2022 | 03-06-2022 |
| ശ്രീ.ജോൺ വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓപീസർ | 04-06-2022 | 30-06-2022 |
| ശ്രീ.ശ്രീലേഖ.എൻ.എസ് | ഡയറി എക്സ്റ്റൻഷൻ ഓപീസർ | 01-07-2022 | 31-03-2023 |
| ശ്രീ.അർച്ചന ആനന്ദ് | ഇൻഡസ്ട്രിയൽ എക്സ്റ്ററൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് അക്കൗണ്ട് സ്റ്റേറ്റുമെന്റുകളും റീകൺസിലിയേഷൻ പത്രികകളും മുഴുവനായും ലഭ്യമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-3 |
| 5 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-4 |
| 6 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | രജിസ്റ്ററുകൾ കൃത്യതയോടെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-10 |
| 12 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-12 |
| 14 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | Prior Period Income And Expenditure രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-14 |
| 16 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ | 1-1-15 |
| 17 | ബഡ്ജറ്റ് | 1-2 |
| 18 | ബജറ്റ് കൃത്യതയോടെ തയ്യാറാക്കേണ്ടതാണ് | 1-2-1 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| 26 | സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്, | 1-10 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 28 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |
| 29 | ലൈസൻസ് രജിസ്റ്റർ ഹാജരാക്കിയില്ല. ലൈസൻസ് ഫീസ് സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. | 1-13 |
| 30 | റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-13-1 |
| 31 | ഇ-ടിക്കറ്റിംഗ് സോഫ്റ്റ്വെയറിൽ നിന്നുള്ള വിനോദനികുതിയുടെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഹാജരാക്കിയില്ല. | 1-14 |
| 32 | രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-15 |
| 33 | നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ മാലിന്യം നിക്ഷേപിച്ചതുമൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം | 1-15-1 |

| | | |
|---|---|---|
| 34 | ടാക്സ് ഓഡിറ്റ് | 1-16 |
| 35 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം | 1-16-1 |
| 36 | വസ്തുനികുതി | 1-16-2 |
| 37 | സേവന ഉപനികുതി | 1-16-3 |
| 38 | തൊഴിൽ നികുതി | 1-16-4 |
| 39 | വിനോദ നികുതി | 1-16-5 |
| 40 | നികുതിയേതര വരവുകൾ | 1-16-6 |
| 41 | നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ | 1-16-7 |
| 42 | ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ്‌വയർ ഇന്റർഫേസ് പൂർണമായും ഓഡിറ്റിങ്ങിന് പര്യാപ്തമല്ല | 1-17 |
| 43 | വസ്തു നികുതി പിരിവ്-അപാകതകൾ | 1-18 |
| 44 | സഞ്ചയ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല | 1-18-1 |
| 45 | സഞ്ചയ സോഫ്റ്റ്‌വെയർ - വളരെയധികം ഡിമാന്റുകൾ സസ്പെക്ട് ചെയ്യുന്നതുമൂലം ഡിമാന്റ് കാലഹരണപ്പെട്ട് വരുമാനനഷ്ടമുണ്ടാവുന്നു. | 1-18-2 |
| 46 | കെട്ടിടങ്ങളുടെ മേഖലകൾ നിർണയിച്ചിട്ടുള്ളതിലെ അപാകതകൾ. | 1-18-3 |
| 47 | നികുതി നിരക്ക് കുറച്ച് നികുതി നിർണയിക്കുന്നത് മൂലം ധനനഷ്ടമുണ്ടാവുന്നു. | 1-18-4 |
| 48 | മൊബൈൽ ടവറുകളുടെ വസ്തു നികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല-വസ്തു നികുതികൾ കാലഹരണപ്പെടുന്നു. | 1-18-5 |
| 49 | പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത-മുനിസിപ്പാലിറ്റിക്ക് ധന നഷ്ടമുണ്ടാവുന്നു. | 1-18-6 |
| 50 | പെർമിറ്റിലും, ഒക്കുപെൻസിയിലും അധികരിച്ച അനധികൃത നിർമ്മാണത്തിന് നിയമാനുസൃത പിഴയും അധിക നികുതിയും ഈടാക്കേണ്ടതാണ് | 1-18-7 |
| 51 | വ്യവഹാരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി -യഥാസമയം നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്. | 1-19 |
| 52 | ജിയോ ഇൻഫോകോം ലിമിറ്റഡിന് ഒപ്റ്റിക്കൽ കേബിൾ ഇൻസ്റ്റലേഷന് അനുമതി നൽകിയ വകയിൽ മുനിസിപ്പാലിറ്റിക്ക് ഉണ്ടായ വരുമാനത്തിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. | 1-20 |
| 53 | IBPMS സോഫ്റ്റ്‌വെയർ വഴി പുറപ്പെടുവിക്കുന്ന പെർമിറ്റ് ഫീസുകൾ മുനിസിപ്പാലിറ്റിക്ക് ലഭ്യമായിട്ടില്ല. | 1-21 |
| 54 | തൊഴിൽ നികുതി-അപാകതകൾ | 1-22 |
| 55 | ജീവനക്കാരുടെ തൊഴിൽ നികുതി-നഗരസഭയുടെ കൈവശം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ആളുകളുടെ കൃത്യമായ വിവരങ്ങളില്ല. | 1-22-1 |
| 56 | തൊഴിൽ നികുതി രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല | 1-22-2 |
| 57 | സ്ഥാപന തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. | 1-22-3 |
| 58 | നഗരസഭ പരിധിയിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയില്ല. | 1-22-4 |
| 59 | സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-22-5 |
| 60 | ലഭ്യമായ തൊഴിൽ നികുതി കൃത്യമായി രസീത് ചെയ്യുന്നില്ല. | 1-22-6 |
| 61 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത സ്ഥാപനങ്ങളുടെ തന്നെ പൂർണമായ തൊഴിൽ നികുതി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-22-7 |
| 62 | പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണം കണ്ടെത്തേണ്ടതാണ്. | 1-23 |
| 63 | നഗരസഭാ ഉടമസ്ഥതയിലെ ഭൂമിയുടെ റവന്യൂ നികുതികൾ യഥാസമയം ഒടുക്കി രേഖകൾ സൂക്ഷിക്കേണ്ടതാണ് | 1-24 |
| 64 | താൽകാലിക തസ്തികയിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ് | 1-25 |

| | | |
|---|---|---|
| 65 | ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം- സബ്സിഡി മാർഗ്ഗ രേഖ ലംഘിച്ച -ചെലവഴിച്ച തുക നിരാകരിക്കുന്നു. | 1-26 |
| 66 | എസ്.സി/എസ്.ടി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ചു - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 67 | പ്രോജക്ട് ഫയലുകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-28 |
| 68 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ₹ 12,00,000.00 തടസ്സപ്പെടുത്തുന്നു. | 1-29 |
| 69 | എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ– ₹ 6,33,894.00 തടസ്സപ്പെടുത്തുന്നു. | 1-30 |
| 70 | പാലിന് സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 71 | കാലിത്തൊഴുത്ത് നവീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-32 |
| 72 | എസ്.എസ്.കെ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-33 |
| 73 | ലൈബ്രറിക്ക് ഫർണ്ണീച്ചർ - അധിക തുക നൽകി | 1-34 |
| 74 | കടുവയുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് പുനർജ്ജീവന പദ്ധതി-സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-35 |
| 75 | ആഫ്രിക്കൻ സ്വൈൻ ഫീവർ ബാധിച്ച് പന്നികൾ നഷ്ടപെട്ട കർഷകരുടെ പുനർജ്ജീവന പദ്ധതി-സബ്സിഡി മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-36 |
| 76 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതിയിൽ നിന്ന് ഒഴിവാക്കിയ ഗുണഭോക്താക്കൾക്ക് വകയിരുത്തിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-37 |
| 77 | പൊതുമരാമത്ത് മേഖലയിലെ പദ്ധതിരൂപീകരണവും നടത്തിപ്പും - പൊതുഅപാകതകൾ | 1-38 |
| 78 | ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-39 |
| 79 | നഗരസഭയുടെ വാർഷികകണക്കിൽ ഉൾപ്പെടാത്ത തുകകൾ അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. | 1-40 |
| 80 | അമൃത് സർ വേ-വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -സർവേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല | 1-41 |
| 81 | റോഡ് ട്രാക്കിംഗ് സർവേ- സർവേ നടത്തിയിട്ടും സർവേ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. | 1-42 |
| 82 | കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. | 1-43 |
| 83 | കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. | 1-44 |
| 84 | വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. | 1-45 |
| 85 | കുടിവെള്ളപദ്ധതികൾക്ക് തുക ചെലവഴിക്കുന്നു- വിശദവിവരങ്ങൾ ലഭ്യമല്ല. | 1-46 |
| 86 | 68 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഗ്യാസ് ക്രിമിറ്റോറിയം യാഥാർത്ഥ്യമായില്ല. | 1-47 |
| 87 | ഗ്യാസ് ക്രിമിറ്റോറിയം കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-47-1 |
| 88 | ഭൗതികസാഹചര്യങ്ങൾ ഒരുക്കാതെ ഉപകരണങ്ങൾ സ്ഥാപിച്ചു | 1-47-2 |
| 89 | വൈദ്യുതികണക്ഷന് തുക ചെലവഴിച്ചിട്ടും കണക്ഷൻ ലഭിച്ചിട്ടില്ല. | 1-47-3 |
| 90 | കുടിവെള്ളകണക്ഷന് തുക ചെലവഴിച്ചിട്ടും വെള്ളം ലഭ്യമായിട്ടില്ല. | 1-47-4 |
| 91 | മലിനീകരണനിയന്ത്രണബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. | 1-47-5 |
| 92 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ -അവലോകനം | 1-48 |
| 93 | പദ്ധതി ആസൂത്രണത്തിലെ പിഴവ് -വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ഷീ-ലോഡ്ജ് നിർമ്മാണം ഇനിയും പൂർത്തീകരിച്ചിട്ടില്ല. | 1-49 |
| 94 | ടെണ്ടർ ഫോറം വില ഈടാക്കിയതിന്റെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. | 1-50 |
| 95 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ - ഹാജരാക്കിയിട്ടില്ല. | 1-51 |
| 96 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പിലാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-52 |

| | | |
|---|---|---|
| 97 | അതിദരിദ്രർക്ക് ലഘുഭക്ഷണ പദ്ധതി- കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകളില്ല. വിതരണ സ്ഥാപനത്തിന് മുൻകൂറായി മുഴുവൻ തുകയും അനുവദിച്ചു. | 1-53 |
| 98 | വാഹനങ്ങളുടെ ലോഗ്ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-54 |
| 99 | ഹരിത കർമ്മ സേനയ്ക്ക് ശുചീകരണ സാമഗ്രികൾ വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-55 |
| 100 | മാലിന്യം നീക്കുന്നതിനായി ഓട്ടോറിക്ഷ വാങ്ങൾ - വാഹനം ഉപയോഗിക്കാത്തതിനാൽ 497000 രൂപ പാഴായി | 1-56 |
| 101 | നഗരസഭയിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-57 |
| 102 | ABCD പ്രോഗ്രാം- അപാകങ്ങൾ | 1-58 |
| 103 | പട്ടിക വർഗ്ഗ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം - അപാകങ്ങൾ | 1-59 |
| 104 | സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് റെന്റ് അനുവദിക്കുന്നതിനാൽ വിട്ടുവാടക ബത്തയ്ക്ക് അർഹതയില്ല | 1-60 |
| 105 | സെക്രട്ടറിയുടെ ശമ്പളചെലവ് സർക്കാറിലേക്ക് ഒടുക്കുന്നില്ല | 1-60-1 |
| 106 | പരസ്യചാർജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-61 |
| 107 | ജൈവവൈവിധ്യപാർക്ക് -പ്രവർത്തനം ആരംഭിച്ചില്ല- ഡെപ്പോസിറ്റ് ചെയ്ത തുക പാഴായി-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-62 |
| 108 | 2017 ലെ പരസ്യചാർജ്ജ് കുടിശ്ശിക ഒടുക്കിയത് രേഖകൾ ലഭ്യമാക്കിയില്ല ചെലവ് ₹ 20,160 /-തടസ്സത്തിൽ വെക്കുന്നു. | 1-63 |
| 109 | മഴക്കാല പൂർവ്വശുചീകരണം - തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-64 |
| 110 | പ്രവർത്തനക്ഷമമല്ലാത്തതും, ആവശ്യമില്ലാത്തതുമായ പൊതു ടാപ്പുകൾ ഒഴിവാക്കി വാട്ടർ ചാർജ്ജിനത്തിലെ ചെലവ് നിയന്ത്രിക്കേണ്ടതാണ്. | 1-65 |
| 111 | ഫോറസ്റ്റ് അധീനതിയിലെ മരങ്ങൾമുറിച്ചുമാറ്റുന്നതിന്റെ ചെലവ് നഗരസഭ വഹിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-66 |
| 112 | എഞ്ചിനിയറിംഗ് വിഭാഗത്തിലേക്ക്- വാഹന വാടക- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു. | 1-67 |
| 113 | 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ–തുടർനടപടികൾ സ്വികരിച്ചില്ല. | 1-68 |
| 114 | പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട് | 1-69 |
| ഭാഗം 2 | | |
| 1 | വസ്തു നികുതി നിരക്ക് കുറച്ച് നിർണയിച്ചു- നഗരസഭയ്ക്ക് ധനനഷ്ടം | 2-1 |
| ഭാഗം 3 | | |
| 1 | ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം- സബ്സിഡി മാർഗ്ഗ രേഖ ലംഘിച്ചു ചെലവഴിച്ച തുക നിരാകരിക്കുന്നു | 3-1 |
| 2 | പട്ടിക വർഗ്ഗ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം - അപാകങ്ങൾ | 3- 2 |
| 3 | സെക്രട്ടറി ക്വർട്ടേഴ്സ് റെന്റ് അനുവദിക്കുന്നതിനാൽ എച്ച്. ആർ.എ ക്ക് അനുവാദമില്ല | 3-3 |
| 4 | മാലിന്യം നീക്കുന്നതിനായി ഓദോദാറിക്ഷ വാങ്ങൽ–വാഹനം ഉപയോഗിക്കാത്തതിനാൽ 497000രൂപ പാഴായി | 3-4 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യ പ്ത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപദ്ധതിക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-3 |
| 4 | വായ്പ / വായ്പതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് പ്രത്യാവലോകനം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മാനന്തവാടി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.07.2023 തീയതിയിലെ 5/5/23 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 04.11.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാനന്തവാടി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ
തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും റീകൺസിലിയേഷൻ പത്രികകളും മുഴുവനായും ലഭ്യമാക്കിയിട്ടില്ല.

B-17 / RP-40(b) യിലുള്ള ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും റീകൺസിലിയേഷൻ പത്രികകളും ലഭ്യമാക്കാത്തതിനാൽ നഗരസഭയുടെ 2022-2023 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. റീകൺസിലിയേഷൻ പത്രിക ലഭ്യമാക്കാത്ത അക്കൗണ്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | കോഡ് | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 15320 | 450210300 | 19,47,311.00 |
| 2 | ICICI ബാങ്ക് | 000916 | 450210600 | 0.00 |
| 3 | ഫെഡറൽ ബാങ്ക് | 19607 | 450220500 | 0.00 |
| 4 | വയനാട് ജില്ല സഹകരണ ബാങ്ക് | - | 450230700 | 990.00 |
| 5 | ട്രഷറി TSB | 27 | 450250101 | 0.00 |
| 6 | ട്രഷറി കോവിഡ് | - | 450250301 | 0.00 |
| 7 | വയനാട് ജില്ല സഹകരണ ബാങ്ക് | 334 | 450430300 | 4,345.00 |
| 8 | ട്രഷറി സ്പെഷ്യൽ ഫണ്ട് | MPFA 2 | 450450100 | 1,664.00 |
| 9 | ട്രഷറി പി.എഫ് ലോൺ | 7461 | 450450200 | 0.00 |
| 10 | PNB ബാങ്ക് | - | 450610100 | 0.00 |
| 11 | Syndicate ബാങ്ക് | - | 450610400 | 0.00 |
| 12 | വയനാട് ജില്ല സഹകരണ ബാങ്ക് | - | 450630100 | 0.00 |
| 13 | MFSC | - | 450630200 | 0.00 |
| 14 | MPFA II A | - | 450650100 | 0.00 |
| 15 | MF II B | - | 450650101 | 0.00 |
| 16 | MF II C | - | 450650102 | 0.00 |
| 17 | MF III | - | 450650200 | 0.00 |
| 18 | CFC | - | 450650300 | 0.00 |
| 19 | KGSDP-WORLD BANK | - | 450650400 | 0.00 |

35 ബാങ്ക്/ട്രഷറി അക്കൗണ്ടുകളാണ് RP-40(b) -യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ, 16 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. മേൽ പട്ടികയിൽ, നൽകിയിരിക്കുന്ന 19 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളും റീകൺസിലിയേൻ പത്രികയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ നൽകിയവ ഇപ്പോൾ നിലവിൽ ഉപയോഗിക്കാത്തത് ഉണ്ടെങ്കിൽ ക്ലോസ്സ് ചെയ്ത് അറിയിക്കേണ്ടതാണ്.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. 2007- ലെ കേരള നഗരസഭ (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകളിലും ധനകാര്യ പത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൗണ്ട് കുറിപ്പുകളിലൂടെ (Notes On Accounts) സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ അക്കൗണ്ട് നടപടികളിൽ പിന്തുടർന്നിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻഡാർഡുകൾ, അക്കൗണ്ടിംഗ് റൂളുകൾ, അക്കൗണ്ടിംഗ് സിദ്ധാന്തങ്ങൾ/കീഴ്വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും അക്കൗണ്ട് കുറിപ്പുകളിലൂടെ (Notes On Accounts) സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

### 1-1-3 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

ആസ്തികളുടെ വാർഷിക ഡിപ്രീസിയേഷൻ കണക്കാക്കി, പ്രത്യേക I&E ഷെഡ്യൂൾ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-4 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.

2021-2022 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

| ക്രമ നം. | വിവരണം | 2021-22 വാർഷിക കണക്കിലെ (B-1) തുക(₹) | 2022-23 വാർഷിക കണക്കിലെ (Trial Balace OB) തുക(₹) |
|---|---|---|---|
| 1 | General Fund | 13,65,38,178.00 | 2,30,53,457.00 |
| 2 | Excess Of Income Over Expenditure | 78,04,631.00 | 12,12,89,352.00 |

### 1-1-5 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

2022-23 വർഷത്തെ എല്ലാ ബാങ്ക്/ട്രഷറി പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കി ബാങ്ക് ബുക്ക് , ബാങ്ക് പാസ്സ് ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുത്തിയിട്ടില്ല. പ്രതിമാസ വാർഷിക കണക്കും തയ്യാറാക്കിയിട്ടില്ല

### 1-1-6 രജിസ്റ്ററുകൾ കൃത്യതയോടെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ രജിസ്റ്റർ |
| 2 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ |
| 3 | തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ |

| | |
|---|---|
| 4 | FACTEOS ലൈസൻസ് രജിസ്റ്റർ |

### 1-1-7 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റർ |
| 2 | ആസ്തി രജിസ്റ്റർ |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ |
| 4 | ലോൺ രജിസ്റ്റർ |
| 5 | ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ |
| 6 | അഡ്വാൻസ് റിസീവ്ഡ് രജിസ്റ്റർ (ലയബിലിറ്റി) |
| 7 | അഡ്വാൻസ് രജിസ്റ്റർ (അസ്സറ്റ്) |
| 8 | ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ |

### 1-1-8 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

1) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സംക്ഷിംപ്ത പ്രകാരം 2022-23 വർഷം അവസാനം ഉള്ള ഫിക്സഡ് ഡെപ്പോസിറ്റ് ₹ 1,91,40,260.00 ആണ്. എന്നാൽ, വാർഷിക കണക്കുകൾ (B12 Shedule) പ്രകാരം ₹ 1,84,65,869.00 ആണ്.
2) വസ്തുനികുതി സഞ്ചയയിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-16-2 കാണുക).
3) വാടക രജിസ്റ്റർ സംക്ഷിംപ്തവും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-15-1 കാണുക).
4) തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്റർ സംക്ഷിംപ്തവും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-16-4 കാണുക).

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

1) സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ- വസ്തുനികുതി, തൊഴിൽനികുതി, FACTEOS ലൈസൻസ് ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.
2) അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, FACTEOS ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇതുമൂലം തൻവർഷത്തിലെ യഥാർത്ഥ കുടിശ്ശിക കണക്ക് മുനിസിപ്പാലിറ്റിക്ക് ലഭ്യമാകുന്നില്ല.

### 1-1-10 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

വസ്തുനികുതി, FACTEOS ലൈസൻസ്, തൊഴിൽ നികുതി, വാടക മുതലായ ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്താതെ ഓഡിറ്റ് ആവശ്യത്തിലേക്ക് മാത്രം തയ്യാറാക്കി വാർഷിക കണക്കുകളിലെ തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

**1-1-11 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷികാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീയ്യതി 26.7.2011 , 2007 ലെ കേരള നഗരസഭ (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 54, എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-12 ജേണൽ വൗച്ചറുകളെ സാക്ഷ്യപെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

"Prior Period Items"- ലെ അഡ്ജസ്റ്റമെന്റ് എൻട്രികളെ സാധൂകരിക്കുന്ന വിധത്തിൽ ജേണൽ വൗച്ചറുകൾ തയ്യാറാക്കിയിട്ടില്ല.

**1-1-13 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപെടുത്തിയിട്ടില്ല.**

ജലനിധി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-14 Prior Period Income And Expenditure രേഖകൾ ഹാജരാക്കിയിട്ടില്ല.**

1) I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Expenditure -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക (₹) |
|---|---|---|
| 1 | Programme Expenses | (-) 1,05,932.00 |
| 2 | Establishment Expenses | (-) 6,68,438.00 |

2) I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Income -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക (₹) |
|---|---|---|
| 1 | Profession Tax | (-) 2,63,370.00 |

3) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms എന്ന ഹെഡ്ഡിൽ ₹ 1,38,076.00 വരവുണ്ട്. കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

**1-1-15 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ**

1) 2021-2022 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ച് ശ്രദ്ധയിൽ പെടുത്തിയ അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.
2) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് -ചെലവ് കണക്കുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) തൻവർഷം ക്യൂ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക്(ഖണ്ഡിക 1-1-1 മുതൽ 1-1-15 വരെ) വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22-23/23.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**1-2 ബഡ്ജറ്റ്**

| വർഷം - 2022-2023 | |
|---|---|
| ബഡ്ജറ്റ് പ്രകാരം | |
| തീരുമാനം നമ്പർ, തീയതി | 01 /30-03-2022 |
| മുന്നിരിപ്പ് | 41057300 |
| വരവ് | 913353600 |
| ആകെ | 954410900 |
| ചെലവ് | 947599330 |
| നീക്കിയിരിപ്പ് | 6811570 |

ബഡ്ജറ്റ് പുതുക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-2-1 ബജറ്റ് കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 285 പ്രകാരം ബജറ്റുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി നഗരസഭാ സെക്രട്ടറി ഓരോ വർഷവും ജനവരി 15 തീയതിക്കോ അതിന് മുൻപോ, അടുത്ത വർഷത്തെ വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകളും വിശകലനങ്ങളും നടത്തി അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. (സെക്ഷൻ 286) . 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 293 (1) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മറ്റി 286 )ം വകുപ്പനുസരിച്ച് നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും ബഡ്ജറ്റ് തയ്യാറാക്കി നഗരസഭാ കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതാണ്. തയ്യാറാക്കുന്ന ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളിലും, സർക്കാർ ഗ്രാൻറുകളിലും, അംശാദായത്തിലും, ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ ഒഴികെയുള്ളതിന്റെ അഞ്ചു ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല. ഇപ്രകാരം തയ്യാറാക്കുന്ന ബഡ്ജറ്റ് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 289 (2) പ്രകാരം ഏപ്രിൽ ഒന്നാം തീയതിക്കുമുൻപ് കൗൺസിൽ ബഡ്ജറ്റ് അന്തിമമായി പാസാക്കേണ്ടതും ആയതിന്റെ പകർപ്പ് സർക്കാറിനും ആഡിറ്റർക്കും സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.നഗരസഭയുടെ 2022-23 വർഷത്തെ ബഡ്ജറ്റ് 01/30-03-2022 തീരുമാനപ്രകാരം മുകളിൽ ചേർത്ത പ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ 2022-23 വർഷത്തെ ബജറ്റ് പാസാക്കിയത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ നിർദ്ദേശിച്ച വിധത്തിലുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചത് സംബന്ധിച്ച് വിവരങ്ങളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും ഇത് സംബന്ധിച്ച പരാമർശങ്ങളില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. നഗരസഭാ കൗൺസിൽ അന്തിമമായി പാസാക്കിയ ബഡ്ജറ്റിന്റെ കോപ്പി ഓഡിറ്റിന് അയച്ചുതന്നിട്ടുമില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 285, 286,287,288,289,290,293 എന്നീ സെക്ഷനുകളിലായി നിർദ്ദേശിച്ച വിധം ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| **മുന്നിരിപ്പ്** | ₹ 7,68,72,293 |
| **വരവ്** | ₹ 2,59,268,738 |
| **ആകെ** | ₹ 33,61,41,031 |

| | |
|---|---|
| ചെലവ് | ₹ 27,66,00859 |
| നീക്കിയിരിപ്പ് | ₹5,95,40,172 |

## 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് / അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സ് തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 58,96,1101 | 58,96,1101 | 55016931 | 3944170 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7663666 | 7663666 | 6466217 | 1197449 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 41846911 | 41846911 | 38003113 | 3843798 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 16673000 | 16673000 | 13511185 | 3161815 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 10169000 | 10169000 | 7270983 | 2898017 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 19719672 | 19719672 | 24667529 | -4947857 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untide) | 0 | 9013373 | 9013373 | 14901394 | -5888021 |

സെൻട്രൽ ഫിനാൻസ് കമ്മീഷന്റെ കൃത്യമായ കണക്കുകൾ നഗരസഭ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റ് തുകകളുടെ നീക്കിബാക്കി മൈനസ് ഫിഗർ വന്നത് വിശദീകരിക്കേണ്ടതാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

2022-23 വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയതിന്റെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 579 | 330429820 | 428 | 204058494 | 0 | 151 | 73.92 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 39 | 33 | 4,44,24,478 | 3,17,17,459 | 71.4 |
| 2 | ഹെൽത്ത് ഓഫീസർ | 12 | 7 | 69,67,728 | 33,47,048 | 48.03 |
| 3 | മുൻസിപ്പൽ എഞ്ചിനീയർ | 448 | 320 | 17,80,32,579 | 10,36,62,862 | 58.23 |
| 4 | കൃഷി ഓഫീസർ | 3 | 3 | 27,00,000 | 24,34,023 | 90.14 |
| 5 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 1,08,00,000 | 1,04,53,445 | 96.79 |
| 6 | മെഡിക്കൽ ഓഫീസർ PHC | 8 | 8 | 26,70,812 | 14,23,355 | 53.29 |

| | | | | | | |
|---|---|---|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ GAD | 4 | 4 | 31,50,000 | 30,28,796 | 96.15 |
| 8 | വെറ്റിനറി സർജൻ | 6 | 6 | 84,10,000 | 37,99,994 | 45.18 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 8 | 1,53,32,800 | 93,69,372 | 61.11 |
| 10 | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 5 | 5 | 95,63,600 | 51,38,600 | 53.73 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 27,14,000 | 6,47,160 | 23.84 |
| 12 | പ്രോജക്ട് ഓഫീസർ , നരഗ ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 14 | 9 | 3,83,06,773 | 2,32,09,681 | 60.59 |
| 13 | വ്യവസായ വികസന ഓഫീസർ | 1 | 1 | 400000 | 200000 | 50 |
| 14 | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | 19 | 16 | 69,57,050 | 56,26,699 | 80.88 |
| | ആകെ | 579 | 428 | 33,04,29,820 | 20,40,58,494 | 61.76 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 4803046 | 17703585 | 22506631 | 22,310,655 | 195976 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയ തുകകൾ.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 37,77,000 | 304 |
| വിധവാപെൻഷൻ | 1,89,20,800 | 1670 |
| വാർദ്ധക്യകാലപെൻഷൻ | 3,76,35,800 | 3478 |
| ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 57,52,000 | 489 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 6,84,200 | 62 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2024 തീയതിയിൽ 11.50 ന് സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47750/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | മാനന്തവാടി നഗരസഭ രൂപീകരണത്തിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2018 | 2013-14 മുതൽ 2016-17 വരെ | 14.03.2018 |

## 1-10 സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്,

ഓരോ പദ്ധതി വർഷത്തിലും വിവിധ സർക്കാർ സർക്കാറിതര ഫണ്ടുകൾ ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കോടിക്കണക്കിന് രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്നുണ്ട്.ഈ പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിന് സഹായകമായ സംവിധാനങ്ങൾ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുണ്ട്. ഇതിനായി ഏർപ്പെടുത്തിയ സംവിധാനങ്ങളിൽ മുഖ്യ പങ്ക് വഹിക്കേണ്ട വിഭാഗമാണ് സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് . പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് നൽകുന്ന മോണിറ്ററിംഗ് റിപ്പോർട്ട് പ്രധാനപ്പെട്ട രേഖയാണ്.പദ്ധതി രൂപീകരണത്തിലെന്നപോലെ പദ്ധതി നിർവ്വഹണത്തിലും അവലോകനത്തിലും മോണിറ്ററിംഗിലും പൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പാക്കുക എന്നതാണ് ജനകീയാസൂത്രണം മുന്നോട്ട് വയ്ക്കുന്ന വികസന കാഴ്ചപാട്. ഇത് സാധ്യമാക്കുന്നതിന് പദ്ധതി നിർവ്വഹണത്തിലുടനീളം ജനപ്രതിനിധികളുടെ നേതൃത്വപരമായ മുൻകൈ ഉറപ്പാക്കേണ്ടതുണ്ട്. ചിട്ടയോടെയും കാര്യക്ഷമമായും പദ്ധതി നിർവ്വഹണം നടത്തുന്നതിന് ജനപ്രതിനിധികളുടെയും നിർവ്വഹ ഉദ്യോഗസ്ഥരുടെയും കൂട്ടായ്മയിലൂന്നിയ പ്രവർത്തനമാണ് സ്റ്റാന്റിംഗ് കമ്മറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കുമുള്ള ഉത്തരവാദിത്തങ്ങൾ. ഓരോ സ്റ്റാൻറ്റിംഗ് കമ്മറ്റിയും അവയുടെ വിഷയമേഖലയിൽ ഉൾപ്പെടുന്ന പ്രൊജക്ടുകൾ ഭരണസമിതി അന്തിമമായി അംഗീകരിക്കുന്നതിന് മുമ്പായി സൂക്ഷ്മമായ വിലയിരുത്തലിന് വിധേയമാക്കണം. നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും നിർവ്വഹണ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാവട്ടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. പ്രോജക്ടുകൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ പദ്ധതി നിർവ്വഹണത്തിന്റെ തുടക്കം മുതൽ അതിന്റെ പുരോഗതിയും ഗുണനിലവാരവും വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ചുമതലകൾ . എന്നാൽ നഗരസഭയുടെ സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മേൽ പ്രവർത്തനങ്ങൾ സംബന്ധിച്ച് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മറ്റകളുടെയും,വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങൾ ആശാവഹമല്ല എന്ന് കാണുന്നു. ഔപചാരികമായി യോഗങ്ങൾ ചേർന്നിട്ടുണ്ട് ഔപചാരികമായ വിഷയങ്ങൾ അവതരിപ്പിച്ച് മിനുട്സ് ചെയ്തിട്ടുണ്ട് എന്നതിൽ കവിഞ്ഞുള്ള പദ്ധതി പ്രവർത്തനങ്ങളുടെ സമഗ്രവിലയിരുത്തലും പ്രതിമാസ യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തലും ചർച്ചകളും നടന്നതായോ അതനുസരിച്ചുള്ള തീരുമാനങ്ങൾ എടുത്തതായോ രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണം നടന്നിട്ടുള്ള പ്രോജക്ട് ഫയലിൽ വിശദമായ റിപ്പോർട്ട് സഹിതമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. 14 വിഷയ മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓരോ വർക്കിംഗ് ഗ്രൂപ്പിലുമുള്ള അംഗങ്ങൾ എത്രയാണെന്ന വിവരം പോലും ലഭ്യമാക്കാൻ നഗരസഭാധികൃതർക്ക് സാധിച്ചിട്ടില്ല. പരമാവധി 3 യോഗങ്ങൾ ചേർന്നതായി വർക്കിംഗ ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ യാതൊരു നടപടിവിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചർച്ചകളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.2022- 23 പദ്ധതി വർഷത്തിലെ നഗസഭയുടെ വിവിധ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ എല്ലാ അംഗങ്ങളും പങ്കെടുത്ത ഒരു യോഗം പോലും ചേർന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾക്ക് പദ്ധതി ആസൂത്രണത്തിൽ നൽകുന്ന പ്രാധാന്യം ഇതിൽ നിന്നും വ്യക്തമാണ്. ആസൂത്രണപ്രക്രിയയിൽ നിശ്ചയിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന തലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളും ഉയർന്ന് പ്രവ്യത്തിക്കേണ്ടതാണ്. ഇതിൽ തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഓരോ മേഖലയിലും പ്രാവീണ്യവും താത്പര്യവും ഉള്ളവരാണ് എന്ന് ഉറപ്പുവരുത്തിമാത്രം കമ്മറ്റികളിൽ അംഗങ്ങളായി ചേർക്കേണ്ടതാണ്. കഴിവതും പൂർണ്ണ അംഗങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് യോഗം ചേരേണ്ടതാണ്. അജണ്ട കൃത്യമായി തയ്യാറാക്കേണ്ടതാണ്, ഓരോ അംഗത്തിന്റെയും അഭിപ്രായം, പൊതു ചർച്ചകൾ, തീരുമാനം എന്നിവ മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്. മിനുട്സ് വൃത്തിയായും, ചിട്ടയോടെയും തയ്യാറാക്കാനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലും. നിർവ്വഹണത്തിലും. മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 1-11 ആഭ്യന്തര നിയന്ത്രണം

2015 നവംബറിൽ മാനന്തവാടി പഞ്ചായത്ത് നഗരസഭയായി മാറിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് കാലയളവിലെ രേഖകളും ഫയലുകളും നഗരസഭയുടെ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്ക് ആവശ്യമാണെങ്കിലും കൃത്യതയോടെ ഈ രേഖകൾ ക്രമീകരിക്കാത്തതിനാൽ പല വിഷയങ്ങൾ സംബന്ധിച്ചുള്ള ബാക്ക്ഫയലുകൾ നഗരസഭയിൽ ലഭ്യമല്ല. തദ്ദേശപൊതു സർവ്വീസ് രൂപീകരിച്ചതിനെ തുടർന്ന് വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സ്ഥലംമാറി വന്നിട്ടുള്ള ജീവനക്കാർക്ക് കൃത്യമായ ബാക്ക് ഫയലുകൾ ലഭിക്കാത്ത വിഷയം ഓഡിറ്റിൽ അറിയിക്കുകയുണ്ടായി. നഗരസഭാകെട്ടിടത്തിലെ അടിസ്ഥാനസൗകര്യത്തിന്റെ അഭാവവും സുഗമമായ ഓഫീസ് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു. ഔദ്യോഗിക പ്രവർത്തനങ്ങളുടെ ഭാഗമായി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഓരോ ജീവനക്കാരനും ചാർജ്ജ് എടുക്കുമ്പോഴും വിടുതൽ നൽകുമ്പോഴും അവരുടെ നിയന്ത്രണത്തിലെ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ രേഖാമൂലം പ്രസ്തുത സെക്ഷന്റെ ചാർജ്ജ് പുതുതായി വഹിക്കുന്ന ജീവനക്കാരന് കൈമാറുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓഫിസിന്റെ ദൈനംദിന പ്രവർത്തനങ്ങളും ഫയലുകളും ചിട്ടയോടെ തയ്യാറാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഫയലുകൾ കൃത്യമായി തയ്യാറാക്കാത്തതിനാൽ ഓഡിറ്റിന് ചിട്ടയോടെ ഫയലുകൾ ഹാജരാക്കാൻ വിവിധ സെക്ഷനുകൾക്കും നിർവ്വഹണോദ്യാഗസ്ഥർക്കും സാധിച്ചിട്ടില്ല.നഗരസഭ ഓഡിറ്റിന് ലഭ്യമാക്കിയ 2022-23 വർഷത്തെ വാർഷിക കണക്ക് നഗരസഭയുടെ 2022-23 വർഷത്തെ യഥാർത്ഥ വരവുകളോ ചെലവുകളോ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്നില്ല. അക്കൗണ്ടുകളുടെ പ്രതിമാസ പ്രതിവർഷ റികൺസിലിയേഷൻ കൃത്യമായി നടത്തി രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ്, വായ്പ, സ്ഥിരനിക്ഷേപം,അഡ്വാൻസ് ഉൾപ്പെടെയുള്ള രജിസ്റ്ററുകൾ അപൂർണ്ണമായാണ് പരിശോധനക്ക് ലഭ്യമാക്കിയത്. സ്ഥിരനിക്ഷേപ രജിസ്റ്ററിലെ വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 2022-23 വർഷം ലഭിച്ച വരവ് ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

നഗരസഭയുടെ വരവിനങ്ങളിലെല്ലാം ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഡാറ്റാ വിവരങ്ങൾ വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച ഡാറ്റയിൽ ഉൾപ്പെട്ടിട്ടില്ല. വസ്തുനികുതി പരിഷ്കരണം അംഗീകരിച്ചുവെങ്കിലും പ്രാബല്യത്തിൽ വന്നിട്ടില്ല. തൊഴിൽ നികുതി, ലൈസൻസ് ഫി, റെന്റ് തുടങ്ങി എല്ലാ വരവിനങ്ങളിലെയും കുടിശ്ശിക പിരിച്ചെടുക്കുവാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. നഗരസഭാ പരിധിയിലെ കെട്ടിടങ്ങളുടെ ഡിജിറ്റൽ സർവ്വെ നടപടികൾ സ്വീകരിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റിനത്തിൽ IBPMS മുഖേനെ ലഭിക്കേണ്ടുന്ന തുക നഗരസഭക്ക് ലഭിച്ചിട്ടില്ല. ഒക്യുപെൻസി നൽകിയതിന് ശേഷമുള്ള അനധികൃത നിർമ്മാണം, നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തുന്നില്ല. മാലിന്യസംസ്കരണപ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യത്തിന്റെ ആഭാവം ഗുരുതര മാലിന്യപ്രശ്നം സൃഷ്ടിക്കുന്നു. ഹരിത കർമ്മസേന വഴി ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങളൊന്നും നഗരസഭയിൽ ലഭ്യമല്ല. മാലിന്യ നീക്കത്തിന്നായി വാങ്ങിട്ടുള്ള ഇലക്ട്രിക് വാഹനം പ്രസ്തുത ഉപയോഗത്തിന് ഒട്ടും അനുയോജ്യമല്ല.

2022-23 ൽ വളരെയധികം മരാമത്ത് പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയെ ബാധിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തസംബന്ധിച്ച ഫയലുകൾ പൂർണ്ണമായും ക്രമീകരിച്ച് നൽകുവാൻ സാധിച്ചിട്ടില്ല. വളരെ വർഷങ്ങൾക്ക് മുൻപ് തുടങ്ങിയ ക്രിമിറ്റോറിയം പ്രവൃത്തിയും, ഷീലോഡ്ജ് നിർമ്മാണവും പാതിവഴിയിൽ നിൽക്കുകയാണ്. അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ വളരെയധികം തുക ശേഷിക്കുന്നത് ക്രമീകരിച്ചിട്ടില്ല. വിവിധ കുടിവെള്ള പദ്ധതികൾ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നുണ്ടെങ്കിലും വാട്ടർ അതോറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ഭൂജല വകുപ്പ് എന്നിവയിൽ നിക്ഷേപിച്ച തുകയുടെ കൃത്യമായ വിവരങ്ങൾ പദ്ധതിയുടെ പൂർത്തീകരണം, പൂർത്തീകരണപത്രം എന്നിവ ലഭ്യമാല്ല. നഗരസഭയിലും വിട്ടുകിട്ടിയ സ്ഥാപനങ്ങലിലും വിവിധ തസ്തികകളിൽ താൽകാലിക നിയമനം നടത്തിയിട്ടുണ്ട്. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ആരെയും ഈവിധത്തിൽ നിയമിച്ചിട്ടില്ല.നഗരസഭയുടെ വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.യാത്രയുടെ ഉദ്ദേശ്യം പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. എഞ്ചിനിയറിംഗ് വിഭാഗത്തിൽ വാഹനവാടകയിനത്തിൽ പ്രതിമാസം ശരാശരി 40,000 പരം രൂപ ചെലവഴിക്കുന്നു. ഓരോ സാമ്പത്തിക വർഷത്തേക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കാതെ ഒരു വ്യക്തിക്കുതന്നെ കരാർ തുടർന്ന് നൽകുന്നത് ക്രമപ്രകാരമല്ല.മാത്രവുമല്ല പ്രോജക്റ്റ് വെയ്ക്കാതെ തനത് ഫണ്ടിൽ നിന്നാണ് ഈയിനത്തിൽ തുക ചെലവഴിക്കുന്നതും,നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങളിലും പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങളിലും ഭരണസമിതിയുടെയും ജീവനക്കാരുടെയും ഏകോപനം അനിവാര്യമാണ് . ഇതുനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതും മെച്ചപ്പെട്ട സേവനവും പദ്ധതി നടത്തിപ്പും പൊതുധനത്തിന്റെ സുതാര്യമായ വിനിയോഗവും ഉറപ്പുവുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

**1-12 <u>തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.</u>**

നഗരസഭയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ (പഴയ അക്കൗണ്ട് നം. 169712801000088, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മാനന്തവാടി ബ്രാഞ്ച്; പുതിയ അക്കൗണ്ട് നം- 130051201000006; കേരള ബാങ്ക് മാനന്തവാടി

ബ്രാഞ്ച്) നിന്ന് ചുവടെ ചേർത്ത തുകകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 39/2022-23 തീയതി 25/01/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല.

| **തീയതി** | **ചെക്ക് നം** | **തുക** |
|---|---|---|
| 01/09/2022 | 37872 | 31000/- |
| 10/02/2023 | NEFT RONY-K S എന്നാണ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് | 10000/- |
| 06/03/2023 | 5043776 | 50,00000/- |
| 15/03/2023 | 44388 | 25,00000/- |
| | ആകെ | 7541000/- |

ഇതിൽ ആദ്യത്തെ തുക വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനാണ് ചെലവഴിച്ചത്. നഗരസഭയുടെ 18.07.2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിലെ 5- ാം നമ്പർ തീരുമാനപ്രകാരം മാനന്തവാടി നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ റോണി ആന്റണി എന്നവരുടെ 31000/- രൂപയുടെ ക്വട്ടേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 01.09.2022 തീയതി ₹31000/- (ചെക്ക് നമ്പർ: 37872) ശ്രീ. റോണി എന്നവർക്ക് കൈമാറിയതായാണ് കാണിക്കുന്നത്. വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നത് നഗരസഭ ജീവനക്കാരുടെ ചുമതലയാണെന്നിരിക്കെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 49/2022-23 തീയതി 29/01/2024)** വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് .ഇതുൾപ്പെടെ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച മേൽ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ₹ 7541000/- യുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 1-13 ലൈസൻസ് രജിസ്റ്റർ ഹാജരാക്കിയില്ല. ലൈസൻസ് ഫീസ് സംക്ഷിപ്തവും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് രജിസ്റ്റർ ഹാജരാക്കിയില്ല. എന്നാൽ, സെക്രട്ടറി ഹാജരാക്കിയ ലൈസൻസ് ഫീസ് സംക്ഷിപ്തവും വാർഷിക ധനകാര്യപത്രികയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| **വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ തുക (₹)**<br>**A** | **സംക്ഷിപ്തം പ്രകാരമുള്ള കളക്ഷൻ തുക (₹)**<br>**B** | **വ്യത്യാസം(₹)**<br>**A-B** |
|---|---|---|
| 2565600/-(RP37+last Year AFS B9+RP29-B9) | 2869400/- | (-) 303800/- |

വാർഷിക ധനകാര്യ പത്രികയും ലൈസൻസ് ഫീസ് സംക്ഷിപ്തവും തമ്മിലുള്ള വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 16/2022-23 തീയതി 20/01/2024)** ലഭ്യമാക്കിയ മറുപടിയിൽ 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത ചില വ്യാപാരസ്ഥാപനങ്ങൾ 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസ് ഒരുമിച്ച് അടച്ചതിനാലാണ് വ്യത്യാസം വന്നത് എന്നറിയിച്ചിട്ടുണ്ട്. രജിസ്റ്റർ സൂക്ഷിക്കേണ്ടതും കണക്കുകൾ സൂക്ഷിക്കുന്നതിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-13-1 റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം നഗരസഭ പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21/01/2019 ലെ (സി.എസ്)എ9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭയുടെ പരിധിയിലുള്ള റേഷൻ കടകളുടെയും പ്രസ്തുത റേഷൻ കടകൾ ലൈസൻസ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 16/2022-23 തീയതി 20/01/2024)** ലഭ്യമാക്കിയ മറുപടിയിൽ 2021-22 സാമ്പത്തിക വർഷം ലൈസൻസ് എടുക്കുന്നതിന് റേഷൻ വ്യാപാരികൾ സ്റ്റേ ഉത്തരവ് വാങ്ങിച്ചതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ ലൈസൻസ് എടുപ്പിക്കുന്നതിന്

നടപടി സ്വീകരിക്കാതിരുന്നതെന്നും മേൽ സ്റ്റേ ഓർഡർ റദ്ദായത് സംബന്ധിച്ച് ഉത്തരവ് ലഭ്യമായിട്ടുള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിനോദനികുതിയുടെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഹാജരാക്കിയില്ല.

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വിനോദ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തിയേറ്ററുകളിൽ നിന്നും നഗരസഭയിലേക്ക് എല്ലാ മാസവും അടവാക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 04/01/2020 തീയതിയിലെ സ.ഉ(സാധാ)നം. 101/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം കേരളത്തിലെ എല്ലാ തിയേറ്ററുകളും സിനിമാ ടിക്കറ്റ് വിൽക്കേണ്ടത് ഐ.കെ.എം വികസിപ്പിച്ച ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ മുഖേനയാണ്. കൂടാതെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിലൂടെ വിൽപന നടത്തുന്ന ടിക്കറ്റുകളുടെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണ്. നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഹാജരാക്കിയ വിനോദനികുതി രജിസ്റ്റർ പ്രകാരം ആകെ കളക്ഷൻ ₹ 1474353/- യാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ആകെ കളക്ഷൻ ₹ 1579464/- യാണ്. ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഹാജരാക്കാത്തതിനാൽ മേൽ വിവരങ്ങളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 41/2022-23 തീയതി 27.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഹാജരാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം(₹)<br>A | രജിസ്റ്റർ പ്രകാരം(₹)<br>B | വ്യത്യാസം(₹)<br>A-B |
|---|---|---|---|
| ഡിമാന്റ് | 4317361/- (IE) | 4317361/- | 0 |
| കളക്ഷൻ | 4235567/-(RP37+last Year AFS B9+RP29-B9) | 4189561/- | 46006/- |
| ബാലൻസ് | 81794/- (B15) | 127800/- | 46006/- |

വാർഷിക ധനകാര്യ പത്രികയും വാടക രജിസ്റ്ററും തമ്മിലുള്ള ₹46006/- വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 14/2022-23 തീയതി 19/01/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15-1 നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ മാലിന്യം നിക്ഷേപിച്ചതുമൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം ശ്രീമതി രജീന ടി.കെ എന്നവർക്ക് നൽകിയ 26/1763 നമ്പർ കടമുറിയുടെയും ശ്രീ സാജിർ പി യ്ക്ക് നൽകിയ 26/1764 നമ്പർ കടമുറിയുടെയും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടക 28/11/2022 ലെ ഭരണസമിതിയുടെ 13/22 തീരുമാനപ്രകാരം ഇളവ് ചെയ്തു നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം മൂന്ന് മാസത്തെ വാടക ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. 15/10/2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം മെയ്, ജൂൺ മാസങ്ങളിലെ വാടക ഇളവ് ചെയ്യുന്നതിനാണ് തീരുമാനിച്ചത്. 28/11/2022 ലെ ഭരണസമിതിയുടെ 13/22 തീരുമാനപ്രകാരം കടമുറികളിൽ ഹരിതകർമ്മസേന നിക്ഷേപിച്ച മാലിന്യം ഏപ്രിൽ മാസമാണ് നീക്കം ചെയ്തതെന്നും ആ കാലയളവിൽ കടമുറികൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ ടിയാളുകൾക്ക്

ഉണ്ടായ സാമ്പത്തികനഷ്ടം പരിഗണിച്ച് ഈ കാലയളവിലെ വാടകയിളവ് നല്കുന്നതിന് ഉചിതമായ തീരുമാനം കൈകൊള്ളണമെന്ന് ആവശ്യപ്പെട്ട് ടിയാളുകൾ കത്ത് സമർപ്പിക്കുകയും ആയത് പരിഗണിച്ച് നിയമാനുസൃതം വാടകയിളവ് നൽകുവാൻ സാധിക്കുകയാണെങ്കിൽ ആയത് അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തു. വാടക രജിസ്റ്റർ പ്രകാരം ഇളവ് ചെയ്ത വാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറിയുടെ നമ്പർ | വാടകക്കാരന്റെ/വാടകക്കാരിയുടെ പേര് | മാസവാടക(₹) | ഒഴിവാക്കിയ മാസം | ഒഴിവാക്കിയ വാടക(₹) |
|---|---|---|---|---|
| 26/1763 | ശ്രീമതി. രജീന ടി.കെ | 6200/- | ഏപ്രിൽ, മെയ്, ജൂൺ | 18600/- |
| 26/1764 | ശ്രീ. സാജിർ പി | 6200/- | ഏപ്രിൽ, മെയ്, ജൂൺ | 18600/- |
| | | | **ആകെ** | **37200/-** |

ശ്രീമതി. രജീന ടി.കെ, ശ്രീ. സാജിർ പി എന്നിവർ നഗരസഭയുമായി 2022 ഏപ്രിൽ മുതൽ ഒരു വർഷത്തേക്കാണ് കരാർ ഒപ്പു വച്ചിട്ടുള്ളത്. ഏപ്രിൽ മാസം നീക്കം ചെയ്ത മാലിന്യത്തിന് മെയ്, ജൂൺ മാസങ്ങളിലെ വാടക ഇളവ് ചെയ്തത് എന്തിനാണെന്ന് വ്യക്തമല്ല.

1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം അപ്രതീക്ഷിതവും മനുഷ്യനിയന്ത്രണാതീതവുമായ കാരണങ്ങളാൽ ഒരു പാട്ടക്കാരനോ ലൈസൻസിക്കോ കരാറുകാരനോ, അയാളുടെ കുറ്റം കൊണ്ടല്ലാതെ കരാറുപ്രകാരം നൽകപ്പെട്ട അവകാശം യഥാവിധി അനുഭവിക്കുവാനോ, ഉപയോഗപ്പെടുത്തുവാനോ കഴിയാതെ വരുന്നതുമൂലം നഷ്ടം സംഭവിക്കുന്നപക്ഷം, യഥാർത്ഥത്തിൽ അയാൾക്ക് സംഭവിച്ചിട്ടുള്ള നഷ്ടത്തിന് ആനുപാതികമായി, കൗൺസിൽ തീരുമാനപ്രകാരം കിസ്തിളവ് അനുവദിക്കാവുന്നതാണ്. എന്നാൽ പതിനായിരം രൂപയിൽ കൂടുതൽ ഇളവ് അനുവദിക്കുന്ന ഓരോ സംഗതിയിലും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

. നഗരസഭയിലെ 26/1763, 26/1764 നമ്പർ കടമുറികൾക്ക് ഇളവ് നൽകിയ സംഗതിയിൽ അപ്രതീക്ഷിതവും മനുഷ്യനിയന്ത്രണാതീതവുമായ കാരണങ്ങളാലല്ല നികുതിയിളവ് നൽകിയത്. മറിച്ച്, ഹരിതകർമ്മസേന നിക്ഷേപിച്ച മാലിന്യം നീക്കം ചെയ്യാതിരുന്നതിനാലാണ് കടമുറികൾ വാടകക്കാർക്ക് ഉപയോഗിക്കാൻ സാധിക്കാതെ വന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 08/2022-23 തീയതി 18/01/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ തന്നെ നഗരസഭ മാലിന്യം നിക്ഷേപിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും പതിനായിരം രൂപയിൽ കൂടുതൽ തുക ഇളവ് ചെയ്ത് നൽകുന്നത് സാധൂകരിക്കുന്ന സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതുമാണ്.

## 1-16 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-16-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

**1. പുതിയ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല**

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ആയതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. പുതിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

**2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം മുഴുവനായും പിരിച്ചിട്ടില്ല.**

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | വാർഷിക | ബജറ്റും |
|---|---|---|---|

| | പ്രകാരം(₹) A | കണക്ക് പ്രകാരമുള്ള വരവ്(₹) B | വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 24804029/- | 15463143/- | (-) 9340886/- |
| തൊഴിൽ നികുതി(തൻവർഷം) | 10083425/- | 9469530/- | (-) 613895/- |
| Service Cess U/s 26 | 2480403/- | 1128022/- | (-) 1352381 |
| വിനോദ നികുതി | 168190/- | 1579464/- | 1411274/- |
| മറ്റു നികുതികൾ | 0 | 0 | 0 |
| Rental Income | 7775125/- | 8030467/- | 255342/- |
| Fee & User Charges | 5126044/- | 7075712/- | 1949668/- |
| Sale & Hire Charges | 271550/- | 139294/- | (-) 132256/- |
| Income From Investments | 1693807/- | 1097721/- | (-) 596086 |
| Interest Earned | 1463640/- | 197504/- | (-) 1266136/- |
| **ആകെ** | **53866213/-** | **44180857/-** | **(-) 9685356/-** |

ബജറ്റും വരവുമായുള്ള അന്തരം സംബന്ധിച്ചും നികുതി പിരിച്ചെടുക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് **(ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 16/01/2024)** ന് ലഭ്യമാക്കിയ മറുപടിയിൽ നികുതിദായകരായ എല്ലാവർക്കും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി പിരിവുമായി ബന്ധപ്പെട്ട ക്ലാർക്കുമാർക്ക് 2024 മാർച്ച് 31 ന് മുമ്പായി മുഴുവൻ നികുതിയും പിരിച്ചെടുക്കുന്നതിനുള്ള ഓഫീസ് ഉത്തരവ് നൽകിയിട്ടുള്ളതുമാണ് എന്നാണ് അറിയിച്ചത്. ബജറ്റിലെ പ്രതീക്ഷിത വരവ് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. **സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല.**

1) 01.06.2022ലെ സ.ഉ.(ൈക) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (***ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 16/01/2024***) മറുപടിയിൽ കുടിശ്ശിക സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

2) 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതുമാണ്. എന്നാൽ വാർഡ് സഭ, ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് എന്നിവ പ്രകാരം ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (***ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 16/01/2024***) നൽകിയ മറുപടിയിൽ നികുതി പിരിവ് സംബന്ധിച്ച അവലോകന യോഗങ്ങൾ നടത്താറുണ്ടെങ്കിലും ഭരണ സമിതി യോഗങ്ങളിൽ സമർപ്പിച്ചിട്ടില്ല എന്നാണ് അറിയിച്ചത്.

സർക്കാർ നിർദേശപ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭകളിൽ നടത്തേണ്ടതുമാണ്.

## 1-16-2 വസ്തുനികുതി

**1. വസ്തുനികുതി പിരിവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതിയിനത്തിൽ സഞ്ചയയിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം(₹) A | ഡി.സി.ബി പ്രകാരം(₹) B | വ്യത്യാസം(₹) A-B | വ്യത്യാസത്തിന്റെ ശതമാനം (A-B)/A*100 |
|---|---|---|---|---|
| കുടിശ്ശിക ഡിമാന്റ് | 29450800/-(B15-2021-22 AFS) | 27582285/- | 1868515/- | 6.34% |
| കുടിശ്ശിക കളക്ഷൻ | 4595152/-(RP37-2022-23 AFS) | 5228428/- | (-)633276/- | (-)13.78% |
| തൻവർഷ ഡിമാന്റ് | 51361710/-(I1-2022-23 AFS) | 24019284/- | 27342426/- | 53.23% |
| തൻവർഷ കളക്ഷൻ | 15463143/-(RP45-2022-23 AFS+B9-2021-22 AFS+RP35-2022-23 AFS-B9-2022-23 AFS) | 9642843/- | 5820300/- | 37.63% |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 69/22-23 തീയതി 30/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2. വസ്തുനികുതി പരിഷ്കരണം**

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ സ.ഉ (കൈ) നം. 77/2023എൽ. എസ്. ജി. ഡി. തിയ്യതി 22.03.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 27/04/2023 ലെ കൗൺസിൽ യോഗത്തിലെ 07/23 നമ്പർ തീരുമാനപ്രകാരം വസ്തുനികുതിയുമായി ബന്ധപ്പെട്ട നികുതി വർദ്ധനവ് പാടില്ല എന്ന കൌൺസിലർ ശ്രീ. പി. വി. ജോർജ്ജ് എന്നവരുടെ പ്രമേയം നഗരസഭ സർക്കാരിലേക്ക് അയച്ചു. എന്നാൽ പ്രസ്തുത മിനിറ്റ്സിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ ഓപ്പറേഷൻ ഗൈഡ്‌ലൈൻസ് നടപ്പിലാക്കാതിരുന്നാൽ മുനിസിപ്പാലിറ്റിക്ക് നഷ്ടമാകുന്ന ധനകാര്യവിഹിതത്തെക്കുറിച്ചും നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും ലംഘിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകൾ ശ്രദ്ധയിൽ കൊണ്ടുവരാതെയാണ് പ്രമേയം സർക്കാരിലേക്ക് അയച്ചത്. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറുടെ 26/11/2023 ലെ LSGD/PD/20073/2023-REV2 നമ്പർ സർക്കുലർ പ്രകാരം 30/11/2023 നകം പ്രഥമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും 31/12/2023 നകം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ 27/06/2023 ലെ സാധാരണ യോഗത്തിലെ 34/23 നമ്പർ കൗൺസിൽ തീരുമാനപ്രകാരം 02/12/2023 നാണ് പ്രഥമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. 12/01/2024 ലെ കൗൺസിൽ യോഗത്തിലെ 03/2024 നമ്പർ തീരുമാനപ്രകാരം 24/01/2024 ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും 24/01/2024 ന് ഫീൽഡ് തല വിവരശേഖരണം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുകയും ചെയ്തു. നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 5% വർദ്ധനവോട് കൂടിയാണ് വസ്തു നികുതി ഈടാക്കുന്നത്. വിവരശേഖരണം പൂർത്തിയാക്കാത്തതിനാൽ പുതിയ നിരക്കിൽ നികുതി ഈടാക്കാൻ തുടങ്ങിയിട്ടില്ലെന്നാണ് 16/01/2024തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.03/2022-23 നുള്ള മറുപടിയിൽ അറിയിച്ചത്.

വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം സമയബന്ധിതമായി പുറപ്പെടുവിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. വിവരശേഖരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും പുതിയ നിരക്കിൽ നികുതി ഈടാക്കേണ്ടതുമാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3. വളരെയധികം ഡിമാന്റുകൾ സസ്പെക്റ്റ് ചെയ്തതു മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം**

സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതിദായകർ ഏതെങ്കിലും അർദ്ധവർഷത്തെ നികുതി അടവാക്കിയത് സംബന്ധിച്ച് സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ താൽകാലികമായി മേൽ അർദ്ധവർഷത്തെ നികുതി ഡിമാന്റ് സസ്പെക്ടഡ് ഡിമാന്റായി മാറ്റി നിർത്താവുന്നതും മേൽ വിഷയത്തിൽ അന്വേഷണം നടത്തി വ്യക്തത വരുത്തി ടിയാൻ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രസിത് വിവരങ്ങൾ ചേർക്കേണ്ടതും അല്ലാത്ത പക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. നഗരസഭയിലെ പരിശോധിച്ച കെട്ടിടങ്ങളിൽ മിക്ക കെട്ടിടങ്ങളുടെയും ഡിമാന്റുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ആയത് മൂലം ഡിമാന്റുകൾ കാലഹരണപ്പെട്ട് നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടാവുന്നുണ്ട്. വിശദാംശങ്ങൾ

ഖണ്ഡിക 1-18-1 ൽ കാണുക.

**4. തെറ്റായ നികുതി നിർണ്ണയം മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം**

നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള 100ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 80 രൂപ/ച.മീ നിരക്കിലുമാണ് നികുതി നിരക്ക് നിർണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള 100ച.മീ കൂടുതൽ വിസ്തീർണമുള്ള ചില കെട്ടിടങ്ങൾക്ക് നിലവിൽ 100ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയതുമൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-18-2 ൽ കാണുക.

**5. കെട്ടിടങ്ങളുടെ മേഖലകൾ നിർണയിച്ചിട്ടുള്ളതിലെ അപാകതകൾ.**

നഗരസഭയുടെ 17.12.2016 തീയതി നടന്ന സാധാരണ യോഗത്തിലെ 171/16 നമ്പർ തീരുമാന പ്രകാരം ടൗൺ പ്രദേശത്തിന്റെ സർവ്വേ നമ്പർ ഉൾപ്പെടുന്ന സ്ഥലങ്ങൾ പ്രാഥമിക മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ മാനന്തവാടി നഗരസഭയുടെ ടൗൺ പ്രദേശങ്ങൾ ഉൾപ്പെടുന്ന25ാം വാർഡിലുള്ള (മാനന്തവാടി ടൗൺ വാർഡ്) പല കെട്ടിടങ്ങളും ദ്വിതീയ/ത്രിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ഖണ്ഡിക 1-18-3 ൽ കാണുക.

**6. കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തിട്ടില്ല.**

നഗരസഭയുടെ 27/01/2022 തീയതിയിലെ 22/2023 നമ്പർ തീരുമാന പ്രകാരം നഗരസഭയിൽ കെട്ടിടനികുതി ഓൺലൈൻ വഴി അടവാക്കാനുള്ള സംവിധാനം നിലവിൽ വന്നെങ്കിലും നഗരസഭയിലെ 5000-ഓളം കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-18-4 ൽ കാണുക.

**7. യഥാസമയം നികുതി പിരിച്ചെടുക്കാത്തതുമൂലം വസ്തുനികുതി കാലഹരണപ്പെടുന്നു.**

മുനിസിപ്പാലിറ്റി പരിധിയിലുള്ള 5 ടവറുകളുടെ മാത്രം നികുതി പിരിവ് പരിശോധിച്ചതിൽ നിന്ന് തന്നെ മുനിസിപ്പാലിറ്റി യഥാസമയം നികുതി പിരിച്ചെടുക്കുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 2013-14 മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ മിക്ക ടവറുകളുടെയും നികുതി പിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ സസ്പെക്ടഡ് ഡിമാന്റാക്കി മാറ്റി നിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-18-5 ൽ കാണുക.

## 1-16-3 സേവന ഉപനികുതി

നഗരസഭയിൽ നിലവിൽ വസ്തുനികുതിയുടെ 10% സേവന ഉപനികുതി ഈടാക്കുന്നുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം സേവന ഉപനികുതി ഇനത്തിൽ തൻവർഷം ₹4,008,249/- യും മുൻവർഷം ₹2,480,932/- യും കുടിശ്ശിക പിരിക്കാൻ അവശേഷിക്കുന്നുണ്ട്.

## 1-16-4 തൊഴിൽ നികുതി

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഡി.സി.ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം(₹) A | ഡി.സി.ബി പ്രകാരം(₹) B | വ്യത്യാസം(₹) A-B | വ്യത്യാസത്തിന്റെ ശതമാനം (A-B)/A*100 |
|---|---|---|---|---|
| കളക്ഷൻ | 7334200/- | 7083040/- | 251160/- | 3.42% |

വാർഷിക ധനകാര്യപത്രികയും സഞ്ചയ സ്റ്റേറ്റ്മെന്റും തമ്മിലുള്ള അന്തരം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( **ഓഡിറ്റ് എൻക്വയറി നം- 75/22-23 തീയതി 31/01/2024**) മറുപടി ലഭ്യമാക്കിയിട്ടില്ല.

**2. സ്വയം തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

നഗരസഭ പരിധിയിൽ സ്വയം തൊഴിലിലേർപ്പെടുന്ന കരാറുകാർ, അഭിഭാഷകർ, റേഷൻ കട ഉടമകൾ, മാവേലി സ്റ്റോറുകൾ , പ്ലാനുകൾ തയ്യാറാക്കി നൽകുന്ന ലൈസൻസികൾ, പെട്രോൾ/ഡീസൽ പമ്പുകളിലെ ജീവനക്കാരുടെ/പ്രൊഫഷണല്സിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. അപാകതയ്ക്ക്

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് എൻക്വയറി. നം. 07/2022-23 തീയതി 18/01/2024)** ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാതെ വർക്ക് ബില്ലിന്മേൽ തുടർനടപടികൾ സ്വീകരിക്കരുതെന്ന് കാണിച്ച് നഗരസഭാ അസി. എഞ്ചിനിയർ, നഗരസഭാ അക്കൗണ്ടന്റ് എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അഭിഭാഷകരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നിരവധി തവണ ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും ആരും തന്നെ നികുതി അടവാക്കിയിട്ടില്ലെന്നും അഭിഭാഷക വൃത്തിയിലേർപ്പെട്ടിരിക്കുന്ന എല്ലാ അഭിഭാഷകരുടെയും വിവരങ്ങൾ നഗരസഭയിൽ അറിയിക്കുന്നതിന് ബാർ കൗൺസിലിന് നിരവധി തവണ കത്ത് കൊടുത്തെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന് (***ഓഡിറ്റ് എൻക്വയറി നം.03/2022-23 തീയതി 16/01/2024***) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-5 വിനോദ നികുതി

04/01/2020 ലെ സ.ഉ(സാധാ)നം. 101/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം കേരളത്തിലെ എല്ലാ തിയേറ്ററുകളും സിനിമാ ടിക്കറ്റ് വിൽക്കേണ്ടത് ഐ.കെ.എം വികസിപ്പിച്ച ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ മുഖേനയാണ്. കൂടാതെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിലൂടെ വിൽപന നടത്തുന്ന ടിക്കറ്റുകളുടെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണ്. മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഹാജരാക്കിയ വിനോദനികുതി രജിസ്റ്റർ പ്രകാരം ആകെ കളക്ഷൻ ₹1464836/- യാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ആകെ കളക്ഷൻ ₹1579464/- യാണ്. ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഹാജരാക്കാത്തതിനാൽ മേൽ വിവരങ്ങളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(ഓഡിറ്റ് എൻക്വയറി നം. 41/2022-23 തീയതി 27/01/2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16-6 നികുതിയേതര വരവുകൾ

നഗരസഭയുടെ നികുതിയേതര വരവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടില്ല.**

നഗരസഭ ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം നഗരസഭയിൽ ആകെ 1889 സ്ഥാപനങ്ങളുണ്ട്. എന്നാൽ മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസുമായി ബന്ധപ്പെട്ട് സെക്രട്ടറി ഹാജരാക്കിയ സാക്ഷ്യപത്രം പ്രകാരം 1521 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ലൈസൻസ് ഫീസ് പിരിച്ചിട്ടുള്ളത്. സെക്രട്ടറി ഹാജരാക്കിയ സംക്ഷിപ്തം പ്രകാരം ഡിമാന്റും കളക്ഷനും ₹2869400/- യാണ്. കുടിശ്ശിക അവശേഷിക്കുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-15 (Receivable For License Fees (Current)+Receivable For License Fees (Arrears)) പ്രകാരം ₹182536/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള 1889 സ്ഥാപനങ്ങളിൽ നിന്നു പോലും മുഴുവനായി ലൈസൻസ് പിരിച്ചിട്ടില്ല. ഇത് കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ ഒഴിവാക്കിയാൽത്തന്നെ വാണിജ്യാവശ്യത്തിനുള്ള 5103 കെട്ടിടങ്ങളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗണുകൾ | 4752 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിലുള്ള തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗണുകൾ | 731 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, | 11 |

| | |
|---|---|
| ഷോപ്പിംഗ് മാളുകൾ | |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 100 |
| വാണിജ്യാവശ്യത്തിനുള്ള ആകെ കെട്ടിടങ്ങൾ | 5594 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വേക്കൻസി റെമിഷൻ അനുവദിച്ചവ | 491 |
| **അവശേഷിക്കുന്ന കെട്ടിടങ്ങൾ** | **5103** |

മേൽ വിവരങ്ങൾ പ്രകാരം നഗരസഭയിൽ ലൈസൻസെടുക്കാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നത് വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണവും മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം. 42/2022-23 തീയതി 27/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

**2. വാടക കെട്ടിടങ്ങളുടെ കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

വാർഷിക ധനകാര്യപത്രികയിലെ B15 പ്രകാരം 2022-23 സാമ്പത്തിക വർഷം വാടക കുടിശ്ശിക ₹307496/- (Rent Receivable From Civic Amenities Current+Arrear) യാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17/02/2023 ലെ 15-ാം നമ്പർ അജണ്ട പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിടമുറികളുടെ കൈവശക്കാർ ₹1302497/- അടവാക്കാനുണ്ട്. കൂടാതെ 09/03/2022 ലെ ആർ3-16671/18 നമ്പർ നോട്ടീസ് പ്രകാരം ബാംബൂ കോർപ്പറേഷൻ മാത്രം ചുവടെ പറയുന്ന വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| വാടക | ജി.എസ്.ടി | പിഴ പലിശ | ആകെ |
|---|---|---|---|
| 617177/- | 111092/- | 290073/- | 1018342/- |

01/06/2022 ലെ സ.ഉ(കൈ)നം. 117/2022/LSGD നമ്പർ ഉത്തരവ് പ്രകാരം കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണം. നഗരസഭയിലെ വാടക കുടിശ്ശിക രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 14/2022-23 തീയതി 19/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാംബൂ കോർപ്പറേഷൻ അടവാക്കേണ്ട തുക അടവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഉപസംഹാരം**

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ നികുതി / നികുതിയേതര കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ഇനം** | **വാർഷിക ധനകാര്യപത്രിക പ്രകാരം പിരിച്ചെടുക്കാനുള്ള കുടിശ്ശിക(₹)** | **ഡി.സി.ബി പ്രകാരം പിരിച്ചെടുക്കാനുള്ള കുടിശ്ശിക (₹)** |
|---|---|---|
| വസ്തു നികുതി(തൻവർഷം) | 40,560,723/- | 9642843/- |
| വസ്തു നികുതി(മുൻവർഷം) | 26,148,111/- | 22399809/- |
| തൊഴിൽ നികുതി (Institutions/Traders /Professionals) | 924,550/- | രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| വിനോദനികുതി (മുൻവർഷം) | 51100/- | കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| ലൈസൻസ് ഫീസ് (മുൻവർഷം) | 164436/- | കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| ലൈസൻസ് ഫീസ് (തൻവർഷം) | 18100/- | 0 |
| വാടക(മുൻവർഷം) | 225,702/- | കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| വാടക(തൻവർഷം) | 81,794/- | 127800/- |

കൂടാതെ താഴെ പറയുന്ന വരവിനങ്ങളുടെ ഡി.സി.ബി രജിസ്റ്ററുകൾ കൃത്യതയോടെ ഹാജരാക്കിയിട്ടില്ല.

1) ബിൽഡിംഗ് പെർമിറ്റ്

2) തൊഴിൽ നികുതി

3) പേ പാർക്കിംഗ്

4) Lease On Lands

5) Comfort Station

6) മത്സ്യ മാർക്കറ്റ് ലേലം

രജിസ്റ്ററുകൾ കൃത്യതയോടെ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക്(**50/2022-23തീയതി 29/01/2024, 55/2022-23 തീയതി 29/01/2024**) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക രജിസ്റ്ററുകൾ ഹാജരാക്കുന്നതിനും കുടിശ്ശിക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഇതു കൂടാതെ നഗരസഭയിൽ കെട്ടിടനികുതി ഓൺലൈൻ വഴി അടവാക്കാനുള്ള സംവിധാനം നിലവിൽ വന്നെങ്കിലും 5000-ഓളം കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് മാനന്തവാടി നഗരസഭയുടെ 27/01/2022 തീയതിയിലെ 22/2023 നമ്പർ തീരുമാന പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 28/07/2021 ലെ 15(2)FC-XV/FCD/2020-25 നമ്പർ മാർഗ്ഗരേഖ വിജ്ഞാപനം പ്രകാരം 15-ാം ധനകാര്യ കമ്മീഷന്റെ ധനകാര്യ വിഹിതം ലഭിക്കുന്നതിനാവശ്യമായ ഓപ്പറേഷൻ ഗൈഡ്‌ലൈൻസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 2021-22 മുതൽ ഇന്ത്യയിലെ അർബൻ ലോക്കൽ ബോഡികൾക്ക് 1,21,055 കോടി രൂപ ധനകാര്യവിഹിതമായി പ്രഖ്യാപിക്കുകയും, ടി ഗ്രാന്റ് ലഭിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2022-23 മുതൽ അർബൻ ലോക്കൽ ബോഡികൾ വസ്തുനികുതിയുടെ അടിസ്ഥാന നികുതിനിരക്കുകൾ വിജ്ഞാപനം ചെയ്യേണ്ടതും സംസ്ഥാന മൊത്തം ആഭ്യന്തര ഉത്പാദനത്തിന് വളർച്ചക്ക് ആനുപാതികമായ വർദ്ധനവ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നികുതി വരുമാനത്തിലും ഉണ്ടാകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഭീമമായ കേന്ദ്ര ധനകാര്യ വിഹിതം നഷ്ടപ്പെടാനിടയുണ്ട്. എന്നാൽ 27/04/2023 ലെ കൗൺസിൽ യോഗത്തിലെ 07/23 നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയുടെ വിയോജനക്കുറിപ്പില്ലാതെ വസ്തുനികുതിയുമായി ബന്ധപ്പെട്ട നികുതി വർദ്ധനവ് പാടില്ല എന്ന കൗൺസിലർ ശ്രീ പി വി ജോർജ്ജ് എന്നവരുടെ പ്രമേയം നഗരസഭ സർക്കാരിലേക്ക് അയക്കുകയാണ് ചെയ്തത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 49 പ്രകാരമുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. 24/01/2024 ന് മാത്രമാണ് വസ്തുനികുതിയുമായി ബന്ധപ്പെട്ട അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതും ഫീൽഡ് തല വിവരശേഖരണത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുള്ളതും. ഇതു കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ വളരെയധികം ഡിമാന്റുകൾ സസ്പെക്റ്റഡ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിലുള്ള 5 ടവറുകളുടെ മാത്രം നികുതി പിരിവ് പരിശോധിച്ചതിൽ നിന്ന് തന്നെ മുനിസിപ്പാലിറ്റി യഥാസമയം നികുതി പിരിച്ചെടുക്കുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 2013-14 മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ മിക്ക ടവറുകളുടെയും നികുതി പിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ സസ്പെക്റ്റഡ് ഡിമാന്റാക്കി മാറ്റി നിർത്തിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം- 84/22-23 തീയതി 01/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഡിമാന്റ് ചെയ്യുന്നതിനും ഈടാക്കുന്നതിലും കണക്കുകൾ സൂക്ഷിക്കുന്നതിലും നഗരസഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

വയനാട് ജില്ല പാരിസ്ഥിതിക സവിശേഷതയനുസരിച്ച് ടൂറിസത്തിന് പ്രാധാന്യമുള്ള പ്രദേശമാണ്. GO(Ms)No. 24/2021/TSM തീയതി 21/12/2021 പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള "Destination Challenge" പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ഉണ്ടാക്കാവുന്നതാണ്. ആയതിലേക്കും വിനോദ നികുതി പോലുള്ള വരുമാനസാധ്യതകൾ പരിശോധിക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16-7 നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

നഗരസഭ 2015 നവംബർ മാസം ഒന്നാം തീയതിയാണ് നിലവിൽ വന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള തനത് വരുമാനങ്ങളും, സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന വികസന ഫണ്ടും, പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി എടുക്കുന്ന വായ്പകളുമാണ് നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. വർദ്ധിച്ചുവരുന്ന വികസന ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്നതിന് കൂടുതൽ വിഭവ സമാഹരണം ആവശ്യമാണ്. എന്നാൽ ഇതിനായി പുതിയ നികുതി നിർദ്ദേശങ്ങളിലൂടെ വരുമാനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത വളരെ കുറവാണ്. പ്രസ്തുത സാഹചര്യത്തിൽ നഗരസഭയുടെ അധികാര പരിധിയിലുള്ള തനത് വരുമാന ഇനങ്ങളിൽ ചോർച്ച ഇല്ലാതെ പിരിച്ചെടുക്കുക എന്നത് പരമ പ്രധാനമാണ്. 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ വരുമാന ഇനങ്ങളിൽ പരിശോധന നടത്തിയതിൽ നരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. വസ്തു നികുതി, തൊഴിൽ നികുതി, വാടക, ലൈസൻസ് ഫീസുകൾ തുടങ്ങിയ വരവിനങ്ങളിലെ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുക.

2. തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടാത്തതും, എന്നാൽ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നഗരസഭയ്ക്ക് ഉൾപ്പെടുത്താവുന്നതുമായ പ്രഫഷണലുകളായ അഡ്വക്കേറ്റ്, കോൺട്രാക്ടർമ്മാർ, ആധാരം എഴുത്തുകാർ, തുടങ്ങിയ വിഭാഗങ്ങളിൽ നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്നവരെ പൂർണ്ണമായും കണ്ടെത്തി നികുതി റിട്ടേൺ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും അതനുസരിച്ച് നികുതി ചുമത്തുകയും ചെയ്യുക.

3. പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് കാര്യക്ഷമമായി നടത്തി വസ്തു നികുതി, ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ് ഫീ എന്നിവ പൂർണ്ണമായും പിരിച്ചെടുക്കുക. പെർമിറ്റ് അനുവദിച്ചതിനുശേഷം കെട്ടിട നിർമ്മാണം പൂർത്തിയാക്കി റെഗുലൈസേഷൻ നടത്താതെയുള്ള കെട്ടടങ്ങളെ സംബന്ധിച്ച്, പെർമിറ്റ് അനുവദിച്ച ഏറിയ പരിണിക്കാതെ നടത്തിയിട്ടുള്ള അധിക നിർമ്മാണങ്ങളെ സംബന്ധിച്ചും, പെർമിറ്റിൽ പാർക്കിംഗ് കാണിച്ച ഭാഗം പാർക്കിംഗ് ഇതര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചും കർശ്ശനമായ പരിശോധന പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റിലൂടെ നടത്താവുന്നതും ആത് വഴി നിയമലംഘനത്തിന് നിയമാനുസൃത പിഴ ഈടാക്കാവുന്നതുമാണ്.

4.നഗരസഭയുടെ ഉടമസ്ഥതയയിലുള്ള വാടകയ്ക്ക് കൊടുക്കുന്ന മുറികൾ കാലാകാലങ്ങളിൽ നിശ്ചിത ശതമാനം വാടക വർദ്ധനവിലൂടെ വർഷങ്ങളായി കൈവശം വച്ചുവരുന്ന പ്രവണത ഒഴിവാക്കുന്നതിനായി ബൈലോയിൽ ആവശ്യമായ മാറ്റം വരുത്തലിലൂടെ ഒരോ 3 വർഷം കൂടുമ്പോഴും മുറികൾ പുതുക്കിയ ഡെപ്പോസിറ്റിലും, വാടകയിലും കരാർ നൽകാനുള്ള വ്യവസ്ഥ ഏർപ്പെടുത്തുക.

5.നഗരസയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പരസ്യപ്രദർശ്ശനങ്ങൾക്ക് തറവാടകയിനത്തിൽ നികുതി ചുമത്തുന്നതിനുള്ള സാദ്ധ്യത പരിഗണിച്ച് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

6. നഗരസഭയുടെ ഹൃദയഭാഗത്തുള്ള ബസ്സ്റ്റാന്റിന് പുതിയ കെട്ടടിടം നിർമ്മിച്ച് അനുബന്ധമായി ഷോപ്പിംഗ് കോംപ്ലസുകൾ നിർമ്മിച്ചും അധിക വരുമാനം കണ്ടെത്തുക.

7. നഗരസഭയുടെ കൈവശമുള്ളതും പ്രയോജനപ്പെടുത്താൻ സാധിക്കുന്നതുമായ പൊതു സ്ഥലങ്ങൾ വ്യവസായ പാർക്കുകൾ, ടൂറിസം ഫെസിലിറ്റി സെന്ററുകൾ എന്നിവയാക്കി സംരംഭകരെ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പാക്കാം.

8..മുനിസിപ്പാലിറ്റി ആക്ടിൽ നഗരസഭക്ക് പിരിച്ചെടുക്കാൻ അധികാരം നൽകുന്ന നികുതിയിനങ്ങളിലെ വരുമാന ചോർച്ച തടയുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വ്യക്തമായ കർമ്മപരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കുക.

## 1-17 ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ്‌വയർ ഇന്റർഫേസ് പൂർണമായും ഓഡിറ്റിങ്ങിന് പര്യാപ്തമല്ല

ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ്‌വയർ ഇന്റർഫേസ്പൂർണമായും ഓഡിറ്റിങ്ങിന് പര്യാപ്തമല്ല.

ഓഡിറ്റ് ചെയ്യുന്നതിന് അനിവാര്യമായ താഴെ പറയുന്ന റിപ്പോർട്ടുകളൊന്നും ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കിയ

സഞ്ചയ സോഫ്റ്റ്‌വയർ ഇന്റർഫേസിൽ നിന്ന് ലഭിക്കുന്നില്ല.

1)വസ്തു നികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് രജിസ്റ്റർ

2) വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

3) സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഫീൽഡ് കളക്ഷൻ റിപ്പോർട്ട്

4) സസ്പെക്റ്റഡ് ഡിമാന്റ് രജിസ്റ്റർ.

ആയതിനാൽ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തിയുള്ള വസ്തു നികുതി ഓഡിറ്റ് സാധ്യമായിട്ടില്ല. ആയത്

ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-18 വസ്തു നികുതി പിരിവ്-അപാകതകൾ

നഗരസഭയുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകളും സഞ്ചയസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ സഞ്ചയസോഫ്റ്റ്‌വെയറിലെ പരിമിതികൾ മൂലവും നഗരസഭ ആവശ്യപ്പെട്ട റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിനാലും പൂർണതോതിലുള്ള പരിശോധന നടത്താൻ സാധിച്ചിട്ടില്ല.വിശദ വിവരങ്ങൾ തുടർ ഖണ്ഡികകളിൽ നൽകുന്നു.

## 1-18-1 സഞ്ചയ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

മാനന്തവാടി നഗരസഭയുടെ 27/01/2022 തീയതിയിലെ 23/2022 നമ്പർ തീരുമാന പ്രകാരം നഗരസഭയിൽ കെട്ടിടനികുതി ഓൺലൈൻ വഴി അടവാക്കാനുള്ള സംവിധാനം നിലവിൽ വന്നെങ്കിലും നഗരസഭയിലെ 5000-ഓളം കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റിൽ നഗരസഭാ അധികൃതർ വാക്കാൽ അറിയിക്കുകയുണ്ടായി.കെട്ടിടങ്ങളുടെ പൂർണമായ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാതെ ഓൺലൈൻ വഴി നികുതി സ്വീകരിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കെട്ടിട വിവരങ്ങളുടെ പൂർത്തീകരണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 52/2022-23 / 29/01/2024 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയ ഡാറ്റാ എൻട്രി പൂർത്തിയാക്കാതെ മുനിസിപ്പാലിറ്റിക്ക് വസ്തു നികുതി പൂർണമായും ഡിമാന്റ് ചെയ്യുവാൻ സാധിക്കില്ല. ആയതിനാൽ നിലവിലുള്ള സഞ്ചയ ഡാറ്റാ എൻട്രിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-2 സഞ്ചയ സോഫ്റ്റ്‌വെയർ - വളരെയധികം ഡിമാന്റുകൾ സസ്പെന്റ് ചെയ്യുന്നതുമൂലം ഡിമാന്റ് കാലഹരണപ്പെട്ട് വരുമാനനഷ്ടമുണ്ടാവുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്ന സോഫ്റ്റ്‌വെയറാണ് സഞ്ചയ സോഫ്റ്റ്‌വെയർ. സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതിദായകർ ഏതെങ്കിലും അർദ്ധവർഷത്തെ നികുതി അടവാക്കിയത് സംബന്ധിച്ച് സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ താൽകാലികമായി മേൽ അർദ്ധവർഷത്തെ നികുതി ഡിമാന്റ് സസ്പെന്റഡ് ഡിമാന്റായി മാറ്റി നിർത്താവുന്നതും മേൽ വിഷയത്തിൽ അന്വേഷണം നടത്തി വ്യക്തത വരുത്തി ടിയാൻ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രസിത് വിവരങ്ങൾ ചേർക്കേണ്ടതും അല്ലാത്ത പക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ്‌വെയറിൽ സസ്പെന്റഡ് ഡിമാന്റ് റിപ്പോർട്ട് ലഭ്യമല്ലാത്തതിനാലും, മുനിസിപ്പാലിറ്റി സസ്പെന്റഡ് ഡിമാന്റ് ലിസ്റ്റ് ഹാജരാക്കാത്തതിനാലും, നിലവിൽ എത്ര ഡിമാന്റുകൾ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. മാനന്തവാടി മുനിസിപ്പാലിറ്റിയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 1-19 ഖണ്ഡിക പ്രകാരം 12/04/2022ാം തീയതി വരേ 84231 ഡിമാന്റുകൾ സസ്പെന്റഡ് ഡിമാന്റായി കാണുന്നതായി രേഖപ്പെടുത്തിയിരുന്നു. മുനിസിപ്പാലിറ്റി പരിധിയിലുള്ള വളരേ ചുരുക്കം കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ തന്നെ മിക്ക കെട്ടിടങ്ങളുടെയും ഡിമാന്റുകൾ നിലവിലും സസ്പെൻഡ് ചെയ്തിട്ടുള്ളതായി കാണാൻ സാധിച്ചു. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| സി.നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | സസ്പെന്റ് ചെയ്ത ഡിമാന്റിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | 25/340 | ടി. പി. ഉണ്ണികൃഷ്ണൻ,ടി പി സലിം,,തൃഷ്ണാത്ത്,എടത്തുരുത്തി,കൊടുങ്ങല്ലൂർ | 2013-14 ആദ്യ അർദ്ധവർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷംവരേയുള്ള ഡിമാന്റുകൾ. |
| 2 | 25/566 | വിവേക് പരശുരാമൻ ,പാറക്കമീത്തൽ,പൈങ്ങാട്ടിരി,നല്ലൂർനാട്, | 2013-14 ആദ്യ അർദ്ധവർഷം മുതൽ 2021-22 ആദ്യ അർദ്ധ വർഷം വരേയുള്ള ഡിമാന്റുകൾ. |
| 3 | 25/95 | ജേക്കബ് ജോൺസൺ ബെന്നറ്റ്, ഫിലോമോൻ ബെന്നറ്റ് ജേക്കബ്, മാത്യു ജേക്കബ്,അയിരൂർ വില്ല, ബി.സ്ട്രീറ്റ്,മാനന്തവാടി | 2013-14 ആദ്യ അർദ്ധവർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷംവരേയുള്ള ഡിമാന്റുകൾ. |
| 4 | 25/607 | കെ രാധാകൃഷ്ണൻ മാനേജിംഗ് ഡയറക്ടർ,ഹോട്ടൽ ബ്രഹ്മഗിരി | 2013-14 ആദ്യ അർദ്ധവർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷംവരേയുള്ള ഡിമാന്റുകൾ. |

| | | | |
|---|---|---|---|
| 5 | 25/2174 | ഡയറക്ടർ(സെൻറ് ജോസഫ് മിഷ്യൻ ആശുപത്രി,മാനന്തവാടി പി ഒ,670645) | 2013-14 ആദ്യ അർദ്ധവർഷം മുതൽ 2021-22 ആദ്യ അർദ്ധവർഷംവരേയുള്ള ഡിമാന്റുകൾ. |
| 6 | 25/1077 | കരിങ്ങ്ണപുറത്ത് അഫ്സത്ത്,അലീഫ്,താളിക്കാവ്,താളിക്കാവ്,670001 മുതൽ പേർ | 2014-15 രണ്ടാം അർദ്ധവർഷം മുതൽ 2019-20രണ്ടാം അർദ്ധവർഷംവരേയുള്ള ഡിമാന്റുകൾ. |
| 7 | 25/2400 | പ്രസിഡണ്ട്,ഡയാന സ്പോർട്സ് ക്ളബ്ബ്,മാനന്തവാടി,മാനന്തവാടി,670645,, | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2015-16രണ്ടാം അർദ്ധവർഷംവരേയുള്ള ഡിമാന്റുകൾ. |

ഇപ്രകാരം കെട്ടിടങ്ങളുടെ ഡിമാന്റ് സസ്പെക്ട് ചെയ്തു വരുന്ന നടപടി വിശദീകരിക്കുന്നതിനും, 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതേ വിഷയത്തിലുള്ള മുകളിൽ സൂചിപ്പിച്ച ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കുന്നതിനും ഓഡിറ്റ് അന്വേഷണം നമ്പർ 33/2022-23/25/01/2024 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് സസ്പെക്ട് ചെയ്യുന്നതിനുള്ള സൗകര്യത്തിന്റെ ദുരുപയോഗമാണ് മുനിസിപ്പാലിറ്റിയിൽ നടന്നുവരുന്നത്. നികുതിയടവ് സംബന്ധിച്ച് സംശയം ഉണ്ടാകുന്ന അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കേണ്ട സസ്പെക്ടഡ് ഡിമാന്റ് എന്ന ഓപ്ഷൻ വഴി ഇത്രയധികം ഡിമാന്റുകൾ മാറ്റി നിർത്തിയത് മുനിസിപ്പാലിറ്റിയിൽ നികുതിയിനത്തിലുള്ള വരവ് സംബന്ധിച്ച് വ്യക്തമായ കണക്ക് ലഭ്യമാകാത്തതിന് കാരണമാകുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫീൽഡ്കളക്ഷൻ റിപ്പോർട്ട്,ഡിമാന്റ് കളക്ഷൻ ബാലൻസ് റിപ്പോർട്ട്,കളക്ഷൻ പ്രൊഗ്രസ്സ് റിപ്പോർട്ട് എന്നിവയിലൊന്നും മേൽ ഡിമാന്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നില്ല. സസ്പെക്ട് ചെയ്ത ഡിമാന്റുകളുടെ കാര്യത്തിൽ എത്രയും പെട്ടെന്ന് തീരുമാനമെടുത്ത് നികുതി വിവരങ്ങൾ സഞ്ചയയിൽ ചേർക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നെങ്കിലും നിലവിലും ധാരാളം കെട്ടിടങ്ങളുടെ ഡിമാന്റുകൾ സസ്പെക്ട് ചെയ്യപ്പെട്ടതായി കാണുന്നതിൽ നിന്നും, മേൽ വിഷയത്തിൽ മുനിസിപ്പാലിറ്റി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിരവധി സസ്പെക്ടഡ് ഡിമാന്റുകൾ മുനിസിപ്പാലിറ്റിയിലുള്ളതു കൊണ്ട് തന്നെ മുനിസിപ്പാലിറ്റിയുടെ ഡിമാന്റ്-കള്ക്ഷൻ റിപ്പോർട്ടുകൾ യഥാർത്ഥ ചിത്രം പ്രതിഫലിപ്പിക്കില്ല. സസ്പെക്ട് ചെയ്യപ്പെട്ട ഡിമാന്റുകൾക്ക് നിലവിൽ ഡിമാന്റ് നോട്ടീസുകൾ പുറപ്പെടുവിക്കാനോ,നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാനോ സാധിക്കില്ല, ഇപ്രകാരം ഡിമാന്റുകൾ കാലഹരണപ്പെടുന്ന സാഹചര്യങ്ങളുണ്ടാകും.നിലവിൽ 2019-20 സാമ്പത്തിക വർഷം വരേ സസ്പെക്ട് ചെയ്ത ഡിമാന്റുകൾ കാലഹരണപ്പെട്ട് കഴിഞ്ഞു. തികഞ്ഞ അനാസ്ഥയാണ് മുനിസിപ്പാലിറ്റി ഈ വിഷയത്തിൽ തുടർന്ന് വരുന്നത്. ആയതിനാൽ സസ്പെക്ടഡ് ഡിമാന്റ് ലിസ്റ്റ് പരിശോധിച്ച് നിലവിൽ കാലഹരണപ്പെട്ട ഡിമാന്റുകളുടെ തുക കണക്കാക്കി കേരള മുനിസിപ്പാലിറ്റി നിയമം 539(2) പ്രകാരം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതും, മേൽ വിഷയത്തിൽ തുടരന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-18-3 കെട്ടിടങ്ങളുടെ മേഖലകൾ നിർണയിച്ചിട്ടുള്ളതിലെ അപാകതകൾ.

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ പ്രകാരം പ്രാഥമിക മേഖലയ്ക്ക് അടിസ്ഥാന വസ്തു നികുതിയിൽ നിന്ന് കിഴിവുകൾക്കൊന്നും അർഹതയില്ലാത്തതും ദ്വിതീയ ത്രിതീയ മേഖലകൾക്ക് യഥാക്രമം 10 ശതമാനം ,20 ശതമാനം എന്നിങ്ങനെ കിഴിവുകൾക്ക് അർഹതയുള്ളതുമാണ്. മാനന്തവാടി നഗരസഭയുടെ 17.12.2016 തീയതി നടന്ന സാധാരണ യോഗത്തിലെ 171/16 നമ്പർ തീരുമാന പ്രകാരം ടൗൺ പ്രദേശത്തിന്റെ സർവ്വേ നമ്പർ ഉൾപ്പെടുന്ന സ്ഥലങ്ങൾ പ്രാഥമിക മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്.

നഗരസഭയുടെ ടൗൺ പ്രദേശങ്ങൾ ഉൾപ്പെടുന്ന25ാം വാർഡിലുള്ള (മാനന്തവാടി ടൗൺ വാർഡ്) പല കെട്ടിടങ്ങളും ദ്വിതീയ/ത്രിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| സി.നം | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 25/223(1) To 25/223(12) | നയീം എ കെ (നസീമ മൻസിൽ,പെരിങ്ങാടി (പി ഒ), ന്യൂ മാഹി | ദ്വിതീയം | മേൽ കെട്ടിടത്തിന്റെ മുൻപിലും ശേഷവുമുള്ള കെട്ടിടങ്ങൾ (25/222,25/224 മുതലായവ) എന്നിവ പ്രാഥമിക മേഖലയിലാണ്. |
| 2 | 25/498(9) | റജീന ആൻറ് മുതൽപേർ(പുതിയപുരയിൽ ഹൌസ്,മാനന്തവാടി (പി ഒ), ചെറ്റപ്പാലം, | ദ്വിതീയം | മേൽ കെട്ടിടത്തിന്റെ മുൻപിലും ശേഷവുമുള്ള കെട്ടിടങ്ങൾ (25/498(8),25/499 മുതലായവ) എന്നിവ പ്രാഥമിക മേഖലയിലാണ്. |
| 3 | 25/1827(1) To 25/1827(9) | റാഷിദ് പി കെ(പുത്തൻകൊയ്ലോത്ത് ഹൌസ്,മാനന്തവാടി (പി ഒ), | ദ്വിതീയം | മേൽ കെട്ടിടത്തിന്റെ മുൻപിലും ശേഷവുമുള്ള കെട്ടിടങ്ങൾ (25/1827,25/1826,25/1828,25/1829 മുതലായവ) പ്രാഥമിക മേഖലയിലാണ്. |

മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള മേഖലകൾ നിർണയിക്കുന്നതിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 29/01/2024 തീയതിയിലെ 51/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം തെറ്റായി മേഖലകൾ നിർണയിക്കുന്നത് നഗരസഭയ്ക്ക് നികുതി നഷ്ടമുണ്ടാവുന്നതിലേക്ക് നയിക്കും. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി പരിഷ്കരണ വേളയിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-18-4 നികുതി നിരക്ക് കുറച്ച് നികുതി നിർണയിക്കുന്നത് മൂലം ധനനഷ്ടമുണ്ടാവുന്നു.

മാനന്തവാടി നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരേ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള 100ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 80 രൂപ/ച.മീ നിരക്കിലുമാണ് നികുതി നിരക്ക് നിർണയിച്ചിട്ടുള്ളത് . വാണിജ്യാവശ്യത്തിനുള്ള 100ച.മീ കൂടുതൽ വിസ്തീർണമുള്ള ചില കെട്ടിടങ്ങൾക്ക് നിലവിൽ 100ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് ധന നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 2-1 കാണുക

## 1-18-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല-വസ്തു നികുതികൾ കാലഹരണപ്പെടുന്നു.

മുനിസിപ്പാലിറ്റിയിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതില് കെട്ടിടങ്ങളുടെ നികുതി യഥാസമയം പിരിച്ചെടുക്കുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഫീൽഡ് കളക്ഷൻ റിപ്പോർട്ടുകൾ, ഡി.സി.ബി പത്രിക എന്നിവ മുനിസിപ്പാലിറ്റി ഹാജരാക്കാത്തതിനാലും, ഓഡിറ്റിന് ലഭ്യമായ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് മേൽ റിപ്പോർട്ടുകൾ ലഭിക്കാത്തതിനാലും കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക, കാലഹരണപ്പെട്ട നികുതിയുടെ വിവരങ്ങൾ എന്നിവ പൂർണമായും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1) പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ വ്യവഹാരം ആദ്യം നടത്താവുന്നതോ ശിക്ഷാനടപടി ആദ്യം ആരംഭിക്കാവുന്നതോ ജപ്തി ആദ്യം ചെയ്യാമായിരുന്നതോ ആയ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരവും നടത്തുകയോ യാതൊരു ശിക്ഷാനടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(2) പ്രകാരം യഥാസമയം നടപടികളെടുക്കുന്നതിൽ വീഴ്ച വരുത്തിയതു മൂലം മുനിസിപ്പാലിറ്റിക്ക് നഷ്ടമായ തുക ഏത് ഉദ്യോഗസ്ഥൻ / ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണ് നഷ്ടപ്പെടുന്നതെന്ന് നിയമാനുസൃതമായ അന്വേഷണത്തിൽ ബോധ്യപ്പെടുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണ്. മുനിസിപ്പാലിറ്റി പരിധിയിലുള്ള 5 മൊബൈൽ ടവറുകളുടെ മാത്രം നികുതി പിരിവ് പരിശോധിച്ചതിൽ നിന്ന് തന്നെ മുനിസിപ്പാലിറ്റി യഥാസമയം നികുതി പിരിച്ചെടുക്കുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 2013-14 മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ മിക്ക ടവറുകളുടെയും നികുതി പിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ സസ്പെക്റ്റഡ് ഡിമാന്റാക്കി മാറ്റി നിർത്തിയിട്ടുണ്ട്. ഉദ്ദാഹരണങ്ങൾ താഴെ നൽകുന്നു.

ടവറുകളുടെ നികുതി ഡിമാന്റുകൾ സസ്പെക്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ

| ക്രമ നം | വാർഡ് /കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്,വിലാസം | വാർഷിക നികുതി (2022-23 സാമ്പത്തിക വർഷം) | സഞ്ചയ സോഫ്റ്റ്‌വെയറിൽ സസ്പെക്റ്റഡ് ഡിമാന്റായി മാറ്റി നിർത്തിയിട്ടുള്ള തുക |
|---|---|---|---|---|
| 1 | 18/488 | ബി.എസ്.എൻ.എൽ ടവർ കൊയിലേരി | 20700 | 62100<br>(2013-14 ആദ്യ അർദ്ധ വർഷം മുതൽ 2015-16 രണ്ടാം അർദ്ധ വർഷം വരെ) |
| 2 | 32/49 | എസ്സാർ ടെലികോം ടവർ ലിമിറ്റഡ്, സർക്കിൾ ഹെഡ് കേരള, നോർത്ത് റെയിൽവെ സ്റ്റേഷനു സമീപം, കൊച്ചിൻ | 15215 | 13800<br>(2013-14സാമ്പത്തിക വർഷം ) |
| 3 | 28/276 | വയർലെസ് ടിടി ഇൻേഫാ സർവീസസ് ലിമിറ്റഡ് കൊച്ചി | 9315 | 27945<br>(2013-14 ആദ്യ അർദ്ധ വർഷം മുതൽ 2015-16 രണ്ടാം അർദ്ധ വർഷം വരെ) |
| 4 | 12/81 | റിലയൻസ് കമ്യൂണിക്കേഷൻ പയ്യംമ്പള്ളി, 670646,, | 8280 | 27410<br>(2013-14 ആദ്യ അർദ്ധ വർഷം മുതൽ 2015-16 രണ്ടാം അർദ്ധ വർഷം വരെ) |
| 5 | 8/258(5) | മൊബൈൽ ടവർ<br>വിൻസൻറ്<br>ഗിരി,വേമം,670645, | 3450 | 10350<br>(2013-14 ആദ്യ അർദ്ധ വർഷം മുതൽ 2015-16 രണ്ടാം അർദ്ധ വർഷം വരെ) |
| ആകെ | | | | 141335 |

ടവറുകളുടെ നികുതി ഡിമാന്റുകൾ കാലഹരണപ്പെട്ടതിന്റെ വിശദാംശങ്ങൾ

| ക്രമ നം | വാർഡ് /കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വാർഷിക നികുതി (2022-23 സാമ്പത്തിക വർഷം) | 2022-23 വരെയുള്ള ആകെ നികുതി കുടിശ്ശിക( സസ്പെക്റ്റഡ് ഡിമാന്റ് ഉൾപ്പെടെ) | കാല-ഹരണ-പ്പെട്ട തുക (2019-2020 രണ്ടാം അർദ്ധവർഷം വരെയുള്ള സസ്പെക്റ്റഡ് ഡിമാന്റ് ഉൾപ്പെട യുള്ള തുക ) |
|---|---|---|---|---|---|
| 1 | 18/488 | ബി.എസ്.എൻ.എൽ ടവർ കൊയിലേരി | 20700 | 2,07,000 | 144900 |
| 2 | 32/49 | എസ്സാർ ടെലികോം ടവർ ലിമിറ്റഡ്, സർക്കിൾ ഹെഡ് കേരള, നോർത്ത് റെയിൽവെ സ്റ്റേഷനു സമീപം, കൊച്ചിൻ | 15215 | 119657 | 74011 |
| 3 | 28/276 | വയർലെസ് ടിടി ഇൻേഫാ സർവീസസ് ലിമിറ്റഡ് കൊച്ചി | 9315 | 93150 | 65205 |

| | | | | | |
|---|---|---|---|---|---|
| 4 | 12/81 | റിലയൻസ് കമ്യൂണിക്കേഷൻ പയ്യംമ്പള്ളി, 670646,, | 8280 | 85100 | 60260 |
| 5 | 8/258(5) | മൊബൈൽ ടവർ<br>വിൻസൻറ്<br>ഗിരി,വേമം,670645, | 3450 | 34500 | 24150 |
| ആകെ | | | | 539407 | 368526 |

മുകളിൽ കാണിച്ചിട്ടുള്ള 5 ടവറുകളിൽ നിന്ന് തന്നെ 539407 രൂപ നികുതി കുടിശ്ശികയുണ്ടെന്നും ആയതിൽ 368526 രൂപ കാലഹരണപ്പെട്ടതായി കാണാം. ഇപ്രകാരം നികുതി പിരിക്കാതെ കാലഹരണപ്പെടുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സഞ്ചയ ഫീൽഡ് കളക്ഷൻ റിപ്പോർട്ട് പരിശോധിച്ച് കാലഹരണപ്പെട്ട മുഴുവൻ തുകയും കണ്ടെത്തി ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-18-6 പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത-മുനിസിപ്പാലിറ്റിക്ക് ധന നഷ്ടമുണ്ടാവുന്നു.

കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 24(3) പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്ത് ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ ആയതിന് മുൻപ് കെട്ടിട ഉടമസ്ഥൻ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും കെട്ടിടം പൊളിച്ച്കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നെങ്കിൽ ചുമത്തപ്പെടാമായിരുന്ന വസ്തു നികുതി നൽകുന്നതിന് കെട്ടിട ഉടമ ബാധ്യസ്ഥനമാണ്. മാനന്തവാടി നഗരസഭയുടെ 2022-23 വർഷത്തെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡിമോളിഷ്ഡ് ബിൽഡിങ്ങ് റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കാൻ നോട്ടീസ് നൽകിയ അർദ്ധ വർഷത്തെ നികുതി അടവാക്കാതെയാണ് കെട്ടിടങ്ങളെ അസസ്സ്മെന്റ് രജിസ്റ്ററിൽ നിന്ന് ഒഴിവാക്കുന്നത്.

| കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | വാർഷിക നികുതി (2022-23 സാമ്പത്തിക വർഷം) | കെട്ടിട നികുതി ഒഴിവാക്കുന്നതിനായി നൽകിയ അപേക്ഷയും തീയതിയും (സഞ്ചയ പ്രകാരം) | കെട്ടിട നികുതി ഒഴിവാക്കേണ്ടിയിരുന്ന കാലഘട്ടം | കെട്ടിട നികുതി ഒഴിവാക്കിയ കാലഘട്ടം | വസ്തു നികുതി യിലുള്ള നഷ്ടം |
|---|---|---|---|---|---|---|
| 22/63 | പ്രകാശിനി, ചുണ്ടക്കനി, ചെറ്റപ്പാലം, വേമം,670645 | 1055 | R2-3083/22 / 05/07/2022 | 2022-23 രണ്ടാം അർദ്ധ വർഷം മുതൽ | 2022-23 ഒന്നാം അർദ്ധ വർഷം മുതൽ | 528 |
| 25/864(1) | യൂസഫ്, കുന്നപ്പള്ളി, എള്ളുമന്ദം, മാനന്തവാടി | 24386 | R2-2347/23 / 17/05/2023 | 2023-24 രണ്ടാം അർദ്ധ വർഷം മുതൽ | 2022-23 രണ്ടാം അർദ്ധ വർഷം മുതൽ | 24996 [12192 (2022-23 രണ്ടാം അർദ്ധവർഷം )+12804 (2023-24 ഒന്നാം അർദ്ധവർഷം(5 ശതമാനം വർദ്ധനവിന് ശേഷം))] |
| ആകെ | | | | | | 25524 |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയത് സംബന്ധിച്ച ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം 83/2022-23 / 01/02/2024 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം തെറ്റായ രീതിയിൽ നികുതി ഒഴിവാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അനർഹമായി നികുതിയിളവ് നൽകിയത് മൂലം നഷ്ടമായ തുക ₹ 25524 ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-18-7 പെർമിറ്റിലും, ഒക്കുപെൻസിയിലും അധികരിച്ച അനധികൃത നിർമ്മാണത്തിന് നിയമാനുസൃത പിഴയും അധിക നികുതിയും ഈടാക്കേണ്ടതാണ്

ശ്രീ ബഷീർ,സാജിത മത്തൻ വീട് എന്നിവർക്ക് 5529.02 ച.മീ വിസ്തീർണത്തിൽ സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ,ഫസ്റ്റ് ഫ്ലോർ, സെക്കൻഡ് ഫ്ലോർ, തേർഡ് ഫ്ലോർ എന്നിവയിലായി താമസ-വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം നിർമിക്കുന്നതിന് A4-BA(14817)/2018/22/01/2018 നമ്പർ പെർമിറ്റ് അനുവദിക്കുകയും, TP1-19071/22 നമ്പർ ഫയൽ പ്രകാരം സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കൻഡ് ഫ്ലോർ എന്നീ നിലകളിലായി 3587.05 ച.മീ നിർമാണത്തിന് മുനിസിപ്പാലിറ്റി ഭാഗീക പൂർത്തീകരണം നടത്തിയത് പരിഗണിച്ച് വാണിജ്യാവശ്യത്തിനുള്ള ഒക്യുപൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ കെട്ടിടത്തിന് പാർക്കിംഗിനായി ഉപയോഗിച്ച സെല്ലാർ നിലയും പൊതു വിനിയോഗത്തിനായി മാറ്റി വെച്ച മറ്റ് നിർമാണങ്ങളും ഗ്രൗണ്ട് ഫ്ലോർ മുതൽ രണ്ടാം നില വരേയുള്ള വിവിധ നമ്പറുകളിലുള്ള വിസ്തീർണത്തോട് ആനുപാതികമായി കൂട്ടിചേർത്ത് സഞ്ചയ സോഫ്റ്റ്‌വെയറിൽ താഴെ പറയും പ്രകാരമാണ് നമ്പർ നൽകി നികുതി നിർണയിച്ചിട്ടുള്ളത്.

പട്ടിക-1

| സി.നം | കെട്ടിട നമ്പര് (A) | വിസ്തീർണം (B) | നികുതി നിരക്ക് (C) | അടിസ്ഥാന നികുതി (D) | നികുതി നിരക്കിലുള്ള വർദ്ധനവ്(വഴി സൗകര്യം-15ശതമാനം +മേൽത്തരം തറ നിർമിതി-20ശതമാനം)(E) | ബഹു നില കെട്ടിട ത്തിനുള്ള കിഴിവ് (F) | ആകെ വസ്തു നികുതി (D+E-F) | ലൈബ്രറി സെസ്സ് | സേവന ഉപ നികുതി | ആകെ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 25/824/1 | 598.39 | 120 | 71806.8 | 25132.38 | 0 | 96939 | 4847 | 9694 | 111480 | ടെക്സ്റ്റൈല്സ് പ്രവർത്തിക്കുന്ന സ്ഥലം (ഗ്രൗണ്ട് ഫ്ലോർ) |
| 2 | 25/824/2 | 255.91 | 120 | 30709.2 | 10748.22 | 0 | 41457 | 2073 | 4146 | 47676 | ടെക്സ്റ്റൈല്സ് പ്രവർത്തിക്കുന്ന സ്ഥലം (ഗ്രൗണ്ട് ഫ്ലോർ) |
| 3 | 25/824/3 | 678.39 | 120 | 81406.8 | 28492.38 | 0 | 109899 | 5495 | 10990 | 126384 | ടെക്സ്റ്റൈൽസ് പ്രവർത്തിക്കാത്ത വാണിജ്യ ഉപയോഗ ക്രമത്തിലുള്ള സ്ഥലം (ഗ്രൗണ്ട് ഫ്ലോർ) |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 4 | 25/824/4 | 704.81 | 120 | 84577.2 | 29602.02 | 5709 (D+E യുടെ 5%) | 108470 | 5424 | 10847 | 124741 | ടെക്സ്റ്റൈൽ പ്രവർത്തിക്കുന്ന സ്ഥലം (ഒന്നാം നില) |
| 5 | 25/824/5 | 704.81 | 120 | 84577.2 | 29602.02 | 5709 (D+E യുടെ 5%) | 108470 | 5424 | 10847 | 124741 | ടെക്സ്റ്റൈൽസ് പ്രവർത്തിക്കാത്ത വാണിജ്യ ഉപയോഗ ക്രമത്തിലുള്ള സ്ഥലം (ഒന്നാം നില) |
| 6 | 25/824/6 | 644.74 | 120 | 77368.8 | 27079.08 | 10444.78 (D+E യുടെ 10%) | 94003 | 4700 | 9400 | 108103 | ടെക്സ്റ്റൈൽ പ്രവർത്തിക്കുന്ന സ്ഥലം (രണ്ടാം നില) |
| ആകെ | | 3587.05 | | | | | 559238 | 27963 | 55924 | 643125 | |

മേൽ കെട്ടിടം നഗരസഭ ഓവർസിയറുടെയും റവന്യൂ ഇൻസ്പെക്ടറുടെയും സാന്നിദ്ധ്യത്തിൽ 30/01/2024 തീയതി 2.30 P.M ന് നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

A) കെട്ടിടത്തിന്റെ മേൽക്കൂരയിൽ പെർമിറ്റിലില്ലാത്ത അധിക നിർമ്മാണം

കെട്ടിടത്തിന്റെ മേൽക്കൂരയിൽ പെർമിറ്റ് ഫയലിലും,ഭാഗീക പൂർത്തീകരണത്തിനായി സമർപ്പിച്ച ഫയലുകളിലും ലിഫ്റ്റ് റൂം,വാട്ടർടാങ്ക്,സ്റ്റെയർ റൂം എന്നിങ്ങനെ കെട്ടിടത്തിന്റെ പൊതുവായ ആവശ്യത്തിനുള്ള നിർമ്മിതികൾ മാത്രമാണ് കാണിച്ചിട്ടുള്ളത്. നിലവിൽ മേൽ നിർമിതികൾക്ക് പുറമേ ആകെ 67.7 ച.മീ (2*1.5(റൂം)+2*1.5(റൂം)+4.5*6.55(റൂം)+5.2*6.2(റൂം)) അധിക ഏരിയയിൽ നിർമാണം നടത്തി ഉപയോഗിച്ച് വരുന്നതായി പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. പ്രസ്തുത അധിക നിർമ്മാണത്തിന് താഴെ പറയും പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്.

പട്ടിക-2

| സി. നം | ഇനം | തുക |
|---|---|---|
| 1 | നികുതി നിരക്ക് | 120 |
| 2 | കെട്ടിട വിസ്തീർണം | 67.7 ച.മീ |
| 3 | അടിസ്ഥാന വസ്തു നികുതി | 120*67.7=8124 |
| 4 | വസ്തു നികുതിയിലുള്ള വർദ്ധന (വഴി സൗകര്യം)-അടിസ്ഥാന വസ്തു നികുതിയുടെ 15 ശതമാനം | 8124*0.15=1219 |
| 5 | ആകെ വസ്തു നികുതി | 1219+8124=9343 |
| 6 | ബഹു നില കെട്ടിടത്തിനുള്ള നികുതിയിലുള്ള കിഴിവ്=ആകെ വസ്തു നികുതിയുടെ 20 ശതമാനം (തറ നിരപ്പിൽ നിന്നുള്ള നാലാം നില) | 9343*.2=1869 |
| 7 | ബഹു നില കെട്ടിടത്തിനുള്ള നികുതിയിലുള്ള കിഴിവിന് ശേഷമുള്ള വസ്തു നികുതി | 9343-1869=7474 |
| 8 | ലൈബ്രറി സെസ്സ്(5 ശതമാനം) | 374 |
| 9 | സേവന ഉപനികുതി (10 ശതമാനം) | 7474*0.1=747 |
| 10 | ആകെ നികുതി | 7474+747+374 =8595 |
| 11 | അനധികൃത നിർമാണമായതിനാൽ ഈടാക്കേണ്ട നികുതി= വസ്തു നികുതിയുടെ മൂന്ന് മടങ്ങ് | 25785 |

B)കെട്ടിടത്തിന്റെ മൂന്നാം നില

കെട്ടിടത്തിന്റെ മൂന്നാം നിലയ്ക്ക് നിലവിൽ ഒക്യുപെൻസി അനുവദിച്ചിട്ടില്ല.ഭാഗീക പൂർത്തീകരണത്തിന് സമർപ്പിച്ച ഫയലിൽ മേൽ നിലയുടെ പ്രവർത്തി പുരോഗമിച്ച് വരികെയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പെർമിറ്റിൽ 155.81 ച.മീ വാണിജ്യാവശ്യത്തിനും 923.39 ച,മീ താമസാവശ്യത്തിനുമുള്ള കെട്ടിടം നിർമിക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ മേൽ നിലയിൽ 32.40 മീറ്റർ നീളവും 12.75 വീതിയുമുള്ള ഹാളും ആയതിനോട് ചേർന്ന് 2.3 മീറ്റർ നീളവും 12.75 മീറ്റർ വീതിയുമുള്ള മുറിയും അടക്കം 442.4 ച.മീ സ്ഥലം ടെക്സ്റ്റൈൽ ഷോപ്പ് പ്രവർത്തിക്കുന്നതായി വാണിജ്യാവശ്യത്തിന് വിട്ട് നൽകിയിട്ടുണ്ട്. കേന്ദ്രീകൃത എ.സി സംവിധാനം ടെക്സ്റ്റൈൽസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നിലയിൽ ബാക്കിയുള്ള സ്ഥലത്ത് നിർമാണ പ്രവർത്തികൾ നടക്കുകയാണ്.

മേൽ ഭാഗത്തിന്റെ വസ്തു നികുതി താഴെ പറയും പ്രകാരം നിർണയിക്കേണ്ടതാണ്.

പട്ടിക-3

| സി.നം | ഇനം | തുക |
|---|---|---|
| 1 | കെട്ടിട വിസ്തീർണം | 442.4ച.മീ |
| 2 | ബാധകമായ നികുതി നിരക്ക് | 120 |
| 3 | അടിസ്ഥാന വസ്തു നികുതി=കെട്ടിട വിസ്തീർണം*നികുതി നിരക്ക് | 442.4*120=53088 |
| 4 | അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ് =വഴി സൗകര്യം(15 ശതമാനം)+തറ നിർമിതി (20ശതമാനം)+കേന്ദ്രീകൃത എ.സി സംവിധാനം (10ശതമാനം) = അടിസ്ഥാന വസ്തു നികുതിയുടെ 45 ശതമാനം | 53088*0.45=23890 |
| 5 | അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 0 |
| 6 | ആകെ വസ്തു നികുതി=അടിസ്ഥാന വസ്തു നികുതി+അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ്-അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 53088+23890-0=76978 |
| 7 | ബഹു നിലകെട്ടിടത്തിനുള്ള കിഴിവ്=15 ശതമാനം (തറ നിരപ്പിൽ നിന്നുള്ള മൂന്നാമത്തെ നില) | 11547 |
| 8 | ബഹു നിലകെട്ടിടത്തിനുള്ള കിഴിവിന് ശേഷമുള്ള വസ്തു നികുതി | 76978- 11547=65431 |
| 9 | ലൈബ്രറി സെസ്സ്= വസ്തു നികുതിയുടെ 5 ശതമാനം | 65431*0.05=3272 |
| 10 | സേവന ഉപനികുതി=ആകെ വസ്തു നികുതിയുടെ 10 ശതമാനം | 65431*0.1=6543 |
| 11 | ആകെ വസ്തു നികുതി (സേവന ഉപനികുതി,ലൈബ്രറി സെസ്സ് എന്നിവ ഉൾപ്പെടെ) | 75246 |

C) രണ്ടാം നില

രണ്ടാം നിലയിൽ ഭാഗീക പൂർത്തീകരണത്തിന് സമർപ്പിച്ച പ്ലാൻ പ്രകാരം 468.82 ച.മീ സ്ഥലത്ത് വാണിജ്യാവശ്യത്തിന് ഒക്യുപൻസി നൽകിയിട്ടുണ്ട്.മേൽ സ്ഥലം ടെക്സ്റ്റൈൽ ഷോപ്പ് പ്രവർത്തിക്കുന്നതായി വാണിജ്യാവശ്യത്തിന് വിട്ട് നൽകിയിട്ടുണ്ട്. കേന്ദ്രീകൃത എ.സി സംവിധാനം മേൽ സ്ഥലത്ത് ഏർപ്പെടുത്തിയിട്ടുണ്ട്.മേൽ ഭാഗത്തിന് 25/864/6 എന്ന നമ്പറാണ് നികുതി കണക്കാക്കുന്നതിന് നൽകിയിട്ടുള്ളത്

പാർക്കിംഗിനായി ഉപയോഗിച്ച സെല്ലാർ നിലയും പൊതു വിനിയോഗത്തിനായി മാറ്റി വെച്ച മറ്റ് നിർമാണങ്ങളും ആനുപാതികമായി കൂട്ടിച്ചേർത്തതിനാൽ 25/864/6 നമ്പർ കെട്ടിടത്തിന് 644.74 ച.മീ വിസ്തീർണം കണക്കാക്കിയാണ് വസ്തു നികുതി നിർണയിച്ചിട്ടുള്ളത്.

എന്നാൽ കേന്ദ്രീകൃത എ.സി ഉപയോഗിച്ച് വരുന്നതിനാലുള്ള 10 ശതമാനത്തിന്റെ നികുതി വർദ്ധനവ് മുനിസിപ്പാലിറ്റി നികുതി നിർണയിച്ച വേളയിൽ കണക്കിലെടുത്തിട്ടില്ല.ആയത് കൂടി പരിഗണിച്ച് കെട്ടിടത്തിന്റെ നികുതി താഴെ പറയും പ്രകാരം നിർണയിക്കേണ്ടതാണ്.

പട്ടിക-4

| സി.നം | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | കെട്ടിട വിസ്തീർണം | 644.74 ച.മീ |
| 2 | ബാധകമായ നികുതി നിരക്ക് | 120 |
| 3 | അടിസ്ഥാന വസ്തു നികുതി=കെട്ടിട വിസ്തീർണം*നികുതി നിരക്ക് | 644.74*120=77368.8 |
| 4 | അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ് =വഴി സൗകര്യം(15 ശതമാനം)+തറ നിർമിതി (20ശതമാനം)+കേന്ദ്രീകൃത എ.സി സംവിധാനം (10ശതമാനം)= അടിസ്ഥാന വസ്തു നികുതിയുടെ 45 ശതമാനം | 77368.8*0.45=34815.96 |
| 5 | അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 0 |
| 6 | ആകെ വസ്തു നികുതി=അടിസ്ഥാന വസ്തു നികുതി+അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ്-അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 77368.8+34815.96-0=112184.76 |
| 7 | ബഹു നിലകെട്ടിടത്തിനുള്ള കിഴിവ്=10 ശതമാനം (തറ നിരപ്പിൽ നിന്നുള്ള രണ്ടാമത്തെ നില) | 11218.476 |
| 8 | ബഹു നിലകെട്ടിടത്തിനുള്ള കിഴിവിന് ശേഷമുള്ള വസ്തു നികുതി | 112184.76-11218.476=100966 |
| 9 | ലൈബ്രറി സെസ്സ്= വസ്തു നികുതിയുടെ 5 ശതമാനം | 100966*0.05=5048 |
| 10 | സേവന ഉപനികുതി=ആകെ വസ്തു നികുതിയുടെ 10 ശതമാനം | 100966*0.1=10097 |
| 11 | ആകെ വസ്തു നികുതി (സേവന ഉപനികുതി,ലൈബ്രറി സെസ്സ് എന്നിവ ഉൾപ്പെടെ) | 116111 |
| 12 | പട്ടിക-1 സി.നം 6 പ്രകാരം കെട്ടിടഭാഗത്തിന് നിലവിൽ നിർണയിച്ചിട്ടുള്ള നികുതി | വസ്തു നികുതി- 94003<br>ലൈബ്രറി സെസ്സ്-4700<br>സേവന ഉപനികുതി-9400 |
| 13 | ആകെ വസ്തു നികുതുയുലുള്ള കുറവ് | 116111-108103=8008 |

D)ഒന്നാം നില

ഒന്നാം നിലയിൽ ഭാഗീക പൂർത്തീകരണത്തിന് സമർപ്പിച്ച പ്ലാൻ പ്രകാരം 991.41 ച.മീ സ്ഥലത്ത് വാണിജ്യാവശ്യത്തിന് ഒക്യുപൻസി നൽകിയിട്ടുണ്ട്. 25/864/5, 25/864/4 എന്നീ നമ്പറുകളാണ് മേൽ നിലയിൽ നൽകിയിട്ടുള്ളത്.

32.40 മീറ്റർ നീളവും 12.75 വീതിയുമുള്ള ഹാളും ആയതിനോട് ചേർന്ന് 2.3 മീറ്റർ നീളവും 12.75 മീറ്റർ വീതിയുമുള്ള മുറിയും അടക്കം 442.4 ച.മീ സ്ഥലം ടെക്സ്റ്റൈൽ ഷോപ്പ് പ്രവർത്തിക്കുന്നതായി വാണിജ്യാവശ്യത്തിന് വിട്ട് നൽകിയിട്ടുണ്ട്. ടെക്സ്റ്റൈൽസിൽ കേന്ദ്രീകൃത എ.സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

25/864/4 എന്ന നമ്പറാണ് ടെക്സ്റ്റൈൽസ് പ്രവർത്തിക്കുന്ന ഭാഗത്തിന് നൽകിയിട്ടുള്ളത് നികുതി കണക്കാക്കുന്നതിന് നൽകിയിട്ടുള്ളത്.പാർക്കിംഗിനായി ഉപയോഗിച്ച സെല്ലാർ നിലയും പൊതു വിനിയോഗത്തിനായി മാറ്റി വെച്ച മറ്റ് നിർമാണങ്ങളും ആനുപാതികമായി കൂട്ടിച്ചേർത്തതിനാൽ 25/864/4 നമ്പർ കെട്ടിടത്തിന് 704.81 ച.മീ വിസ്തീർണം കണക്കാക്കിയാണ് നികുതി നിർണയിച്ചിട്ടുള്ളത്.

എന്നാൽ കേന്ദ്രീകൃത എ.സി ഉപയോഗിച്ച് വരുന്നതിനാലുള്ള 10 ശതമാനത്തിന്റെ നികുതി വർദ്ധനവ് മുനിസിപ്പാലിറ്റി നികുതി നിർണയിച്ച വേളയിൽ കണക്കിലെടുത്തിട്ടില്ല.ആയത് കൂടി പരിഗണിച്ച് 25/864/4 നമ്പർ കെട്ടിടത്തിന്റെ നികുതി താഴെ പറയും പ്രകാരം നിർണയിക്കേണ്ടതാണ്

പട്ടിക-5

| സി.നം | ഇനം | തുക |
|---|---|---|
| 1 | കെട്ടിട വിസ്തീർണം | 704.81 ച.മീ |
| 2 | ബാധകമായ നികുതി നിരക്ക് | 120 |
| 3 | അടിസ്ഥാന വസ്തു നികുതി=കെട്ടിട വിസ്തീർണം*നികുതി നിരക്ക് | 704.81*120=84577.2 |
| 4 | അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ് =വഴി സൗകര്യം(15 ശതമാനം)+തറ നിർമിതി (20ശതമാനം)+കേന്ദ്രീകൃത എ.സി സംവിധാനം (10ശതമാനം) = അടിസ്ഥാന വസ്തു നികുതിയുടെ 45 ശതമാനം | 84577.2*0.45=38059.74 |

| | | |
|---|---|---|
| 5 | അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 0 |
| 6 | ആകെ വസ്തു നികുതി=അടിസ്ഥാന വസ്തു നികുതി+അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ്-അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 84577.2+38059.74-0 =122636.94 |
| 7 | ബഹു നിലകെട്ടിടത്തിനുള്ള കിഴിവ്=5 ശതമാനം (തറ നിരപ്പിൽ നിന്നുള്ള ഒന്നാമത്തെ നില) | 122636.94*.05=6132 |
| 8 | ബഹു നിലകെട്ടിടത്തിനുള്ള കിഴിവിന് ശേഷമുള്ള വസ്തു നികുതി | 122637-6132=116505 |
| 9 | ലൈബ്രറി സെസ്സ്= വസ്തു നികുതിയുടെ 5 ശതമാനം | 116505*0.05=5825 |
| 10 | സേവന ഉപനികുതി=ആകെ വസ്തു നികുതിയുടെ 10 ശതമാനം | 116505*0.1=11651 |
| 11 | ആകെ വസ്തു നികുതി (സേവന ഉപനികുതി,ലൈബ്രറി സെസ്സ് എന്നിവ ഉൾപ്പെടെ) | 116505+11651+ 5825=133981 |
| 12 | പട്ടിക-1 സി.നം 4 പ്രകാരം കെട്ടിടഭാഗത്തിന് നിലവിൽ നിർണയിച്ചിട്ടുള്ള നികുതി | വസ്തു നികുതി- 108470<br>ലൈബ്രറി സെസ്സ്-5424<br>സേവന ഉപനികുതി-10847<br>ആകെ-124741 |
| 13 | ആകെ വസ്തു നികുതി ഡിമാന്റ് ചെയ്തതിലുള്ള കുറവ് | 133981-124741=9420 |

E) ഗ്രൗണ്ട് ഫ്ലോർ

ഗ്രൗണ്ട് ഫ്ലോറിൽ 991.41 ച.മീ സ്ഥലം വാണിജ്യാവശ്യത്തിന് ഒക്യുപെൻസി അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ 25/824/1, 25/824/2, 25/824/3 എന്നിങ്ങനെ നമ്പറുകൾ അനുവദിച്ചിട്ടുണ്ട്.25/824/1, 25/824/2 എന്നീ മുറികളിൽ ടെക്സ്റ്റൈല്സ് പ്രവർത്തിക്കുന്നുണ്ട് .ടെക്സ്റ്റൈൽസ് പ്രവർത്തിക്കുന്ന നിലയിൽ കേന്ദ്രീകൃത എയർകണ്ടീഷൺ പ്രവർത്തിക്കുന്നുണ്ട്.

ഗ്രൗണ്ട് ഫ്ലോറിൽ ടെക്സ്റ്റൈൽസ് പ്രവർത്തിക്കുന്ന രണ്ട് മുറികൾക്ക് (25/824/1, 25/824/2) നികുതി കണക്കാക്കേണ്ടതിനായി പാർക്കിംഗിനായി ഉപയോഗിച്ച സെല്ലാർ നിലയും പൊതു വിനിയോഗത്തിനായി മാറ്റി വെച്ച മറ്റ് നിർമാണങ്ങളും ആനുപാതികമായി കൂട്ടിച്ചേർത്തതിനാൽ 25/824/1 നമ്പർ കെട്ടിടത്തിന് 598.39 ച.മീ, 25/824/2 നമ്പർ കെട്ടിടത്തിന് 255.91 ച.മീ എന്നിങ്ങനെ വിസ്തീർണമാണ് നികുതി കണക്കാക്കുന്നതിന് മുനിസിപ്പാലിറ്റി കണക്കാക്കിയിട്ടുള്ളത്.കേന്ദ്രീകൃത എയർകണ്ടീഷൺ സംവിധാനത്തിനുള്ള അധിക നികുതി കണക്കാക്കാതെയാണ് മുനിസിപ്പാലിറ്റി നികുതി കണക്കാക്കിയിട്ടുള്ളത്.ആയത് കൂടി പരിഗണിച്ചാൽ താഴെ പറയും പ്രകാരം 25/824/1, 25/824/2 എന്നീ കെട്ടിടങ്ങളുടെ നികുതി കണക്കേണ്ടതാണ്.

പട്ടിക-6

25/824/1 നമ്പർ കെട്ടിടം

| സി.നം | ഇനം | തുക |
|---|---|---|
| 1 | കെട്ടിട വിസ്തീർണം | 598.39 ച.മീ |
| 2 | ബാധകമായ നികുതി നിരക്ക് | 120 |
| 3 | അടിസ്ഥാന വസ്തു നികുതി=കെട്ടിട വിസ്തീർണം*നികുതി നിരക്ക് | 598.39*120 =71806.8 |
| 4 | അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ് =വഴി സൗകര്യം(15 ശതമാനം)+തറ നിർമിതി (20ശതമാനം)+കേന്ദ്രീകൃത എ.സി സംവിധാനം (10ശതമാനം) = അടിസ്ഥാന വസ്തു നികുതിയുടെ 45 ശതമാനം | 71806.8*0.45 =32313.06 |
| 5 | അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 0 |
| 6 | ആകെ വസ്തു നികുതി=അടിസ്ഥാന വസ്തു നികുതി+അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ്-അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 71806.8+32313.06-0= 104119.86 |
| 7 | ലൈബ്രറി സെസ്സ്= വസ്തു നികുതിയുടെ 5 ശതമാനം | 104119.86*0.05=5206 |
| 8 | സേവന ഉപനികുതി=ആകെ വസ്തു നികുതിയുടെ 10 ശതമാനം | 104119.86*0.1=10412 |
| 9 | ആകെ വസ്തു നികുതി (സേവന ഉപനികുതി,ലൈബ്രറി സെസ്സ് എന്നിവ ഉൾപ്പെടെ) | 104119.86+10412+ 5206=119738 |
| 10 | പട്ടിക-1 സി.നം 1 പ്രകാരം കെട്ടിടഭാഗത്തിന് നിലവിൽ നിർണയിച്ചിട്ടുള്ള നികുതി | വസ്തു നികുതി- 96939<br>ലൈബ്രറി സെസ്സ്-4847 |

| | | |
|---|---|---|
| | | സേവന<br>ഉപനികുതി-9694<br>ആകെ-111480 |
| 11 | ആകെ വസ്തു നികുതയുലുള്ള കുറവ് | 119738-111480=8258 |

പട്ടിക-7

25/824/2നമ്പർ കെട്ടിടം

| സി.നം | ഇനം | തുക |
|---|---|---|
| 1 | കെട്ടിട വിസ്തീർണം | 255.91 ച.മീ |
| 2 | ബാധകമായ നികുതി നിരക്ക് | 120 |
| 3 | അടിസ്ഥാന വസ്തു നികുതി=കെട്ടിട വിസ്തീർണം*നികുതി നിരക്ക് | 255.91*120<br>=30709.2 |
| 4 | അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ് =വഴി സൗകര്യം(15 ശതമാനം)+തറ നിർമിതി (20ശതമാനം)+കേന്ദ്രീകൃത എ.സി സംവിധാനം (10ശതമാനം) = അടിസ്ഥാന വസ്തു നികുതിയുടെ 45 ശതമാനം | 30709.2*0.45<br>=13819.14 |
| 5 | അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 0 |
| 6 | ആകെ വസ്തു നികുതി=അടിസ്ഥാന വസ്തു നികുതി+അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ്-അടിസ്ഥാന വസ്തു നികുതിയിലുള്ള കിഴിവ് | 30709.2+13819.14-0=<br>44528.34 |
| 7 | ലൈബ്രറി സെസ്സ്= വസ്തു നികുതിയുടെ 5 ശതമാനം | 44528.34*0.05=2226 |
| 8 | സേവന ഉപനികുതി=ആകെ വസ്തു നികുതിയുടെ 10 ശതമാനം | 44528.34*0.1=4453 |
| 9 | ആകെ വസ്തു നികുതി (സേവന ഉപനികുതി,ലൈബ്രറി സെസ്സ് എന്നിവ ഉൾപ്പെടെ) | 44528+4453+<br>2226=51207 |
| 10 | പട്ടിക-2 സി.നം 2 പ്രകാരം കെട്ടിടഭാഗത്തിന് നിലവിൽ നിർണയിച്ചിട്ടുള്ള നികുതി | വസ്തു നികുതി- 41457<br>ലൈബ്രറി സെസ്സ്-2073<br>സേവന<br>ഉപനികുതി-4146<br>ആകെ-47676 |
| 11 | കണക്കാക്കിയ വസ്തു നികുതയുലുള്ള കുറവ് | 51207-47676=3531 |

25/824/1, 25/824/2 എന്നീ നമ്പർ കെട്ടിടങ്ങളിലായി ആകെ ഈടാക്കിയ നികുതിയിൽ കുറവ് = 3531+8258=11789

കൂടാതെ ഒന്നാം നിലയിൽ ടെക്സ്റ്റൈൽസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുൻഭാഗത്തെ പ്രധാന ഭിത്തിയുടെ നിളം അളന്നതിൽ പ്ലാനിൽ നിന്നും വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെല്ലാർ നിലയിലേക്കുള്ള പ്രവേശന കവാടത്തിനടുത്ത പ്രധാന ഭിത്തിക്ക് പ്ലാൻ പ്രകാരം 35.75 മീറ്റർ നീളമുണ്ട്.(24.71+11.04) ആയത് ഭൗതീക പരിശോധനയിൽ 38.1 (25.7+12.4) മീറ്റർ നീളമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ പരിശോധനയിൽ നിന്ന് താഴെ പറയുന്ന രീതിയിൽ രീതിയിൽ മുനിസിപ്പാലിറ്റിക്ക് നഷ്ടമുണ്ടായിട്ടുണ്ട്.

1) മുനിസിപ്പാലിറ്റി നികുതി നിശ്ചയിച്ച് നമ്പർ നൽകിയ ഗ്രൗണ്ട് ഫ്ലോർ മുതൽ രണ്ടാം നില വരേയുള്ള കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയതിൽ കേന്ദ്രീകൃത എ.സി സംവിധാനത്തിനുള്ള അധിക നികുതി ഈടാക്കാത്തതിനാൽ മേൽ നിലകളിലായി വസ്തുനികുതി, സേവനഉപനികുതി,ലൈബ്രറിസെസ്സിനത്തിൽ കുറവ് വന്ന യിനത്തിൽ ആകെ 3531+8258+9420+8008=29217 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

2) മൂന്നാം നിലയിൽ ഒക്യുപൻസി നൽകാതെ ടെക്സ്റ്റൈൽസ് നടത്തുന്ന ഭാഗത്തിന് നികുതി നിർണയിച്ച് ഈടാക്കാത്തതിനാൽ 75246 രൂപ നികുതിയിനത്തിൽ മുനിസിപ്പാലിറ്റിക്ക് നഷ്ടമുണ്ട്.

3)കൂടാതെ കെട്ടിടത്തിന്റെ മേൽക്കൂര ഭാഗത്ത് അനധികൃത നിർമാണങ്ങൾ നടത്തിയിട്ടുള്ളതിനാൽ മേൽ നിർമാണങ്ങൾക്ക് നിന്ന് അനധികൃത കെട്ടിടങ്ങളുടെ നികുതിയായി 25785 രൂപ മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ടതുണ്ട്. മുനിസിപ്പാലിറ്റിക്ക് മുകളിൽ സൂചിപ്പിച്ച മൂന്ന് ഇനങ്ങളിലായി ആകെ 130248 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 82/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എ) ഒക്യുപൻസി അനുവദിച്ച ശേഷം മുനിസിപ്പാലിറ്റി മേൽ കെട്ടിടത്തിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബി) കേന്ദ്രീകൃത എ.സി സംവിധാനമുള്ള കെട്ടിടത്തിൽ ആയത് പരിഗണിക്കാതെ നികുതി നിർണയിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

സി) ഒന്നാം നിലയിൽ ടെക്സ്റ്റൈൽസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുൻഭാഗത്തെ പ്രധാന ഭിത്തിയുടെ നിളം അളന്നതിൽ പ്ലാനിൽ നിന്നും വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.പ്ലാനിലുള്ള അതേ വിസ്തീർണം തന്നെയാണോ കെട്ടിടത്തിന് നിലവിലുള്ളത് എന്ന് പരിശോധിക്കാതെ നമ്പർ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഡി) അനധികൃത നിർമാണങ്ങൾക്കെതിരേ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മുനിസിപ്പാലിറ്റി പരിധിയിലുള്ള ഒരു കെട്ടിടത്തിൽ മാത്രം നടത്തിയ പരിശോധനയിൽ നിന്ന് ചട്ടവിരുദ്ധമായി നിർമാണങ്ങളും പെർമിറ്റിൽ ഉള്ളതിൽ കൂടുതൽ നിർമാണങ്ങളും, നികുതി നിർണയിച്ചതിലെ കുറവും കണ്ടെത്തിയിരിക്കുന്നത്. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി മുനിസിപ്പാലിറ്റി പരിധിയിലുള്ള കെട്ടിടങ്ങളിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്.
മേൽ കെട്ടിടം വീണ്ടും അളന്ന് തിട്ടപ്പെടുത്തി പ്ലാൻ പ്രകാരം തന്നെയാണ് കെട്ടിടം നിർമിച്ചിട്ടുള്ളതെന്നുറപ്പാക്കേണ്ടതാണ്. ഒക്യുപൻസി അനുവദിക്കാതെ നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഭാഗത്തെ പ്രവർത്തനം പൂർത്തീകരണ പ്ലാൻ സമർപ്പിച്ച് ഒക്യുപൻസി അനുവദിക്കുന്നത് വരേ നിർത്തി വെക്കുന്നതിനാവശ്യപ്പെടേണ്ടതും, അനധികൃത നിർമാണങ്ങൾ അളന്ന് തിട്ടപ്പെടുത്തി പൊളിച്ച് നീക്കാൻ ആവശ്യപ്പെടേണ്ടതുമാണ്. പൊളിച്ച് നീക്കുന്നത് വരേ അനധികൃത നിർമാണങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരമുള്ള മൂന്നിരട്ടി നികുതി (വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും) ഈടാക്കേണ്ടതാണ്.
മാനന്തവാടി മുനിസിപ്പാലിറ്റി പരിധിയിൽ ഇപ്രകാരം പെർമിറ്റിൽ നിന്നും, പൂർത്തീകരണ പ്ലാനിൽ നിന്നും വ്യതി ചലിച്ച് നിർമാണങ്ങൾ നടത്തിയിട്ടുണ്ടോയെന്ന പരിശോധന അത്യന്താപേക്ഷികമാണ് മേൽ വിഷയത്തിൽ അടിയന്തിര പരിശോധന നടത്തി നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-19 വ്യവഹാരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി -യഥാസമയം നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്.

മാതാ അമൃതാനന്ദമയീ മഠത്തിന്റെ ഉടമസ്ഥതയിലുള്ള 23/435, 23/435-1, 23/435-2, 23/436 എന്നീ കെട്ടിടങ്ങളുടെ താഴെ പറയും പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കെട്ടിട ഉടമകൾ ഹൈക്കോടതിയിൽ കേസ് നൽകുകയിട്ടുണ്ട്.

| സി.നം | കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി | നികുതി കുടിശ്ശികയുള്ള കാലഘട്ടം | 2022-23 വരേയുള്ള നികുതി കുടിശ്ശിക | 2019-20 വരേയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|
| 1 | 23/435 | 32624 (2013-14 മുതൽ 2015-16 | 2013-14 മുതൽ 2022-23 വരേ | 815593 | 521980 |

| | | | | | |
|---|---|---|---|---|---|
| | | ഒന്നാം അർദ്ധവർഷം മുതൽ) 97871 (2015-16 രണ്ടാം അർദ്ധവർഷം മുതൽ) | | | |
| 2 | 23/435(1) | 50513 | 2019-20 മുതൽ 2022-23 വരേ | 202052 | 50513 |
| 3 | 23/435(2) | 46325 | 2019-20 മുതൽ 2022-23 വരേ | 185300 | 46325 |
| 4 | 23/436 | 58 | 2013-14 രണ്ടാം അർദ്ധ വർഷം(13 രൂപ) 410,2017-18 മുതൽ 2022-23 വരേ | 361 | 187 |
| ആകെ | | 194767 | | 1203306 | 619005 |

ആയതിൽ നികുതിയിളവ് ലഭിക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മുൻപാകെ അപ്പീൽ സമർപ്പിക്കുന്നതിന് കെട്ടിട ഉടമകൾക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ഓഡിറ്റ് അന്വേഷണം കുറിപ്പ് നമ്പർ 53/2022-23 / 29.01.2024 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായിട്ടില്ല.

എ) 2019-20 സാമ്പത്തിക വർഷം വരേയുള്ള മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി 619005 രൂപ നിലവിൽ കാലഹരണപ്പെട്ടിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1) പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ വ്യവഹാരം ആദ്യം നടത്താവുന്നതോ ശിക്ഷാനടപടി ആദ്യം ആരംഭിക്കാവുന്നതോ ജപ്തി ആദ്യം ചെയ്യാമായിരുന്നതോ ആയ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം യാതൊരു ജപ്തിയും ചെയ്യുകയോ യാതൊരു വ്യവഹാരവും നടത്തുകയോ യാതൊരു ശിക്ഷാനടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. കൂടാതെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(2) പ്രകാരം യഥാസമയം നടപടികളെടുക്കുന്നതിൽ വീഴ്ച വരുത്തിയതു മൂലം മുനിസിപ്പാലിറ്റിക്ക് നഷ്ടമായ തുക ഏത് ഉദ്യോഗസ്ഥൻ / ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണ് നഷ്ടപ്പെടുന്നതെന്ന് നിയമാനുസൃതമായ അന്വേഷണത്തിൽ ബോധ്യപ്പെടുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണ്. മേൽ നികുതി ഈടാക്കുന്നതിനായി നഗരസഭ കേരള മുനിസിപ്പാലിറ്റി ആക്ട് 539ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടൊയെന്ന വിവരം വ്യക്തമാക്കേണ്ടതാണ്.

ബി) മേൽ കേസിൽ നഗരസഭ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 ജിയോ ഇൻഫോകോം ലിമിറ്റഡിന് ഒപ്റ്റിക്കൽ കേബിൾ ഇൻസ്റ്റലേഷന് അനുമതി നൽകിയ വകയിൽ മുനിസിപാലിറ്റിക്ക് ഉണ്ടായ വരുമാനത്തിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഒപ്റ്റിക്കൽ കേബിൾ ഇൻസ്റ്റലേഷന് ഡിപ്പോസിറ്റായി നൽകിയ 2000000 രൂപ ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വൗച്ചർ നമ്പർ-22200607/ 17/09/2022 തിരികെ നൽകിയിട്ടുണ്ട്. ജിയോ ഇൻഫോകോം ലിമിറ്റഡ് ഒപ്റ്റിക്കൽ കേബിൾ ഇൻസ്റ്റലേഷന് നടത്തിയതിനോടനുബന്ധിച്ച് Right Of Way പെർമിഷൻ ഫീസിനത്തിൽ എന്തെങ്കിലും തുക മുനിസിപ്പാലിറ്റിക്ക് വരവുണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ (ലഭിച്ച തുകയും അതിന്റെ കാലഘട്ടവുമടക്കം) ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ 85/2022-23 / 01/02/2024 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ പരിശോധന നടത്തി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 IBPMS സോഫ്റ്റ്‌വെയർ വഴി പുറപ്പെടുവിക്കുന്ന പെർമിറ്റ് ഫീസുകൾ മുനിസിപാലിറ്റിക്ക് ലഭ്യമായിട്ടില്ല.

മുനിസിപ്പാലിറ്റിയിൽ IBPMS സോഫ്റ്റ്‌വെയർ വഴി നൽകുന്ന പെർമിറ്റുകളുടെ ഫീസുകൾ മുനിസിപ്പാലിറ്റിക്ക് ലഭ്യമായിട്ടില്ല. IBPMS വഴി 2022-23 സാമ്പത്തിക വർഷം 45780.705 രൂപയും ഓഡിറ്റ് കാലയളവ് വരേ 489987.31 രൂപയും പെർമിറ്റ് ഫീസിനത്തിൽ IBPMS ന്റെ അക്കൗണ്ടിൽ വരവായി ലഭിച്ചിട്ടുണ്ട്. ഈ സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്ന അതോറിറ്റിക്ക് ഈ വിധം പെർമിറ്റ് ഫിസിനത്തിൽ ലഭിക്കുന്ന തുക അതാത് തദ്ദേശസ്ഥാപനത്തിലേക്ക് കൈമാറേണ്ടതുണ്ട്.എന്നാൽ IBPMS അധികൃതർ പെർമിറ്റ് ഫിസിനത്തിൽ പിരിച്ചെടുത്ത തുക നാളിത് വരേ

മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടില്ല. പ്രസ്തുത തുക മുനിസിപ്പാലിറ്റിക്ക് ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ മുനിസിപ്പാലിറ്റി സ്വീകരിച്ച പെർമിറ്റ് ഫീസുകളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ കൃത്യതയുള്ള പെർമിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.മേൽ വിവരം ഓഡിറ്റ് അന്വേഷണം നമ്പർ 50/2022-23 / 29/01/2024 പ്രകാരം അറിയിച്ചിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. മേൽ രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 തൊഴിൽ നികുതി-അപാകതകൾ

മാനന്തവാടി മുനിസിപ്പാലിറ്റിയിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദവിവരങ്ങൾക്ക് തുടർ ഖണ്ഡികകൾ കാണുക

### 1-22-1 ജീവനക്കാരുടെ തൊഴിൽ നികുതി-നഗരസഭയുടെ കൈവശം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ആളുകളുടെ കൃത്യമായ വിവരങ്ങളില്ല.

2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ, ചട്ടം 8 പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും അല്ലെങ്കിൽ 252-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടെയോ പേരും മേൽവിലാസവും ആവശ്യപ്പെട്ടുകൊണ്ടും ഓഫീസ് മേധാവിയുടെ പേരും ഉദ്യോഗപ്പേരും നൽകേണ്ടതാണെന്നും എപ്പോഴെല്ലാം ഓഫീസ് മേധാവിക്ക് മാറ്റം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ആ വിവരം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് V-ാം നമ്പർ ഫാറത്തിലുള്ള ഒരു നോട്ടീസ് നൽകേണ്ടതാണ്.മാനന്തവാടി മുനിസിപ്പാലിറ്റിയിൽ എല്ലാ ഗവൺമെന്റ് ഓഫീസുകളിലേക്കും മേൽ വിവരം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെങ്കിലും നഗരസഭ പ്രദേശത്തുള്ള ഗവൺമെന്റ് സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങൾക്ക് ഇപ്രകാരം കത്ത് നൽകിയിട്ടില്ല.കൂടാതെ നഗരസഭ പരിധിയിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നത് സംബന്ധിച്ച കൃത്യമായ വിവരം മുനിസിപ്പാലിറ്റിയുടെ പക്കലില്ല.ആയതിനാൽ നഗരസഭ പരിധിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ള എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുന്നില്ല.നഗരസഭ പരിധിയിലുള്ള ഗവൺമെന്റ്/സ്വകാര്യ സ്ഥാപനങ്ങളുടെയും സ്വയം തൊഴിലിൽ ഏർപ്പെടുന്നവരുടേയും ലിസ്റ്റ് തയ്യാറാക്കേണ്ടതും,അത് എല്ലാ വർഷവും കാലികമാക്കി ജീവനക്കാരുടെ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-22-2 തൊഴിൽ നികുതി രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല

ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ, മുൻ വർഷങ്ങളിൽ ലഭിക്കാനുണ്ടായിരുന്ന മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മുനിസിപ്പാലിറ്റി ഹാജരാക്കിയ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലെ തന്നെ മുഴുവൻ ജീവനക്കാരുടെയും പേര് ,അർദ്ധ വാർഷിക വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.ചില ഉദ്ദാഹരണങ്ങൾ താഴെ നൽകുന്നു.

| സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|
| സബ് ട്രഷറി മാനന്തവാടി | രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ പേര്,അർദ്ധ വാർഷിക വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| പോലീസ് സ്റ്റേഷൻ മാനന്തവാടി | ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. |
| ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ പേര്,അർദ്ധ വാർഷിക വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ടൗൺ ബ്രാഞ്ച് | രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ പേര്,അർദ്ധ വാർഷിക വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

കൂടാതെ ഡിമാന്റ് രജിസ്റ്റർ പേജ് 455 മുതൽ 487 വരേ നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര്,അർദ്ധ വാർഷിക വരുമാനം,ഓരോ ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകത ഓഡിറ്റ് അന്വേഷണം നമ്പർ 7/2022-23 / 18/01/2024 വഴി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കി രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.തൊഴിൽ നികുതി രജിസ്റ്റർ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-22-3 സ്ഥാപന തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.ഏതാനും ഉദ്ദാഹരണങ്ങൾ താഴെ നൽകുന്നു.

| സി.നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷങ്ങൾ |
|---|---|---|
| 1 | മിൽമ | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 2 | മാനേജർ കാനറ ബാങ്ക് പയ്യംപള്ളി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 3 | മാനേജർ കാനറ ബാങ്ക് മാനന്തവാടി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 4 | പഞ്ചാബ് നാഷണൽ ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 5 | സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 6 | ഇൻഡ്യൻ കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റി | 2022-23 രണ്ടാം അർദ്ധ വർഷം |
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ടൗൺ ബ്രഞ്ച് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 8 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മൈസൂർ റോഡ് മാനന്തവാടി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 9 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 10 | മാനന്തവാടി താലൂക്ക് കോ-ഓപ്പറേറ്റീവ് ഇവനിങ്ങ് ബാങ്ക് | 2022-23 ഒന്നാം അർദ്ധ വർഷം |
| 11 | ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് മാനന്തവാടി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 12 | പ്രിന്റിങ്ങ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 13 | മാനന്തവാടി കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 14 | ഇൻഡ്യ പോസ്റ്റ് പെയ്മെന്റ് ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 15 | വയനാട് ഡിസ്ട്രിക്ട് പ്രിന്റിങ്ങ് ആന്റ് പബ്ലിഷിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 16 | ബി.എസ്.എൻ.എൽ മാനന്തവാടി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 17 | കാനറ ബാങ്ക് (പഴയ സിൻഡിക്കേറ്റ് ബാങ്ക്) | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 18 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മാനന്തവാടി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 19 | ഫെഡറൽ ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 20 | ഇസാഫ് ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 21 | ധനലക്ഷ്മി ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 22 | മണപ്പുറം ഫിനാൻസ് | 2022-23 ഒന്നാം അർദ്ധ വർഷം |
| 23 | കെ.എസ്.എഫ്.ഇ മാനന്തവാടി | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 24 | കാത്തലിക്ക് സിറിയൻ ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |
| 25 | ഐ.സി.ഐ.സി.ഐ ബാങ്ക് | 2022-23 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ |

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-22-4 നഗരസഭ പരിധിയിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

നഗരസഭ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.അസി.എഞ്ചിനീയർ ലഭ്യമാക്കിയ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കോൺട്രാക്ടർമാരുടെ പേരുകൾ താഴെ നൽകുന്നു.

1) പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

2) സേവിയർ

3) ഷാനവാസ് എം.റ്റി

4) മുഹമ്മദ് ഫാസിൽ

5) അവറാച്ചൻ ഇ.വി

6) സുഭാഷ്

7) അമീർ അലി വി.എം

8) ബിനു കെ മാത്യു

9) ഫ്രണ്ട്സ് ആക്റ്റിവിറ്റി ഗ്രൂപ്പ്-വാളാട്

10) തോമസ് പി.എം

11) മാർട്ടിൻ റ്റി പോറസ്

12) വിൻസ് കെ

13) പ്രതീഷ് പി.പി

14) ദീപു ജോൺ

15) മുഹമ്മദ് റഹ്നാസ്

16) ഹാരിസ്

17) ബേബി ഇ.ജെ

18) അഹമ്മദ് എൻ.കെ

19) സെബാസ്റ്റ്യൻ ഒ.ജെ

20) മാനന്തവാടി എസ്.സി എസ്റ്റി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

21) ഷിബു.എം.ജോർജ്ജ്

22) ജയിസൺ ജോയ്

23) പോൾ മാത്യു

24) മുഹമ്മദ് നവാസ്

25) യേസുദാസ് എസ്.റ്റി

26) അബ്ദുള്ള കേളോത്ത്

27) എം.സി എബ്രഹാം

28) റഷീദ്

29) കലേശൻ പി

30) അബ്ദുൾ മജീദ്

31) അഹമ്മദ് ഫനാസ്

മേൽ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 7/2022-23 / 18/01/2024 ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തൊഴിൽ നികുതി അടവാക്കിയ ശേഷം മാത്രം കരാറുകാരുടെ വർക്ക് ബില്ലിൽ തുടർ നടപടികൾ സ്വീകരിക്കാവൂ എന്ന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22-5 സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

നഗരസഭ പരിധിയിലുള്ള അഭിഭാഷകരിൽ നിന്നും,റേഷൻ കട ഉടമകളിൽ നിന്നും,മാവേലി സ്റ്റോറുകളിൽ നിന്നും,പ്ലാനുകള് തയ്യാറാക്കി നൽകുന്ന ലൈസൻസികളിൽ നിന്നും,പെട്രോൾ/ഡീസൽ പമ്പുകളിൽ നിന്നും ജീവനക്കാരുടെ/പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.മേൽ വിവരം സൂചിപ്പിച്ച് നൽകിയ 7/2022-23 / 18/01/2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഗരസഭാ പരിധിയിലുള്ള അഭിഭാഷകരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ട ആവശ്യത്തിനായി മാനന്തവാടി നഗരസഭ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ വിവരങ്ങൾ ലഭ്യമാക്കാനായി ബാർകൗൺസിലിന് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലുള്ള 13 റേഷൻകടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നുമറിയിച്ചിട്ടുണ്ട്.നഗരസഭാ പരിധിയിലുള്ള മുഴുവൻ റേഷൻ കടയുടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പ്ലാനുകൾ തയ്യാറാക്കി നൽകുന്ന ലൈസൻസികളിൽ നിന്നും,പെട്രോൾ/ഡീസൽ പമ്പുകളിലെ ജീവനക്കാർ,തുടങ്ങി നഗരസഭാപരിധിയിൽ തൊഴിൽ നികുതി അടക്കാൻ

ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22-6 ലഭ്യമായ തൊഴിൽ നികുതി കൃത്യമായി രസീത് ചെയ്യുന്നില്ല.

രണ്ട് അർദ്ധവർഷങ്ങളിലേയും നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ തന്നെ നികുതി ഈടാക്കിയത് സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ അപാകതകളുണ്ട്.

| സി.നം | സ്ഥാപനത്തിന്റെ പേര് | 2022-23 ഒന്നാം അർദ്ധ വർഷത്തെ നികുതി | 2022-23 രണ്ടാം അർദ്ധ വർഷത്തെ നികുതി |
|---|---|---|---|
| 1 | മേരി മാതാ ആർട്ട്സ് ആന്റ് സയൻസ് കോളേജ് | 45000 | 2500 |
| 2 | ജി.വി.എച്ച്.എസ്.എസ് (ഹൈസ്കൂൾ സെക്ഷൻ) | 65000 | 5000 |

മേൽ സ്ഥാപനങ്ങളില് രണ്ട് അർദ്ധ വർഷങ്ങളിലും ഏകദേശം തുല്യ എണ്ണം ജീവനക്കാരുടെ ആവശ്യമുള്ളതാണ്. എന്നൽ തൊഴിൽ നികുതി വരവിൽ ഉള്ള വലിയ തോതിലുള്ള വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ 7/2022-23/18/01/2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ജി.വി.എച്ച്.എസ്.എസ് (ഹൈസ്കൂൾ സെക്ഷൻ) രണ്ടാം പാദ തൊഴിൽ നികുതിയായ 56250 രൂപ 169712801000088 നമ്പർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നും മേരി മാതാ കോളേജിന്റെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായ 50000 രൂപ യു.റ്റി.ആർ നമ്പർ RBI0522303932433 പ്രകാരം അടവാക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് രസീത് ചെയ്യുകയോ,രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇപ്രകാരം നിയമവിരുദ്ധമായി മുനിസിപ്പാലിറ്റിക്ക് ലഭിച്ച പണം ഉപയോഗിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി റിട്ടേണുകൾ സഹിതം മേൽ സ്ഥാപനം തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22-7 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത സ്ഥാപനങ്ങളുടെ തന്നെ പൂർണമായ തൊഴിൽ നികുതി വിവരങ്ങൾ രജിസ്റ്ററിൽ രേഖപെടുത്തിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി തന്നെ കൃത്യമായി പിരിച്ചെടുത്തില്ല. വിശദാംശം താഴെ നൽകുന്നു.

| സി.നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷങ്ങൾ |
|---|---|---|
| 1 | റവന്യൂ ഡിവിഷണൽ ഓഫീസ് മാനന്തവാടി-തണ്ണീർത്തടം | 2022-23 രണ്ടാം അർദ്ധ വർഷം |
| 2 | ബി.എസ്.എൻ.എൽ മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 3 | എസ്.ബി.ഐ ടൗൺ ബ്രാഞ്ച് | 2022-23 രണ്ടാം അർദ്ധ വർഷം |
| 4 | എൻ.പി.സി.ബി ഓഫീസ് | 2022-23 രണ്ടാം അർദ്ധ വർഷം |
| 5 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി | 2022-23 രണ്ടാം അർദ്ധ വർഷം |
| 6 | എം.ഡി.സി ലാബ് | 2022-23 രണ്ടാം അർദ്ധ വർഷം. |
| 7 | ജീവൻ ട്രേഡേഴ്സ് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 8 | സൂര്യ സ്റ്റോർസ് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 9 | ടൂൾസ് മാർട്ട് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |

| | | |
|---|---|---|
| 10 | മാനേജർ സെന്റ് ജോസഫ് പ്രെസ്സ് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 11 | മെറ്റാലക്സ് ഗ്ലാസ്സ് ആന്റ് പ്ലൈവുഡ്സ് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 12 | മെറ്റാലക്സ് ഹാർഡ് വെയർ | 2022-23 രണ്ടാം അർദ്ധ വർഷം. |
| 13 | ഡെന്റൽ ക്ലിനിക്ക് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 14 | ഹാക്സൺ ടൂറിസ്റ്റ് ഹോംസ് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 15 | സെഞ്ച്വുറി ഗ്രാന്റ് ഹോട്ടൽ മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 16 | കുഴി വേലിൽ ആയുർവ്വേദിക്സ് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 17 | സാരി പാർട്ട്സ് മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 18 | മാനേജർ സുന്ദരം ഫിനാൻസ് | 2022-23 രണ്ടാം അർദ്ധ വർഷം. |
| 19 | സ്റ്റാർ ഹെൽത്ത് ഇൻഷ്വറൻസ് കമ്പനി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 20 | കച്ചേരി ഹോണ്ട | 2022-23 രണ്ടാം അർദ്ധ വർഷം. |
| 21 | ഭാരത് ലജ്നാ മൾട്ടി സ്റ്റേറ്റ് ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സെസൈറ്റി | 2022-23 രണ്ടാം അർദ്ധ വർഷം. |
| 22 | മാനന്തവാടി മുനിസിപ്പാലിറ്റി എൻ.ആർ.ഇ.ജി സെക്ഷൻ | 2022-23 ഒന്നാം അർദ്ധ വർഷം. |
| 23 | ഫെഡറൽ ബാങ്ക് | 2022-23 രണ്ടാം അർദ്ധ വർഷം. |
| 24 | ധനലക്ഷ്മി ബാങ്ക് | 2022-23 ഒന്നാം അർദ്ധ വർഷം. |
| 25 | ഇസാഫ് ബാങ്ക് | 2022-23 ഒന്നാം അർദ്ധ വർഷം. |
| 26 | കോൺട്രാക്ട് സ്റ്റാഫ് (അസി.എഞ്ചിനീയർ ഓഫീസ് മാനന്തവാടി മുനിസിപ്പാലിറ്റി) | 2022-23 ഒന്നാം അർദ്ധ വർഷം. |
| 27 | നോർത്ത് വയനാട് കോ-ഓപ്പറേറ്റീവ് റബ്ബർ ആന്റ് അഗ്രികൾച്ചറൽ മാർക്കറ്റിങ്ങ്,മാനന്തവാടി | 2022-23 രണ്ടാം അർദ്ധ വർഷം. |

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് മേൽ വിവരം സൂചിപ്പിച്ച് നൽകിയ 7/2022-23 / 18/01/2024 ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് ആവശ്യപ്പെട്ട വേളയിൽ മാത്രമാണ് തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്ക് കത്തയക്കുന്നതിന് മുനിസിപ്പാലിറ്റി തയ്യാറായിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ടുന്ന തൊഴിൽ നികുതി എത്രയാണെന്ന് തിട്ടപ്പെടുത്തി ചട്ടപ്രകാരമുള്ള തുടർ നടപടിസ്വീകരിച്ച് പിരിച്ചെടുത്ത് കൃത്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാത്ത പക്ഷം നഗരസഭയുടെ വ്യക്തമായ വരുമാന നഷ്ടമായി കണകാക്കി ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണം കണ്ടെത്തേണ്ടതാണ്.

2019 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 21 പ്രകാരം ഒക്കുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായശേഷം കെട്ടിടത്തിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണങ്ങൾ, ഉപയോഗമാറ്റം എന്നിവ

നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒക്കുപെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. G1, G2, I ഗണങ്ങളിലെ കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, 50 ച.മീറ്റർ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, രണ്ടു നില വരെയുള്ള പാർപ്പിട കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ള മറ്റെല്ലാ കെട്ടിടങ്ങൾക്കും ഇത് ബാധകമാണ്. ഒക്കുപെൻസി ലഭിച്ച കെട്ടിടത്തിന്റെ മുകളിൽ ഷീറ്റ് റൂഫ് ചെയ്ത് അനധികൃതമായി പണിത് ഉപയോഗിക്കുക, Front Yard, Side Rear എന്നിവിടങ്ങളിൽ Sheet Roof ചെയ്യുക, പ്ലാനിൽ കാണിച്ച Parking Area. Loading And Unloading Area എന്നിവ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തിന്റെ ഒരു നില അല്ലെങ്കിൽ ഒരു ഭാഗം ഒക്കുപെൻസി മാറ്റി ഉപയോഗിക്കുക, കെട്ടിടങ്ങൾക്ക് നമ്പർ ലഭ്യമായ ശേഷം Toilet, Urinals എന്നിവ പൊളിച്ചുമാറ്റി Area കൂട്ടി ഉപയോഗിക്കുക, കെട്ടിടങ്ങൾ കൂട്ടിചേർത്ത് ഉപയോഗിക്കൽ തുടങ്ങിയ ക്രമക്കേടുകൾ വ്യാപകമായി നടക്കുന്നുണ്ട്. ഇത്തരം അനധികൃത നിർമ്മാണങ്ങൾ പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തി പി.ഒ നോട്ടിസ് നൽകുന്നതിനോടൊപ്പം UAC ടാക്സ് ചുമത്തുവാൻ റവന്യൂവിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തിയാൽ അത് പൊളിച്ചു മാറ്റുകയോ റഗുലറൈസ് ചെയ്യുന്നത് വരെയോ UAC നികുതി ചുമത്തണം. ഇപ്രകാരം UAC നികുതി ചുമത്താതിരിക്കുന്നതാണ് അനധികൃത നിർമ്മാണണങ്ങൾ പെരുകുന്നതിനും, അനധികൃത നിർമ്മാണങ്ങൾ പൊളിക്കാതിരിക്കുന്നതിനും പ്രധാന കാരണം ഇത് അഴിമതിക്ക് കാരണമാവുകയും ചെയ്യുന്നു. ഓരോ കെട്ടിടത്തിലേയും അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ഫോട്ടോ, വീഡിയോ സഹിതം പരാതി നൽകുവാൻ പൊതുജനങ്ങളെ ബോധവൽക്കുന്നതും ഉചിതമായിരിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് മേൽ ചൂണ്ടികാട്ടിയ വിഷയങ്ങൾ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ യോഗങ്ങളിൽ ചർച്ച ചെയ്യേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 നഗരസഭാ ഉടമസ്ഥതയിലെ ഭൂമിയുടെ റവന്യൂ നികുതികൾ യഥാസമയം ഒടുക്കി രേഖകൾ സൂക്ഷിക്കേണ്ടതാണ്

നഗരസഭ ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ 31-3-2009 ലെ ആസ്തി രജിസ്റ്റർ പ്രകാരം മാനന്തവാടി നഗരസഭയ്ക്ക് 22 ഇടങ്ങളിലായി 42 ഏക്കർ ഭൂമിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2015 നവംബറിൽ മാനന്തവാടി പഞ്ചായത്ത് നഗരസഭയായി മാറിയതിനെ തുടർന്ന് ആർജ്ജിച്ച ഭൂസ്വത്തുകൾ ഉൾപ്പെടെ നിലവിൽ മാനന്തവാടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുകളുടെ സർവ്വെ നമ്പർ പ്രകാരമുള്ള വിസ്തീർണ്ണം ലഭ്യമാക്കേണ്ടതാണ്. നഗരസഭയുടെ 2022-23 വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും ഭൂനികുതി ഒടുക്കേണ്ടതുമായ ഭൂമിയുടെ നികുതി ഒടുക്കിയ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുകളുടെ നികുതി ഒടുക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. നഗരസഭയുടെ ഭൂആസ്തികൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നത് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഭൂമി സംബന്ധമായി നഗരസഭയുടെ ഉടമസ്ഥത സ്ഥാപിച്ചുകിട്ടുന്നതിനായി ഏതെങ്കിലും വ്യവഹാരം നിലവിലുണ്ടോ. ഇതു സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 74 /2022- 2023 തീയതി :30/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഇതു സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമായിട്ടില്ല. ആയതിനാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുകൾക്ക് പ്രതിവർഷം റവന്യൂ നികുതി ഒടുക്കുന്നതിനും, സ്വത്തുക്കൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിനും ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 താൽകാലിക തസ്തികയിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ്

നഗരസഭയിൽ വിവിധ തസ്കികളിൽ താൽകാലിക നിയമനം നടത്തിവരുത്തുണ്ട്. ഡാറ്റാ എൻടി ഓപ്പറേറ്റർ, നഗരസഭയുടെ വെൽനസ് സെന്ററിലെ ആരോഗ്യപ്രവർത്തകർ, മറ്റുജീവനക്കാർ തുടങ്ങി വിവിധ തസ്കികയിൽ ജിവനക്കാരെ നഗരസഭ എംപ്ലോയ്മെന്റ് എക്സ്ലേഞ്ച് മുഖേനയെല്ലാതെ നേരിട്ടാണ് നിയമിക്കുന്നതായി കാണുന്നത്. ഈ നടപടി നിയമനത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന് പര്യാപ്തമല്ല

1959 ൽ പാർലമെന്റ് പാസാക്കിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (ഒഴിവുകളുടെ നിർബന്ധ വിജ്ഞാപനം ) നിയമപ്രകാരം ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ പൊതു സ്ഥാപനങ്ങളിലും ഉണ്ടാകുന്ന താൽകാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേന നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല 1959 ലെ Compulsory Notification Of Vaccancy Act പ്രകാരം എല്ലാ സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും താൽകാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശം പാലിച്ച് ഭാവിയിൽ നഗരസഭയിലെ എല്ലാ താൽകാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്പോപ്പ് വിതരണം- സബ്സിഡി മാർഗ്ഗ രേഖ ലംഘിച്ച

**-ചെലവഴിച്ച തുക നിരാകരിക്കുന്നു.**

ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന നഗരസഭാ പരിധിയിലുള്ള 48 ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രൊജക്ടിന്റെ പേര്** | S0619/23 ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം |
| **അടങ്കൽ** | ₹ 27,66,000.00 (വികസന ഫണ്ട് ജനറൽ) |
| **ചെലവ് (₹)** | ആകെ ₹ 27,30,720.00<br>910240/- BRN No.22180447001701365742/15.03.23<br>910240/- BRN No.22180447001701365743/15.03.23<br>910240/- BRN No.22180447001701365745/15.03.23 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | സെക്രട്ടറി |

മേൽ പദ്ധതിയിൽ, Bizarre Power Solutions, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 48 Lenovo ലാപ്ടോപ്പുകൾ GEM വഴി പർച്ചേസ് ചെയ്തിട്ടുണ്ട്. ഒരു Lenovo ലാപ്പ്ടോപ്പിന് 55,000/- രൂപയും ഒരു Lenovo ക്യാരി ബാഗിന് 490/- രൂപയും ഒരു HP മൗസിന് 1400/- രൂപയും ഉൾപ്പെടെ ആകെ ഒരു ഗുണഭോക്താവിന് 56,890/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| **ക്രമ നം.** | **ഇൻവോയിസ് നം./തീയതി** | **ലാപ്ടോപ്പുകളുടെ എണ്ണം** | **തുക(₹)** | **HP മൗസിന്റെ എണ്ണം** | **തുക(₹)** | **LENOVO ക്യാരി ബാഗിന്റെ എണ്ണം** | **തുക(₹)** | **ആകെ(₹)** |
|---|---|---|---|---|---|---|---|---|
| 1 | BIZ/C/29 /2022-23 /15.03.2023 | 16 | 879999.82 (54999.98 X 16) | 16 | 22399.98 (1399.99 X 16) | 16 | 7839.92 (489.99 X 16) | 910240 |
| 2 | BIZ/C/31 /2022-23 /15.03.2023 | 16 | 879999.82 (54999.98 X 16) | 16 | 22399.98 (1399.99 X 16) | 16 | 7839.92 (489.99 X 16) | 910240 |
| 3 | BIZ/C/30 /2022-23 /15.03.2023 | 16 | 879999.82 (54999.98 X 16) | 16 | 22399.98 (1399.99 X 16) | 16 | 7839.92 (489.99 X 16) | 910240 |
| **ആകെ** | | **48** | **26,39,999** | **48** | **67200** | **48** | **23521** | **27,30,720** |

സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022) പ്രകാരം ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ജനറൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ പാടില്ല. സബ്സിഡി മാർഗ്ഗരേഖ

ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്ടോപ്പ് വാങ്ങി നൽകാൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ, 48 ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022) അനുബന്ധം 4 പ്രകാരം ക്യാരി കേസ്, മൗസ് എന്നിവ ലാപ്ടോപ്പിന്റെ കൂടെ നൽകേണ്ടതാണ്. എന്നാൽ, 48 ക്യാരി കേസിന് 67200/- രൂപയും 48 മൗസുകൾക്ക് 23521/- രൂപയും നൽകിയിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1) 25/01/2023- ലെ കൗൺസിൽ തീരുമാനം നം.21/21/23 പ്രകാരം 48 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, തൊട്ടടുത്ത വാർഡ് സഭയിൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം വാങ്ങിയിട്ടില്ല.

2) എസ്.സി./ എസ്.ടി വിഭാഗക്കാർക്ക് ലാപ് ടോപ്പ് വിതരണം നടത്തുന്നതിന് പാലിക്കേണ്ടതായ മാനദണ്ഡങ്ങൾ ഈ വാങ്ങലിൽ പാലിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താവ് പഠിക്കുന്ന സ്ഥാപന മേധാവിയിൽ നിന്നുമുള്ള സാക്ഷ്യപത്രം, മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) പ്രോജക്ടിൽ ടെണ്ടർ വഴിയാണ് വാങ്ങൽ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ, GEM(Government E Markrtplace) വഴി ആണ് ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം(G.O(P)No.2/2018/SPD തീ.28.04.2018) 2013-ലെ സ്റ്റോർ പർച്ചേസ് മാനുവലിൽ GEM പർച്ചേസുമായി ബന്ധപ്പെട്ട പുതിയ ചാപ്റ്റർ(ചാപ്റ്റർ 19) ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ, സർക്കാർ ഉത്തരവ് പ്രകാരം(G.O(P)No.13/2019/SPD തീ.25.10.2019) മാറ്റം വരുത്തിയിട്ടുണ്ട്. 2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ സെക്ഷൻ 19.5 പ്രകാരം, 25,000/- ന് വരെയുള്ള പർച്ചേസ് GEM വഴി L1- Direct Purchase മോഡ് വഴി നേരിട്ട് വാങ്ങിക്കാൻ സാധിക്കുന്നതാണ്. സെക്ഷൻ 19.6 പ്രകാരം, 25,000/- -5,00,000/- L1- Direct Purchase With Comparison വരെ മൂന്ന് വ്യത്യസ്ത മാനുഫാക്ച്ചേഴ്സിന്റെ വിൽപ്പനക്കാരിൽ നിന്നും ഏറ്റവും കുറഞ്ഞ വിലക്കുള്ള സാധനങ്ങൾ വാങ്ങാം. സെക്ഷൻ 19.7 പ്രകാരം 5,00,000/- ന് മുകളിലുള്ള പർച്ചേസ് GEM വഴി Online Bid/online Reverse Auction Mode വഴി മേടിക്കാം. റിവേഴ്സ് ഓക്ഷൻ അവലംബിക്കുന്നത് വിൽപ്പനക്കാർ തമ്മിലുള്ള മത്സരം കൂടുതലാകുവാനും തുക താഴ്ത്തി ക്വോട്ട് ചെയ്യുന്നതിനും ഇടയാക്കുന്നു. എന്നാൽ, ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത് Online Bid വഴിയാണ്.

Online Reverse Auction Mode അവലംബിക്കാതെയും മാർക്കറ്റ് റേറ്റ് പരിഗണിക്കാതെയും പർച്ചേസ് നടത്തിയതിനാൽ മാനന്തവാടി നഗരസഭക്ക് വാങ്ങൽ നടപടി പ്രകാരവും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായി, സെക്രട്ടറി GEM വഴി ലാപ്ടോപ്പ് വാങ്ങിയതും, 2022-2023 വർഷത്തെ മാനന്തവാടി നഗരസഭയിലെ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.611/23(GVHSS മാനന്തവാടി കമ്പ്യൂട്ടർ വാങ്ങിക്കൽ) എന്നതിൽ ലാപ്ടോപ്പ് വാങ്ങിച്ചതും താഴെ താരതമ്യം ചെയ്യുന്നു.

| സെക്രട്ടറി S0619/23 പ്രോജക്ട് പ്രകാരം GEM വഴി വാങ്ങിയത് | | ഹെഡ്മാസ്റ്റർ S0611/23 പ്രോജക്ട് പ്രകാരം ടെണ്ടർ വഴി വാങ്ങിയത് | |
|---|---|---|---|
| സ്പെസിഫിക്കേഷൻ | ചെലവഴിച്ച തുക(₹) | സ്പെസിഫിക്കേഷൻ | ചെലവഴിച്ച തുക(₹) |
| Lenovo V15G3 ലാപ്ടോപ്പ് | 56,890/- | Acer Aspire 3NX | 47,150/- |

| | | | |
|---|---|---|---|
| Intel Core I3-1215U(12th Generation)<br>8GB RAM<br>512GB SSD<br>15.6 Inch Display,<br>Ubuntu OS. | | Intel Core I5(11th Generation)<br>8GB RAM<br>512GB SSD<br>15.6 Inch Display,<br>Windows 11 OS. | |

മുകളിലെ പട്ടികയിൽ നിന്നും തന്നെ മാർക്കറ്റ് റേറ്റിനേക്കാൾ വളരെ അധികരിച്ച വിലക്കാണ് സെക്രട്ടറി ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത് എന്നത് വ്യക്തമാണ്. അതു കൂടാതെ, Lenovo യുടെ ഒഫീഷ്യൽ വെബ്സൈറ്റിൽ(Lenovo.com) സെക്രട്ടറി GEM വഴി 56890/- രൂപക്ക് വാങ്ങിയ ലാപ്ടോപ്പിന്റെ നിലവിലെ വില ഒരു ലാപ്ടോപ്പിന് 34991/- രൂപയാണ്.

4) ഓൺലൈൻ ബിഡ്ഡിൽ 6 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. അതിൽ താഴെ പറയുന്ന സ്ഥാപനങ്ങളെ ടെക്നിക്കൽ ഇവാല്യുവേഷനിൽ ഒഴിവാക്കിയിട്ടുണ്ട്. Bid Number : GEM/2023/B/3206417/01.03.2023 പ്രകാരം Two Packet Bid ആണ് ചെയ്തിരിക്കുന്നത്. GEM -ന്റെ Two Packet Bid ഉപാധികൾ പ്രകാരം, മാനന്തവാടി നഗരസഭ ടെക്നിക്കൽ ഇവാല്യുവേഷന് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തേണ്ടതാണ്. എന്നാൽ, ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഇല്ലാതെയും കാരണം എന്താണ് എന്ന് രേഖപ്പെടുത്താതെയുമാണ്, Adcom Systems, Power CMS Technology, Viswas Computers Multi Brand Shoppe എന്നീ മൂന്ന് സ്ഥാപനങ്ങളെ ഒഴിവാക്കിയിരിക്കുന്നത്.

5) എത്ര വർഷം വാറന്റി ഉണ്ടെന്ന് കരാറിലും (നം.ഇല്ല തീയതി 13.03.2023) ഇൻവോയിസിലും വ്യക്തമാക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 4 പ്രകാരം 3 വർഷത്തെ Comprehensive OEM Warranty നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

6) 2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ, സെക്ഷൻ 19.13പ്രകാരം പർച്ചേസ് തുക 20ലക്ഷത്തിനു മുകളിൽ ഉള്ളത് IT വകുപ്പിന്റെ കൺകറൻസിന് ശേഷം മാത്രമേ വാങ്ങിക്കാവൂ(GO(Ms)NO.18/2017/ITD തീ 23/07/2017) എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല.

7) വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണമെന്ന് പ്രോജക്ടിൽ(ഖണ്ഡിക 43) നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നടത്തിയിട്ടില്ല.

8) GEM Handbook (ജൂലൈ 2018), സെക്ഷൻ 2.3.6 പ്രകാരം പർച്ചേസ് ചെയ്യുന്ന സ്ഥാപനം ഓഡിറ്റ് ആവശ്യങ്ങൾക്കായി Audit Trail പരിശോധനക്ക് നൽകേണ്ടതാണ്. Audit Trail എന്നാൽ GEMപ്ലാറ്റ്ഫോമിൽ നടക്കുന്ന ഏതൊരു ഇടപാടിന്റെയും പ്ലാറ്റ്ഫോമിൽ നടത്തുന്ന പ്രവർത്തനങ്ങളുടെയും ഡോക്യുമെന്ററി തെളിവുകൾ നൽകുന്ന സെക്യൂരിറ്റൈസ്ഡ് ക്രോണോളജിക്കൽ റെക്കോർഡ് ആണ്. Audit Trail പരിശോധനക്കായി സമർപ്പിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.72/22-23/31.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ചെലവ് ചെയ്ത തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ₹ 27,30,720.00, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. GEM -ലൂടെ സാധനങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ സ്ഥാപനത്തിന് നഷ്ടം വരുത്താതെ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-27 എസ്.സി/എസ്.ടി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് - ചെലവ് തടസ്സപ്പെടുത്തുന്നു.

ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന നഗരസഭാ പരിധിയിലുള്ള 42 എസ്.ടി വിദ്യാർത്ഥിനികൾക്കും 17 എസ്.സി വിദ്യാർത്ഥിനികൾക്കും ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| പ്രൊജക്ട് നമ്പർ | S0621/23 | S0620/23 |
|---|---|---|
| പ്രൊജക്ടിന്റെ പേര് | ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എസ്.ടി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം | ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം |
| അടങ്കൽ | ₹ 24,00,000.00 (വികസന ഫണ്ട് TSP) | ₹ 10,00,000.00 (വികസന ഫണ്ട് SCP) |
| ചെലവ് (₹) | ആകെ ₹ 23,89,380.00<br>853350/- BRN No.22180447001701365746/15.03.23<br>739570/- BRN No.22180447001701365748/15.03.23<br>796460/- BRN No.22180447001701365749/15.03.23 | ആകെ ₹ 9,67,130.00<br>BRN No.22180447001701365750/15.03.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

മേൽ പദ്ധതികളിൽ, Bizarre Power Solutions, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 59 Lenovo ലാപ്ടോപ്പുകൾ(42 ST + 17 SC) GEM വഴി പർച്ചേസ് ചെയ്തിട്ടുണ്ട്. ഒരു Lenovo ലാപ്പ്ടോപ്പിന് 55,000/- രൂപയും ഒരു Lenovo ക്യാരി ബാഗിന് 490/- രൂപയും ഒരു HP മൗസിന് 1400/- രൂപയും ഉൾപ്പെടെ ആകെ ഒരു ഗുണഭോക്താവിന് 56,890/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | ലാപ്ടോപ്പുകളുടെ എണ്ണം | തുക(₹) | HP മൗസിന്റെ എണ്ണം | തുക(₹) | LENOVO ക്യാരി കേസിന്റെ എണ്ണം | തുക(₹) | ആകെ (₹) |
|---|---|---|---|---|---|---|---|---|
| പ്രൊജക്ട് നം. S0621/23എസ്.ടി | | | | | | | | |
| 1 | BIZ/C/35 /2022-23 /15.03.2023 | 15 | 824999.7 (54999.98 X 15) | 15 | 20999.85 (1399.99 X 15) | 15 | 7349.85 (489.99 X 15) | 853350 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | BIZ/C/33 /2022-23 /15.03.2023 | 13 | 714999.74 (54999.98 X 13) | 13 | 18199.87 (1399.99 X 13) | 13 | 6369.87 (489.99 X 13) | 739570 |
| 3 | BIZ/C/34 /2022-23 /15.03.2023 | 14 | 769999.72 (54999.98 X 14) | 14 | 19599.86 (1399.99 X 14) | 14 | 6859.86 (489.99 X 14) | 796460 |
| **ആകെ(1)** | | **42** | **2310000** | **42** | **58800** | **42** | **20580** | **23,89,380** |
| **പ്രോജക്ട് നം. S0620/23എസ്.സി** | | | | | | | | |
| 1 | BIZ/C/32 /2022-23 /15.03.2023 | 17 | 934999.66 (54999.98 X 17) | 17 | 23799.83 (1399.99 X 17) | 17 | 8329.83 (489.99 X 14) | 967130 |
| **ആകെ(2)** | | **42** | **935000** | **17** | **23800** | **17** | **8330** | **967130** |
| **ആകെ(1+2)** | | **59** | **3144999** | **59** | **82601** | **59** | **28910** | **3356510** |

സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022) അനുബന്ധം 4 പ്രകാരം ക്യാരി കേസ്, മൗസ് എന്നിവ ലാപ്ടോപ്പിന്റെ കൂടെ നൽകേണ്ടതാണ്. മുകളിലെ പട്ടിക പ്രകാരം, 59 ക്യാരി കേസിന് 28910/- രൂപയും 59 മൗസുകൾക്ക് 82600/- രൂപയും നൽകിയിട്ടുണ്ട്.

പ്രോജക്ട് നം.S0621/23 -ൽ 42 ലാപ്ടോപ്പുകളാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന എസ്.ടി ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പുകൾ, മൗസ്, ബാഗ് എന്നിവ വിതരണം ചെയ്തിട്ടില്ല.

| **ക്രമനം** | **എസ്.ടി ഗുണബോക്താവിന്റെ പേര്** | **ഡിവിഷൻ** |
|---|---|---|
| 1 | മാളവിക പാട്ടവയൽ | 8 |
| 2 | സോബിത മാരൻ, ചെറൂർ കോളനി | 12 |
| 3 | വിഷ്ണുമായ വിനോദ് | 20 |
| 4 | അഞ്ജന, ചാലിഗഡ കോളനി | 13 |
| 5 | ദീപ ചന്ദ്രൻ | 12 |
| 6 | സജിത പുതിയിടം | 16 |

പ്രോജക്ട് നം.S0620/23 -ൽ 17 ലാപ്ടോപ്പുകളാണ് വാങ്ങിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 17 എസ്.സി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1) 25/01/2023- ലെ കൗൺസിൽ തീരുമാനം നം.21/21/23 പ്രകാരം 48 പേരുടെ എസ്.ടി ഗുണഭോക്തൃ ലിസ്റ്റും 17 പേരുടെ എസ്.സി ഗുണഭോക്തൃ ലിസ്റ്റും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, തൊട്ടടുത്ത വാർഡ് സഭയിൽ ഗുണഭോക്തൃ ലിസ്റ്റുകൾ അംഗീകാരം വാങ്ങിയിട്ടില്ല.

2) ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താവ് പഠിക്കുന്ന സ്ഥാപന മേധാവിയിൽ നിന്നുമുള്ള സാക്ഷ്യപത്രം, ജാതി സാക്ഷ്യപത്രം, ഇതിനു മുൻപ് ലാപ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) പ്രോജക്ടിൽ ടെണ്ടർ വഴിയാണ് വാങ്ങൽ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ, GEM(Government E Markrtplace) വഴി ആണ് ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം(G.O(P)No.2/2018/SPD തീ.28.04.2018) 2013-ലെ സ്റ്റോർ പർച്ചേസ് മാനുവലിൽ GEM പർച്ചേസുമായി ബന്ധപ്പെട്ട പുതിയ ചാപ്റ്റർ(ചാപ്റ്റർ 19) ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ, സർക്കാർ ഉത്തരവ് പ്രകാരം(G.O(P)No.13/2019/SPD തീ.25.10.2019) മാറ്റം വരുത്തിയിട്ടുണ്ട്. 2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ സെക്ഷൻ 19.5 പ്രകാരം, 25000/- ന് വരെയുള്ള പർച്ചേസ് GEM വഴി L1- Direct Purchase മോഡ് വഴി നേരിട്ട് വാങ്ങിക്കാൻ സാധിക്കുന്നതാണ്. സെക്ഷൻ 19.6 പ്രകാരം, 25000-500000 L1- Direct Purchase With Comparison വരെ മൂന്ന് വ്യത്യസ്ത മാനുഫാക്ച്ചേഴ്സിന്റെ വിൽപ്പനക്കാരിൽ നിന്നും ഏറ്റവും കുറഞ്ഞ വിലക്കുള്ള സാധനങ്ങൾ വാങ്ങാം. സെക്ഷൻ 19.7 പ്രകാരം 500000/- ന് മുകളിലുള്ള പർച്ചേസ് GEM വഴി Online Bid/online Reverse Auction Mode വഴി മേടിക്കാം. റിവേഴ്സ് ഓക്ഷൻ അവലംബിക്കുന്നത് വിൽപ്പനക്കാർ തമ്മിലുള്ള മത്സരം കൂടുതലാകുവാനും തുക താഴ്ത്തി ക്വോട്ട് ചെയ്യുന്നതിനും ഇടയാക്കുന്നു. എന്നാൽ, ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത് Online Bid വഴിയാണ്. Online Reverse Auction Mode അവലംബിക്കാതെയും മാർക്കറ്റ് റേറ്റ് പരിഗണിക്കാതെയും പർച്ചേസ് നടത്തിയതിനാൽ മാനന്തവാടി നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായി, സെക്രട്ടറി GEM വഴി ലാപ്ടോപ്പ് വാങ്ങിയതും, 2022-2023 വർഷത്തെ മാനന്തവാടി നഗരസഭയിലെ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.611/23(GVHSS മാനന്തവാടി കമ്പ്യൂട്ടർ വാങ്ങിക്കൽ) എന്നതിൽ ലാപ്ടോപ്പ് വാങ്ങിച്ചതും താഴെ താരതമ്യം ചെയ്യുന്നു.

| **സെക്രട്ടറി S0619/23 പ്രോജക്ട് പ്രകാരം GEM വഴി വാങ്ങിയത്** | | **ഹെഡ്മാസ്റ്റർ S0611/23 പ്രോജക്ട് പ്രകാരം ടെണ്ടർ വഴി വാങ്ങിയത്** | |
|---|---|---|---|
| **സ്പെസിഫിക്കേഷൻ** | **ചെലവഴിച്ച തുക(₹)** | **സ്പെസിഫിക്കേഷൻ** | **ചെലവഴിച്ച തുക(₹)** |
| Lenovo V15G3 ലാപ്ടോപ്പ്<br>Intel Core I3-1215U(12th Generation)<br>8GB RAM<br>512GB SSD<br>15.6 Inch Display,<br>Ubuntu OS. | 56,890/- | Acer Aspire 3NX<br>Intel Core I5(11th Generation)<br>8GB RAM<br>512GB SSD<br>15.6 Inch Display,<br>Windows 11 OS. | 47,150/- |

മുകളിലെ പട്ടികയിൽ നിന്നും തന്നെ മാർക്കറ്റ് റേറ്റിനേക്കാൾ വളരെ അധികരിച്ച വിലക്കാണ് ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത് എന്നത് വ്യക്തമാണ്. അതു കൂടാതെ, Lenovo യുടെ ഒഫീഷ്യൽ വെബ്സൈറ്റിൽ(Lenovo.com) സെക്രട്ടറി GEM വഴി 56890/- രൂപക്ക് വാങ്ങിയ ലാപ്ടോപ്പിന്റെ നിലവിലെ വില ഒരു ലാപ്ടോപ്പിന് 34991/- രൂപയാണ്.

4) പ്രോജക്ട് നം.620/23(എസ്.സി) -യുടെ ഓൺലൈൻ ബിഡ്ഡിൽ( Bid Number : GEM/2023/B/3206640/01.03.2023) 5

സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. അതിൽ 2 സ്ഥാപനങ്ങളെ ടെക്നിക്കൽ ഇവാല്യുവേഷനിൽ ഒഴിവാക്കിയിട്ടുണ്ട്. ബിഡ്സ് പ്രകാരം Two Packet Bid ആണ് ചെയ്തിരിക്കുന്നത്. GEM -ന്റെ Two Packet Bid ഉപധികൾ പ്രകാരം, മാനന്തവാടി നഗരസഭ ടെക്നിക്കൽ ഇവാല്യുവേഷന് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തേണ്ടതാണ്. എന്നാൽ, ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഇല്ലാതെയും കാരണം എന്താണ് എന്ന് രേഖപ്പെടുത്താതെയുമാണ്, Power CMS Technology, Viswas Computers Multi Brand Shoppe എന്നീ സ്ഥാപനങ്ങളെ ഒഴിവാക്കിയിരിക്കുന്നത്. പ്രോജക്ട് നം.621/23(എസ്.ടി) -യുടെ ഓൺലൈൻ ബിഡ്സിൽ( Bid Number : GEM/2023/B/3206564/01.03.2023) 6 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. അതിൽ 3 സ്ഥാപനങ്ങളെ ടെക്നിക്കൽ ഇവാല്യുവേഷനിൽ ഒഴിവാക്കിയിട്ടുണ്ട്. ബിഡ്സ് പ്രകാരം Two Packet Bid ആണ് ചെയ്തിരിക്കുന്നത്. ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഇല്ലാതെയും കാരണം എന്താണ് എന്ന് രേഖപ്പെടുത്താതെയുമാണ്, Adcom Systems, Power CMS Technology, Viswas Computers Multi Brand Shoppe എന്നീ സ്ഥാപനങ്ങളെ ഒഴിവാക്കിയിരിക്കുന്നത്.

5) എത്ര വർഷം വാറന്റി ഉണ്ടെന്ന് കരാറിലും (നം.ഇല്ല തീയതി 13.03.2023) ഇൻവോയിസിലും വ്യക്തമാക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 4 പ്രകാരം 3 വർഷത്തെ Comprehensive OEM Warranty നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

6) 2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ, സെക്ഷൻ 19.13പ്രകാരം പർച്ചേസ് തുക 20ലക്ഷത്തിനു മുകളിൽ ഉള്ളത് IT വകുപ്പിന്റെ കൺകറൻസിന് ശേഷം മാത്രമേ വാങ്ങിക്കാവൂ(GO(Ms)NO.18/2017/ITD തീ 23/07/2017) എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ആ നിബന്ധന പാലിച്ചിട്ടില്ല.

7) വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണമെന്ന് പ്രോജക്ടിൽ(ഖണ്ഡിക 43) നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നടത്തിയിട്ടില്ല.

8) GEM Handbook (ജൂലൈ 2018), സെക്ഷൻ 2.3.6 പ്രകാരം പർച്ചേസ് ചെയ്യുന്ന സ്ഥാപനം ഓഡിറ്റ് ആവശ്യങ്ങൾക്കായി Audit Trail പരിശോധനക്ക് നൽകേണ്ടതാണ്. Audit Trail എന്നാൽ GEMപ്ലാറ്റ്ഫോമിൽ നടക്കുന്ന ഏതൊരു ഇടപാടിന്റെയും പ്ലാറ്റ്ഫോമിൽ നടത്തുന്ന പ്രവർത്തനങ്ങളുടെയും ഡോക്യുമെന്ററി തെളിവുകൾ നൽകുന്ന സെക്യൂരിറ്റൈസ്ഡ് ക്രോണോളജിക്കൽ റെക്കോർഡ് ആണ്. Audit Trail പരിശോധനക്കായി സമർപ്പിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.72/22-23/31.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നം.S0621/23 -ൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന ആറ് ലാപ്ടോപ്പുകൾ എസ്.ടി ഗുണഭോക്താക്കൾക്ക് വിതരണം നടത്തി അറിയിക്കേണ്ടതാണ്.

ചെലവ് തുക ₹ 33,56,510.00 രൂപയുടെ ചെലവ് മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

## 1-28 പ്രോജക്ട് ഫയലുകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് റിക്വിസിഷനിലൂടെ (Audit Requisition No. 2 / 20.01.2024) ആവശ്യപ്പെട്ടിട്ടും സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ട് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|
| 1 | S0402/23 പഴശ്ശി ദിനാചരണം | 1,50,000.00 (തനത് ഫണ്ട്) | 40,755.00 |
| 2 | S0551/23 പയ്യമ്പള്ളി ഹെൽത്ത് & വെൽനെസ്സ് | 25,00,000.00 | 5,78,816.00 |

| | | | |
|---|---|---|---|
| | സെന്റർ അടിസ്ഥാനസൗകര്യം ഒരുക്കൽ | (ഹെൽത്ത് ഗ്രാന്റ്) | |
| 3 | S0553/23 പയ്യമ്പള്ളി ഹെൽത്ത് & വെൽനെസ്സ് സെന്റർ ആവർത്തന ചെലവുകൾ | 16,00,000.00 (ഹെൽത്ത് ഗ്രാന്റ്) | 6,44,212.00 |
| 4 | S0554/23 പിലാക്കാവ് ഹെൽത്ത് & വെൽനെസ്സ് സെന്റർ ആവർത്തന ചെലവുകൾ | 16,00,000.00 (ഹെൽത്ത് ഗ്രാന്റ്) | 2,00,168.00 |
| 5 | S0452/23 കേരളോത്സവം | 2,00,000.00 (തനത് ഫണ്ട്) | 2,00,000.00 |
| **ആകെ** | | | **16,63,951.00** |

മേൽ പദ്ധതികളുടെ ചെലവിന്റെ ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി ലഭ്യമാക്കേണ്ടതാണ്. സമയപരിധികളിൽ രേഖകൾ ലഭ്യമാക്കാത്ത പക്ഷം 1997- ലെ കേരള മുനിസിപ്പാലിറ്റി(പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12(1) പ്രകാരം രേഖകളോ കണക്കുകളോ നൽകുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതിനനുസരിച്ചുള്ള നിഗമനത്തിൽ എത്തുന്നതുമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.76/22-23/31.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 16,63,951.00 തടസ്സപ്പെടുത്തുന്നു.

**1-29 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ₹ 12,00,000.00 തടസ്സപ്പെടുത്തുന്നു.**

മാനന്തവാടി നഗരസഭ സെക്രട്ടറി 2022-23 സാമ്പത്തിക വർഷം വിവിധ വകുപ്പുകളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) | നിക്ഷേപിച്ച തുക (₹) | തുക നിക്ഷേപിക്കപ്പെട്ട ഏജൻസി/വ്യക്തി(₹) |
|---|---|---|---|---|---|
| 1 | S0009/23 | വയോമിത്രം വിഹിതം നൽകൽ-എസ്.ടി | 4,00,000.00 (വികസന ഫണ്ട് ടി.എസ്.പി) | 4,00,000.00 (BRN No.22180447001700472937/29.08.2022 ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 2 | S0008/23 | വയോമിത്രം വിഹിതം നൽകൽ-എസ്.സി | 3,00,000.00 (വികസന ഫണ്ട് എസ്.സി.പി) | 3,00,000.00 (BRN No.22180447001700472974/29.08.2022 ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 3 | S0007/23 | വയോമിത്രം വിഹിതം നൽകൽ-ജനറൽ | 5,00,000.00 (വികസന ഫണ്ട് ജനറൽ) | 5,00,000.00 (BRN No.22180447001700473030/29.08.2022 ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| **ആകെ** | | | | **12,00,000.00** | |

മേൽ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.77/22-23/31.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹12,00,000.00

തടസ്സപ്പെടുത്തുന്നു.

## 1-30 എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ₹ 6,33,894.00 തടസ്സപ്പെടുത്തുന്നു.

എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് സെക്രട്ടറി മരുന്ന് വാങ്ങി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0011/23 |
| **പ്രൊജക്ടിന്റെ പേര്** | എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| **അടങ്കൽ** | ₹ 9,00,000.00<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ) |
| **ചെലവ് (₹)** | ആകെ ₹ 9,00,000.00<br>(BRN No.22180447001700960819/27.12.22) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | സെക്രട്ടറി |

മേൽ പദ്ധതിയിൽ, മാനന്തവാടി നഗരസഭയിലെ വിവിധ ഹോമിയോ ഡിസ്പെൻസറികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകുകയാണ് ചെയ്തിരിക്കുന്നത്. 9,00,000.00 രൂപ HOMCO(The Kerala State Homeopathic Co-Operative Pharmacy Ltd) -യിൽ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. എന്നാൽ, 2,66,106.00 രൂപയുടെ മരുന്നുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 6,33,894.00 രൂപയുടെ മരുന്നുകൾ ഇതുവരെ HOMCO വിതരണം ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.78/22-23/31.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 6,33,894.00 തടസ്സപ്പെടുത്തുന്നു.

## 1-31 പാലിന് സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

14- ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3 /- രൂപ നിരക്കിൽ സബ്സിഡി നൽകാവുന്നതാണ്. നഗരസഭയിൽ 615/ 23 നമ്പർ പദ്ധതി പ്രകാരം 20 ലക്ഷം രൂപ വകയിരുത്തുകയും, 20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ / തീയതി | ട്രഷറി ബിൽ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 22180447002601342137/ 14.03.2023 | 112790 | 67 |
| 2 | 22180447002601355159/ 14.03.2023 | 189830 | 143 |
| 3 | 22180447002601532463/ 28.03.2023 | 72362 | 36 |
| 4 | 22180447002601378137/ 16.03.2023 | 52662 | 39 |
| 5 | 22180447002601577405/ 31.03.2023 | 20394 | 63 |
| 6 | 22180447002601577431/ 31.03.2023 | 54895 | 103 |
| 7 | 22180447002601577378/ 31.03.2023 | 44901 | 183 |
| 8 | 22180447002601577348/ 31.03.2023 | 45691 | 177 |
| 9 | 22180447002601577321/ 31.03.2023 | 42425 | 173 |
| 10 | 22180447002601532518/ 28.03.2023 | 35598 | 133 |
| 11 | 22180447002601331758/ 03.03.2023 | 81256 | 58 |
| 12 | 22180447002601258877/ 27.02.2023 | 108254 | 67 |
| 13 | 22180447002601258870/ 27.02.2023 | 109091 | 84 |
| 14 | 22180447002601258858/ 27.02.2023 | 124689 | 88 |

| | | | |
|---|---|---|---|
| 15 | 22180447002601258846/ 27.02.2023 | 137328 | 93 |
| 16 | 22180447002601258830/ 27.02.2023 | 149431 | 94 |
| 17 | 22180447002601258805/ 27.02.2023 | 123459 | 88 |
| 18 | 22180447002601331760/ 06.03.2023 | 131517 | 79 |
| 19 | 22180447002601342087/ 14.03.2023 | 92792 | 69 |
| 20 | 22180447002601331765/ 06.03.2023 | 61447 | 38 |
| 21 | 22180447002601331761/ 06.03.2023 | 121435 | 75 |
| 22 | 22180447002601331763/ 06.03.2023 | 87753 | 44 |
| | | 2000000 | 1994 |

പദ്ധതിയുമായ ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3.9 പ്രകാരം ഗുണഭോക്തൃ പട്ടിക വാർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ തയ്യാറാക്കേണ്ടതാണ്. ക്ഷീരകർഷകർക്ക് ഇൻസെന്റീവ് എന്ന പദ്ധതിയിൽ വാർഡ് കമ്മിറ്റിയും, കൗൺസിലും അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

2. സബ്സിഡി കാൽക്കുലേറ്റ് ചെയ്തതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. സബ്സിഡി നൽകിയ ക്ഷീരകർഷകരുടെയും , ഗുണഭോക്തൃലിസ്റ്റും പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

3. മാനന്തവാടി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ നിന്നും ലഭ്യമായ ലിസ്റ്റിൽ 1605 ക്ഷീര കർഷകരുണ്ട് . സംഘത്തിൽ പാൽ നൽകുന്നവരുടെ ലിസ്റ്റിൽ 1604 ഗുണഭോക്താക്കളാണ് ഉള്ളത്. ആയതിൽ തന്നെ 239 ഗുണഭോക്താക്കൾ സംഘത്തിൽ നൽകിയ പാലിന്റെ അളവ് പൂജ്യമാണ്. എന്നാൽ ട്രഷറി ബിൽ പ്രകാരം 1994 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. (1604- 239 = 1365 , 1994-1365= 629) .

629 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 70/22-23/30.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവർക്ക് തന്നെയാണോ ആനുകൂല്യം നൽകിയതെന്ന് ഉറപ്പു വരുത്തുന്നതിനും അർഹമായ നിരക്കിലാണ് സബ്സിഡി നൽകിയിരുന്നും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ചെലവ് തുക 20,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-32 കാലിത്തൊഴുത്ത് നവീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

14- ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാലിത്തൊഴുത്തിന് വളക്കുഴിയും മൂത്രത്തൊട്ടിയും നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് 50% സബ്സിഡി അനുവദിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തേണ്ടതും, ചാണകവും ഗോമൂത്രവും ശേഖരിക്കുന്നതിനുള്ള വളക്കുഴിയും, സിമന്റ് തൊട്ടിയും നിർമ്മിക്കേണ്ടതുമാണ്. ക്ഷീരവികസന ഓഫീസർ നഗരസഭയിൽ 2 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

1) സ്പിൽ ഓവർ പദ്ധതിയായ 36/23 ൽ 20 ലക്ഷം രൂപ വകയിരുത്തിയതിൽ 1675000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് വാല്യേഷൻ സർട്ടിഫിക്കറ്റിലെ തുകയുടെ 50% തുകയായ 25000/- രൂപ തോതിൽ 67 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

(ബിൽ നമ്പർ - BRN No. 22180447002600091604/ 11.05.2022 – 15,25,000/- ,

BRN No. 22180447002600647898/ 14.10.2022 – 1,00,000/- ,

BRN No. 22180447002600726800/ 03.11.2022 – 25,000/- ,

BRN No. 22180447002601465609/ 24.03.2023 – 25,000/- , )

2) പദ്ധതി നമ്പർ 532/23 ൽ 28.8 ലക്ഷം രൂപ വകയിരുത്തിയതിൽ 10.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 20000/- രൂപ തോതിൽ 54 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് (വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല )

(ബിൽ നമ്പർ - BRN No. 22180447002601258881/ 27.02.2023 – 6,40,000/- ,

ചെക്ക് നമ്പർ- 044391/ 16.03.2023 -2,00,000/- - തനത് ഫണ്ട്

ചെക്ക് നമ്പർ- 044407/ 20.03.2023 -2,40,000/- തനത് ഫണ്ട് )

പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അധിക വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

1. ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ പദ്ധതിയിലേയും ഗുണഭോക്താക്കളുടെ ഫയലുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല. ഓരോ പദ്ധതിയുടെയും വ്യക്തിഗത ഫയലുകൾ തരം തിരിച്ച് ഗുണഭോക്തൃലിസ്റ്റുമായി പൊരുത്തപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

2. നിർമ്മാണ പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രയോജപ്പെടുത്തിയിരുന്നോ/ സാമ്പത്തിക ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നോ എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

3. വാലേ്വഷൻ സർട്ടിഫിക്കറ്റിൽ ഏതൊക്കെ പ്രവൃത്തികളാണ് നടത്തിയതെന്ന് പരാമർശിച്ചിട്ടില്ല. ഓരോ ഗുണഭോക്താക്കളും ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടത്തിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

4.പദ്ധതി നമ്പർ 532/23 യിലെ ഗുണഭോക്താക്കൾ നിർമ്മിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വാലേ്വഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് ( 71/22-23/30.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 എസ്.എസ്.കെ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സ.ഉ (കൈ)84/2022/തസ്വഭവ /19.04.2022 നമ്പർ ഉത്തരവ് പദ്ധതി മാർഗ്ഗരേഖ (ഖണ്ഡിക 8.6.3,4 കാണുക) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരണത്തിനു ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകണം. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം , ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണം.എസ്.എസ്.കെ വിഹിതവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെയിൽ നിന്നും നൽകണം.

ബി.ആർ.സി മാനന്തവാടി ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്ററുടെ 17.09.2022 ലെ നം.സി 083/2022 -23 / ബി.ആർ.സി കത്ത് പ്രകാരം 2022-23 വർഷത്തെ കരട് വാർഷിക പദ്ധതി&ബജറ്റ് പ്രകാരം മാനന്തവാടി നഗരസഭയിൽ വിദ്യാഭ്യാസ മേഖലയിൽ വിവിധയിനം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 96,11,937/- രൂപ (Financial Target) ചെലവ് വരുമെന്നതിനാൽ ആയതിന്റെ 40% തുകയായ 38,44,775/-/- എസ്.എസ്.എ വിഹിതമായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 08.12.2021 ൽ 25,00,000/- രൂപ കിട്ടിയതിനാൽ ബാലൻസ് തുക 13,44,775/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭ ₹20,00,000/- രൂപ വിവിധ വികസന ഫണ്ടിൽ നിന്നും ചുവടെ കൊടുക്കുംവിധം ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ബി.ആർ.സി മാനന്തവാടിക്ക് (അക്കൗണ്ട് നമ്പർ - 0248101026942 , കനറ ബാങ്ക്) നൽകിയിട്ടുണ്ട്.

1.എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ ( 506/23 ) |
| അടങ്കൽ/ ചെലവ് | 5,00,000/-(വികസന ഫണ്ട് - ജനറൽ ) |
| ബിൽ നമ്പർ | 22180447001300738998/ 19.10.2022 |

2.എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി (508/23) |
| അടങ്കൽ/ ചെലവ് | 10,00,000/-(വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നമ്പർ | 22180447001300739000/19.10.2022 |

3.എസ്.എസ്.എ വിഹിതം നൽകൽ - എസ്.സി

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ - എസ്.സി (507/23) |
| അടങ്കൽ/ ചെലവ് | 5,00,000/-(വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നമ്പർ | 22180447001300738999/ 19.10.2022 |

2021 -22 വർഷത്തിൽ നൽകിയ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം, 2022-23 വർഷത്തെ വിനിയോഗ സാക്ഷ്യപത്രം , ബി.ആർ.സി ലഭ്യമാക്കിയ 2022-23 വർഷത്തെ കരട് വാർഷിക പദ്ധതി&ബജറ്റിൽ 2021-

22 വർഷത്തിൽ നൽകിയ 25,00,000/- രൂപ കിഴിച്ച് 13,44,775/- രൂപ ബാലൻസ് എന്ന് സൂചിപ്പിച്ചിട്ടും 20 ലക്ഷം നൽകിയതിന് വിശദീകരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22-23/23.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 2021-22 ,2022- 23 എന്നീ വർഷങ്ങളിൽ എസ്.എസ്.കെ ക്ക് നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി നഗരസഭ വിഹിതം അധികം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എസ്.എസ്.കെ വിഹിതവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളുടെ രൂപീകരണത്തിലും മോണിറ്ററിംഗിലും പദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് അധിക ശ്രദ്ധ ക്ഷണിക്കുന്നു.

ഖണ്ഡികയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 20,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-34 ലൈബ്രറിക്ക് ഫർണ്ണിച്ചർ - അധിക തുക നൽകി

ജി.വി.എച്ച് .എസ് മാനന്തവാടി ലൈബ്രറിക്ക് അത്യാവശ്യം ഫർണ്ണീച്ചർ (609/23) വാങ്ങുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് .

| | |
|---|---|
| അടങ്കൽ | 2,00,000/-(വികസന ഫണ്ട് - വികസന ഫണ്ട്) |
| ചെലവ് | 1,97,598/- |
| BRN No | 22180447001301463848/ 24.03.2023 |

ടെണ്ടർ നടപടികളിലൂടെ ഫിഡ്കോ എന്റർപ്രൈസസിൽ നിന്നും ചുവടെ കൊടുക്കുന്ന ഇൻവോയ്സുകൾ പ്രകാരം ഫർണ്ണീച്ചർ ലഭ്യമായിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് | ഫർണ്ണീച്ചർ ഇനം | തുക |
|---|---|---|---|
| 1 | FE/ 22-23/ 471 -18.2.2023 | അലമാര – 5 എണ്ണം<br>എക്സിക്യൂട്ടീവ് ചെയർ - 1 എണ്ണം | ₹66,652/- |
| 2 | FE/ 22-23/ 755 -02.03.2023 | വുഡൻ റാക്ക് - 1 എണ്ണം<br>ലൈബ്രേറിയൻ ടേബിൾ- 1 എണ്ണം<br>റീഡിംഗ് ടേബിൾ - 2 എണ്ണം<br>പ്ലാസ്റ്റിക് ചെയർ - 50 എണ്ണം<br>ബെഞ്ച് വിത്ത് ബാക്ക് റെസ്റ്റ് - 8 എണ്ണം | ₹1,26,504/- |
| | | ആകെ | ₹1,93,156/- |

മേൽ ഇൻവോയ്സുകൾ പ്രകാരം ലഭ്യമായത് 193156/- രൂപയുടെ ഫർണ്ണീച്ചറുകളാണ്. 1,97,598/- രൂപ നൽകുക വഴി 4,442/- രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-35 കടുവയുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് പുനർജ്ജീവന പദ്ധതി- സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

മാനന്തവാടി നഗരസഭയുടെ പരിധിയിൽ കടുവയുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് പശുക്കളെ സബ്സിഡി ആനുകൂല്യത്തോടെ വിതരണം ചെയ്തിട്ടുണ്ട്. നഗരസഭ പരിധിയിലുള്ള പതിനേഴ് കർഷകർക്കാണ് പശുക്കളെ വിതരണം ചെയ്തിട്ടുള്ളത്.പ്രൊജക്ടിന്റെ ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-662/23 മാനന്തവാടി നഗരസഭ-കടുവയുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് പുനർജ്ജീവന പദ്ധതി |
| **അടങ്കൽ** | ₹ 4,40,000.00 (വികസന ഫണ്ട്-ജനറൽ)<br>₹ 4,40,000.00 (മറ്റുള്ളവ)<br>ആകെ-₹ 8,80,000.00 |
| **ചെലവ്** | ₹2,07,056.00 (ബിൽ റഫറൻസ് നം-22180447002301282024 / 02/03/2023)<br>₹1,55,292.00 (ബിൽ റഫറൻസ് |

| | |
|---|---|
| | നം-22180447002301320280/ 09/03/2023) |
| | ₹77,646.00 (ബിൽ റഫറൻസ് നം-22180447002301329214/ 10/03/2023) |
| | ആകെ - ₹ 4,39,994 (വികസന ഫണ്ട്-ജനറൽ) |

മുനിസിപ്പാലിറ്റി പരിധിയിലുള്ള പതിനേഴ് കർഷകർക്കാണ് പശുക്കളെ വിതരണം ചെയ്തിട്ടുള്ളത്.

22/01/2024 തീയതിയിലെ 19/2022-23 നമ്പർ ഓഡിറ്റ് അന്വേഷണം വഴി പദ്ധതി മാർഗരേഖ (സ.ഉ (കൈ)നം.86/2022/തസ്വഭവ തീയതി-19/04/2022), സബ്സിഡി മാർഗരേഖ ( സ.ഉ (കൈ)നം.115/2022/തസ്വഭവ തീയതി-28/05/2022) എന്നിവ പ്രകാരം മേൽ പ്രൊജക്ട് നടപ്പിലാക്കുവാൻ സാധിക്കുന്നതാണോയെന്ന് വ്യക്തമാക്കുന്നതിനും ,നൂതന പദ്ധതിയായാണ് ഈ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളതെങ്കിൽ ആയതിന് അംഗീകാരം ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, വനം വകുപ്പിൽ നിന്നും മേൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, വളർത്ത് മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർ അവയെ ഇൻഷ്വർ ചെയ്തിരുന്നെങ്കിൽ ആയതിന്റ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു.

മേൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സബ്സിഡി മാർഗരേഖയിലുൾപ്പെട്ട കർഷകർക്ക് സബ്സിഡിയിനത്തിൽ പശുക്കളെ വിതരണം ചെയ്യുന്ന വ്യക്തിഗത പദ്ധതിയാണ് നടപ്പിലാക്കിയതെന്നും, അർഹത മാനദണ്ഡത്തിൽ കടുവയുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകരേ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്നും സാമ്പത്തികവർഷവസാനം നടപ്പിലാക്കിയതിനാൽ നൂതന പദ്ധതിയായി മേൽ പ്രൊജക്ട് നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും, പദ്ധതി നടപ്പിലാക്കുന്ന സമയത്ത് വനം വകുപ്പിന്റെ നഷ്ടപരിഹാരം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ലെന്നും, മേൽ പദ്ധതിയിലുൾപ്പെട്ട കർഷകരൊന്നും തന്നെ ഇൻഷ്വറൻസ് ക്ലയിം മാനന്തവാടി മൃഗാശുപത്രി മുഖേന പ്രോസസ്സ് ചെയ്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

സബ്സിഡി മാർഗരേഖ ( സ.ഉ (കൈ)നം.115/2022/തസ്വഭവ തീയതി-28/05/2022) ഖണ്ഡിക 6.3 പ്രകാരം വ്യക്തിഗത ആനുകൂല്യമായി പശുക്കളെ വിതരണം ചെയ്യാൻ സാധിക്കുമെങ്കിലും നഗരസഭയിൽ മേൽ ആനുകൂല്യത്തിന് തിരഞ്ഞെടുത്തിട്ടുള്ളത് കടുവയുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങളെ നഷ്ടപ്പെട്ട കർഷകരേ മാത്രമാണ് ആയത് സബ്സിഡി മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേൽ വ്യക്തികളേക്കാൾ ആനുകൂല്യത്തിന് അർഹതയുള്ള ഗുണഭോക്താക്കൾ നഗരസഭയിലുണ്ടാകാൻ സാധ്യതയുണ്ട്. പദ്ധതി നടപ്പിലാക്കുന്ന സമയത്ത് വനം വകുപ്പിന്റെ നഷ്ടപരിഹാരം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ലെങ്കിലും പിന്നീട് മേൽ ആനുകൂല്യം മേൽ വ്യക്തികൾക്ക് ലഭിക്കാൻ സാധ്യതയുള്ളതുമാണ്. മേൽ പദ്ധതിയിലുൾപ്പെട്ട കർഷകരൊന്നും തന്നെ ഇൻഷ്വറൻസ് ക്ലയിം മാനന്തവാടി മൃഗാശുപത്രി മുഖേന പ്രോസസ്സ് ചെയ്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ടെങ്കിലും മറ്റ് ഏതെങ്കിലും മാർഗങ്ങളിലൂടെ കർഷകർ പശുക്കളെ ഇൻഷ്വർ ചെയ്തിരുന്നോയെന്നും,അവർക്ക് ഇൻഷ്വറൻസ് തുക ലഭിച്ചിരുന്നോയെന്നും മറുപടിയിൽ നിന്ന് വ്യക്തമല്ല.

കടുവയുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങളെ നഷ്ടപ്പെടുന്ന അസാധാരണമായ സാഹചര്യം പരിഗണിച്ച് മേൽ പ്രൊജക്ട് നടപ്പിലാക്കേണ്ടത് അനിവാര്യമായിരുന്നെങ്കിൽ നൂതന പദ്ധതിയായി മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടതായിരുന്നു. കൂടാതെ മേൽ പശുക്കളെയെല്ലാം ഇൻഷ്വറൻസ് ചെയ്തിരുന്നെങ്കിൽ മേൽ വ്യക്തികൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുമായിരുന്നു. സബ്സിഡി മാർഗരേഖ ഖണ്ഡിക 6.3- മൃഗ സംരക്ഷണം/ക്ഷീര വികസനം എന്നതിൽ ക്രമനം-18 ാമതായി നഗരസഭ പരിസരത്തുള്ള എല്ലാ കറവപശുക്കളെയും ഇൻഷ്വറൻസ് ചെയ്യുന്നതിനായി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുവാദവമുള്ളതാണ്. ആയതിനാൽ ഇത്തരം പ്രത്യേക സാഹചര്യങ്ങൾ മുന്നിൽകണ്ട് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് നഗരസഭയ്ക്ക് പരിഗണിക്കാവുന്നതാണ്. വയനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് വന്യ മൃഗങ്ങളുടെ അക്രമണത്തിൽ വളർത്ത് മൃഗങ്ങളെ നഷ്ടപെടുന്ന കർഷകർക്ക് സഹായകരമാകുന്ന പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് പദ്ധതി,സബ്സിഡി മാർഗരേഖകളിൽ ഭേദഗതി ചെയ്യുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

## 1-36 ആഫ്രിക്കൻ സൈ്വൻ ഫീവർ ബാധിച്ച് പന്നികൾ നഷ്ടപെട്ട കർഷകരുടെ പുനർജ്ജീവന പദ്ധതി- സബ്സിഡി മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-664/23 ആഫ്രിക്കൻ സൈ്വൻ ഫീവർ ബാധിച്ച് പന്നികൾ നഷ്ടപെട്ട കർഷകരുടെ പുനർജ്ജീവന പദ്ധതി |
| **അടങ്കൽ** | ₹ 2,00,000.00 (വികസന ഫണ്ട്-ജനറൽ) |
| **ചെലവ്** | ₹1,80,000 (ബിൽ റഫറൻസ് |

| | |
|---|---|
| | നം-22180447002301282022 / 02/03/2023)<br>ആകെ - ₹ 1,80,000 |

ആഫ്രിക്കൻ സൈ്വൻ ഫീവർ ബാധിച്ചും ആയതിന്റെ നിയന്ത്രണത്തിന്റെയും ഭാഗമായും പന്നികളെ നഷ്ടപ്പെട്ട മാനന്തവാടി നഗരസഭ പരിധിയിൽ താമസിക്കുന്ന 6 കർഷകർക്ക് പശുക്കളെ സബ്സിഡി ആനുകൂല്യത്തോടെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

മേൽ പ്രൊജക്ട് പദ്ധതി മാർഗരേഖ (സ.ഉ (കൈ)നം.86/2022/തസ്വഭവ തീയതി-19/04/2022), സബ്സിഡി മാർഗരേഖ ( സ.ഉ (കൈ)നം.115/2022/തസ്വഭവ തീയതി-28/05/2022) എന്നിവ പ്രകാരം ഈ പ്രൊജക്ട് നടപ്പിലാക്കുവാൻ സാധിക്കുന്നതാണോയെന്ന് വ്യക്തമാക്കുന്നതിനും, നൂതന പദ്ധതിയായാണ് ഈ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളതെങ്കിൽ ആയതിന് അംഗീകാരം ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, മൃഗസംരക്ഷണ വകുപ്പിൽ നിന്നും മേൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, പന്നികൾ നഷ്ടപ്പെട്ട കർഷകർ പന്നികളെ ഇൻഷ്വർ ചെയ്തിരുന്നെങ്കിൽ ആയതിന്റ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണം 20/2022-23 / 22/01/2024 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

മേൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി വെറ്ററിനറി സർജൻ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട് “മാനന്തവാടി നഗരസഭ പരിധിയിലെ 6 പന്നി ഫാമുകളിൽ ആഫ്രിക്കൻ സൈ്വൻ ഫീവർ എന്ന മാരക രോഗം മൂലം നിരവധി വളർത്ത് പന്നികളെ കൊന്നൊടുക്കേണ്ടി വന്നു. ഇത് കർഷകരിൽ കനത്ത മാനസിക സമർദ്ദവും നടപടികളോട് നിസ്സഹരിക്കുന്നതും, കനത്ത പ്രതിഷേധം ഉയർത്തുന്നതുമായ സാഹചര്യവും ഉണ്ടാക്കി, ഈ സാഹചര്യത്തിലാണ് സബ്സിഡി മാർഗരേഖ ( സ.ഉ (കൈ)നം.115/2022/തസ്വഭവ തീയതി-28/05/2022) കറവ്വ പശു വ്യക്തിഗതം എന്ന പദ്ധതി ആഫ്രിക്കൻ സൈ്വൻ ഫീവർ ബാധിച്ച് പന്നികൾ നഷ്ടപെട്ട കർഷകരുടെ പുനർജ്ജീവന പദ്ധതി എന്ന പേരിൽ നടപ്പിലാക്കിയത്. ആഫ്രിക്കൻ സൈ്വൻ ഫീവർ ബാധിച്ച് പന്നികളെ നഷ്ടപ്പെട്ട കർഷകരേയാണ് അർഹത മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയത്, എന്നാൽ പദ്ധതിയുടെ പേര് തെറ്റായി രേഖപ്പെടുത്തി, സാമ്പത്തിക വർഷവാസാനം പദ്ധതി നടപ്പിലാക്കിയതിനാൽ നൂതന പദ്ധതിയായി പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല, ആഫ്രിക്കൻ സൈ്വൻ ഫീവർ ബാധിച്ച ഫാമിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ ഫാമുകളിലേയും പന്നികളെ സർക്കാർ നിർദ്ദേശ പ്രകാരം കൊന്നൊടുക്കി, രോഗം ബാധിക്കാത്ത പന്നികളെയും സർക്കാർ നിർദ്ദേശ പ്രകാരം കൊന്നൊടുക്കുകയുണ്ടായി. പന്നികൾക്കുള്ള നഷ്ടപരിഹാര തുക പന്നികളുടെ യഥാർത്ഥ മാർക്കറ്റ് വിലയേക്കാൾ കുറവായാണ് സർക്കാർ കണക്കാക്കിയത്. പന്നികളെ കൊന്നൊടുക്കിയ ആറ് കർഷകരുടേയും ഉപജീവന മാർഗ്ഗം പന്നി വളർത്തലായിരുന്നു. പദ്ധതി നടപ്പിലാക്കുന്ന സമയത്ത് 5 പേർക്ക് സർക്കാർ നഷ്ടപരിഹാരം നൽകുകയും ഒരാൾക്ക് നൽകാതിരിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കർഷകരുടെ ഭാവി മുന്നിൽ കണ്ടാണ് പദ്ധതി മുന്നോട്ട് വെച്ചത്, നിലവിൽ കൊല്ലപ്പെട്ട പന്നികളൊന്നും ഇൻഷ്വർ ചെയ്യപ്പെട്ടിരുന്നുമില്ല”

സബ്സിഡി മാർഗരേഖ ( സ.ഉ (കൈ)നം.115/2022/തസ്വഭവ തീയതി-28/05/2022) ഖണ്ഡിക 6.3 പ്രകാരം വ്യക്തിഗത ആനുകൂല്യമായി പശുക്കളെ വിതരണം ചെയ്യാൻ സാധിക്കുമെങ്കിലും നഗരസഭയിൽ മേൽ ആനുകൂല്യത്തിന് തിരഞ്ഞെടുത്തിട്ടുള്ളത് ആഫ്രിക്കൻ സൈ്വൻ ഫീവർ വളർത്ത് പന്നികളെ നഷ്ടപ്പെട്ട കർഷകരേ മാത്രമാണ് ആയത് സബ്സിഡി മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേൽ വ്യക്തികളേക്കാൾ ആനുകൂല്യത്തിന് അർഹതയുള്ള ഗുണഭോക്താക്കൾ നഗരസഭയിലുണ്ടാകാൻ സാധ്യതയുണ്ട്. മേൽ പ്രൊജക്ട് നടപ്പിലാക്കേണ്ടത് അനിവാര്യമായിരുന്നെങ്കിൽ നൂതന പദ്ധതിയായി മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് നഗരസഭ സ്വീകരിക്കേണ്ടിയിരുന്നത്. പദ്ധതി മാർഗ രേഖ, സബ്സിഡി മാർഗരേഖ എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാരിലേക്ക് ശുപാർശ ചെയ്യേണ്ടതാണ്.

## 1-37 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതിയിൽ നിന്ന് ഒഴിവാക്കിയ ഗുണഭോക്താക്കൾക്ക് വകയിരുത്തിയ തുക തിരികെ ഈടാക്കേണ്ടതാണ്

മാനന്തവാടി നഗരസഭയിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ പദ്ധതികൾക്കായി 4,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രൊജക്ടിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-475/23 കന്നുകുട്ടി പരിപാലനം |
| **അടങ്കൽ** | ₹ 4,50,000.00 (വികസന ഫണ്ട്-ജനറൽ) |
| **ചെലവ്** | ₹4,50,000 (ബിൽ റഫറൻസ് നം-22180447002301320271 / 09/03/2023)<br>ആകെ - ₹ 4,50,000 |

ഓരോ മാസത്തിലും അൻപത് ശതമാനം സബ്സിഡി നിരക്കിൽ കന്നുകുട്ടികൾക്ക് 32 മാസ കാലയളവിൽ കാലിത്തീറ്റ നൽകുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. 36 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി 12500 രൂപ തോതിൽ 450000 രൂപ അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ മീനങ്ങാടി എന്നിവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു.

1) .പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വ്യക്തികൾക്കും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ 2 വ്യക്തികൾ തുടർച്ചയായി കാലിത്തീറ്റ കൈപ്പറ്റുന്നതായി കാണുന്നില്ല.

| സി.നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ കൈപ്പറ്റിയതിന്റെ വിവരങ്ങൾ | | |
|---|---|---|---|---|
| | | മാസം | കാലിത്തീറ്റ കൈപ്പറ്റിയ തീയതി | കാലിത്തീറ്റയിനത്തിൽ ചിലവഴിച്ച സബ്സിഡി തുക |
| 1 | സുഭാഷിണി സജീവ് | മാർച്ച് | 20/03/2023 | 200 |
| | | ഏപ്രിൽ | കൈപ്പറ്റിയിട്ടില്ല | - |
| | | മേയ് | കൈപ്പറ്റിയിട്ടില്ല | - |
| | | ജൂൺ | കൈപ്പറ്റിയിട്ടില്ല | - |
| | | ജൂലൈ | 27/07/2023 | 900 |
| | | ആഗസ്റ്റ് | കൈപ്പറ്റിയിട്ടില്ല | - |
| | | സെപ്റ്റംബർ | കൈപ്പറ്റിയിട്ടില്ല | - |
| | | ഒക്ടോബർ | കൈപ്പറ്റിയിട്ടില്ല | - |
| | | നവംബർ | കൈപ്പറ്റിയിട്ടില്ല | - |
| | | ഡിസംബർ | കൈപ്പറ്റിയിട്ടില്ല | - |
| | | ആകെ | | **1100** |
| 2 | വത്സ സണ്ണി | മാർച്ച് | 20/03/2023 | 200 |
| | | ഏപ്രിൽ | 25/04/2023 | 900 |
| | | മേയ് | കൈപ്പറ്റിയിട്ടില്ല | - |
| | | ജൂൺ | കൈപ്പറ്റിയിട്ടില്ല | - |
| | | ജൂലൈ | 27/07/2023 | 900 |
| | | ആഗസ്റ്റ് | കൈപ്പറ്റിയിട്ടില്ല | - |
| | | സെപ്റ്റംബർ | കൈപ്പറ്റിയിട്ടില്ല | - |
| | | ഒക്ടോബർ | കൈപ്പറ്റിയിട്ടില്ല | - |
| | | നവംബർ | കൈപ്പറ്റിയിട്ടില്ല | - |
| | | ഡിസംബർ | കൈപ്പറ്റിയിട്ടില്ല | - |
| | | ആകെ | | **2000** |

2) പതിനാലാം പഞ്ചവത്സര പദ്ധതി-സബ്സിഡി മാർഗ രേഖ ഖണ്ഡിക 6.3 മൃഗസംരക്ഷണം/ക്ഷീര വികസനം പ്രകാരം പ്രത്യേക കന്നുകുട്ടി/കാളക്കുട്ടി പരിപാലന പദ്ധതിക്കായി സംസ്ഥാന വിഹിതം-6250, തദ്ദേശ സ്ഥാപന വിഹിതം 6250 എന്നിങ്ങനെ 12500 രൂപയാണ് ചെലവഴിക്കാവുന്നത്.എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമാണ് പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 18/2022-23/22/01/2024 ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 3.12.2022 തീയതിയിലെ സ.ഉ.(സാധാ) നം.3096/2022/ത.സ്വ.ഭ.വ പ്രകാരം സംസ്ഥാന വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ ആയതിന് നിശ്ചയിച്ച തുക കൂടി നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പിന് അനുമതി നൽകിയതിനാലാണ് സംസ്ഥാന വിഹിതത്തിന് നിശ്ചയിച്ചിരുന്ന തുക കൂടി നഗരസഭ നൽകിയതെന്നും, സുഭാക്ഷിണി സജീവൻ എന്ന ഗുണഭോക്താവിനെ കാലിത്തീറ്റയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ ആയത് വാങ്ങുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാലും, വത്സ സണ്ണി എന്ന എന്ന ഗുണഭോക്താവിനെ കന്നു കുട്ടിയെ വിറ്റതിനാലും പദ്ധതിയിൽ നിന്ന് ഒഴിവാക്കിയതായും അറിയിച്ചിട്ടുണ്ട്. പദ്ധതിക്കായിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ ബാക്കിയുള്ള തുക അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസറിൽ നിന്ന് തിരികെ ഈടാക്കുകയോ തുടർവർഷങ്ങളിൽ സമാന പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ചെലവിലേക്ക് ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-38 പൊതുമരാമത്ത് മേഖലയിലെ പദ്ധതിരൂപീകരണവും നടത്തിപ്പും - പൊതുഅപാകതകൾ

നഗരസഭയുടെ 2022-23 വർഷത്തെ പൊതുമരാമത്ത് മേഖലയിലെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലും പല അപാകതകളും വന്നിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.കുടിവെള്ളം, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ മിനട്സുകൾ പരിശോധിച്ചതിൽ 2022-23 വർഷത്തെ പദ്ധതി ആസൂത്രണ-നിർവ്വഹണ-മോണിട്ടറിംഗുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗം ചേർന്നതായി കാണുന്നില്ല,

2. 07.06.22,04.01.23 എന്നീ തീയതികളിലായി തൻവർഷം രണ്ട് യോഗങ്ങൾ ആണ് കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പ് ചേർന്നിട്ടുള്ളത്.

3. 07.06.22,04.01.23,28.02.23 എന്നീ തീയതികളിലായി മൂന്ന് യോഗങ്ങൾ ആണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചേർന്നിട്ടുള്ളത്.

4. 07.06.22 ൽ വികസനസെമിനാറിൽ രണ്ട് വർക്കിംഗ് ഗ്രൂപ്പുകളിലുമായി 27 പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.എന്നാൽ അസി.എഞ്ചിനീയർ തൻവർഷം 447 പദ്ധതികൾ ആവിഷ്കരിച്ചതിൽ 319 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാത്ത/ ആവിഷ്കരിക്കാത്ത പദ്ധതികളാണ് നടപ്പാക്കിയതിൽ ഏറിയ പങ്കും .

5. വികസനസെമിനാർ അല്ലാതെ പദ്ധതിരൂപീകരണത്തിനായി മറ്റുയോഗങ്ങൾ ചേർന്നതായി കാണുന്നില്ല.പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്തതായി കാണുന്നില്ല.ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തതായോ,പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നതായോ കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ ക്ലോസ് ചെയ്തിട്ടുമില്ല.

6. സ.ഉ.(കൈ)നം.275/2021/ത.സ്വ.ഭ.വ.26.11.21 ,സ.ഉ.(കൈ) നം.86/2022/LSGD തീയതി 19-04-2022 എന്നിവപ്രകാരം കഴിഞ്ഞ 25 വർഷത്തെ വിലയിരുത്തൽ ഉൾപ്പെടുത്തി അവസ്ഥാരേഖ തയ്യാറാക്കി,അതിന് സമാന്തരമായി വികസനരേഖ തയ്യാറാക്കി ആയവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ആണ് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ,മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കൽ എന്നിവ കൺവീനറുടെ ചുമതല ആണ്.വർക്കിംഗ് ഗ്രൂപ്പുകൾ തന്നെയാണ് മോണിട്ടറിംഗ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടത്.എന്നാൽ പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് ചർച്ച നടത്തിയിട്ടില്ല.

7. സ.ഉ.(കൈ) നം.86/2022/LSGD തീയതി 19-04-2022 ഖ.2.5.9പ്രകാരം പദ്ധതി രൂപീകരണ മാർഗ്ഗരേഖ പദ്ധതി ആസൂത്രണമുഖ്യലക്ഷ്യത്തിൽ തന്നെ, ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും നേരിയ വിഭവവിന്യാസവുമുള്ള പദ്ധതികൾ ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ കുറഞ്ഞ തുകകൾ വകയിരുത്തി കൂടുതൽ എണ്ണം പദ്ധതികൾ ആവിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്.എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ 19.01.2017 ലെ സർക്കുലർ E2-12509/16/CE/LSGD പ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ പൂർണ്ണമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുക വകയിരുത്താത്തതിനാൽ പദ്ധതികൾ പാതിവഴിയിലാകുന്ന അവസ്ഥയുമുണ്ട്.റോഡുകളുടെ ചെറിയ ഭാഗങ്ങൾക്ക് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കുകയും കുടിവെള്ള പദ്ധതികളുടെ ഭാഗികമായി പൂർത്തീകരണവുമാണ് തൻവർഷത്തെ പദ്ധതികളുടെ ഭൂരിഭാഗവും .റോഡ് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.റോഡ് രജിസ്റ്റർ , കണക്ടിവിറ്റി മാപ്പ് എന്നിവ അടിസ്ഥാനമാക്കിയല്ല പദ്ധതികൾ തയ്യാറാക്കിയത്.എസ്റ്റിമേറ്റിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.ജി.ഒ(എം.എസ്)84/22 ത.സ്വ.ഭ.വ.18.04.22 പ്രകാരം ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും റോഡ് രജിസ്റ്ററും കണക്ടിവിറ്റി മാപ്പും തയ്യാറാക്കേണ്ടതാണെങ്കിലും തയ്യാറാക്കിയതായി കാണുന്നില്ല.

8. പദ്ധതികളുടെ എണ്ണക്കൂടുതലും ഫണ്ട് വകയിരുത്തുന്നതിലുള്ള കുറവും പല പ്രോജക്ടുകളുടെയും ഗുണഫലത്തെ ബാധിക്കുന്നു. നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസി.എഞ്ചിനീയർ,ആറ് ഓവർസീയർമാർ,ഒരു ക്ലാർക്ക് തസ്തികകളാണുള്ളത്.ഇത്രയും മനുഷ്യവിഭവശേഷിക്ക് ചെയ്തുതീർക്കാൻ കഴിയാത്ത പദ്ധതികളുടെ എണ്ണവും കെട്ടിടനിർമ്മാണാനുമതി സംബന്ധിച്ച ജോലികളും മറ്റ് ജോലികളും ജീവനക്കാർക്ക് താങ്ങാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്.ശരിയായ പഠനം നടത്തി ,കൂടുതൽ തുക വകയിരുത്തി കുറഞ്ഞ എണ്ണം പദ്ധതികൾ ആവിഷ്കരിക്കുകയും ,പ്രോജക്ടുകളുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലായിനങ്ങളും ഉൾപ്പെടുത്തുന്നതും നഗരസഭയുടെ വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ ഗുണപരമായിരിക്കും .

രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും ഓഡിറ്റിന് ഹാജരാക്കുന്നതിലും വീഴ്ചകൾ വന്നിട്ടുണ്ട്.ക്യാഷ് ബുക്ക് അടിസ്ഥാനത്തിൽ രേഖകൾ തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. വൗച്ചറുകളോടോപ്പം പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച മറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.23/22-23/20.01.24 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-39 ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

സ.ഉ.(കൈ)84/22/ത.സ്വ.ഭ.വ.19.04.22ഖണ്ഡിക 6.8 പ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും ഒരു ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതും.അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്.സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തിരജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും എല്ലാ ആസ്തികളും ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമായിരുന്നു.എന്നാൽ നഗരസഭയിൽ ആസ്തിരജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല.ഓഡിറ്റിന് ഹാജരാക്കിയ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ ആസ്തികൾ സംബന്ധിച്ച അവ്യക്തമായ വിവരങ്ങൾ മാത്രമാണ് ആയതിൽ ഉൾപ്പെടുന്നത് എന്ന് കണ്ടു. മാനന്തവാടി ഗ്രാമപഞ്ചായത്തായിരുന്ന സമയത്ത് തയ്യാറാക്കിയ 31.03.2009 തീയതി പ്രാബല്യത്തിലുള്ള ആസ്തിരജിസ്റ്റർ ആണ് ഓഡിറ്റിന് ഹാജരാക്കിയത്.നിലവിലെ നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തിരജിസ്റ്റർ കാലികമാക്കാതെയും ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് മെയിന്റനൻസ് ഫണ്ട് വകയിരുത്തി പദ്ധതികൾ നടപ്പാക്കിയതായി കാണുന്നത് .

ഓഡിറ്റ് എൻക്വയറി നം.11/22-23/19.01.24 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നഗരസഭ മറുപടി നൽകിയിട്ടില്ല.ആസ്കിരജിസ്റ്റർ കാലികമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-40 നഗരസഭയുടെ വാർഷികകണക്കിൽ ഉൾപെടാത്ത തുകകൾ അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു.

അസി. എഞ്ചിനീയറുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിന്റെ മാനന്തവാടി ശാഖയിൽ സേവിംഗ് ബാങ്ക് അക്കൗണ്ട് (A/C No.2879000100048670) ഉണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ട് നഗരസഭയുടെ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ഈ ബാങ്ക് അക്കൗണ്ടിൽ 31.03.2023-ൽ ₹8543960/- നീക്കിയിരിപ്പുണ്ട്. 31.03.22 ന് 3528106 രൂപ നീക്കിയിരിപ്പുണ്ടായിരുന്നത് 31.03.23 ന് 8543960 രൂപയായിരുന്നു.നിലവിൽ അക്കൗണ്ടിലുള്ളത് 2016976 രൂപയാണ്.ഈ അക്കൗണ്ടിൽ 2022-23 വർഷവും തുകകൾ ക്രഡിറ്റ് ആവുകയും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.ഇത് കൂടാതെ അസി. എഞ്ചിനീയറുടെ പേരിൽ ,സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനന്തവാടി ശാഖയിൽ സേവിംഗ് ബാങ്ക് അക്കൗണ്ട് (A/C No.67354008250 ഉണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ട് നഗരസഭയുടെ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ഈ ബാങ്ക് അക്കൗണ്ടിൽ 31.03.2023-ൽ ₹761820/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ട് ഇ-ടെണ്ടർ ഫോറം വിലയും അസി.എഞ്ചിനീയർ ഈടാക്കുന്ന മറ്റ് ടെണ്ടർ ഫോറങ്ങളുടെ വിലയും സൂക്ഷിക്കുന്നതിനാണ് ഉപയോഗിക്കുന്നതായി കാണുന്നത്.ഈ അക്കൗണ്ടുകളുടെ വിവരം ക്യാഷ് ബുക്കിൽ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

12.04.2006ലെ ജി.ഒ.(പി)നം.177/2006/ധനം പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാന്റ് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. അസി. എഞ്ചിനീയർ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.ഓരോ തുകയുടെയും വിവരങ്ങൾ അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ എഴുതിസൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.ഈ അക്കൗണ്ടിൽ വരവുവന്ന തുകകളുടെയും പിൻവലിച്ച തുകകളുടെയും പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 12/22-23തീയതി 19.01.24,ഓഡിറ്റ് എൻക്വയറി.നം. 56 /22-23തീയതി 29.01.24 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ അക്കൗണ്ടിലെ തുകകൾ ഏതാണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ലയെന്നും തുക തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അക്കൗണ്ടിലെ നീക്കിയിരിപ്പ് റീകൺസിലിയേഷൻ നടത്തി നഗരസഭയിൽ അടക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 അമൃത് സർ വേ-വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -സർവേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

അമൃത് സർവേ പദ്ധതിക്കുവേണ്ടി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും സർവേ നടത്തിയതായും റിപ്പോർട്ട് തയ്യാറാക്കിയതായും കാണുന്നില്ല.നഗരസഭയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള മുന്നൊരുക്കമായാണ് അമൃത് സർവേ നടത്തുന്നത്.

പ്രോജക്ട്-അമൃത് സർവേ

നിർവഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ.

ചെലവഴിച്ച തുക-₹ 5,00,000

വൗച്ചർ നമ്പർ-78/13.10.22

പ്രോജക്ട് നമ്പർ-497/23

ഫണ്ട്-CFC

തുക അടച്ചത് സംബന്ധിച്ച രേഖകളോ,പദ്ധതി സംബന്ധിച്ച വിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കിയില്ല.ഓഡിറ്റ് എൻക്വയറി നം. 26 /22-23/20.04.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകുകയോ ,രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.രേഖകൾ ഹാജരാക്കാത്ത പക്ഷം ,1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ,ചട്ടം 12(2)പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.₹ 5,00,000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 റോഡ് ട്രാക്കിംഗ് സർവേ- സർവേ നടത്തിയിട്ടും സർവേ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ-570/23

പ്രോജക്ട്-റോഡ് ട്രാക്കിംഗ് സർവേ

ഫണ്ട്-വികസനഫണ്ട്,അടങ്കൽ-180000

ചെലവഴിച്ച തുക-144000

വൗച്ചർ നമ്പർ-99/23/01.01.23-144000

നിർവ്വഹണം- അസി.എഞ്ചിനിയർ

റോഡ് ട്രാക്കിംഗ് സർവേ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതിക്ക് രൂപംകൊടുത്തത് .പ്രസ്തുത പ്രോജക്ടിന് 144000 രൂപ ചെലവഴിച്ചുവെങ്കിലും സർവേ റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.വാർഡ് ഒന്നിന് 4000 രൂപ നിരക്കിലാണ് സർവേ നടത്തിയ ആളുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്.എന്നാൽ സർവേ പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ടോ മറ്റു രേകകളോ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 61/22-23/29.01.24 ന് നൽകിയ മറുപടിയിൽ സർവേ പൂർത്തീകരിച്ചതായും റിപ്പോർട്ട് പെട്ടെന്ന് തയ്യാറാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.സർവേ റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 1-43 കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല.

നഗരസഭയിലെ വിവിധകുടിവെള്ളപദ്ധതികൾക്കുവേണ്ടി കുഴൽക്കിണർനിർമ്മാണത്തിനായി ഭൂജലവകുപ്പിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തു. കുഴൽകിണർ നിർമ്മാണത്തിനുള്ള ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്.തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ കരാർ വെച്ചതായി കാണുന്നില്ല.കുടിവെള്ളപദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ,കുഴൽക്കിണർനിർമ്മാണത്തിന് മാത്രമായി തുക അടക്കുകയാണുണ്ടായത് .പദ്ധതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം-അസി.എഞ്ചിനീയർ

| ക്രമ നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | തുക നൽകിയ സ്ഥാപനം | വൗച്ചർ നമ്പർ /തീയതി | പ്രോജക്ട് നമ്പർ | ഫണ്ട് |
|---|---|---|---|---|---|---|
| 1 | കുറ്റിമൂല നോർബർട്ട് ഹൗസ് കുടിവെള്ളപദ്ധതി | 118350<br>17960 | ഭൂജലവകുപ്പ് | 82/22.10.22<br>286/30.03.23 | 108/23 | CFC |
| 2 | ഹൈസ്കൂൾ കുവളമൊട്ടംകുന്ന് കുഴൽകിണർ നിർമ്മാണം | 174040 | ഭൂജലവകുപ്പ് | 123/31.01.23 | 135/23 | CFC |
| 3 | നമ്പാടികുന്ന് കുടിവെള്ളപദ്ധതി | 198614 | ഭൂജലവകുപ്പ് | 124/31.01,23 | 138/23 | CFC |

| | | | | | | |
|---|---|---|---|---|---|---|
| 4 | പെരുവക ലക്ഷംവീട് കുഴൽക്കിണർ നിർമ്മാണം | 174070 | ഭൂജലവകുപ്പ് | 125/31.01.23 | 139/23 | CFC |
| 5 | പൊൻകുന്നം പ്രദേശം കുഴൽക്കിണർ നിർമ്മാണം | 204514 | ഭൂജലവകുപ്പ് | 170/01.03.23 | 274/23 | CFC |
| 6 | അണ്ണിചെറൂർകോളനി കുഴൽക്കിണർ | 128522 | ഭൂജലവകുപ്പ് | 171/01.03.23 | 349/23 | CFC |
| 7 | കോട്ടക്കുന്ന് കുടിവെള്ളപദ്ധതി | 123236 | ഭൂജലവകുപ്പ് | 172/01.03.23 | 337/23 | CFC |
| 8 | കണിയാരം അങ്കണവാടി കുഴൽക്കിണർ | 189882 | ഭൂജലവകുപ്പ് | 173/01.03.23 | 471/23 | CFC |
| 9 | കരിയൻകുന്ന് അപ്പുകുട്ടിയുടെ സ്ഥലത്ത് കുഴൽക്കിണർ | 182849 | ഭൂജലവകുപ്പ് | 174/01.03.23 | 376/23 | CFC |
| 10 | മണ്ടകമൂല കുഴൽക്കിണർ | 199676 | ഭൂജലവകുപ്പ് | 188/18.03.23 | 427/23 | CFC |
| 11 | മൊട്ട കുഴൽക്കിണർ നിർമ്മാണം | 99966 | ഭൂജലവകുപ്പ് | 189/18.03.23 | 309/23 | CFC |
| 12 | ശിശുമന്ദിരം കുടിവെള്ളപദ്ധതി | 95671 | ഭൂജലവകുപ്പ് | 299/30.03.23 | 437/23 | CFC |
| 13 | കുളിക്കാവ് കുഴൽക്കിണർ നിർമ്മാണം | 138104 | ഭൂജലവകുപ്പ് | 302/30.03.23 | 484/23 | CFC |
| | ആകെ | 2045454 | | | | |

പദ്ധതികളുടെ പൂർത്തീകരണവിവരങ്ങളും വിനിയോഗസാക്ഷ്യപത്രങ്ങളും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 25/22-23/20.04.23 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ പൂർത്തീകരണസാക്ഷ്യപത്രങ്ങളും ധനവിനിയോഗവിവരങ്ങളും ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.രേഖകളുടെ അഭാവത്തിൽ 2045454 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

പഞ്ചാരക്കൊല്ലി സ്ട്രീറ്റ് മെയിൻ കണക്ഷനുവേണ്ടി അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പ്രോജക്ട് | അടങ്കൽ/ഫണ്ട് | തുക നൽകിയ സ്ഥാപനം | വൗച്ചർnumber /തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 656/23 പഞ്ചാരക്കൊല്ലി സ്ട്രീറ്റ് മെയിൻ കൺസ്ട്രക്ഷൻ | 150000/തനതുഫണ്ട് | കെ.എസ്.ഇ.ബി | 339/23/ 31.03.23 | 150000 |

കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് അടച്ചത്. തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ കരാർ വെച്ചതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 57 /22-23/29.01.24 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. 150,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു . -പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല.

നഗരസഭയിലെ വിവിധപൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തു.പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. നിർവഹണം-അസി.എഞ്ചിനീയർ

| ക്രമ നമ്പർ | പ്രോജക്ട്/ അടങ്കൽ | ചെലവഴിച്ച തുക | ഫണ്ട് | തുക നൽകിയ സ്ഥാപനം | വൗച്ചർ നമ്പർ /തീയതി | പ്രോജക്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | ലക്ഷം വീട് പ്രദേശം-കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 300000<br>75000 | CFC | വാട്ടർ അതോറിറ്റി | 83/29.10.22<br>84/10.11..22 | 166/23 |
| 2 | പാട്ടവയൽ പൈപ്പ് ലൈൻ നീട്ടൽ | 250000 | CFC | വാട്ടർ അതോറിറ്റി | 155/27.02.23 | 488/23 |

| | | | | | | |
|---|---|---|---|---|---|---|
| 3 | റബർകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 200000 | CFC | വാട്ടർ അതോറിറ്റി | 156/27.02.23 | 492/23 |
| 4 | 52-)ം മൈൽ പാട്ടവയൽ പൈപ്പ് ലൈൻ നീട്ടൽ | 250000 | CFC | വാട്ടർ അതോറിറ്റി | 157/27.02.23 | 411/23 |
| 5 | അയനിയാറ്റിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | CFC | വാട്ടർ അതോറിറ്റി | 159/27.02.23 | 249/23 |
| 6 | കുളങ്ങരക്കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 1,00,000 | CFC | വാട്ടർ അതോറിറ്റി | 162/27.02.23 | 362/23 |
| 7 | പുത്തൻപുര കോളനി പൈപ്പ് ലൈൻ നീട്ടൽ | 2,00,000 | CFC | വാട്ടർ അതോറിറ്റി | 163/27.02.23 | 441/23 |
| | ആകെ | 1575000 | | | | |

പ്രോജക്ടും തുക വാട്ടർ അതോറിറ്റിയിൽ നൽകിയതായുള്ള TR-59(E) ബില്ലും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.എസ്റ്റിമേറ്റ് ഫയലിൽ ഇല്ല.തുക ആവശ്യപ്പെട്ടുകൊണ്ടുള്ള വാട്ടർ അതോറിറ്റിയുടെ കത്തോ,തുക ലഭിച്ചതായുള്ള രശീതോ ഫയലിൽ ഇല്ല.തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കരാർ വെച്ചതായി കാണുന്നില്ല.പദ്ധതികളുടെ പൂർത്തീകരണവിവരങ്ങളും വിനിയോഗസാക്ഷ്യപത്രങ്ങളും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.58 /22-23 /29.01-24 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.പദ്ധതി പൂർത്തീകരിച്ചതിന്റെ തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.1575000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 കുടിവെള്ളപദ്ധതികൾക്ക് തുക ചെലവഴിക്കുന്നു- വിശദവിവരങ്ങൾ ലഭ്യമല്ല.

കുടിവെള്ളപദ്ധതികൾക്ക് തുക ചെലവഴിക്കുന്നുവെങ്കിലും പദ്ധതിഫയലുകളിൽ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ ,ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ച വിവരങ്ങളോ ഇല്ല.എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ പദ്ധതികൾ സംബന്ധിച്ച വിവരങ്ങളും ഇല്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | നിർവഹണം | അടങ്കൽ | ഫണ്ട് | വൗച്ചർ നമ്പര് | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 431/23 | വട്ടർകുന്ന് | അസി.എഞ്ചിനീയർ | 200000 | CFC-Tied | 275/23 /30.03.23 | 151917 |
| 103/23 | വട്ടർകുന്ന് കുടിവെള്ളപദ്ധതി | അസി.എഞ്ചിനീയർ | 700000 | CFC-Tied | 283/23 /30.03.23 | 637996 |
| 120/23 | ചോയിമൂല കുടിവെള്ളപദ്ധതി | അസി.എഞ്ചിനീയർ | 200000 | CFC-Tied | 24/22-23 /27.05.22<br>274/23 /30.03.23 | 130259<br>62053 |
| 404/22 | കണിയാരം ടവർകുന്ന് കുടിവെള്ളപദ്ധതി | അസി.എഞ്ചിനീയർ | 200000 | CFC-Tied | 26/23-22 /04.06.22 | 167280 |
| 147/23 | ഊർപ്പള്ളി കിണർ,മോട്ടോർ,ടാങ്ക് സ്ഥാപിക്കൽ | അസി.എഞ്ചിനീയർ | 100000 | CFC-Tied | 64/22-23 /30.07.22 | 97444 |

| | | | | | | |
|---|---|---|---|---|---|---|
| 160/23 | ചൂട്ടക്കട വ് കുടിവെള്ളപദ്ധതി | അസി.എഞ്ചിനീയർ | 300000 | തനതുഫണ്ട് | 63/22-23 /27.07.22 | 256416 |
| 333/23 | ചിറക്കര-22 നമ്പർ കമ്പനിപീടിക കുടിവെള്ളപദ്ധതി | അസി.എഞ്ചിനീയർ | 300000 | സി.എഫ്.സി | 340/23 /31.03.23 | 171774 |

തൻവർഷം തുക ചെലവഴിച്ച ഏതാനും പദ്ധതികളുടെ വിവരങ്ങൾ മാത്രമാണ് മേൽചേർത്തത്. തൻവർഷം നടപ്പാക്കിയ എല്ലാ കുടിവെള്ളപദ്ധതികളുടെ ഫയലിലും ഇത് തന്നെയാണ് സ്ഥിതി. പ്രോജക്ട് ഫയലിൽ കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥാവകാശം,നിലവിലെ അവസ്ഥ,സ്ഥലം വിട്ടുകിട്ടിയ രേഖകൾഎന്നിവ സംബന്ധിച്ച വിവരങ്ങൾ ഇല്ല.പല പദ്ധതികളുടെയും പൂർത്തീകരണത്തിന് വേണ്ടിയാണ് നിലവിൽ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.മുൻപ് പദ്ധതിയുടെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

സ.ഉ.(കൈ)84/22/ത.സ്വ.ഭ.വ.19.04.22 പ്രകാരം കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കണമെന്ന വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തുകയോ, കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.24/22-23/19.01.24 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-47 68 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഗ്യാസ് ക്രിമിറ്റോറിയം യാഥാർത്ഥ്യമായില്ല.

നഗരസഭ 2021-22 വർഷം നിർമ്മാണം ആരംഭിച്ച ഗ്യാസ് ക്രിമിറ്റോറിയം നിലവിലും പ്രവർത്തനക്ഷമമായി കാണുന്നില്ല.ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 31.03.23 വരെ പദ്ധതിക്കുവേണ്ടി ₹6813811 രൂപ ചെലവഴിച്ചിട്ടുണ്ട്.പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും അപാകതകൾ വന്നിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1-47-1 ഗ്യാസ് ക്രിമിറ്റോറിയം കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രിമിറ്റേറിയം കെട്ടിട നിർമ്മാണം ഇതുവരെയായും പൂർത്തിയായിട്ടില്ല, ഈ പദ്ധതിക്ക് താഴ ചേർത്ത പ്രകാരം 2021-22 ,2022-23 വർഷങ്ങളിലുമായി 58,00,000 രൂപ വകയിരുത്തിയിരുന്നു.ധനകാര്യകമ്മീഷൻ ഗ്രാന്റാണ് പദ്ധതിക്കുവേണ്ടി വകയിരുത്തിയത്.

| വർഷം | പ്രോജക്ട് നമ്പര് | പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 2021-22 | 13/22 | ഗ്യാസ് ക്രിമിറ്റോറിയം കെട്ടിടനിർമ്മാണം | 2492608 | 1621462 | 142/22.2.22 |
| 2022-23 | 629/23 | ഗ്യാസ് ക്രിമിറ്റോറിയം കെട്ടിടനിർമ്മാണം | 3307392 | 1538752 | 90/02.12.22 |

ഈ പ്രവൃത്തിക്ക് 58 ലക്ഷം രൂപ വകയിരുത്തിയതിൽ കെട്ടിടനിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ടെണ്ടർ നടത്തിയതിൽ 4035947.77 രൂപക്ക് ശ്രീ.എ.ഷമീർ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു,എഗ്രിമെന്റ് നമ്പർ-50/21-22/16.09.21. എഗ്രിമെന്റിലെ വ്യവസ്ഥകൾ പൂരിപ്പിച്ചിട്ടില്ല. കരാറുകാരനും നിർവഹണോദ്യോഗസ്ഥനും ഒപ്പ് വെച്ചിട്ടില്ല.നിർമ്മാണ കാലാവധി എന്നുവരെയാണെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.നാളിതുവരെയും കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയോ ഫൈനൽ ബിൽ കൈപ്പറ്റുകയോ ചെയ്തിട്ടില്ല.കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല.



*പണി തീരാത്ത ക്രിമിറ്റോറിയം കെട്ടിടം*

*പദ്ധതി നാളിതവരെയും പൂർത്തീകരിക്കാത്തതിനാൽ തൻവർഷത്തെ ചെലവ് 1538752 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.*

## 1-47-2 ഭൗതികസാഹചര്യങ്ങൾ ഒരുക്കാതെ ഉപകരണങ്ങൾ സ്ഥാപിച്ചു

കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതിനും മറ്റ് അനുബന്ധസൗകര്യങ്ങളും ഏർപ്പാടാക്കുന്നതിനും മലിനീനിയന്ത്രണബോർഡിന്റെ അനുവാദം ലഭ്യമാകുന്നതിനും മുന്പ് തന്നെ ഗ്യാസ് ക്രിമിറ്റോറിയത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി താഴെപ്പറയുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ-172/23 | ഗ്യാസ് ക്രിമിറ്റോറിയം ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ട് | CFC |
| ,അടങ്കൽ- | 3500000 |
| ,ചെലവഴിച്ച തുക | 3292646 |
| വൗച്ചർ നമ്പർ | 333/23/31.03.23-3184378 |
| വൗച്ചർ നമ്പർ- | 334/23/31.03.23-108269 |

മേൽ പ്രോജക്ടിൽ ക്രമിറ്റോറിയത്തിന്റെ ഉപകരണങ്ങൾ സ്ഥാപിച്ചതിന് വേണ്ടി PMC അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിച്ച അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് സെന്റേജ് ചാർജ്ജ് 108269 രൂപയും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ കരാറുകാരനായ നീഷാൻ & എൽ.ജെ.പ്രൈവറ്റ് ലിമിറ്റഡിന് ആകെ ചെയ്ത പ്രവൃത്തി മൂല്യത്തിൽ നിന്ന് (3184378 )നികുതിയിനത്തിൽ 134931 രൂപയും(ആദായനികുതി-53973,നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം-26986,GST-53972) 3% സെക്യൂരിറ്റി ഡെപ്പോസിറ്റും (81000 രൂപ) കുറവ് ചെയ്ത് 2968447രൂപയും നൽകിയിട്ടുണ്ട്.

കെട്ടിട നിർമ്മാണം പൂർത്തിയാക്കാതെയാണ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. കെട്ടിടനിർമ്മാണം പൂർത്തീകരിക്കാതെ ഉപകരണങ്ങൾ വാങ്ങിയതിനാൽ നിലവിലും ക്രിമിറ്റോറിയം പാതിവഴിയിലാണ്.ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പർച്ചേസിംഗ് കമ്മിറ്റി തീരുമാനം,സ്ഥാപനവുമായി വെച്ച എഗ്രിമെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് സമർപ്പിച്ച രേഖകൾ പ്രകാരം 14.03.23 നാണ് ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ അളവുകൾ രേഖപ്പെടുത്തിയത്.പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാകുന്നതിന് മുൻപ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴികെ മുഴുവൻ തുകയും അനുവദിക്കുകയാണുണ്ടായത്.



*പണി തീരാത്ത കെട്ടിടത്തിൽ സ്ഥാപിച്ച ഉപകരണങ്ങൾ*

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.01.22 ലെ 2241/സി.1/2019/എസ്.എം. ഉത്തരവ് പ്രകാരം 10 വർഷമെങ്കിലും തുടർപരിപാലനം ഏറ്റെടുത്ത് കരാർ വെക്കേണ്ടതുണ്ടായിരുന്നു.സേവനദാതാക്കൾ മൂന്ന് മാസത്തിലൊരിക്കൽ സ്ഥാപനം സന്ദർശിച്ച് പ്രവർത്തനക്ഷമത

ഉറപ്പാക്കേണ്ടതായിരുന്നു.മലിനീകരണനിയന്ത്രണബോർഡിൽ നിന്നും അനുമതി ലഭിച്ചതിനു ശേഷമായിരുന്നു പദ്ധതി നടപ്പാക്കേണ്ടത്.ശുചിത്വമിഷന്റെ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമായിരുന്നു പദ്ധതി നടപ്പാക്കേണ്ടത്.ഉപകരണങ്ങൾ സ്ഥാപിച്ച് 12 മാസത്തേക്ക് ഫ്രീ സർവീസും ഈ കാലയളവിനുള്ളിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ഒരാൾക്ക് പരിശീലനം നൽകുകയും പിന്നീട് സ്ഥാപനത്തിന്റെ താത്പര്യാർത്ഥം മെയിന്റനൻസ് കരാർ ഏറ്റെടുക്കേണ്ടതുമായിരുന്നു.

ഈ നിബന്ധനകളൊന്നും തന്നെ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.ഉപകരണങ്ങൾ സ്ഥാപിച്ച് ഒരു വർഷമാകാറായിട്ടും സ്ഥാപനം പ്രവർത്തനക്ഷമമായിട്ടില്ല.

ശുചിത്വമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണോ ഉപകരണങ്ങൾ സ്ഥാപിച്ചത് എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല.

### 1-47-3 വൈദ്യുതികണക്ഷന് തുക ചെലവഴിച്ചിട്ടും കണക്ഷൻ ലഭിച്ചിട്ടില്ല.

വൈദ്യുതികണക്ഷനുവേണ്ടി തുക ചെലവഴിച്ചിട്ടും നിലവിൽ വൈദ്യുതികണക്ഷൻ ലഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ-629/23

പ്രോജക്ട്-ക്രിമിറ്റോറിയത്തിലേക്ക് വൈദ്യുതികണക്ഷൻ

ഫണ്ട്-തനതുഫണ്ട്

അടങ്കൽ-67343

ചെലവഴിച്ച തുക-67343

വൗച്ചർ നമ്പർ-322/23/31.03.23

തുക ക്രിമിറ്റോറിയത്തിലേക്ക് ലൈൻ എക്സ്റ്റൻഷന് വേണ്ടി കെ.എസ്.ഇ.ബിയിൽ അടച്ചതാണ്.പദ്ധതി പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. നിലവിൽ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

### 1-47-4 കുടിവെള്ളകണക്ഷന് തുക ചെലവഴിച്ചിട്ടും വെള്ളം ലഭ്യമായിട്ടില്ല.

കുടിവെള്ളകണക്ഷന് വേണ്ടി തുക ചെലവഴിച്ചിട്ടും നിലവിലും ക്രിമിറ്റോറിയത്തിൽ വെള്ളം ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ-197/23

പ്രോജക്ട്-ഗ്യാസ് ക്രിമിറ്റോറിയം കുടിവെള്ള കണക്ഷൻ

ഫണ്ട്-തനതുഫണ്ട്

അടങ്കൽ-183608

ചെലവഴിച്ച തുക- 183608

വൗച്ചർ നമ്പർ 225/27.03.23 പ്രകാരം 90000 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചു. എന്നാൽ കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടില്ല.

വൗച്ചർ നമ്പർ-261/23/30.03.23-93608 ഗ്യാസ് ക്രിമിറ്റോറിയം പ്ലംബിംഗിന് വേണ്ടി ചെലവഴിച്ചതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയെങ്കിലും തുക ചെലവഴിച്ചത് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

### 1-47-5 മലിനീകരണനിയന്ത്രണബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

മലിനീകരണനിയന്ത്രണബോർഡിന്റെ അംഗീകാരത്തിന് അപേക്ഷിച്ചിട്ട് നിലവിലും അംഗീകാരംലഭിച്ചിട്ടില്ല. അംഗീകാരം ലഭ്യമാകാതെയാണ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്

പ്രോജക്ട് നമ്പർ-196/23

പ്രോജക്ട്-ഗ്യാസ് ക്രിമിറ്റോറിയം കെട്ടിടനിർമ്മാണത്തിന് NOC ലഭ്യമാക്കൽ

ഫണ്ട്-തനതുഫണ്ട്

അടങ്കൽ-11,0,000

ചെലവഴിച്ച തുക-11,0,000

വൗച്ചർ നമ്പർ-365/23/31.03.23-11,0,000-തുക പൊല്യൂഷൻ കൺട്രോൾ ബോർഡിൽ അടച്ചതല്ലാതെ NOC ലഭ്യമായിട്ടില്ല.മലിനീകരണനിയന്ത്രണബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിന് മുൻപ് ഉപകരണങ്ങൾ സ്ഥാപിച്ചു.

മേൽപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല.

**24.01,24 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം പൂർണ്ണമായി പണിതിട്ടില്ല എന്ന് കണ്ടു.കെട്ടിടത്തിലേക്കുള്ള വഴിയും**

**പണിതീർത്തിട്ടില്ല.സൈഡ് കെട്ടി മണ്ണ് നിറച്ച അവസ്ഥയിലാണ് റോഡ്.പണിതീരാത്ത കെട്ടിടത്തിൽത്തന്നെ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.കോമ്പൗണ്ട് വാളും കെട്ടിടവും സുരക്ഷിതമായ രീതിയിൽ പണി തീർക്കാത്ത കെട്ടിടത്തിൽ ആണ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.കെട്ടിടത്തിൽ വൈദ്യുതിയോ ,വാട്ടർകണക്ഷനോ ഇല്ല.**

വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 59 /22-23/29.01. 24 ക്ക് മറുപടി നൽകിയിട്ടില്ല.പദ്ധതി അടിയന്തിരമായി യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-48 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ -അവലോകനം

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധരും കായികാധ്വാനത്തിന് തയ്യാറുള്ളവരുമായ ഓരോകുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തികവർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പു നൽകുന്നു. നഗരപ്രദേശങ്ങളിലെ ദാരിദ്രനിർമ്മാർജ്ജനവും സാമൂഹിക ആസ്തികളുടെ നിർമ്മാണവും അതോടൊപ്പം കുടുംബത്തിന് പ്രതിവർഷം പതിനായിരം രൂപയുടെ അധിക വരുമാനം ഉറപ്പാക്കലുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ പരിപോഷണം, മണ്ണ് ജല ജൈവസമ്പത്തുകളുടെ സംരക്ഷണം എന്നിവയാണ് ഈ പദ്ധതിയുടെ മറ്റു പൊതു ലക്ഷ്യങ്ങൾ. തദ്ദേശ ഭരണവകുപ്പിന്റെ 3-11-2010 ലെ സ,ഉ (കൈ) നം, 252 /2010 പ്രകാരം പദ്ധതി നടത്തിപ്പന്റെ മാർഗ്ഗരേഖയും, സ.ഉ.(കൈ) നം. 216 /2017/ ത.സ്വ.ഭ.വ തീയതി 03-11-2017 പ്രകാരം പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.മാനന്തവാടി നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. 2022-23 വർഷത്തിൽ നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | 2022-23 ൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 599 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 7255 |
| 3 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2546 |
| 4 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2546 |
| 5 | 100 തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 53158 |
| 7 | ആസ്തി സൃഷ്ടിച്ച വിധത്തിലുള്ള പ്രവർത്തികളുടെ എണ്ണം | 0 |

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്ക് 2022-23

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| 2022-23 | 48,03,046 | 177,03,585 | 2,25,06,631 | 22310655 | 195,976 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 ൽ 2268 പ്രവൃത്തികൾ ഉൾപ്പെടുന്ന വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ 252 പ്രവൃത്തികൾ മാത്രമാണ് 2022-23 ൽ നടപ്പാക്കിയിട്ടുള്ളത്. ഇത് അംഗീകരിച്ച വാർഷിക പദ്ധതിയുടെ 11% മാത്രമാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക വാർഡ് സഭ ചേർന്നിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യമായ 100തൊഴിൽ ദിനങ്ങൾ ഒരു കുടുംബത്തിനും നൽകാൻ സാധിച്ചിട്ടില്ല. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായുള്ള ഫണ്ടിന്റെ അഭാവം മൂലം 2022-23 വർഷം നടപ്പാക്കിയ 235പ്രവൃത്തികളിലും പ്രതിഫലം നൽകാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ നൽകിയവരിൽ സ.ഉ (കൈ) നം.54 /2019 /തസ്വഭവ, തിരുവനന്തപുരം, തീയതി, 25-05-2019 പ്രകാരം ക്ഷിര കർഷകരെ പദ്ധതിയിൽ കീഴിൽ ഉൾപ്പെടുത്തിയത് വളരെ പ്രയോജനകരമാണ്. ഇതനുസരിച്ച് സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും രണ്ടോ അതിലധികമോകറവയുള്ളതും ദിവസങ്ങളിൽ 10 ലിറ്ററിൽ കുറയാത്ത പാൽ ക്ഷിരകർഷക സഹകരണ സംഘത്തിൽ നൽകുന്നതുമായ കർഷകർക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് 569 ഗുണഭോക്താകൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 8516 തൊഴിൽ ദിനങ്ങളിലായി ₹ 26,48,476രൂപ ക്ഷിരകർഷകർക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുണ്ട്. ക്ഷിര കർഷകരെ ഈ ആനുകൂല്യത്തിന് തെരഞ്ഞെടുക്കുമ്പോൾ മേൽ മാർഗ്ഗ നിർദ്ദേശ പ്രകാരം പൂർണ്ണമായും അർഹരായവരെ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ജൈവ പുതയിടൽ, റോഡ് നീർച്ചാൽ നിർമ്മാണം, തോട് പുനരുദ്ധാരണം, പൊതു കുളം നിർമ്മാണം, മഴകുഴി നിർമ്മാണം. ഉടങ്ങിയ പ്രവർത്തനങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ നഗരസഭയുടെ ഉൽപാദന മേഖലയിലെ പ്രോജക്റ്റുകളുമായി ചേർന്നുള്ള യാതൊരു പ്രവൃത്തിയും നിർവ്വഹിച്ചിട്ടില്ല. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ബഡ്ജറ്റിൽ നിർണ്ണയിച്ചിട്ടുള്ളതിൽ 11% പ്രവൃത്തികൾ മാത്രമാണ്

നിർവ്വഹിക്കാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ വാർഷിക ലേബർ ബഡ്ജറ്റ് പ്രകാരം തയ്യാറാക്കി അംഗീകരിച്ച പ്രവൃത്തികൾ പൂർണ്ണമായും നിർവ്വഹിച്ച്, 100 തൊഴിൽ ദിനങ്ങൾ പരമാവധി കുടുംബങ്ങൾക്ക് നൽകിയും, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനുള്ള തുടർ പ്രവർത്തനങ്ങൾ തുടർവർഷങ്ങളിൽ നടപ്പാക്കേണ്ടതാണ്,

## 1-49 പദ്ധതി ആസൂത്രണത്തിലെ പിഴവ് -വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ഷീ-ലോഡ്ജ് നിർമ്മാണം ഇനിയും പൂർത്തീകരിച്ചിട്ടില്ല.

നഗരസഭ 2018-19വർഷം നിർമ്മാണം ആരംഭിച്ച ഷീ-ലോഡ്ജ് നിലവിലും പ്രവർത്തനക്ഷമമായി കാണുന്നില്ല.

പ്രോജക്ട് നമ്പർ-156/18-19, 48/22-23

പ്രോജക്ട്-ഷീ-ലോഡ്ജ് നിർമ്മാണം

ഫണ്ട്-വികസനഫണ്ട്-30 ലക്ഷം,തനതുഫണ്ട്-30 ലക്ഷം,അടങ്കൽ-6000000

ചെലവഴിച്ച തുക-

| ബിൽ | തുക | | |
|---|---|---|---|
| ഒന്നാം പാർട്ട് ബിൽ | 800194 | | 148/29/02/20 |
| രണ്ടാം പാർട്ട് ബിൽ | 865754 | 699806 | 70/03/06/20 |
| | | 165948 | 72/03.06.20 |
| മൂന്നാം പാർട്ട് ബിൽ | 1239337 | | 22200606/16.09.22 |
| നാലാം പാർട്ട് ബിൽ | 782299 | | 193/18.03.23 |
| ആകെ | 3687584 | | |

2018-19 വർഷം 60ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പദ്ധതി ഇ-ടെണ്ടർ ചെയ്യുകയും ശ്രീ.ജെയ്സൺ ജോയി എന്ന കരാറുകാരൻ 5596034.34 രൂപക്ക് പ്രവൃത്തി ഏറ്റെടുക്കുകയുംചെയ്തു. നമ്പർ-ME/MM/LSGD/116/18-19 /15.02.19 പ്രകാരം എഗ്രിമെന്റും തയ്യാറാക്കിയിട്ടുണ്ട് എന്നാൽ എഗ്രിമെന്റിലെ വ്യവസ്ഥകൾ പൂരിപ്പിച്ചിട്ടില്ല. നിർവഹണോദ്യോഗസ്ഥൻ എഗ്രിമെന്റിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല,നിർമ്മാണ കാലാവധി കരാറിൽ വ്യക്തമാക്കിയിട്ടില്ല . ഈ കെട്ടിടം നാളിതുവരെയും പൂർത്തീകരിക്കുകയോ ഫൈനൽ ബിൽ നൽകുകയോ ചെയ്തിട്ടില്ല.31.03.23 വരെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചുനൽകിയ ഉത്തരവ് ഫയലിലുണ്ട്.എന്നാൽ വ്യക്തമായ കാരണങ്ങളാലാണോ കാലാവധി ദീർഷിപ്പിച്ചുനൽകിയത് എന്ന് വ്യക്തമല്ല. വയനാട് മെഡിക്കൽ കോളേജിന്റെ കോമ്പൗണ്ടിന് സമീപമുള്ള ഈ കെട്ടിടം നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല.ഓഡിറ്റിന് ഹാജരാക്കിയ ആസ്തിരജിസ്റ്ററിൽ കെട്ടിടം സംബന്ധിച്ച വിവരങ്ങളില്ല.29.01.24 തീയതിയിൽ നടത്തിയ ഭൗതികപരിശോധനയിൽ വയനാട് മെഡിക്കൽ കോളേജിന്റെ മോർച്ചറിയുടെ മുൻഭാഗത്തായാണ് ഈ കെട്ടിടം സ്ഥിതിചെയ്യുന്നത് എന്നും, നിർമ്മാണം നടത്തിയ രണ്ട് നില കെട്ടിടത്തിന്റെ മുകൾഭാഗം പില്ലറുകളും മേൽക്കൂരയും മാത്രം പൂർത്തീകരിച്ച അവസ്ഥയിലാണ് എന്നും കാണുകയുണ്ടായി കെട്ടിടത്തിന്റെ.താഴത്തെ നില പൂർത്തീകരിച്ചതായി കാണുന്നുവെങ്കിലും പ്രവേശനഭാഗം കാട്ടുമൂടിയ അവസ്ഥയിലാണ് .വൈദ്യുതികണക്ഷനോ, വാട്ടർകണക്ഷനോ ലഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല.



ചിത്രത്തിൽ നടുവിൽ കാണുന്നതാണ് ഷീ ലോഡ്ജിന് വേണ്ടി പണിത കെട്ടിടം

മേൽ വസ്തുതകൾ വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം. 60 /22-23/29.01.24 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കേണ്ടതും പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതിരിക്കാൻ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-50 ടെണ്ടർ ഫോറം വില ഈടാക്കിയതിന്റെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

അസി.എഞ്ചിനീയർ 2022-23 വർഷം നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ടെണ്ടർ ഫോറം വില , ഇ.എം.ഡി എന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.നഗരസഭയിൽനിന്ന് ലഭിക്കുന്ന ടെണ്ടർഫോറങ്ങൾക്ക് 2022-23 വർഷം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 2019-20 വരെയുള്ള വിവരങ്ങളാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്.അസി.എഞ്ചിനീയർ ഡിമാന്റ് ചെയ്യുന്ന തുകകൾ നഗരസഭയുടെ ഫ്രണ്ട് ഓഫീസിൽ അടച്ചതിന്റെ രശീതുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ ഏത് വർക്കിന്റെ ടെണ്ടർഫോറം വില/ ഇ.എം.ഡി ആണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല.പല പ്രോജക്ടുകളുടെയും ടെണ്ടർഫോറം വില ഒരുമിച്ചാണ് അടച്ചിട്ടുള്ളത്.ഏതൊക്കെ പ്രവൃത്തികളുടെ ഫോറംവിലയാണെന്ന് രശീതുകളിൽ രേഖപ്പെടുത്തിയിട്ടില്ല.വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.13/19.01.24 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ എഴുതിസൂക്ഷിച്ചിട്ടില്ല എന്നാണറിയിച്ചത്.നഗരസഭയിൽനിന്നാണ് അസി.എഞ്ചിനീയർക്ക് ടെണ്ടർഫോറങ്ങൾ നൽകുന്നത്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ടെണ്ടർഫോറങ്ങൾക്ക് നഗരസഭയിലും ടെണ്ടർഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-51 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ - ഹാജരാക്കിയിട്ടില്ല.

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവുകൾ സംബന്ധിച്ച പ്രോജക്ടുകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ മുഖേനയും നേരിട്ടും നിർദ്ദേശം നൽകിയിരുന്നെങ്കിലും രേഖകൾ ഓഡിറ്റ് ചെയ്യുന്നതിന് പര്യാപ്തമായ രീതിയിൽ തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം. | പ്രോജക്റ്റിന്റെ നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|---|
| 1 | 666/23 | പി.എച്ച്.സി കുറുക്കൻമൂലയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ | 400000തനത് ഫണ്ട് | 63454 |
| 2 | 542/23 | സിക്കിൾസെൽ അനീമിയ | 50000 തനത് ഫണ്ട് | 50000 |
| 3 | 540/23 | മാനന്തവാടി നഗരസഭയ്ക്ക് ഫിസിക്കൽ തെറാപ്പിസ്റ്റ് നിയമനവും ഉപകരണങ്ങൾ വാങ്ങലും | 300000 തനത് ഫണ്ട് | 38710 |
| 4 | 46/23 | പാലിയേറ്റീവ് പരിചരണം | 20720 തനത് ഫണ്ട് | 20450 |
| 5 | 541/23 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 150000 തനത് ഫണ്ട് | 25100 |
| | 539/23 | പി.എച്ച്.സി കുറുക്കൻമൂലയില കണ്ടിജൻസി ചിലവുകൾ തുക നൽകൽ | 2500000 തനത് ഫണ്ട് | 158869 |
| | 614/23 | വയോമിത്രം - വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ | 500000 വികസന ഫണ്ട്- ജനറൽ | 200104 |
| | 6/23 | പാലിയേറ്റീവ് പരിചരണം | 1000000 (വികസന ഫണ്ട്- ജനറൽ - 500000<br>തനത് ഫണ്ട് - 500000) | വികസന ഫണ്ട്- ജനറൽ - 465140<br>തനത് ഫണ്ട് - 401528 |

| | | |
|---|---|---|
| **ആകെ** | | 1423355 |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവുകളുടെ വിവരങ്ങൾ മാത്രമാണ് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് രേഖകൾ സൂക്ഷിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ രേഖകൾ ഓഡിറ്റ് പരിശോധനക്ക് പര്യാപ്തമായ വിധത്തിൽ ക്രമീകരിച്ച് കൃത്യത ഉറപ്പ് വരുത്തി ഹാജരാക്കേണ്ടതാണ്.പ്രസ്തുത രേഖകൾ ഹാജരാകാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാവും ) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കോ നിലവിലില്ല എന്നനിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. രേഖകൾ കൃത്യത ഉറപ്പ് വരുത്തി അനുബന്ധ രേഖകളോടൊപ്പം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 65 തീയതി 29/01/2024) മറുപടി ലഭ്യമാക്കുകയോ രേഖകൾ തൃപ്തികരമായ രീതിയിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്റ്റുകൾക്കായി ആകെ ചെലവഴിച്ച 1423355 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തടസ്സവാദം സംബന്ധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-52 പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പിലാക്കിയ പ്രോജക്ടുൾ - രേഖകൾ ഹാജരാക്കിയിട്ടില്ല.

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം പ്രോജക്ട് ഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവുകൾ സംബന്ധിച്ച പ്രോജക്ടുകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ മുഖേനയും നേരിട്ടും നിർദ്ദേശം നൽകിയിരുന്നെങ്കിലും രേഖകൾ ഓഡിറ്റ് ചെയ്യുന്നതിന് പര്യാപ്തമായ രീതിയിൽ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|---|
| 1 | 17/23 | ബഡ്സ് സ്കൂൾ നടത്തിപ്പ് | 142610 വികസന ഫണ്ട്- പൊതു വിഭാഗം | 113401 |
| 2 | 520/23 | ഭവനനവീകരണം ജനറൽ | 2880000<br>വികസന ഫണ്ട്- പൊതു വിഭാഗം - 5.00,000<br>തനത് ഫണ്ട് - 2380000 | ബിൽ നം.16 തീയതി 20.01.23 – 500000 വികസന ഫണ്ട്- പൊതു വിഭാഗം )<br>തനത് ഫണ്ട് - 2360000 |
| 3 | 14/23 | ബഡ്സ് സ്കൂൾ നടത്തിപ്പ് | 900000 വികസന ഫണ്ട്- പൊതു വിഭാഗം | 530946<br>ചെലവ് പത്രിക പ്രകാരം 871280 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ട്രഷറി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 498/23 | പി.എം.എ വൈ ലൈഫ് ( നഗരസഭ വിഹിതം നൽകൽ - ജനറൽ | 14050700 വികസന ഫണ്ട്- പൊതു വിഭാഗം | 10025000 |
| 5 | 499/23 | പി.എം.എ വൈ ലൈഫ് ( നഗരസഭ വിഹിതം നൽകൽ - എസ്.സി | 3307600 വികസന ഫണ്ട്- എസ്.സി.പി | 236000 |
| 6 | 521/23 | പി.എം.എ വൈ | 1700000 | 11200000 |

| | | | | |
|---|---|---|---|---|
| | | ലൈഫ് ( നഗരസഭ വിഹിതം നൽകൽ - എസ്.ടി | വികസന ഫണ്ട്- ടി.എ.പി | |
| 7 | 500/23 | പി.എം.എ വൈ ലൈഫ് ( നഗരസഭ വിഹിതം നൽകൽ - എസ്.ടി | 7212461 വികസന ഫണ്ട്- ടി.എ.പി | 4280000 |
| 8 | 505/23 | വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണം | 3173402<br>ധനകാര്യ കമ്മീഷൻ അവാർഡ് - 1800000<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 1373402 | 880000 |
| 9 | 545/23 | കിടപ്പ് രോഗികൾക്കും ക്യാൻസർ രോഗികൾക്കും കിറ്റ് വിതരണം | 1000000 തനത് ഫണ്ട് | 700000 |
| **ആകെ** | | | | **30825347** |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവുകളുടെ വിവരങ്ങൾ മാത്രമാണ് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുലേഖ ചെലവ് പത്രികയിൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല.പ്രസ്തുത രേഖകൾ ഹാജരാകാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാവും ) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കോ നിലവിലില്ല എന്നനിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. രേഖകൾ കൃത്യത ഉറപ്പ് വരുത്തി അനുബന്ധ രേഖകളോടൊപ്പം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 66 തീയതി 29/01/2024) മറുപടി ലഭ്യമാക്കുകയോ രേഖകൾ തൃപ്തികരമായ രീതിയിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായി ആകെ ചെലവഴിച്ച 30825347/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-53 അതിദരിദ്രർക്ക് ലഘുഭക്ഷണ പദ്ധതി- കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകളില്ല. വിതരണ സ്ഥാപനത്തിന് മുൻകൂറായി മുഴുവൻ തുകയും അനുവദിച്ചു.

മാനന്തവാടി നഗരസഭ ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യാഗസ്ഥനായി 2022-23 സാമ്പത്തിക വർഷം അതിദരിദ്രവിഭാഗങ്ങളെ ദാരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി താഴെപറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 627/23 |
| പ്രോജക്ടിന്റെ പേര് | അതിദാരിദ്ര്യ ലഘൂകരണ പദ്ധതി |
| അടങ്കൽ | 1000000 |
| ഫണ്ടിനം | വികസനഫണ്ട് - പൊതുവിഭാഗം - |
| ചെലവഴിച്ച തുക | |
| 1. ബിൽ റഫറൻസ് നമ്പർ- | 22180447000901452526തീയതി 23/03/2023 തുക- 515400/- |
| 2.ബിൽ റഫറൻസ് നമ്പർ | 22180447000901579654തീയതി 31/03/2023 - തുക- 9100/- |
| ആകെ ചെലവഴിച്ച തുക | 524500/- രൂപ |

നഗരസഭ പരിധിയിലെ 73 കുടുംബങ്ങളെയാണ് അതിദരിദ്രർ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിട്ടുള്ളത്. ആയതിൽ 1 അംഗം മാത്രമുള്ള 58 കുടുംബങ്ങളും 2 അംഗങ്ങളുള്ള 12 കുടുംബങ്ങളും 3ൽ അധികം അംഗങ്ങളുള്ള 3 കുടുംബങ്ങളും ഉൾപ്പെടുന്നു. 27/02/2023 തീയതിയിലെ 21/21/23 നമ്പർ തീരുമാനം പ്രകാരം മേൽ പ്രോജക്ട് താഴെപ്പറയുന്ന രീതിയിൽ

നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

1.ആശ്രയ ഗുണഭോക്താക്കൾക്കുള്ള ഭക്ഷണകിറ്റിൽ ഉൾപ്പെട്ടിട്ടുള്ള സാമഗ്രികൾ നൽകുക

2.12 മാസത്തെ കിറ്റുകൾക്കുള്ള തുക ഒരുമിച്ച് അനുവദിച്ച് മാർച്ച് മാസം മുതൽ 6 തവണകളായി നൽകുക

3.കൽപ്പക സ്റ്റോഴ്സ് മാനന്തവാടി എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷണ സാമഗ്രികൾ വാങ്ങി നൽകുക.

4.ഒരംഗ കുടുംബത്തിന് 500 രൂപയുടെയും 2 അംഗ കുടുംബത്തിന് 850 രൂപയുടെയും 3ഉം അതിലധികവും അംഗങ്ങളുള്ള കുടുംബത്തിന് 1250 രൂപയുടെയും കിറ്റുകൾ നൽകുക.
13.032023 ന് എച്ച്1-2337/23 നമ്പർ ആയി നൽകിയ സപ്ലൈ ഓർഡർ പ്രകാരം കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങൾ താഴെപ്പറയുന്നവയാണ്.

| വിതരണം നടത്തേണ്ട സാധനങ്ങള്‍ | 500 രൂപയുടെ കിറ്റിൽ ഉൾപ്പെടുത്തേണ്ട അളവ് | 850 രൂപയുടെ കിറ്റിൽ ഉൾപ്പെടുത്തേണ്ട അളവ് | 1250 രൂപയുടെ കിറ്റിൽ ഉൾപ്പെടുത്തേണ്ട അളവ് |
|---|---|---|---|
| കടല | 500 ഗ്രാം | 1 കി.ഗ്രാം | 2 കി ഗ്രാം |
| ചെറുപയർ | 500 ഗ്രാം | 1 കി.ഗ്രാം | 2 കി.ഗ്രാം |
| ഉഴുന്ന് | 500 ഗ്രാം | 1 കി.ഗ്രാം | 1 കി.ഗ്രാം |
| വൻപയർ | 500 ഗ്രാം | 1 കി.ഗ്രാം | 1 കി.ഗ്രാം |
| നിലക്കടല | 500 ഗ്രാം | 1 കി.ഗ്രാം | 1 കി.ഗ്രാം |
| ഗ്രീൻപീസ് | 1 കി ഗ്രാം | 1 കി.ഗ്രാം | 2 കി.ഗ്രാം |
| മുതിര | 500 ഗ്രാം | 1 കി.ഗ്രാം | 1 കി.ഗ്രാം |
| പരിപ്പ് | 500 ഗ്രാം | 500 ഗ്രാം | 1.5 കി.ഗ്രാം |
| പഞ്ചസാര | 1 കി ഗ്രാം | 1 കി.ഗ്രാം | 2 കി.ഗ്രാം |
| വെളിച്ചെണ്ണ | 500 മി.ലി | 1 ലിറ്റർ | 1.5 ലിറ്റർ |

മേൽ സപ്ലൈ ഓർഡർ പ്രകാരം വിതരണം ചെയ്യാൻ ആവശ്യപ്പെട്ട സാധനങ്ങളിൽ വെളിച്ചെണ്ണ (HSN Code 15131100 നികുതി നിരക്ക് 5%), പഞ്ചസാര (HSN Code 170111 നികുതി നിരക്ക് 5%) എന്നിവ ഉൾപ്പെടുന്നു. ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം പ്രതിമാസം 500 രൂപ മൂല്യമുള്ള 58 കിറ്റുകളും 850 രൂപ മൂല്യമുള്ള 12 കിറ്റുകളും 1250 രൂപ മൂല്യമുള്ള 3 കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർ 13.03.2023 തീയതിയിലെഎച്ച്1-2337/23 നമ്പർ സപ്ലൈ ഓർഡർ മുഖേന 12 മാസത്തെ ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തിയയിനത്തിൽകൽപ്പക സ്റ്റോറിന് താഴെപ്പറയുന്ന ജി.എസ്.റ്റി ഇൻവോയ്സ് പ്രകാരം തുകഅനുവദിക്കുകയുണ്ടായി.

| | ബിൽ നം | തീയതി | തുക |
|---|---|---|---|
| 1 | F/8376 | 17/03/2023 | 42950 |
| 2 | F/8377 | 17/03/2023 | 42950 |
| 3 | F/8378 | 17/03/2023 | 42950 |
| 4 | F/8380 | 17/03/2023 | 42950 |
| 5 | F/8381 | 17/03/2023 | 42950 |
| 6 | F/8382 | 17/03/2023 | 42950 |
| 7 | F/8383 | 17/03/2023 | 42950 |
| 8 | F/8384 | 17/03/2023 | 42950 |
| 9 | F/8385 | 17/03/2023 | 42950 |
| 10 | F/8386 | 17/03/2023 | 42950 |
| 11 | F/8387 | 17/03/2023 | 42950 |
| 12 | F/8388 | 17/03/2023 | 42950 |
| ആകെ | | | 515400 |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ 25.03.2023 തീയതിയിലെ എച്ച്1-2337/23 പ്രകാരം 515400 രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഒരു ഗുണഭോക്താവിന് കട്ടിൽ നൽകിയതിനുള്ള വിലയായി 4500 രൂപ തങ്കമണി ഏജൻസീസ് മാനന്തവാടി എന്ന സ്ഥാപനത്തിനും വീൽ ചെയർ വിതരണം നടത്തിയതിന് മെഡോൺ സർജിക്കൽസ്

എന്ന സ്ഥാപനത്തിന് 4600 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 18/01/2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ മറുപടി താഴെപറയുന്ന കാരണങ്ങളാൽ അംഗീകരിക്കാവതല്ല.

1.ഭാവിയിൽ വിതരണം നടത്തേണ്ട സാധനങ്ങൾക്ക് സർക്കാതിര സ്ഥാപനത്തിന് മുൻകൂറായി തുക നൽകി. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അതിദരിദ്രർക്ക് കിറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടിയാണ് മുഴുവൻ തുകയും മുൻകൂറായി തുക നൽകിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കത്തക്കതല്ല. തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മുൻകൂർ നൽകിയ തുകയ്ക്ക് നിയമാനുസൃതം ഈടാക്കേണ്ട പലിശ ഈടാക്കി സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

2.സ.ഉ(കൈ) നം.115/22 തസ്വഭവ തീയതി 28.05.2022 പ്രകാരം കട്ടിൽ വിതരണം നടത്തുന്നതിന് പരമാവധി അനുവദിക്കാവുന്ന തുക 4350 രൂപയാണ്. എന്നാൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയതിനെക്കാൾ തുക അനുവദിച്ചു. അധിക തുക അനുവദിച്ചതിന് വ്യക്തമായ കാരണം ബോധിപ്പിച്ചിട്ടില്ല.

3.ഭക്ഷ്യകിറ്റുകൾ, വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ഏത് മാസത്തിലെ കിറ്റ് ആണ് നൽകിയത് എന്ന് വ്യക്തമാക്കാത്ത ഒരു വിതരണ രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത വിതരണ രജിസ്റ്ററിൽ ഭക്ഷ്യകിറ്റുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ചതിൽ ക്രമ നംബർ 11,12,13 എന്നിവയിൽ ഒരെതരം ഒപ്പ് രേഖപ്പെടുത്തി ഒരെ വ്യക്തിയാണ് മേൽ ഗുണഭോക്താകളുടെ ഭക്ഷ്യകിറ്റുകൾ കൈപ്പറ്റിയതായി കാണുന്നു. ഭക്ഷ്യകിറ്റുകൾക്ക് 12 മാസത്തെ തുക നൽകിയിട്ടുണ്ടെങ്കിലും പദ്ധതി തീരുന്നത് 3/24 ന് മാത്രമാണ്. 1/2024 വരെ (ഓഡിറ്റ് തീയതി വരെ) 10 മാസങ്ങളിൽ 9 മാസങ്ങളിലെ വിതരണ വിവരം ഹാജരാക്കിയിട്ടില്ല. കൂടാതെ ഭക്ഷ്യ സാധനങ്ങൾ വിതരണം നടത്തുന്നതിന് സ്ഥാപനം നൽകിയ മുഴുവൻ ബില്ലുകളും ഒരേ ദിവസം തന്നെയാണ് കാണിച്ചിട്ടുള്ളത്. തുടർ മാസങ്ങളിൽ വിതരണം നടത്തുന്നതിനാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിട്ടുള്ളത്. മാത്രമല്ല തുടർമാസങ്ങളിൽ വിതരണം ചെയ്ത സാധനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചതിനുള്ള രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

4.ഭക്ഷ്യ കിറ്റ് ജി.എസ്.റ്റി ഇൻവോയ്സിൽ എച്ച് എസ് എൻ കോഡ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 0713 ആണ്. പ്രസ്തുത എച്ച്എസ്എൻ കോഡ് പ്രകാരം ഉണക്കിയ പച്ചക്കറികളാണ് വിൽപ്പന നടത്തേണ്ടത്. നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ സപ്ലൈ ഓർഡർ പ്രകാരം കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളിൽ വെളിച്ചെണ്ണയും പഞ്ചസാരയും ഉണ്ട്. ഇവ രണ്ടും 5% ചരക്ക് സേവന നികുതി ഈടാക്കേണ്ടവയാണ്. 500 രൂപയുടെ കിറ്റിൽ 1 കി.ഗ്രാം പഞ്ചസാരയും 500 മി.ലി വെളിച്ചെണ്ണയും 850 രൂപയുടെ കിറ്റിൽ 1 കി.ഗ്രാം പഞ്ചസാരയും 1 ലിറ്റർ വെളിച്ചെണ്ണയും 1250 രൂപയുടെ കിറ്റിൽ 2 കി.ഗ്രാം പഞ്ചസാരയും 1.5 ലിറ്റർ വെളിച്ചെണ്ണയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ പ്രതിമാസം 500 രൂപ മൂല്യമുള്ള 58 കിറ്റുകളും 850 രൂപ മൂല്യമുള്ള 12 കിറ്റുകളും 1250 രൂപ മൂല്യമുള്ള 3 കിറ്റുകളും വിതരണം നടത്തുന്നതിനുള്ള തുക 12 മാസത്തേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ആകെ 912 കിലോഗ്രാം പഞ്ചസാരയും 546 ലിറ്റർ വെളിച്ചെണ്ണയുടെയും വില ഉൾപ്പെടെ കിറ്റ് വിതരണത്തിനായി നൽകിയിട്ടുണ്ട്. എന്നാൽ ജി.എസ്.റ്റി ബിൽ തയ്യാറാക്കുമ്പോൾ ഇനം തിരിച്ച് HSN Code രേഖപ്പെടുത്തി ബിൽ തയ്യാറാക്കാതെ തെറ്റായ HSN കോഡ് രേഖപ്പെടുത്തിയ ഇൻവോയ്സ് നൽകി സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി ബില്ലിൽ ഉൾപ്പെടുത്താതെയാണ് തുക നൽകിയിട്ടുള്ളത്. ആകെ 912 കിലോഗ്രാം പഞ്ചസാരയും 546 ലിറ്റർ വെളിച്ചെണ്ണയും വിതരണം നടത്തിയതിന് സർക്കാരിലേക്ക് സേവന നികുതി ഒടുക്കേണ്ടതായുണ്ട്. ഇത് ഈടാക്കുകയോ ഇൻവോയ്സിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വിതരണം നടത്തിയ ഇനങ്ങൾക്ക് നികുതി ബാധകമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ബില്ലിൽ രേഖപ്പെടുത്തിയ തെറ്റായ HSN കോഡ് രേഖപ്പെടുത്തി നികുതി വെട്ടിച്ചതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മുഴുവൻ മാസങ്ങളിലും ഗുണഭോക്താക്കൾക്ക് കിറ്റുകൾ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാലും സർക്കാരിലേക്ക് ലഭിക്കേണ്ട ചരക്ക് സേവന നികുതി ഈടാക്കാതെ തെറ്റായ ബില്ലിന് തുക നൽകിയത് കാരണം ആകെ ചെലവഴിച്ച 524500 രൂപ തടസ്സപ്പെടുത്തുന്നു. കിറ്റുകൾ വിതരണം നടത്താതെ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മുഴുവൻ തുകയും മുൻകൂറായി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-54 വാഹനങ്ങളുടെ ലോഗ്ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മാനന്തവാടി നഗരസഭ ഹെൽത്ത് ഓഫീസർ നിർവ്വണോദ്യാഗസ്ഥനായി 2022-23 സാമ്പത്തിക വർഷം മാലിന്യം നീക്കം ചെയ്യുന്നതിനായി വാഹനം വാങ്ങുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്.

|

| | |
|---|---|
| പ്രോജക്റ്റ് നം | 41/23 |
| പ്രോജക്റ്റിന്റെ പേര് | മാലിന്യം നീക്കുന്നതിനായി പുതിയ പിക് അപ് വാൻ വാങ്ങൽ |
| അടങ്കൽ | 1100000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | |
| 1. ബിൽ റഫറൻസ് നമ്പർ- | 22180447000901452526തീയതി 23/03/2023 തുക- 515400/- |
| 2.ബിൽ റഫറൻസ് നമ്പർ | 22180447000901579654തീയതി 31/03/2023 - തുക- 9100/- |
| ആകെ ചെലവഴിച്ച തുക | 854041/- രൂപ |
| വാഹനത്തിന്റെ രജിസ്ട്രേഷൻ നം. | KL72D 8797 |

||

| | |
|---|---|
| പ്രോജക്റ്റ് നം | 42/23 |
| പ്രോജക്റ്റിന്റെ പേര് | മാലിന്യം നീക്കുന്നതിനായി പുതിയ ഗുഡ്സ് വാങ്ങൽ |
| അടങ്കൽ | 500000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | |
| 1. ബിൽ - | Payment Advice No.C102214098913തീയതി 12.10.2022 തുക- 497000/- |
| ആകെ ചെലവഴിച്ച തുക | 497000/- രൂപ |
| വാഹനത്തിന്റെ രജിസ്ട്രേഷൻ നം. | KL72D 6547 |

തൻവർഷം മേൽ പ്രോജക്റ്റുകൾ നടപ്പാക്കിയതിലൂടെ മാലിന്യം നീക്കം ചെയ്യുന്നതിനായി രണ്ട് വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രോജക്റ്റ് നം.41/23 പ്രകാരം ഒരു ഡിസൽ പിക്ക് അപ് വാനും പ്രോജക്റ്റ് നം 42/23 പ്രകാരം ഒരു ഇലക്ട്രിക് ഓട്ടോ ഗുഡ് സ് വാഹനവും ആണ് വാങ്ങിയത്. മേൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ വാഹനങ്ങൾക്ക് പുറമെ 2 മഹീന്ദ്ര ഇലക്ട്രിക് ഓട്ടോ റിക്ഷകൾ രജിസ്ട്രേഷൻ നം. KL72D 8468, KL72D 8420 എന്നീ വാഹനങ്ങളും കൂടാതെ KL72C 924 ടിപ്പർ ലോറിയും മാലിന്യ നീക്കത്തിനായി നഗരസഭയിൽ നിലവിലുണ്ട്. നിലവിൽ ആകെ 5 വാഹനങ്ങൾ ഈ ആവശ്യത്തിന് ലഭ്യായിട്ടുണ്ട്.

പ്രസ്തുത വാഹനങ്ങളുടെ ഉപയോഗ ക്രമം സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള ഓഫീസ് ഓർഡർ പരിശോധനകക്ക് ഹാജരാക്കിയിട്ടില്ല ആയത് ഹാജരാക്കേണ്ടതാണ്. കൂടാതെ നഗരസഭയിൽ ഉപയോഗത്തിലുള്ള മേൽ വാഹനങ്ങളുടെ ലോഗ്ബുക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിൽ KL72C 924 ടിപ്പർ ലോറി. KL72D 8797 പിക് അപ് ഗുഡ്സ് എന്നിവയുടെ ലോഗ് ബുക്കുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇലക്ട്രിക് ഓട്ടോ റിക്ഷകളുടെ ലോഗ് ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ലോഗ് ബുക്ക് പരിശോധിച്ചതിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ അപൂർണ്ണമായാണ് തയ്യാറാക്കുന്നത് എന്നാണ് കാണുന്നത്. വാഹനം ഉപയോഗിക്കുന്ന ജീവനക്കാരന്റെ പേര്, തസ്തിക, ഒപ്പ്, കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് തുടങ്ങിയ വിവരങ്ങളും , വാഹനം എന്ത് ആവശ്യത്തിന് ഉപയോഗിച്ചു, സ്ഥലം/സ്ഥലങ്ങളുടെ പൂർണ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 3, ചട്ടം 7 , 8,9,10, 11, 12 എന്നിവയിൽ വാഹനത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും വാഹനങ്ങൾ കൈകാര്യം ചെയ്യേണ്ടത് സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധം 1 ആയി ലോഗ് ബുക്ക് തയ്യാറാക്കുന്നതിന്റെ മാതൃകയും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം വാഹനം കൈകാര്യം ചെയ്യുന്നതായി കാണുന്നില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 21/തീയതി 22-01-2024 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 1-55 ഹരിത കർമ്മ സേനയ്ക്ക് ശുചീകരണ സാമഗ്രികൾ വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.17/2023 ശുചീകരണ സാമഗ്രികൾ വാങ്ങൽ പ്രോജക്റ്റ് പ്രകാരം 197805 രൂപ ചെലവഴിച്ച് ശുചീകരണ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ വാങ്ങിയത് രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കൂടാതെ ഹരിതകർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങൽ പ്രോജക്റ്റിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കയിട്ടില്ല. പ്രോജക്റ്റ് സംബന്ധിച്ച ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 40/23 |
| പ്രോജക്ടിന്റെ പേര് | ഹരിതകർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 200000 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | 200000 (ചെലവ് പത്രിക പ്രകാരം) |

നഗരസഭയുടെ ശുചീകരണ സാമഗ്രികളും ഉപകരണങ്ങളും വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27 തീയതി 23/01/2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് സാധനങ്ങൾ വാങ്ങിയതിന്റെ വിവരം രേഖപ്പെടുത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് മറുപടിയാണ് നൽകിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തത് ഗുരുതര വീഴ്ചയായി കാണുന്നു. രേഖകൾ അടിയന്തരമായി ഹാജരാക്കേണ്ടതാണ്.

പ്രസ്തുത രേഖകൾ ഹാജരാകാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാവും ) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കോ നിലവിലില്ല എന്നനിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിക്കായി ചെലവഴിച്ച 200000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-56 മാലിന്യം നീക്കുന്നതിനായി ഓട്ടോറിക്ഷ വാങ്ങൾ - വാഹനം ഉപയോഗിക്കാത്തതിനാൽ 497000 രൂപ പാഴായി

മാനന്തവാടി നഗരസഭ ഹെൽത്ത് ഓഫീസർ നിർവ്വണോദ്യാഗസ്ഥനായി 2022-23 സാമ്പത്തിക വർഷം മാലിന്യം നീക്കുന്നതിനായി പുതിയ ഗുഡ്സ് വാങ്ങുന്നതിനായി താഴെപറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 42/23 |
| പ്രോജക്ടിന്റെ പേര് | മാലിന്യം നീക്കുന്നതിനായി പുതിയ ഗുഡ്സ് വാങ്ങൽ |
| അടങ്കൽ | 500000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | |
| 1. ബിൽ - | Payment Advice No.C102214098913തീയതി 12.10.2022 തുക- 497000/- |
| ആകെ ചെലവഴിച്ച തുക | 497000/- രൂപ |

നഗരസഭ പരിധിയിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി പുതിയ ഇലക്ട്രിക് ഓട്ടോ ഗുഡ്സ് വാങ്ങുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഗുഡ്സ് വാങ്ങുന്നതിനായി ജെം പോർട്ടലിൽ Bid GEM/2022 /B/243113 തീയതി 11.08.2022-10 ആയി ടെണ്ടർ പബ്ലിഷ് ചെയ്തിട്ടുണ്ട്.23.08.2022 തീയതി ബിഡ് ഓപ്പൺ ചെയ്യുകയും ഫ്ലോററ്റ് ടെക്നോളജീസ് , തിരുവനന്തപുരം എന്ന സ്ഥാപനവുമായി ഗുഡ്സ് ഓട്ടോ വിതരണം ചെയ്യുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തു. വാഹനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 24.09.2022 – 23.09.2037 തീയതി കാലാവധിയുള്ള KL 72D -6547 നമ്പർ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ പേരിൽ മാനന്തവാടി സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും അനുവദിച്ച പ്രസ്തുതവാഹനത്തിന് അനുവദിച്ച കിട്ടിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകളൊടൊപ്പം വാഹനത്തിന് 14.09.2023 തീയതി വരെയുള്ള ഇൻഷ്വറൻ പോളിസി ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (നം.17 തീയതി 20/01/2024 ) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ വിശദീകരണം താഴെചേർത്ത കാരണങ്ങളാൽ തൃപ്തികരമല്ല.

1. ഇലക്ട്രിക് ഓട്ടോ ഗുഡ്സ് വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിൽ " നിലവിൽ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല" എന്നും തുടർന്ന് ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്നമുള്ള മറുപടിയാണ് ലഭ്യമാക്കിയത് . 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 3, ചട്ടം 7 , 8,9,10, 11, 12 എന്നിവയിൽ വാഹനത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും വാഹനങ്ങൾ കൈകാര്യം ചെയ്യേണ്ടത് സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധം 1 ആയി ലോഗ് ബുക്ക് തയ്യാറാക്കുന്നതിന്റെ മാതൃകയും നൽകിയിട്ടുണ്ട്. എന്നാൽ വാഹനം വാങ്ങി ഓഡിറ്റ് തീയതിയിൽ ഒരു വർഷത്തിലേറെ കാലമായിട്ടും ലോഗ്ബുക്ക് സൂക്ഷിച്ചിട്ടില്ല എന്നത് ക്രമപ്രകാരമല്ല. ഓഡിറ്റ് തീയതി വരെ 29 കിലോമീറ്റർ മാത്രമാണ് പ്രസ്തുത വാഹനം ഓടിയിട്ടുള്ളത്. മാലിന്യനീക്കത്തിന് പ്രസ്തുത വാഹനം കൃത്യമായി ഉപയോഗിക്കുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു.

2.വാഹനം നിലവിൽ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 14.09.2023 തീയതി വരെ കാലാവധിയിൽ വാഹനം വാങ്ങുന്ന സമയത്ത് ഇൻഷ്വർ ചെയ്തിട്ടുണ്ട്. തുടർന്ന് വാഹനം ഇൻഷ്വർ ചെയ്തിട്ടില്ല. ഇൻഷ്വറൻസ് പോളിസി

പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

3. വാഹനം നിലവിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് താഴെപ്പറയുന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

" നഗരസഭയിലെ ഇടറോഡുകളിൽ നിന്നുള്ള വീടുകളിൽ നിന്നും മറ്റും ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ എം.സി.എഫ് ലേക്ക് കൊണ്ടുവരുന്നതിനും നഗരസഭ ഓഫീസിൽ നിന്നും വിദൂരത്തുള്ള കുറുദ്വീപ് , പയ്യമ്പള്ളി പോലുള്ള സ്ഥലങ്ങളിലേക്ക് തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങളുമായി പോകുന്നതിനും മറ്റുമാണ് ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങിയിട്ടുള്ളത്. ഹരിത കർമ്മ സേനയ്ക്ക് അജൈവ മാലിന്യം ശേഖരിച്ച് ഉപയോഗിക്കാമെന്ന ലക്ഷ്യത്തോടെയാണ് ഓട്ടോറിക്ഷ വാങ്ങിയിട്ടുള്ളതെങ്കിലും , ഹരിതകർമ്മ സേനാംഗങ്ങൾ ഡ്രൈവിംഗ് പഠിച്ച് ലൈസൻസ് എടുത്ത് വാഹനം നിരവധി പ്രാവശ്യം നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ ഓട്ടോറിക്ഷ ഓടിക്കാൻ തയ്യാറായി ആരും മുന്നോട്ട് വന്നിട്ടില്ല. " എന്ന വസ്തുത വിരുദ്ധമായ മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. വാഹനം വാങ്ങി 1 വർഷം 3 മാസം കഴിഞ്ഞിട്ടും ആകെ 29 കിലോമീറ്റർ മാത്രമാണ് വാഹനം ഓടിയിട്ടുള്ളത്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഇത്തരം നിർദ്ദേശം നൽകിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ വാഹനം ഹരിതകർമ്മ സേനയുടെ ഉപയോഗത്തിന് നൽകുന്നതിന് വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറോ, ഭരണസമിതിയോ തീരുമാനമെടുത്തതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.80 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നഗരസഭ പരിധിയിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വാഹനങ്ങളുടെ ഉപയോഗം അത്യാവശ്യമാണ്. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ ഇന്ധന ചെലവ് ഇനത്തിൽ വൻ തുക ലാഭിക്കാമെന്നിരിക്കെ വാഹനം ഉപയോഗിക്കാതെ നഗരസഭ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വാഹനത്തിന് ഇൻഷ്വറൻ പോളിസി പുതുക്കാതിരിക്കുന്നതിന് കാരണം ആയത് ഉപയോഗിക്കുന്നില്ല എന്നതിനാലാണ് എന്ന് വ്യക്തമാണ്.മേൽ നടപടികൾ മൂലം മേൽ വാഹനം വാങ്ങുന്നതിനായി ചെലവഴിച്ച 497000/- രൂപ പാഴ്ചെലവായി മാറി. ഈയിനത്തിലെ ചെലവ് തുക ഓഡിറ്റ് നിരാകരിക്കുന്നു. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ വാഹനം കൂടാതെ രണ്ട് ഇലക്ട്രിക് ഗുഡ്സ് ഓട്ടോ റിക്ഷകൾ ഐസിഐസിഐ ബാങ്ക് സൗജന്യമായി നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഓട്ടോറിക്ഷകളും മാലിന്യനിർമ്മാർജന പ്രവൃത്തികൾക്കായി ഉപയോഗിക്കാവുന്നതാണ്. രണ്ട് വാഹനങ്ങളും ശരാശരി 1200 കിലോമീറ്റർ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ പരിസ്ഥിതി സൗഹൃതമാണെന്ന് മാത്രമല്ല ഇന്ധനചെലവ് ഇനത്തിൽ വലിയ തുക ലാഭിക്കുന്നതിന് സഹായകവുമാണ്. എന്നാൽ പ്രസ്തുത വാഹനങ്ങൾ പരമാവധി ഉപയോഗിക്കുന്നതിന് ആവശ്യമായ പരിഗണ നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല.





നഗരസഭ വാങ്ങിയ ഇലക്ട്രിക് ഓട്ടോറിക്ഷ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

## 1-57 നഗരസഭയിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണ രേഖകൾ സൂക്ഷിക്കുന്നില്ല.

മാനന്തവാടി നഗരസഭയുടെ ഹെൽത്ത് ഓഫീസർ, പ്രോജക്ട് ഓഫീസർ- ദാരിദ്ര്യ നിർമ്മാർജ്ജന സെൽ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നില്ല. നടപ്പിലാക്കിയ പദ്ധതികളുടെ വരവ്- ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്/ ബാങ്ക് പാസ്ബുക്ക്, മറ്റ് അനുബന്ധ രേഖകൾ തുടങ്ങിയവ സൂക്ഷിക്കുന്നില്ല.സ.ഉ(പി)നം.177/2006/ഫിൻ തീയതി 12.04.2006, സ.ഉ(പി)നം.119/2015/ഫിൻ തീയതി 21.03.2015 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ.ഉ(പി)നം.177/2006/ഫിൻ തീയതി 12.04.2006 ഖണ്ഡിക18.3 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ടി.ആർ 7എ ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ

ഉദ്യോഗസ്ഥർ മേൽ പ്രകാരമുള്ള രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. തീയതി 18/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-58 ABCD പ്രോഗ്രാം- അപാകതകൾ

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി, പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വിവിധ രേഖകൾ ലഭ്യമാക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

1

| | |
|---|---|
| പ്രോജക്റ്റ് നം | 623/23 |
| പ്രോജക്റ്റിന്റെ പേര് | എബിസിഡി പ്രോഗ്രാം |
| അടങ്കൽ | 500000 |
| ഫണ്ടിനം | വികസനഫണ്ട് - ടി.എസ്.പി |
| ചെലവഴിച്ച തുക | ബിൽ.നമ്പർ.ടി.എസ്.പി4/22-23തീയതി24.1.23 തുക 414418<br>ബിൽ.നമ്പർ.ടി.എസ്.പി5/22-23തീയതി 6.2.23 തുക 84807<br>ആകെ - 499225 |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറാണെങ്കിലും നഗരസഭാ സെക്രട്ടറിയാണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. പന്തലുകളും അനുബന്ധ സാമഗ്രികളും ഒരുക്കുന്നതിന് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിന് ലഭിച്ച ക്വട്ടേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | സി.എച്ച് ലൈറ്റ് & സൗണ്ട്സ് | 97724 |
| 2 | അരോമ റെന്റൽ സർവ്വീസ് | 69000 |
| 3 | ഹിശ ലൈറ്റ് & സൗണ്ട്സ് | 95500 |

വീഡിയോ ഡോക്യുമെന്റേഷൻ

| ക്രമ നം | സ്ഥാപനം | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | വിനോഷ് ടി ഡി | 30000 |
| 2 | അജേഷ് എം ആർ | 12000 |

ഡോക്യുമെന്റേഷൻ ഫോട്ടോസ്

| ക്രമ നം | സ്ഥാപനം | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | അജേഷ് എം ആർ | 10000 |

പാസ്പോർട് സൈസ് ഫോട്ടോ

| ക്രമ നം | സ്ഥാപനം | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | വിനോദ് കുമാർ | 50 |
| 2 | ജിനു മേൻമ | 120 |
| 3 | സിമോൺ എ.വി | 100 |
| 4 | അജേഷ് എം.ആർ | 70 |
| 5 | റിത്വിക് ജയൻ | 55 |
| 6 | സ്റ്റെനിൻ | 50 |
| 7 | അജേഷ്.എം.ആർ | 49 |

മേൽ ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം താഴെപ്പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | ഇനം | തുക | ബിൽ നം | തീയതി | |
|---|---|---|---|---|---|
| 1 | ജനന രജിസ്റ്ററിൽ പേര് ചേർക്കുന്നത് | 4830 | ഇല്ല | ഇല്ല | ജെഎച്ച് ഐ |
| 2 | വിറക് ( ഒരട്ടി) | 3500 | | | പ്രശാന്ത് മതിയമ്പത്ത് |
| 3 | ഭക്ഷണം പാചകം ചെയ്ത കൂലി | 21000 | | | അഹമ്മദ് പാണ്ടിക്കടവ് |
| 4 | വീഡിയോഗ്രാഫി | 12000 | 5714 | 23.12.22 | കൊളോണിയ സ്റ്റുഡിയോ |
| 5 | പാസ്പോർട് സൈസ് ഫോട്ടോ | 75411 | 5715 | ഇല്ല | കൊളോണിയ സ്റ്റുഡിയോ |
| 6 | ചിക്കൻ വാങ്ങിയത് | 36000 | 858 | ഇല്ല | ചോലയിൽ ചിക്കൻ സ്റ്റാൾ |
| 7 | പച്ചക്കറിയും മറ്റ് സാധനങ്ങൾ വാങ്ങിയത് | 11499 | 157422 | 22.12.22 | എബിറ്റി സൂപ്പർമാർക്കറ്റ് |
| 8 | പച്ചക്കറിയും മറ്റ് സാധനങ്ങൾ വാങ്ങിയത് | 18075 | 156228 | 20.12.22 | എബിറ്റി സൂപ്പർമാർക്കറ്റ് |
| 9 | പാൽ വാങ്ങിയത് | 12000 | 377 | 23.12.22 | മാനന്തവാടി ക്ഷീരോൽപാദക സഹകരണ സംഘം |
| 10 | ഫോട്ടോ ഡോക്യുമെന്റേഷൻ | 10000 | 5713 | 23.12.22 | കൊളോണിയ സ്റ്റുഡിയോ |
| 11 | നോട്ടീസ് & ഫ്ലക്സ് | 14010 | 4381 | 4.01.23 | കോ ഓപ്പറേറ്റീവ് സഹകരണ പ്രസ് മാനന്തവാടി |
| 12 | പന്തൽ & സൗണ്ട്സ്, വാടക സാധനങ്ങൾ | 69000 | 749 | | അരോമ റെന്റൽ സർവ്വീസ് |
| 13 | പന്തൽ & സൗണ്ട്സ്, വാടക സാധനങ്ങൾ (അഡീഷണൽ) | 28500 | 750 | | അരോമ റെന്റൽ സർവ്വീസ് |
| 14 | ഇന്റർനെറ്റ് വാടക | 9000 | AB050 | 23.12.22 | ഏഷ്യ വിഷൻ |
| 15 | പലചരക്ക് സാധനങ്ങൾ | 87093 | | 26.12.22 | ആയിഷ സൂപ്പർമാർക്കറ്റ് |
| 16 | ലാപ്ടോപ്പ് വാടകയ്ക്ക് എടുത്തത് | 7800 | 401 | 28.12.22 | ഡ്യൂനെറ്റ് ഐ.റ്റി സൊല്യൂഷൻ |
| 17 | ഡീസൽ വാങ്ങിയത് | 2881.5<br>4802.5<br>2881.5 | L3124<br>68720<br>68917 | 19.12.22<br>20.12.22<br>22.12.22 | ഐ.സി.വി നായിഡു സൺസ് |
| 18 | ഹാൾ വാടക | 48000 | 3951 | 28.12.22 | സെന്റ് മാർടിൻസ് ചർച്ച് |

മേൽ പട്ടികയിലെ ക്രമ നം.2,3,6,7,8,11,13,15,16.18 എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. കൂടാതെ ക്രമ നംബർ 13 ലെഇനങ്ങളിൽ അധികം വിതരണം ചെയ്യേണ്ട സാധനങ്ങളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. എന്നാൽ അധിക തുക നൽകിയിട്ടുണ്ട്. അധികം നൽകിയ സാധനങ്ങളുടെ ബില്ലിൽ നൽകിയ സാധനങ്ങൾ ഏതൊക്കയാണെന്ന് ഇനം തിരിച്ച് കാണിച്ചിട്ടില്ല. കൂടാതെ ക്രമ നം 15 പ്രകാരം സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനം ജി.എസ്റ്റിസാധനങ്ങൾക്ക് ജി.എസ്റ്റി ബിൽ നൽകിയിട്ടില്ല. ഇത് മുഖേന സർക്കാരിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

ഓഡിറ്റ് ചൂണ്ടികാട്ടിയ മേൽ വസ്തുതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 79 തീയതി 30/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-59 പട്ടിക വർഗ്ഗ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം - അപാകങ്ങൾ

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക വർഗ്ഗ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം നടത്തുന്നതിനായി നടത്തിയ താഴെപ്പറയുന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

1

| | |
|---|---|
| പ്രോജക്റ്റ് നം | 33/23 |
| പ്രോജക്റ്റിന്റെ പേര് | എസ്.റ്റി വനിതകൾക്ക് തയ്യൽ മെഷീൻ അനുബന്ധ ഉപകരണങ്ങൾ |
| അടങ്കൽ | 3000000 |
| ഫണ്ടിനം | വികസനഫണ്ട് - ടി.എസ്.പി |

| | |
|---|---|
| ചെലവഴിച്ച തുക | ബിൽ.നമ്പർ ടി.എസ്.പി 18/22-23 തീയതി 27.3.23 973760<br>ബിൽ.നമ്പർ ടി.എസ്.പി 19/22-23 തീയതി 27.3.23 959440<br>ബിൽ.നമ്പർ ടി.എസ്.പി 21/22-23 തീയതി 28.3.23 930800 |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 16.01.2023 ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നോട്ടീസ് പ്രകാരം വിതരണം നടത്തേണ്ട സാധനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | തയ്യൽ മെഷീൻ | 200 |
| 2 | കത്രിക | 200 |
| 3 | ടേപ്പ്, സ്കെയിൽ | 200 |
| 4 | സ്റ്റൂൾ | 200 |
| 5 | കട്ടിംഗ് ടേബിൾ (150 സെ.മീ നീളം 1 മീ ഉയരം | 200 |

എന്നാൽ 23.02.2023 ന് പുതിയ ടെണ്ടർ പരസ്യം നൽകുകയും ആയത് പ്രകാരം വിതരണം നടത്തേണ്ട സാധനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | തയ്യൽ മെഷീൻ (സെമീ.സ്പീഡ്) | 200 |
| 2 | കത്രിക | 200 (10 ഇഞ്ച്) |
| 3 | ടേപ്പ്, സ്കെയിൽ | 200 |
| 4 | സ്റ്റൂൾ | 200 |
| 5 | കട്ടിംഗ് ടേബിൾ (150 സെ.മീ നീളം 1 മീ ഉയരം | 200 |

ടെണ്ടറർമാർ അവർവിതരണം ചെയ്യാനുദ്ദേശിക്കുന്ന തയ്യൽ മെഷീനുകളുടെ സാമ്പിളുകൾ നഗരസഭ പ്രൊക്വയർമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും, പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മോഡൽ , ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വിതരണം ചെയ്ത് രശീത് ഹാജരാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മാനന്തവാടി നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണെന്നും ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം ലഭിച്ച ( ടെണ്ടർ നം. Tender/teo/01/22-23 Mananthavady Municipality , Window No-m192149/2023) ഇ-ടെണ്ടർ 24.02.23 ന് സമർപ്പിച്ചവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ടെണ്ടർ സ്ഥാപനം | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | മാൻഫോ എക്സ്പോർട്സ് | 3240000 |
| 2 | ഹരീഷ് ഭാസ്കരൻ, ദീപ്തി ഏജൻസീസ് | 2583800 |
| 3 | ദീപ്തി ഡിസ്ട്രിബ്യൂട്ടേഴ്സ് | 2987000 |
| 4 | ദീപ്തിവിഷൻ | 2864000 |

ആകെ 200 തയ്യൽ മെഷീനുകളും അനുബന്ധ സാധനങ്ങളും വിതരണം നടത്തുന്നതിനുള്ള തുകയാണ് മേൽ പ്രകാരം തുക ക്വാട്ട് ചെയ്ത് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.

ടെണ്ടർ നോട്ടീസ് പ്രകാരം, ടെണ്ടറർമാർ വിതരണം ചെയ്യാനുദ്ദേശിക്കുന്ന തയ്യൽ മെഷീനുകളുടെ സാമ്പിളുകൾ നഗരസഭ പ്രൊക്വയർമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

16.03.2023 ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗം തീരുമാനപ്രകാരം ലഭിച്ച ടെണ്ടർ പ്രകാരം കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ ദീപ്തി ഏജൻസീസ് എന്ന സ്ഥാപനത്തിന്റേതാണെങ്കിലും ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള തയ്യൽ മെഷീന്റെ അംഗീകൃത ഡീലർ ദീപ്തിവിഷൻ മാനന്തവാടി എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്.

ഇതുപ്രകാരം 17.03.2023 തീയതിയിലെ നം.ടി.ഇ.ഒ(എം)1257/22 കത്ത് മുഖേന ദീപ്തിവിഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് വിതരണ ഏജൻസിയായി തീരുമാനിക്കാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയത് ദീപ്തി ഏജൻസീസ് എന്ന സ്ഥാപനമാണെങ്കിലും പ്രസ്തുത സ്ഥാപനം ഓതറൈസ്ഡ് ഏജൻസി അല്ല എന്നതും, പ്രിലിമിനറി എഗ്രിമെന്റ് വെച്ചിട്ടില്ല എന്നതുമായ കാരണത്താൽ പ്രസ്തുത ഏജൻസിയുടെ ടെണ്ടർ അംഗീകരിക്കേണ്ടതില്ലെന്നും കുറഞ്ഞ തുക രേഖപ്പെടുത്തിയ രണ്ടാമത്തെ ഏജൻസിയായ

ദീപ്തി വിഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാനും ശുപാർശ ചെയ്യുകയായിരുന്നു. ഇതുപ്രകാരം.18.03.2023 തീയതിയിൽ നം.ടി.ഇ.ഒ(എം)1257/22 നമ്പർ സപ്ലൈ ഓർഡർ മുഖേന തയ്യൽ മെഷീൻ വിതരണം ചെയ്യാൻ പ്രസ്തുത സ്ഥാപനത്തോട് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകി. ഇതനുസരിച്ച് സ്ഥാപനം താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം തയ്യൽ മെഷീൻ വിതരണം നടത്തുകയുണ്ടായി.

| ക്രമ നം | ഇൻവോയ്സ് നം | തീയതി | തുക |
|---|---|---|---|
| 1 | 822 | 23.03.2023 | 930800 |
| 2 | 823 | 23.03.2023 | 973760 |
| 3 | 824 | 23.03.2023 | 959440 |
| | ആകെ | | 2864000 |

ഈ പർച്ചേസുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ടായതായി കാണുന്നു.

1.സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി28/05/2022 ഖണ്ഡിക 6.5(എ) 1,2 എന്നിവ പ്രകാരം സ്വയം തൊഴിൽ വ്യക്തിഗതം പ്രോജക്ടുകൾക്ക് 75% തുക ( പരമാവധി 90000 രൂപ) മാത്രമെ സബ്സിഡി നൽകാൻ പാടുള്ളൂ. 25% തുക ഗുണഭോക്തൃ വിഹിതം അടക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടിൽ 100% സബ്സിഡി നൽകിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ആയത് പരിഗണിച്ചാൽ പദ്ധതിയുടെ ആകെ ചെലവ് തുകയായ 2864000 *75/100 രൂപ = 2148000 രൂപ മാത്രമാണ് ഇതുപ്രാകരം ചെലവഴിക്കാവുന്നത്. എന്നാൽ 100% സബ്സീഡി നൽകിയത് പ്രകാരം 716000 രൂപ അധികമായാണ് ചെലവഴിച്ചത്.

2. ഇ-ടെണ്ടർ ചെയ്യുന്ന പദ്ധതികൾക്ക് പ്രിലിമിനറി എഗ്രിമെന്റ് വെക്കേണ്ടതാണ് എന്നാണ് നിയമം. പ്രിലിമിനറി എഗ്രിമെന്റ് വെച്ചിട്ടില്ല എന്നതും അംഗീകൃത വിതരണക്കാരല്ല എന്നതുമായ കാരണം രേഖപ്പെടുത്തയാണ് ഏറ്റവും കുറവ് രേഖപ്പെടുത്തി സമർപ്പിച്ച ദീപ്തി ഏജൻസിയുടെ ടെണ്ടർ നിരസിച്ചത്.എന്നാൽ ഹാജരാക്കിയ ഫയലിൽ നിരസിക്കപ്പെട്ട കരാറുകാരൻ സമർപ്പിച്ച പ്രിലിമിനറി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. അത് അനുസരിച്ച് പ്രസ്തുത ടെണ്ടറാണ് അംഗീകരിക്കുന്നത് എങ്കിൽ ഇതുപ്രകാരം തുക കണക്കാക്കിയാൽ ടെണ്ടർ അംഗീകരിച്ച 2864000 രൂപയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത തുകയും 2583800 = തമ്മിൽ 280200 രൂപയുടെ വ്യത്യാസമുണ്ട് ഇത്അധികം നൽകിയ തുകയായി കണകാക്കാവുന്നതാണ്. കൂടാതെ ടെണ്ടർ പരസ്യത്തിൽ അംഗീകൃത വിതരണക്കാരായിരിക്കണം എന്ന് യോഗ്യത പ്രത്യേകമായി വ്യക്തമാക്കിയിട്ടില്ല.

3.ഏറ്റവും കുറഞ്ഞ തുകയിൽ ഏറ്റവും ഗുണമേൻമയുള്ള സാധനങ്ങൾ ലഭിക്കുന്നതിന് വേണ്ടിയാണ് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത്. മേൽ പ്രോജക്ടിന്റെ ടെണ്ടർ പരസ്യത്തിൽ മാനന്തവാടി നഗരസഭ പരിധിയിലെ ടെണ്ടറുകൾക്ക് മുൻഗണന നൽകുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിന് തടസ്സമായതായി കരുതാവുന്നതാണ്. ഇത്രയും ഉയർന്ന തുക ചെലവഴിച്ച് നടപ്പാക്കുന്ന പ്രൊജക്ടിന് പ്രാദേശിക പരിഗണനയില്ലാതെ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കേണ്ടതായിരുന്നു. മത്സരാധിഷ്ഠിത ടെണ്ടറിന്റെ അഭാവത്തിൽ പർച്ചേസ് ചെയ്ത സാമഗ്രികൾക്ക് അധിക വില നൽകുന്നതിലേക്കും ഇടയാക്കിയിട്ടുണ്ട്. .

4. ടെണ്ടർ വ്യവസ്ഥ പ്രകാരം വിതരണം നടത്തേണ്ട സാധനങ്ങളുടെ സാമ്പിളുകൾ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിന് തയ്യൽ മെഷീൻ വാങ്ങുന്നതിന് പ്രൊക്വയർമെന്റ് കമ്മിറ്റി ചേരുകയോ തയ്യൽ മെഷീൻ അനുബന്ധ സാധനങ്ങൾ എന്നിവയുടെ ഗുണമേൻമ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പ്രക്വയർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചപ്പോൾ 2022-23 സാമ്പത്തിക വർഷം തയ്യൽ മെഷീൻ വാങ്ങുന്നതിന് വേണ്ടി പ്രൊക്വയർമെന്റ് കമ്മിറ്റി ചേരുകയോ സാമ്പിളുകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല. വിതരണക്കാർ സാമ്പിളുകൾ ഹാജരാക്കാതെയാണ് സപ്ലൈ ഓർഡർ നൽകിയി ട്ടുള്ളത്. ഇതിനാൽ തന്നെ വിതരണം നടത്തിയ സാധനങ്ങളുടെ ഗുണമേൻമ പരിശോധന നടത്താതെയാണ് വിതരണം നടത്തിയിട്ടുള്ളത്. വിതരണം നടത്തിയ തയ്യൽ മെഷീനുകളുടെ വാറണ്ടി കാലാവധി എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

5.തദ്ദേശ സ്ഥാപനം വാങ്ങലുകൾ നടത്തി ആയതിന് തുക അനുവദിക്കുമ്പോൾ ചരക്ക് സേവന നികുതി 2% ടിഡിഎസ് നടത്തേണ്ടതാണ്. തയ്യൽ മെഷീൻ വിതരണക്കാരിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല.

ഓഡിറ്റ് ചൂണ്ടികാട്ടിയ മേൽ വസ്തുതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.67 തീയതി 29/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിക്കുന്ന നടപടികളിലെ അപാകങ്ങൾ മൂലം അധികം നൽകിയ തുകയായ 280200 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിനാൽ അധിക ചെലവിന് ഇടയാക്കിയതിനാൽ

ആകെ ചെലവഴിച്ച 2864000 രൂപയിൽ നിന്നും 280200 രൂപ കിഴിച്ച് ബാക്കിയുള്ള 2583800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-60 സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് റെന്റ് അനുവദിക്കുന്നതിനാൽ വീട്ടുവാടക ബത്തയ്ക്ക് അർഹതയില്ല**

നഗരസഭയുടെ 2022-23 വർഷത്തെ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ നഗരസഭാ സെക്രട്ടറിക്ക് ക്വർട്ടേഴ്സ് റെന്റ് ഇനത്തിൽ പ്രതിമാസം ₹6000 രൂപ വീതം നൽകുന്നതായി കാണുന്നു. എന്നാൽ ഇതേ കാലയളവിൽ ശംബളത്തോടോപ്പം വീട്ട് വാടക അലവൻസും കൈപ്പറ്റിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | വൗച്ചർ നംബർ, തീയതി | തുക | വാടക കാലയളവ് | കൈപ്പററിയ HRA |
|---|---|---|---|---|
| 1 | 22200123 തീയതി 27-04-2022 | 6000 | 3/2022 | 3390 |
| 2 | 22200187 തീയതി 10-05-2022 | 6000 | 4 /2022 | 3390 |
| 3 | 22200340 തീയതി 23-06-2022 | 6000 | 5/2022 | 3390 |
| 4 | 22200340 തീയതി 06-07-2022 | 6000 | 6/2022 | 3390 |
| 5 | 22200340 തീയതി 30-08-2022 | 6000 | 7/2022 | 3390 |
| 6 | 22200340 തീയതി 27-09-2022 | 6000 | 8/2022 | 3390 |
| 7 | 22200697 തീയതി 25-10-2022 | 6000 | 9/2022 | 3390 |
| 8 | 22200815 തീയതി 01-12-2022 | 6000 | 11/2022 | 3390 |
| 9 | 22200909 തീയതി 06-01-2023 | 6000 | 12/2022 | 3390 |
| 10 | 22201026 തീയതി 05-02-2023 | 6000 | 01/2023 | 3390 |
| 11 | 22201192 തീയതി 06-03-2023 | 6000 | 3/2023 | 3390 |
| | ആകെ തുക | 66000 | | 37290 |

സെക്രട്ടറിയുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച കാലയളവിൽ ശംബള തുകയോടൊപ്പം വീട്ടുവാടക ബത്തയും കൈപ്പറ്റുന്നതായും കാണുന്നു. ജി.ഒ.(പി) 27/2021 ഫിൻ തീയതി 10-02-2021 പ്രകാരം സർക്കാർ ക്വർട്ടേഴ്സ് അനുവദിച്ചിട്ടുള്ള സർക്കാർ ജീവനക്കാർക്ക് വീട്ടുവാടക ബത്തയ്ക്ക് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശംബള തുകയോടൊപ്പം പ്രത്യേകമായി ക്വർട്ടേഴ്സ് വാടക കൂടി അനുവദിക്കണമെന്ന സെക്രട്ടറിയുടെ 23-01-2023 തീയതിയിലെ അപേക്ഷ നഗരസഭാ കൗൺസിലിന്റെ 29-09-2023 തീയതിയിലെ അജണ്ട 26, തീരുമാനം നമ്പർ 26 (26-23) പ്രകാരം " നിയമാനുസരണം തുക അനുവദിക്കാൻ സാധികാത്തതിനാൽ നഗരസഭാ സെക്രട്ടറിക്ക് കോർട്ടേഴ്സ് വാടകയോടൊപ്പം HRA തുക നോൺ റിഫണ്ടബിൾ ആയി തുക അനുവദികേണ്ടതില്ലെന്നും" തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ ക്വർട്ടേഴ്സ് വാടകയും വീട്ടുവാടക ബത്തയും ഒരുമിച്ച് കൈപ്പറ്റുവാൻ അനുവദിച്ചുകൊണ്ടുള്ള പ്രത്യേക ഉത്തരവുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത കാലയളവിൽ HRA ഇനത്തിൽ കൈപ്പറ്റിയ ₹ 37290 തുക തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ.44 /2022- 2023 തീയതി : 27/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമല്ലാതെ നൽകിയ തുക ₹ 37290 ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-60-1 സെക്രട്ടറിയുടെ ശമ്പളചെലവ് സർക്കാറിലേക്ക് ഒടുക്കുന്നില്ല

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ശംബള ചെലവിനത്തിൽ ₹ 14,44,440രൂപയുടെ ചെലവുണ്ട്. ഈ തുകയിൽ സെക്രട്ടറിയുടെ ശംബള ചെലവ് സർക്കാറിലേക്ക് തിരിച്ചടച്ച ചെലവ് ഉൾപ്പെടുന്നതായി കാണുന്നില്ല. സെക്രട്ടറിയുടെ ശംബള ചെലവിനത്തിൽ ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ചെലവ് തുക കണകാക്കി സർക്കാറിലേക്ക് തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷത്തിലെയും സെക്രട്ടറിയുടെ ശംബള ഇനത്തിലെ ചെലവും ആയത് തിരിച്ചടച്ച വിവരവും കൃത്യമായി രജിസ്റ്ററിൽ തയ്യാറാക്കി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-61 പരസ്യചാർജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭയുടെ വിവിധ പദ്ധതികളുടെയും, പർച്ചേസുകളുടെയും ഭാഗമായി ടെണ്ടർ, ക്വട്ടേഷൻ പരസ്യപ്പെടുത്തുന്നതിനായി ഓരോ പദ്ധതി വർഷത്തിലും വിവിധ പത്രങ്ങളിൽ വിവിധ തീയതികളിൽപത്രപരസ്യം നൽകിവരുന്നുണ്ട്. എന്നാൽ ഈവിധം പത്രസ്ഥാപനങ്ങൾക്ക് നൽകുന്ന പരസ്യ ചാർജ്ജിനത്തിൽനിന്ന് അർഹമായ ഡിസ്കൗണ്ട് ബിൽ ഇൻവോയിസിൽ കുറവുവരുത്തുന്നതായി കാണുന്നില്ല. ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻസ് (ഡി) ഡിപ്പാർട്ട്മെന്റ് ഉത്തരവ് നംബർ ജി.ഒ.(ആർ.ടി) 288/14/I&PRD, തിരുവനന്തപുരം, തീയതി, 10-09-2014 ഖണ്ഡിക രണ്ടിൽ " A Discount Of 15% Will Be Allowed On All Advertisement Issued For Publication By Various Government Department /Universities /Autonomous Bodies /Public Undertakings Etc. Either Through This Department Or Directlyഎന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവിധ വൗച്ചറുകളിലായി പരസ്യ ചാർജ്ജിനത്തിൽ നൽകിയ ബിൽ തുകയുടെ ഉദാഹരണം ചുവടെ കൊടുക്കുന്നു.

| പത്രത്തിന്റെ പേര് | ഇൻവോയിസ് നംബർ തീയതി | നൽകിയ തുക | വൗച്ചർ നംബർ തീയതി | അർഹമായ ഡിസ്കൗണ്ട് |
|---|---|---|---|---|
| മാതൃഭൂമി | 321000081647 17-12-21 | 6300 | 22200099 21-4-22 | 945 |
| മാതൃഭൂമി | 321000083643 Dt 21-12-21 | 5040 | Do- | 756 |
| മാതൃഭൂമി | 321000084888 25-12-21 | 6300 | Do- | 945 |
| മാതൃഭൂമി | 321000114109 9-3-22 | 3600 | 22200182 10-5-22 | 540 |
| മാതൃഭൂമി | 321000039521 27-8-21 | 6300 | Do- | 945 |
| മലയാള മനോരമ | EL 0446017483 25-2-22 | 3192 | 22200611 27-9-22 | 479 |
| മാതൃഭൂമി | 321000116754 16-3-22 | 21504 | 22200669 11-10-22 | 3226 |
| മാതൃഭൂമി | 32100014081 10-5-22 | 5376 | Do- | 806 |
| മാതൃഭൂമി | 321000102666 9-2-22 | 6300 | Do- | 945 |
| ചന്ദ്രിക | 2033 /DL /CLT21 Dt 10-2-22 | 4032 | Do- | 605 |
| മലയാള മനോരമ | KH0440011580 18-11-22 | 3230 | 22200904 3-1-23 | 485 |

| | | | | |
|---|---|---|---|---|
| മാതൃഭൂമി | 321000088820<br>4-12-22 | 15994 | 22200905<br>3-1-23 | 2399 |
| മാതൃഭൂമി | 321000077592<br>5-12-21 | 5040 | 22200997<br>1-2-23 | 756 |
| മാതൃഭൂമി | 321000082436<br>18-11-22 | 4570 | 22200998<br>1-2-23 | 686 |
| മാതൃഭൂമി | 321000054098<br>30-8-22 | 5712 | 22200999<br>1-2-23 | 857 |
| മാതൃഭൂമി | 321000102467<br>14-01-23 | 4570 | 22201000<br>1-2-23 | 686 |
| മാതൃഭൂമി | 321000095703<br>24-2-21 | 7056 | 22201268<br>20-3-23 | 1058 |
| മാതൃഭൂമി | 321000081952<br>21-1-21 | 5880 | Do- | 882 |
| മാതൃഭൂമി | 321000102383<br>13-3-21 | 7056 | Do- | 1058 |
| | | | Total | 19059 |

മേൽ പട്ടികയിലെ ബില്ലിൽ നിന്നമാത്രം 19059 രൂപയുടെ ഇളവിന് അർഹതയുണ്ട്.മേൽ പട്ടികയിൽ പരാമർശിച്ചതിന് പുറമെ വിവിധ പ്രൊജക്ടിലും, തനത് ഫണ്ട് ചെലവിലും ഉൾപ്പെട്ട മുഴുവൻ പത്ര പരസ്യ ബില്ലുകളും വൗച്ചറുകളും പരിശോധിച്ച് പരസ്യ ചാർജ്ജിനത്തിൽ വിവിധ പത്രസ്ഥാപനങ്ങളിൽ നിന്നും അർഹമായ ഡിസ്കൗണ്ട് തുക ഈടാക്കി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 40 /2022-23 തീയതി, 25-01-2024) ലഭ്യമാക്കിയ മറുപടിയിൽ പരസ്യചാർജ്ജിലെ ഡിസ്കൗണ്ട് തുക ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-62 ജൈവവൈവിധ്യപാർക്ക് -പ്രവർത്തനം ആരംഭിച്ചില്ല- ഡെപ്പോസിറ്റ് ചെയ്ത തുക പാഴായി-ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 22200705 തീയതി 28-10-22 -₹ 3,00,000.00

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് 2020-21 വാർഷിക പദ്ധതി പ്രകാരം പൊതുസ്ഥലങ്ങളിൽ ജൈവ വൈവിധ്യപാർക്ക് തയ്യാറാക്കൽ എന്ന പദ്ധതിയുടെ ഭാഗമായി മാനന്തവാടി നഗരസഭയിൽ നടപ്പാക്കുന്നBio Diversity പാർക്കിന്റെ പ്രവൃത്തിക്കായി മുൻകൂർ തുക കേരള സംസ്ഥാന വൈ വൈവിധ്യ ബോർഡിന് നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ ഭാഗമായി കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ 23-03-2021 ലെ നടപടിക്രമം അനുസരിച്ച് വൗച്ചർ നം. 22200705 തീയതി 28-10-22 പ്രകാരം₹ 3,00,000.00 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായി ത്രികക്ഷി ധാരണാപത്രം ഒപ്പുവെക്കുകയും ചെയ്തിരുന്നു. ധാരണാപത്രം ഒപ്പിട്ട് ഒരു വർഷത്തിനകം പദ്ധതി പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങാൻ ജൈവ വൈവിധ്യ ബോർഡിന് കഴിഞ്ഞിരുന്നില്ല. തുടർന്ന് 11/8/2022 ലെ H1 /10526 /18 നമ്പർ കത്ത് പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് കരാർ കാലാവധി 2022 ഡിസംബർ മാസം വരെയായി പുതുക്കുന്നതിന് അനുമതി നൽകിയിരുന്നു. ഈ സമയക്രമം അനുസരിച്ച് പൊതു സ്ഥലങ്ങളിൽ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് നൽകിയ ₹3,00,000 രൂപ ചെലവഴിച്ച് ഇതിനോടകം ജൈവ വൈവിധ്യ പാർക്ക് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് നമ്പർ 43 /2022- 2023 തീയതി : 27/01/2024 പ്രകാരം ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ലഭ്യമാക്കിയിട്ടില്ലായെന്നുമാണ്. പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിച്ചതിൽ കാട്ടുപിടിച്ച അവസ്ഥയിലുള്ള കുറച്ച് സ്ഥലം താൽകാലിക വേലി കെട്ടി തിരിച്ചതായും, ഇരുമ്പ് ഷീറ്റ് കൊണ്ടുള്ള ചെറിയ ഒരു പ്രവേശനകവാടവും സ്ഥാപിച്ചതായും കണ്ടു വേലികെട്ടിതിരിച്ച സ്ഥലത്ത് മരതൈകൾ നട്ടിട്ടുണ്ട് എന്നാൽ ഒരു പരിചരണവും ഇല്ലതെ നശിച്ച അവസ്ഥയിലാണ് ഭൂരിഭാഗവും കണ്ടത്, ചെടികൾ നനയ്ക്കുന്നതിന് യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. സിമന്റ് കൊണ്ടുള്ള ചെറിയ ഒരു വെള്ളം സംഭരിക്കാനുപകരിക്കുന്ന വിധത്തിലുള്ള ഒരു നിർമ്മിതിയുമാണ് ആകെ കാണാൻ സാധിച്ചത്. പൊതുജന ശ്രദ്ധ

ലഭിക്കുന്നവിധത്തിലുള്ള യാതൊരു സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തിയിട്ടില്ല. നഗരസഭ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് തുക കൈമാറിയതല്ലാതെ ഇതുമായി ബന്ധപ്പെട്ട് യാതൊരു പരിശോധനയും നടത്തിയിട്ടില്ല .ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹3,00,000 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രത്തെക്കാൾ എന്താണോ ജൈവവൈവിധ്യ പാർക്ക് എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത് ആവിധത്തിലുള്ള പാർക്ക് നിർമ്മിച്ച് തുടർ പരിപാലനം ഉറപ്പുവരുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-63 2017 ലെ പരസ്യചാർജ്ജ് കുടിശ്ശിക ഒടുക്കിയത് രേഖകൾ ലഭ്യമാക്കിയില്ല ചെലവ് ₹ 20,160 /-തടസ്സത്തിൽ വെക്കുന്നു.

വൗച്ചർ നം. 22201116 തീയതി 26-9-2023 തുക ₹ 20,160 /-

ചെക്ക് നംബർ 5043744 Dt 26-02-2023.

നഗരസഭയുടെ നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 18-01-2017 തീയതി മാതൃഭൂമി ദിനപത്രത്തിൽ നൽകിയ വിജ്ഞാപനത്തിന്റെ പരസ്യചാർജ്ജിനത്തിൽ ₹ 20,160 രൂപ വൗച്ചർ നം. 22201116 തീയതി 26-9-2023 തുക ₹ 20,160 /-പ്രകാരം നൽകിയതായി കാണുന്നു. ഈ ചെലവ് തുകയുമായി ബന്ധപ്പെട്ട് മാതൃഭൂമി പത്രത്തിന്റെ ഒറിജിനൽ ബിൽ ഇൻവോയ്സ് അതോടൊപ്പം 2017 ൽ ലഭിക്കേണ്ടുന്ന തുക ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള പത്ര സ്ഥാപനത്തിന്റെ കത്ത് . പ്രസ്തുത കാലയളവിലെ പരസ്യചാർജ്ജ് നൽകിയിട്ടില്ലായെന്നുള്ള സെക്ഷന്റെ കുറിപ്പ് തുടങ്ങിയ രേഖകളൊന്നും ലഭ്യമായിട്ടില്ല. 2017 ലെ ഈ ചെലവ് തുടർ വർഷങ്ങളിൽ നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകളും ലഭ്യമല്ല. വാർഷിക ധനകാര്യ പത്രികയിൽ ഇത്തരം ഒരു ചെലവ് തുക ലയബിലിറ്റിയായി കാണിച്ചിട്ടുമില്ല. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (. നമ്പർ 47 /2022- 2023 തീയതി : 27/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽവെക്കുന്നു.

### 1-64 മഴക്കാല പൂർവ്വശുചീകരണം - തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 15/23 |
| പ്രോജക്ടിന്റെ പേര് | മഴക്കാല പൂർവ്വ ശുചീകരണം |
| അടങ്കൽ | 360000 |
| ഫണ്ടിനം | തനത്ഫണ്ട് |
| ചെലവഴിച്ച തുക | |
| 1. ബിൽ റഫറൻസ് നമ്പർ- | 22201367 തീയതി 30/03/2023 തുക- 360000/- |
| ആകെ ചെലവഴിച്ച തുക | 360000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

നഗരസഭ പ്രദേശത്ത് പകർച്ച വ്യാധികളേ മഴക്കാല രോഗങ്ങളും പടർന്ന് പിടിക്കുന്നത് തടയുന്നതിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഓവുചാൽ വൃത്തിയാക്കുന്നതിനും കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർഡ്/ഡിവിഷൻ സാനിറ്റേഷൻ കമ്മിറ്റി വഴിയാണ് മേൽ പ്രവർത്തനങ്ങൾ നടത്തേണ്ടത്. 27.02.2023 തീയതിയിലെ 17/17/23 നമ്പർ തീരുമാനം പ്രകാരം ഓരോ വാർഡിലേക്കും 10000 രൂപ വീതം അനുവദിക്കുന്നതിന് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. 36 ഡിവിഷനുകളിലേക്കായി ആകെ 360000 രൂപ ഡിവിഷൻ സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്

ഓരോ ഡിവിഷനിലും എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് തയ്യാറാക്കയോ ചെയ്യേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ്/ പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഏതാനും മസ്റ്റർ റോളുകൾ തയ്യാറാക്കി തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ ഡിവിഷനുകളിലേയും പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിലാണ് കൂലി നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ഏകീകൃത നിരക്കിൽ കൂലി നൽകുന്നതിന്റെ അടിസ്ഥാനത്തിലോ അല്ലാതെ തുക ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.81 തീയതി 23/01/2024)ന് നൽകിയ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കിണർ ക്ലോറിനേഷൻ, കൊതുക് നശീകരണ പ്രവൃത്തികളാണ് പ്രസ്തുത പ്രോജക്ട് പ്രകാരം നടപ്പാക്കിയിട്ടുള്ളത് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ ഭാഗികമാണ്. ഹാജരാക്കിയ രേഖകളിൽ മേൽ

പ്രവൃത്തികളാണ് നടത്തിയത് എന്നത് സംബന്ധിച്ച രേഖകളില്ല. കൂടാതെ പല പ്രവൃത്തികളും നിർമ്മാണ പ്രവൃത്തികളിൽ പെടുത്താവുന്നവയാണ്.( കുളം ശുചീകരണ പ്രവൃത്തികൾ, റോഡ് പരിസരം കാട് വെട്ടി വൃത്തിയാക്കൽ തുടങ്ങിലവ). രേഖകൾ ഹാജരാക്കാത്തതിനാൽ 360000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ കൃത്യത ഉറപ്പ് വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ഹാജരാകാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാവും ) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കോ നിലവിലില്ല എന്നനിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-65 പ്രവർത്തനക്ഷമമല്ലാത്തതും, ആവശ്യമില്ലാത്തതുമായ പൊതു ടാപ്പുകൾ ഒഴിവാക്കി വാട്ടർ ചാർജ്ജിനത്തിലെ ചെലവ് നിയന്ത്രിക്കേണ്ടതാണ്.

നഗരസഭയുടെ 2022-23 വർഷത്തെ തനത് ഫണ്ട് ചെലവ് പരിശോധിച്ചതിൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2023 ഫിബ്രവരിമാസം വരെ ടാപ്പ് ഒന്നിന് പ്രതിവർഷം 8692.11 നിരക്കിൽ 244 പൊതുടാപ്പുകളുടെ വെള്ളകരമിനത്തിൽ ₹1,76,737 രൂപയും. വെള്ളക്കര തുക വർദ്ധിച്ചത് അനുസരിച്ച് 2023 മാർച്ച് മാസം മുതൽ ടാപ്പ് ഒന്നിന് പ്രതിവർഷം 21838.68 രൂപ നിരക്കിൽ (വൗച്ചർ നം. 22201354 തീയതി 30-03-2023 പ്രകാരം) ₹ 4,44,060 രൂപയും ഒടുക്കിവരുന്നതായി കാണുന്നു. സ്റ്റിറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല.വാട്ടർ ചാർജ്ജിന്റെ വർദ്ധനവിനെ തുടർന്ന് മുൻപ് ഒടുക്കിവന്നതിൽ നിന്നും ₹2,67,323 രൂപയുടെ വർദ്ധനവാണ് തനത് ഫണ്ടിന് പ്രതിമാസം ഉണ്ടായിട്ടുള്ളത്.. 244 പൊതു ടാപ്പുകളാണ് വാട്ടർ അതോറിറ്റി ബിൽ ഇൻവോയ്സ് പ്രകാരം ഡിമാന്റ് ചെയ്യുന്നതും നഗരസഭ തുക ഒടുക്കാൻ കണക്കാക്കുന്നതും. എന്നാൽ ഈ പൊതുടാപ്പുകളെല്ലാം തന്നെ പ്രവർത്തനക്ഷമമായതാണോയെന്നും, ആവശ്യമുള്ളതുമാണോ എന്നുമ നഗരസഭയും വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. എന്നാൽ ഇത് സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് (നമ്പർ-36/2022- 2023 തീയതി : 25/01/2024 ) നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പൊതുടാപ്പുകളുടെ എണ്ണം കണ്ടെത്തുന്നതിന് സംയുക്തപരിശോധന നടത്തിയതായും അതനുസരിച്ച് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 27-09-2023 തീയതിയിലെ KWA / SBY /DIV /REV / 2 / 3032 നംബർ റിപ്പോർട്ട് ലഭ്യമാക്കിയതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 320 പൊതുടാപ്പുകൾ കണ്ടെത്തിയതായി അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരമാണെങ്കിൽ നഗരസഭയുടെ നിലവിലെ വെള്ളക്കര തുക വളരെയധികം കൂടുന്നതാണ്. ആയതിനാൽ മേൽ കാണിച്ച 320 പൊതു ടാപ്പുകൾ സംബന്ധിച്ച് അടിയന്തിരമായി പരിശോധന നടത്തേണ്ടതും ആവശ്യമില്ലാത്തതും, പ്രവർത്തനക്ഷമമല്ലാത്തതുമായ ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജലജീവൻ മിഷൻ, അമൃത് തുടങ്ങിയ സമഗ്ര കുടിവെള്ളപദ്ധതികൾ നഗരസഭാ പ്രദേശത്ത് നടപ്പിക്കിവരുന്ന സാഹചര്യത്തിൽ അത്യാവശ്യമായതൊഴിച്ചുള്ള പൊതു ടാപ്പുകൾ ഒഴിവാക്കി ഈയിനത്തിലുള്ള അധിക ചെലവ് ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഇത് മോണിറ്റർ ചെയ്യേണ്ടതും , സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-66 ഫോറസ്റ്റ് അധീനതിയിലെ മരങ്ങൾമുറിച്ചുമാറ്റുന്നതിന്റെ ചെലവ് നഗരസഭ വഹിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

വൗച്ചർ നംബർ-22200688തീയതി 20-10-2022 തുക ₹70,000/-

ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള അന്യകുത്തി പിലാക്കാവ് റോഡിലുള്ള മൂന്നുമരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള കൂലി ഇനത്തിൽ നഗരസഭ തനത് ഫണ്ടിൽ നിന്നും വൗച്ചർ നംബർ-22200688തീയതി 20-10-2022 പ്രകാരം ₹70,000/- രൂപ ചെലവഴിച്ചതായി കാണുന്നു. ഫോറസ്റ്റ് അധീനതിയുള്ള സ്ഥലത്തുനിന്നുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നഗരസഭ തുക ചെലവഴിക്കാനുളള സാഹചര്യവും എന്താണെന്ന് വ്യക്തമല്ല. മാത്രവുമല്ല ഈ വിധം മരങ്ങൾ നഗരസഭയോട് മുറിച്ചുമാറ്റാൻ ഫോറസ്റ്റ് വകുപ്പ് നിർദ്ദേശിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഈ വിധം മുറിച്ചുമാറ്റിയത് ഏതു തരം മരങ്ങളാണെന്നോ മരങ്ങൾ നഗരസഭക്ക് നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറപ്പിന് (നമ്പർ .46 /2022- 2023 തീയതി : 27/01/2024) മറുപടിയോ ബന്ധപ്പെട്ട രേഖകളോ ലഭ്യമാക്കിയിട്ടുമില്ല. പ്രസ്തുത കാരണങ്ങളാൽ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹70,000 രൂപ ഓഡിറ്റ് തടസ്സത്തിൽവെക്കുന്നു.

## 1-67 എഞ്ചിനിയറിംഗ് വിഭാഗത്തിലേക്ക്- വാഹന വാടക- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗത്തിലേക്ക് വാഹനം വാടകയ്ക്ക് എടുത്ത വകയിൽ 2022-23 വർഷത്തിൽ പ്രതിമാസം താഴെപറയുന്ന തുക നൽകിയതായി കാണുന്നു.

| വൗച്ചർ നം. തീയതി | തുക |
|---|---|
| 22200219 Dt 24-5-2022 | 36,044 |
| 22200282 Dt 18-6-2022 | 42,057 |
| 22200390 Dt 06-07-2022 | 35,651 |
| 22200505 Dt 05-08-2022 | 36,669 |
| 22200598 Dt 15-9-2022 | 40,520 |
| 22200627 Dt 01-10-2022 | 37718 |
| 22200708 Dt 01-11-2022 | 30,779 |
| 22200817 Dt 01-12-2022 | 37135 |
| 22200903 Dt 03-01-2023 | 37827 |
| 22201007 Dt 02-02-2023 | 38196 |
| 22201149 Dt 01-03-2023 | 42,823 |
| ആകെ തുക | 415,419 |

ഈയിനത്തിൽ 2022-23 വർഷത്തിൽ ₹4.15.419 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പെതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തിയുടെ സൂപ്പർവിഷൻ, കെട്ടിടനിർമ്മാണ അപേക്ഷയിൻമേലുള്ള സ്ഥലപരിശോധന തുടങ്ങിയ വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സ.ഉ.(സാധാ) നം.690/18 /തസ്വഭവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചീഫ് എഞ്ചിനിയർ നം. ഡിബി3-753/2012/സി.ഇ/തസ്വഭവ തീയതി 18/03/2018 പ്രകാരം പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിൽ ഒരു മാസം ഉപയോഗിക്കേണ്ടിവരുന്ന Minimum & Maximum Kilometre, വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ ശമ്പളം, വാഹനത്തിന് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ എന്നിവ കണകാക്കി ഒരു മാസത്തേക്ക് ആവശ്യമുള്ള ശരാശരി വാഹനവാടക കണകാക്കേണ്ടതും, ആയത് ഒരു വർഷേത്തക്കുള്ള തുകയായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രോജകറ്റായി വയ്ക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 23.03.2017 ലെ 2.9 നമ്പർ തീരുമാനം അനുസരിച്ച് ബ്ലോക്ക്, ജില്ലാ, നഗരസഭകളുടെ എഞ്ചിയർമാരും വാഹനത്തിന്റെ ആവശ്യകത തദ്ദേശസ്ഥാപനത്തെ ബോധ്യപ്പെടുത്തി 2018-19 സാമ്പത്തിക വർഷം മുതൽ പ്രോജക്റ്റ് വയ്ക്കേണ്ട നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ നഗരസഭ ഈ ചെലവ് പ്രോജക്റ്റ് വയ്ക്കാതെ തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചതായി കാണുന്നത്. 27-01-2022 തീയതിയിലെ നഗരസഭാ കൗൺസിലിന്റെ 22/22 നമ്പർ തീരുമാന പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 31-12-2021ന്ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച5 വ്യക്തികൾ സമർപ്പിച്ച ക്വട്ടേഷനിൽ മിനിമം ചാർജ്ജ് 969രൂപയും, അധിക ദൂരം 16.3 കിലോമീറ്റർ എന്ന പരിധിക്ക് വിധേയമായി ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.ഡൊമനിക്ക് .വി.കെ എന്നവരുടെ (KL 12E 837 ജിപ്പ് ) ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. മിനിമം ചാർജ്ജ് ആയ 969 രൂപയ്ക്ക് 40 കിലോമീറ്റർവരെയാണ് യാത്ര ചെയ്യേണ്ടത് അഡീഷനൽ യാത്രയ്ക്ക് കിലോമീറ്ററിന് 16.30 രൂപയാണ് അംഗീകരിച്ചത്.

വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച ഡിബി3-753/2012/സി.ഇ/തസ്വഭവ തീയതി 18/03/2018 ഉത്തരവ് പ്രകാരമുള്ള ഒരു മാസത്തേക്ക് വാഹന വാടകയിനത്തിൽ ശരാശരി തുക കണകാക്കിയതിന്റെ വിവരം. പ്രോജക്ട് മുഖാന്തിരം വാഹന വാടക ചെലവ് നടത്താനുള്ള അനുമതി ഉണ്ടായിരിക്കെ തനത് ഫണ്ടിൽ നിന്നും ഈയിനത്തിലെ ചെലവ് ചെയ്യാനുള്ള കാരണം,. 2022-23 വർഷത്തിൽ വാഹന വാടക ഇനത്തിൽ തുക നൽകിയതിന് അടിസ്ഥാനമാക്കിയിട്ടുള്ള വാഹനത്തിന്റെ ഒറിജിനൽ ലോഗ് ബുക്ക്, സെക്രട്ടറി അംഗീകരിച്ച ലോഗ് റിപ്പോർട്ട്. തുടങ്ങിയ രേഖകൾ ,വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് (നമ്പർ 35/2022- 2023 തീയതി : 25/01/2024) ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവ് ₹ 415,419 തടസ്സത്തിൽവെക്കുന്നു.

## 1-68 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ- തുടർനടപടികൾ സ്വീകരിച്ചില്ല.

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരാണർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരാണർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് നഗരസഭാ പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത നിധിയുടെ വരവ് ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രിക 2022-23 ഷെഡ്യൂൾ ബി-2 പ്രകാരം ₹ 12,967 രൂപ ദുരിതാശ്വാസ നിധിയിനത്തിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ട് രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 64 /2022- 2023 തീയതി :29/01 /2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരണം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-69 പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട്

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2) , 8 ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബല്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതു മാസം 25 ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. (ചട്ടം-10) നഗരകാര്യ ഡയറക്ടറിൽ നിന്നും പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്. ( ചട്ടം-11) (1). എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് മാനന്തവാടി നഗരസഭയിൽ നിർവ്വഹിക്കുന്നുണ്ടോ എന്ന് 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതോടൊപ്പം പെൻഷൻ ഫണ്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ 16-01-2024 ന് 2/2024 പ്രകാരം ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകുകയുണ്ടായി. പ്രസ്തുത അന്വേഷണകുറിപ്പിന് 19-01-2024 തീയതിയിൽ മറുപടി ലഭ്യമാക്കുകയുണ്ടായി.

റഗുലർ പെൻഷൻ

നഗരസഭയുടെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക എല്ലാ മാസവും റെഗുലർ പെൻഷൻ ഫണ്ടിനത്തിൽ മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നുണ്ട്. എന്നാൽ മാനന്തവാടി നഗരസഭ നിലവിൽ വന്ന 2016 കാലയളവുമുതൽ 2022-23 വരെ ആകെ എത്ര രൂപ പെൻഷൻ ഫണ്ടിനത്തിൽ ഒടുക്കിയിട്ടുണ്ട് എന്നകണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പെൻഷൻ ഫണ്ട് രജിസ്റ്റർ ഈയിനത്തിൽ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ പെൻഷൻ ഫണ്ട് ചട്ടത്തിൽ വ്യവസ്ഥ ചെയ്തപ്രകാരം റഗുലർ പെൻഷൻ നൽകുന്നതിന് പ്രത്യേകമായി ട്രഷറി അക്കൗണ്ട് തുടങ്ങിയിട്ടില്ല. നഗരസഭയുടെ പൊതുവായിട്ടുള്ള ടി.എസ്.ബി അക്കൗണ്ട് നം. മുഖേനയാണ് പെൻഷൻ ഫണ്ട് തുക മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അടച്ചുകൊടുക്കുന്നത്. 2022-23 വർഷത്തിൽ 843984 രൂപ അയച്ചുകൊടുത്തിട്ടുണ്ട്. നഗരസഭയിൽ നിന്നും റഗുലർ ജീവനക്കാരുടെ വിഭാഗത്തിൽ പെൻഷൻ വാങ്ങിക്കുന്ന ജീവനക്കാർ ആരും ഇല്ലാത്തതിനാൽ നാളിതുവരെയായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് തുകകളൊന്നും ഇതുവരെയായി ലഭിച്ചിട്ടില്ല.

നഗരസഭ പെൻഷൻ ഫണ്ട് സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കി നഗരസഭ രൂപീകരിച്ച കാലം മുതൽ നാളിതുവരെ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തുകയുടെ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് മാത്രമായി ചട്ടത്തിൽ വ്യക്തമാക്കിയ വിധത്തിൽ പ്രത്യേകമായി ട്രഷറി അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഭാവിയിൽ നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യമിനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക പ്രസ്തുത ട്രഷറി അക്കൗണ്ടിൽ മാത്രമ നിക്ഷേപിച്ച് ചെലവ് ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷത്തെയും അക്കൗണ്ട് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

കണ്ടിജന്റ് പെൻഷൻ ഫണ്ട്

ജി.ഒ. (പി) 96/1997 ത.ഭ.വ തീയതി, 3-5-1997 ഉത്തരവിലൂടെ നിലവിൽ വന്ന 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയ്സ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് ചട്ടം 1,7 (2) എന്നിവയനുസരിച്ച് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. കണ്ടിജന്റ് വിഭാഗത്തിൽ നഗരസഭയിൽ നിയമിക്കപ്പെട്ട ജീവനക്കാരെല്ലാവരും കോൺട്രിബ്യൂട്ടറി പെൻഷൻ നിലവിൽ വന്നതിനുശേഷം സർവ്വീസിൽ വന്നതിനാൽ കണ്ടിജന്റ് പെൻഷൻ ഫണ്ടിനത്തിൽ തുകയൊന്നും നിലവിൽ അടച്ചുവരുന്നില്ല .

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിരക്ക് കുറച്ച് നിർണയിച്ചു- നഗരസഭയ്ക്ക് ധനനഷ്ടം

മാനന്തവാടി നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരേ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള 100ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 80 രൂപ/ച.മീ നിരക്കിലുമാണ് നികുതി നിരക്ക് നിർണയിച്ചിട്ടുള്ളത് . വാണിജ്യാവശ്യത്തിനുള്ള 100ച.മീ കൂടുതൽ വിസ്തീർണമുള്ള ചില കെട്ടിടങ്ങൾക്ക് നിലവിൽ 100ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയിട്ടുണ്ട്. ശ്രീ എൻ.കെ വർഗീസ് എന്നിവരുടെ 8/45(2) മുതൽ 8/45(6) വരേയുള്ള കെട്ടിടങ്ങളുടെയും,ശ്രീമതി സിസിലി എന്നിവരുടെ 18/368(1) മുതൽ 18/368(5) വരേയുള്ള കെട്ടിടങ്ങളുടെയും,ശ്രീമതി മേരി ജോസഫ് എന്നിവരുടെ 7/146(6) മുതൽ 7/146(9) വരേയുള്ള കെട്ടിടങ്ങളുടെയും,ശ്രീ അബ്ദുൾ നാസർ,ശ്രീ അബ്ദുള് നാസർ പടയൻ എന്നിവരുടെ പേരിലുള്ള 25/2437(1) മുതൽ 25/2437(3) വരേയുള്ള കെട്ടിടങ്ങളുടെയും നികുതി നിർണയിച്ചത് ഉദാഹരണമായി താഴെ നൽകുന്നു

**എ) ശ്രീ എൻ.കെ വർഗീസ് എന്നിവരുടെ 8/45(2) മുതൽ 8/45(6) വരേയുള്ള 25.41 ച.മീ വിസ്തീർണം വരുന്ന 5 കെട്ടിടഭാഗങ്ങൾ (ഗ്രൗണ്ട് ഫ്ലോർ)**

25.41 ച.മീ വീതം വിസ്തീർണം വരുന്ന അഞ്ച് കെട്ടിടങ്ങൾ

| | | ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 80 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|
| 1 | അടിസ്ഥാന നികുതി | 25.41*60=1525 | 2033 |
| 2 | അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 305 | 407 |
| 3 | അടിസ്ഥാന | 152 | 203 |

| | | | |
|---|---|---|---|
| | നികുതിയിലുള്ള കിഴിവ് (മേഖലയുടെ അടിസ്ഥാനത്തിൽ-ദ്വിതീയം-10%) | | |
| 4 | ആകെ നികുതി (1+2-3) | 1678 | 2237 |
| 5 | ലൈബ്രറി സെസ്സ് (5%) | 84 | 112 |
| 6 | സേവന ഉപനികുതി | 168 | 224 |
| 7 | ആകെ നികുതി (ലൈബ്രറി സെസ്സ്,സേവന ഉപനികുതി എന്നിവ ഉൾപ്പെടെ) | 1930 | 2573 |
| 8 | നികുതിയിനത്തിലെ നഷ്ടം | 643 | |
| 9 | നികുതിയിനത്തിലെ നഷ്ടം അഞ്ച് കെട്ടിട മുറികൾക്ക് | 643*5=3215രൂപ | |

**ബി) ശ്രീമതി സിസിലി പൂഴിപ്പുറത്ത് എന്നിവരുടെ 18/368(1) മുതൽ 18/368(5) വരെയുള്ള അഞ്ച് കെട്ടിടഭാഗങ്ങൾ (ഗ്രൗണ്ട് ഫ്ലോർ)** 24.06 ച.മീ വീതം വിസ്തീർണം വരുന്ന അഞ്ച് കെട്ടിടങ്ങൾ

| | | ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 80 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|
| 1 | അടിസ്ഥാന നികുതി | 24.06*60=1444 | 24.06*80=1925 |
| 2 | അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 289 | 385 |
| 3 | അടിസ്ഥാന നികുതിയിലുള്ള കിഴിവ് (മേഖലയുടെ അടിസ്ഥാനത്തിൽ-ദ്വിതീയം-10%) | 144 | 193 |
| 4 | ആകെ നികുതി (1+2-3) | 1589 | 2117 |
| 5 | ലൈബ്രറി സെസ്സ് (5%) | 79 | 106 |
| 6 | സേവന ഉപനികുതി | 159 | 212 |
| 7 | ആകെ നികുതി (ലൈബ്രറി സെസ്സ്,സേവന ഉപനികുതി എന്നിവ ഉൾപ്പെടെ) | 1827 | 2435 |

| | | |
|---|---|---|
| 8 | നികുതിയിനത്തിലെ നഷ്ടം | 608 |
| 9 | നികുതിയിനത്തിലെ നഷ്ടം അഞ്ച് കെട്ടിട മുറികൾക്ക് | 608*5=3040രൂപ |

**സി) ശ്രീ കര്യൻ കെ.യു, ശ്രീമതി മേരി ജോസഫ് കുളത്തിങ്കൽ വീട് എന്നിവരുടെ 7/146(6) മുതൽ 7/146(9) വരെയുള്ള അഞ്ച് കെട്ടിടഭാഗങ്ങൾ (ഗ്രൗണ്ട് ഫ്ലോർ)**

കെട്ടിടത്തിന്റെ ആകെ വിസ്തീർണം-109.56 ച.മീ

| | | ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 80 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|
| 1 | അടിസ്ഥാന നികുതി | 109.56*60=6574 | 109.56*80=8765 |
| 2 | അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 1315 | 1753 |
| 3 | അടിസ്ഥാന നികുതിയിലുള്ള കിഴിവ് (മേഖലയുടെ അടിസ്ഥാനത്തിൽ-ദ്വിതീയം-10%) | 657 | 877 |
| 4 | ആകെ അടിസ്ഥാന നികുതി (1+2-3) | 7232 | 9641 |
| 5 | ബഹു നില കെട്ടിടത്തിനുള്ള കിഴിവ് (5%) | 362 | 482 |
| 6 | ആകെ നികുതി (4-5) | 6870 | 9159 |
| 7 | ലൈബ്രറി സെസ്സ് (5%) | 344 | 458 |
| 8 | സേവന ഉപനികുതി (10%) | 687 | 916 |
| 9 | ആകെ നികുതി (ലൈബ്രറി സെസ്സ്, സേവന ഉപനികുതി ഉൾപ്പെടെ) | 7901 | 10533 |
| 10 | നികുതിയിനത്തിലെ നഷ്ടം | 2632 | |

**ഡി) ശ്രീ അബ്ദുൾ നാസർ,അബ്ദുൾ റഷീദ്,പടയൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 25/2437(1) മുതൽ 25/2437(3) വരെയുള്ള കെട്ടിടങ്ങൾ,**

കെട്ടിടത്തിന്റെ ആകെ വിസ്തീർണം-142.24 ച.മീ

| | | ച.മീറ്ററിന് 60 രൂപ നിരക്കിൽ | ച.മീറ്ററിന് 80 രൂപ നിരക്കിൽ |
|---|---|---|---|

| | | നിർണയിച്ചിരിക്കുന്ന നികുതി | നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|
| 1 | അടിസ്ഥാന നികുതി | 142.24*60=8534 | 142.24*80=11379 |
| 2 | അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 1707 | 2276 |
| 3 | ആകെ അടിസ്ഥാന നികുതി (1+2) | 10241 | 13655 |
| 4 | ലൈബ്രറി സെസ്സ് (5%) | 512 | 683 |
| 5 | സേവന ഉപനികുതി (10%) | 1024 | 1366 |
| 6 | ആകെ നികുതി (ലൈബ്രറി സെസ്സ്, സേവന ഉപനികുതി ഉൾപ്പെടെ) | 11777 | 15704 |
| 7 | നികുതിയിനത്തിലെ നഷ്ടം | 3927 | |

മേൽ കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ സംഭവിച്ചത് പ്രകാരം 3215+2632+3040+3215=12814 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.ഇപ്രകാരം കെട്ടിട നികുതി നിർണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

33 /2020-21 / 25.01.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിയിനത്തിൽ നഷ്ടമായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വിതരണം- സബ്സിഡി മാർഗ്ഗ രേഖ ലംഘിച്ച് ചെലവഴിച്ച തുക നിരാകരിക്കുന്നു

ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന നഗരസഭാ പരിധിയിലുള്ള 48 ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0619/23 |
| **പ്രൊജക്ടിന്റെ പേര്** | ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വിതരണം |
| **അടങ്കൽ** | ₹ 27,66,000.00 (വികസന ഫണ്ട് ജനറൽ) |

| | |
|---|---|
| **ചെലവ് (₹)** | ആകെ ₹ 27,30,720.00<br>910240/- BRN No.22180447001701365742/15.03.23<br>910240/- BRN No.22180447001701365743/15.03.23<br>910240/- BRN No.22180447001701365745/15.03.23 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | സെക്രട്ടറി |

മേൽ പദ്ധതിയിൽ, Bizarre Power Solutions, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 48 Lenovo ലാപ്ടോപ്പുകൾ GEM വഴി പർച്ചേസ് ചെയ്തിട്ടുണ്ട്. ഒരു Lenovo ലാപ്പ്ടോപ്പിന് 55,000/- രൂപയും ഒരു Lenovo ക്യാരി ബാഗിന് 490/- രൂപയും ഒരു HP മൗസിന് 1400/- രൂപയും ഉൾപ്പെടെ 180447001701365745/15.03ആകെ ഒരു ഗുണഭോക്താവിന് 56,890/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | ലാപ്ടോപ്പുകളുടെ എണ്ണം | തുക(₹) | HP മൗസിന്റെ എണ്ണം | തുക(₹) | LENOVO ക്യാരി കേസിന്റെ എണ്ണം | തുക(₹) | ആകെ(₹) |
|---|---|---|---|---|---|---|---|---|
| 1 | BIZ/C/29 /2022-23 /15.03.2023 | 16 | 879999.82 (54999.98 X 16) | 16 | 22399.98 (1399.99 X 16) | 16 | 7839.92 (489.99 X 16) | 910240 |
| 2 | BIZ/C/31 /2022-23 /15.03.2023 | 16 | 879999.82 (54999.98 X 16) | 16 | 22399.98 (1399.99 X 16) | 16 | 7839.92 (489.99 X 16) | 910240 |
| 3 | BIZ/C/30 /2022-23 /15.03.2023 | 16 | 879999.82 (54999.98 X 16) | 16 | 22399.98 (1399.99 X 16) | 16 | 7839.92 (489.99 X 16) | 910240 |
| **ആകെ** | | **48** | **26,39,999** | **48** | **67200** | **48** | **23521** | **27,30,720** |

സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022) പ്രകാരം ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ജനറൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ പാടില്ല. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്ടോപ്പ് വാങ്ങി നൽകാൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ, 48 ജനറൽ വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28/05/2022) അനുബന്ധം 4 പ്രകാരം ക്യാരി കേസ്, മൗസ് എന്നിവ

ലാപ്ടോപ്പിന്റെ കൂടെ നൽകേണ്ടതാണ്. എന്നാൽ, 48 ക്യാരി കേസിന് 67200/- രൂപയും 48 മൗസുകൾക്ക് 23521/- രൂപയും നൽകിയിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1) 25/01/2023- ലെ കൗൺസിൽ തീരുമാനം നം.21/21/23 പ്രകാരം 48 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, തൊട്ടടുത്ത വാർഡ് സഭയിൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം വാങ്ങിയിട്ടില്ല.

2) ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താവ് പഠിക്കുന്ന സ്ഥാപന മേധാവിയിൽ നിന്നുമുള്ള സാക്ഷ്യപത്രം, മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) പ്രോജക്ടിൽ ടെണ്ടർ വഴിയാണ് വാങ്ങൽ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ, GEM(Government E Markrtplace) വഴി ആണ് ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം(G.O(P)No.2/2018/SPD തീ.28.04.2018) 2013-ലെ സ്റ്റോർ പർച്ചേസ് മാനുവലിൽ GEM പർച്ചേസുമായി ബന്ധപ്പെട്ട പുതിയ ചാപ്റ്റർ(ചാപ്റ്റർ 19) ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ, സർക്കാർ ഉത്തരവ് പ്രകാരം(G.O(P)No.13/2019/SPD തീ.25.10.2019) മാറ്റം വരുത്തിയിട്ടുണ്ട്. 2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ സെക്ഷൻ 19.5 പ്രകാരം, 25,000/- ന് വരെയുള്ള പർച്ചേസ് GEM വഴി L1- Direct Purchase മോഡ് വഴി നേരിട്ട് വാങ്ങിക്കാൻ സാധിക്കുന്നതാണ്. സെക്ഷൻ 19.6 പ്രകാരം, 25,000/- -5,00,000/- L1- Direct Purchase With Comparison വരെ മൂന്ന് വ്യത്യസ്ത മാനുഫാക്ച്ചേഴ്സിന്റെ വിൽപ്പനക്കാരിൽ നിന്നും ഏറ്റവും കുറഞ്ഞ വിലക്കുള്ള സാധനങ്ങൾ വാങ്ങാം. സെക്ഷൻ 19.7 പ്രകാരം 5,00,000/- ന് മുകളിലുള്ള പർച്ചേസ് GEM വഴി Online Bid/online Reverse Auction Mode വഴി മേടിക്കാം. റിവേഴ്സ് ഓക്ഷൻ അവലംബിക്കുന്നത് വിൽപ്പനക്കാർ തമ്മിലുള്ള മത്സരം കൂടുതലാകുവാനും തുക താഴ്ത്തി ക്വോട്ട് ചെയ്യുന്നതിനും ഇടയാക്കുന്നു. എന്നാൽ, ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത് Online Bid വഴിയാണ്.

Online Reverse Auction Mode അവലംബിക്കാതെയും മാർക്കറ്റ് റേറ്റ് പരിഗണിക്കാതെയും പർച്ചേസ് നടത്തിയതിനാൽ മാനന്തവാടി നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായി, സെക്രട്ടറി GEM വഴി ലാപ്ടോപ്പ് വാങ്ങിയതും, 2022-2023 വർഷത്തെ മാനന്തവാടി നഗരസഭയിലെ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.611/23(GVHSS മാനന്തവാടി കമ്പ്യൂട്ടർ വാങ്ങിക്കൽ) എന്നതിൽ ലാപ്ടോപ്പ് വാങ്ങിച്ചതും താഴെ താരതമ്യം ചെയ്യുന്നു.

| **സെക്രട്ടറി S0619/23 പ്രോജക്ട് പ്രകാരം GEM വഴി വാങ്ങിയത്** | | **ഹെഡ്മാസ്റ്റർ S0611/23 പ്രോജക്ട് പ്രകാരം ടെണ്ടർ വഴി വാങ്ങിയത്** | |
|---|---|---|---|
| **സ്പെസിഫിക്കേഷൻ** | **ചെലവഴിച്ച തുക(₹)** | **സ്പെസിഫിക്കേഷൻ** | **ചെലവഴിച്ച തുക(₹)** |
| Lenovo V15G3 ലാപ്ടോപ്പ്<br>Intel Core I3-1215U(12th Generation)<br>8GB RAM<br>512GB SSD | 56,890/- | Acer Aspire 3NX<br>Intel Core I5(11th Generation)<br>8GB RAM<br>512GB SSD | 47,150/- |

| | | | |
|---|---|---|---|
| 15.6 Inch Display,<br>Ubuntu OS. | | 15.6 Inch Display,<br>Windows 11 OS. | |

മുകളിലെ പട്ടികയിൽ നിന്നും തന്നെ മാർക്കറ്റ് റേറ്റിനേക്കാൾ വളരെ അധികരിച്ച വിലക്കാണ് സെക്രട്ടറി ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത് എന്നത് വ്യക്തമാണ്. അതു കൂടാതെ, Lenovo യുടെ ഒഫീഷ്യൽ വെബ്സൈറ്റിൽ(Lenovo.com) സെക്രട്ടറി GEM വഴി 56890/- രൂപക്ക് വാങ്ങിയ ലാപ്ടോപ്പിന്റെ നിലവിലെ വില ഒരു ലാപ്ടോപ്പിന് 34991/- രൂപയാണ്.

4) ഓൺലൈൻ ബിഡ്ഡിൽ 6 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. അതിൽ താഴെ പറയുന്ന സ്ഥാപനങ്ങളെ ടെക്നിക്കൽ ഇവാല്യുവേഷനിൽ ഒഴിവാക്കിയിട്ടുണ്ട്. Bid Number : GEM/2023/B/3206417/01.03.2023 പ്രകാരം Two Packet Bid ആണ് ചെയ്തിരിക്കുന്നത്. GEM -ന്റെ Two Packet Bid ഉപധികൾ പ്രകാരം, മാനന്തവാടി നഗരസഭ ടെക്നിക്കൽ ഇവാല്യുവേഷന് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തേണ്ടതാണ്. എന്നാൽ, ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഇല്ലാതെയും കാരണം എന്താണ് എന്ന് രേഖപ്പെടുത്താതെയുമാണ്, Adcom Systems, Power CMS Technology, Viswas Computers Multi Brand Shoppe എന്നീ മൂന്ന് സ്ഥാപനങ്ങളെ ഒഴിവാക്കിയിരിക്കുന്നത്.

5) എത്ര വർഷം വാറന്റി ഉണ്ടെന്ന് കരാറിലും (നം.ഇല്ല തീയതി 13.03.2023) ഇൻവോയിസിലും വ്യക്തമാക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 4 പ്രകാരം 3 വർഷത്തെ Comprehensive OEM Warranty നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

6) 2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ, സെക്ഷൻ 19.13പ്രകാരം പർച്ചേസ് തുക 20ലക്ഷത്തിനു മുകളിൽ ഉള്ളത് IT വകുപ്പിന്റെ കൺകറൻസിന് ശേഷം മാത്രമേ വാങ്ങിക്കാവൂ(GO(Ms)NO.18/2017/ITD തീ 23/07/2017) എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ആ നിബന്ധന പാലിച്ചിട്ടില്ല.

7) വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണമെന്ന് പ്രോജക്ടിൽ(ഖണ്ഡിക 43) നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നടത്തിയിട്ടില്ല.

8) GEM Handbook (ജൂലൈ 2018), സെക്ഷൻ 2.3.6 പ്രകാരം പർച്ചേസ് ചെയ്യുന്ന സ്ഥാപനം ഓഡിറ്റ് ആവശ്യങ്ങൾക്കായി Audit Trail പരിശോധനക്ക് നൽകേണ്ടതാണ്. Audit Trail എന്നാൽ GEMപ്ലാറ്റ്ഫോമിൽ നടക്കുന്ന ഏതൊരു ഇടപാടിന്റെയും പ്ലാറ്റ്ഫോമിൽ നടത്തുന്ന പ്രവർത്തനങ്ങളുടെയും ഡോക്യുമെൻററി തെളിവുകൾ നൽകുന്ന സെക്യൂരിറ്റൈസ്ഡ് ക്രോണോളജിക്കൽ റെക്കോർഡ് ആണ്. Audit Trail പരിശോധനക്കായി സമർപ്പിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.72/22-23/31.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ചെലവ് ചെയ്ത തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ₹ 27,30,720.00, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. GEM -ലൂടെ സാധനങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ സ്ഥാപനത്തിന് നഷ്ടം വരുത്താതെ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 3- 2 പട്ടിക വർഗ്ഗ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം - അപാകങ്ങൾ

മാനന്തവാടി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക വർഗ്ഗ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം നടത്തുന്നതിനായി നടത്തിയ താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

1

| | |
|---|---|
| പ്രോജക്ട് നം | 33/23 |
| പ്രോജക്ടിന്റെ പേര് | എസ്.റ്റി വനിതകൾക്ക് തയ്യൽ മെഷീൻ അനുബന്ധ ഉപകരണങ്ങൾ |
| അടങ്കൽ | 3000000 |
| ഫണ്ടിനം | വികസനഫണ്ട് - ടി.എസ്.പി |
| ചെലവഴിച്ച തുക | ബിൽ.നമ്പർ ടി.എസ്.പി 18/22-23 തീയതി 27.3.23 973760<br>ബിൽ.നമ്പർ ടി.എസ്.പി 19/22-23 തീയതി 27.3.23 959440<br>ബിൽ.നമ്പർ ടി.എസ്.പി 21/22-23 തീയതി 28.3.23 930800 |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 16.01.2023 ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നോട്ടീസ് പ്രകാരം വിതരണം നടത്തേണ്ട സാധനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | തയ്യൽ മെഷീൻ | 200 |
| 2 | കത്രിക | 200 |
| 3 | ടേപ്പ്, സ്കെയിൽ | 200 |
| 4 | സ്റ്റൂൾ | 200 |
| 5 | കട്ടിംഗ് ടേബിൾ (150 സെ.മീ നീളം 1 മീ ഉയരം | 200 |

എന്നാൽ 23.02.2023 ന് പുതിയ ടെണ്ടർ പരസ്യം നൽകുകയും ആയത് പ്രകാരം വിതരണം നടത്തേണ്ട സാധനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | തയ്യൽ മെഷീൻ (സെമീ.സ്പീഡ്) | 200 |
| 2 | കത്രിക | 200 (10 ഇഞ്ച്) |
| 3 | ടേപ്പ്, സ്കെയിൽ | 200 |
| 4 | സ്റ്റൂൾ | 200 |
| 5 | കട്ടിംഗ് ടേബിൾ (150 സെ.മീ നീളം 1 മീ ഉയരം | 200 |

ടെണ്ടറർമാർ അവർവിതരണം ചെയ്യാനുദ്ദേശിക്കുന്ന തയ്യൽ മെഷീനുകളുടെ സാമ്പിളുകൾ നഗരസഭ പ്രൊക്വയർമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും, പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മോഡൽ , ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വിതരണം ചെയ്ത് രശീത് ഹാജരാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മാനന്തവാടി നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണെന്നും ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം ലഭിച്ച ( ടെണ്ടർ നം. Tender/teo/01/22-23 Mananthavady Municipality , Window No-m192149/2023) ഇ-ടെണ്ടർ 24.02.23 ന് സമർപ്പിച്ചവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ടെണ്ടർ സ്ഥാപനം | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | മാൻഫോ എക്സ്പോർട്സ് | 3240000 |
| 2 | ഹരീഷ് ഭാസ്കരൻ, ദീപ്തി ഏജൻസീസ് | 2583800 |
| 3 | ദീപ്തി ഡിസ്ട്രിബ്യൂട്ടേഴ്സ് | 2987000 |
| 4 | ദീപ്തിവിഷൻ | 2864000 |

ടെണ്ടർ നോട്ടീസ് പ്രകാരം, ടെണ്ടറർമാർ വിതരണം ചെയ്യാനുദ്ദേശിക്കുന്ന തയ്യൽ മെഷീനുകളുടെ സാമ്പിളുകൾ നഗരസഭ പ്രൊക്വയർമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

16.03.2023 ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗം തീരുമാനപ്രകാരം ലഭിച്ച ടെണ്ടർ പ്രകാരം കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ ദീപ്തി ഏജൻസീസ് എന്ന സ്ഥാപനത്തിന്റേതാണെങ്കിലും ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള തയ്യൽ മെഷീന്റെ അംഗീകൃത ഡീലർ ദീപ്തിവിഷൻ മാനന്തവാടി എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്.

ഇതുപ്രകാരം 17.03.2023 തീയതിയിലെ നം.ടി.ഇ.ഒ(എം)1257/22 കത്ത് മുഖേന ദീപ്തിവിഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് വിതരണ ഏജൻസിയായി തീരുമാനിക്കാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയത് ദീപ്തി ഏജൻസീസ് എന്ന സ്ഥാപനമാണെങ്കിലും പ്രസ്തുത സ്ഥാപനം

ഓതറൈസ്ഡ് ഏജൻസി അല്ല എന്നതും, പ്രിലിമിനറി എഗ്രിമെന്റ് വെച്ചിട്ടില്ല എന്നതുമായ കാരണത്താൽ പ്രസ്തുത ഏജൻസിയുടെ ടെണ്ടർ അംഗീകരിക്കേണ്ടതില്ലെന്നും കുറഞ്ഞ തുക രേഖപ്പെടുത്തിയ രണ്ടാമത്തെ ഏജൻസിയായ ദീപ്തി വിഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാനും ശുപാർശ ചെയ്യുകയായിരുന്നു. ഇതുപ്രകാരം.18.03.2023 തീയതിയിൽ നം.ടി.ഇ.ഒ(എം)1257/22 നമ്പർ സപ്ലൈ ഓർഡർ മുഖേന തയ്യൽ മെഷീൻ വിതരണം ചെയ്യാൻ പ്രസ്തുത സ്ഥാപനത്തോട് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകി. ഇതനുസരിച്ച് സ്ഥാപനം താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം തയ്യൽ മെഷീൻ വിതരണം നടത്തുകയുണ്ടായി.

| ക്രമ നം | ഇൻവോയ്സ് നം | തീയതി | തുക |
|---|---|---|---|
| 1 | 822 | 23.03.2023 | 930800 |
| 2 | 823 | 23.03.2023 | 973760 |
| 3 | 824 | 23.03.2023 | 959440 |
| | ആകെ | | 2864000 |

ഈ പർച്ചേസുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ടായതായി കാണുന്നു.

1.സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി28/05/2022 ഖണ്ഡിക 6.5(എ) 1,2 എന്നിവ പ്രകാരം സ്വയം തൊഴിൽ വ്യക്തിഗതം പ്രോജക്ടുകൾക്ക് 75% തുക ( പരമാവധി 90000 രൂപ) മാത്രമെ സബ്സിഡി നൽകാൻ പാടുള്ളൂ. 25% തുക ഗുണഭോക്തൃ വിഹിതം അടക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടിൽ 100% സബ്സിഡി നൽകിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ആയത് പരിഗണിച്ചാൽ പദ്ധതിയുടെ ആകെ ചെലവു തുകയായ 2864000 *75/100 രൂപ = 2148000 രൂപ മാത്രമാണ് ഇതുപ്രാകരം ചെലവഴിക്കാവുന്നത്. എന്നാൽ 100% സബ്സീഡി നൽകിയത് പ്രകാരം 716000 രൂപ അധികമായാണ് ചെലവഴിച്ചത്.

2. ഇ-ടെണ്ടർ ചെയ്യുന്ന പദ്ധതികൾക്ക് പ്രിലിമിനറി എഗ്രിമെന്റ് വെക്കേണ്ടതാണ് എന്നാണ് നിയമം. പ്രിലിമിനറി എഗ്രിമെന്റ് വെച്ചിട്ടില്ല എന്നതും അംഗീകൃത വിതരണക്കാരല്ല എന്നതുമായ കാരണം രേഖപ്പെടുത്തയാണ് ഏറ്റവും കുറവ് രേഖപ്പെടുത്തി സമർപ്പിച്ച ദീപ്തി ഏജൻസിയുടെ ടെണ്ടർ നിരസിച്ചത്.എന്നാൽ ഹാജരാക്കിയ ഫയലിൽ നിരസിക്കപ്പെട്ട കരാറുകാരൻ സമർപ്പിച്ച പ്രിലിമിനറി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. അത് അനുസരിച്ച് പ്രസ്തുത ടെണ്ടറാണ് അംഗീകരിക്കുന്നത് എങ്കിൽ ഇതുപ്രകാരം തുക കണക്കാക്കിയാൽ ടെണ്ടർ അംഗീകരിച്ച 2864000 രൂപയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത തുകയും 2583800 = തമ്മിൽ 280200 രൂപയുടെ വ്യത്യാസമുണ്ട് ഇത്അധികം നൽകിയ തുകയായി കണകാക്കാവുന്നതാണ്. കൂടാതെ ടെണ്ടർ പരസ്യത്തിൽ അംഗീകൃത വിതരണക്കാരായിരിക്കണം എന്ന് യോഗ്യത പ്രത്യേകമായി വ്യക്തമാക്കിയിട്ടില്ല.

3.ഏറ്റവും കുറഞ്ഞ തുകയിൽ ഏറ്റവും ഗുണമേൻമയുള്ള സാധനങ്ങൾ ലഭിക്കുന്നതിന് വേണ്ടിയാണ് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത്. മേൽ പ്രോജക്ടിന്റെ ടെണ്ടർ പരസ്യത്തിൽ മാനന്തവാടി നഗരസഭ പരിധിയിലെ ടെണ്ടറുകൾക്ക് മുൻഗണന നൽകുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിന് തടസ്സമായതായി കരുതാവുന്നതാണ്. ഇത്രയും ഉയർന്ന തുക ചെലവഴിച്ച് നടപ്പാക്കുന്ന പ്രൊജക്ടിന് പ്രാദേശിക പരിഗണനയില്ലാതെ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കേണ്ടതായിരുന്നു. മത്സരാധിഷ്ഠിത ടെണ്ടറിന്റെ അഭാവത്തിൽ പർച്ചേസ് ചെയ്ത സാമഗ്രികൾക്ക് അധിക വില നൽകുന്നതിലേക്കും ഇടയാക്കിയിട്ടുണ്ട്. .

4. ടെണ്ടർ വ്യവസ്ഥ പ്രകാരം വിതരണം നടത്തേണ്ട സാധനങ്ങളുടെ സാമ്പിളുകൾ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിന് തയ്യൽ മെഷീൻ വാങ്ങുന്നതിന് പ്രൊക്വയർമെന്റ് കമ്മിറ്റി ചേരുകയോ തയ്യൽ മെഷീൻ അനുബന്ധ സാധനങ്ങൾ എന്നിവയുടെ ഗുണമേൻമ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പ്രക്വയർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചപ്പോൾ 2022-23 സാമ്പത്തിക വർഷം തയ്യൽ മെഷീൻ വാങ്ങുന്നതിന് വേണ്ടി പ്രൊക്വയർമെന്റ് കമ്മിറ്റി ചേരുകയോ സാമ്പിളുകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല. വിതരണക്കാർ സാമ്പിളുകൾ ഹാജരാക്കാതെയാണ് സപ്ലൈ ഓർഡർ നൽകിയി ട്ടുള്ളത്. ഇതിനാൽ തന്നെ വിതരണം നടത്തിയ സാധനങ്ങളുടെ ഗുണമേൻമ പരിശോധന നടത്താതെയാണ് വിതരണം നടത്തിയിട്ടുള്ളത്. വിതരണം നടത്തിയ തയ്യൽ മെഷീനുകളുടെ വാറണ്ടി കാലാവധി എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

5.തദ്ദേശ സ്ഥാപനം വാങ്ങലുകൾ നടത്തി ആയതിന് തുക അനുവദിക്കുമ്പോൾ ചരക്ക് സേവന നികുതി 2% ടിഡിഎസ് നടത്തേണ്ടതാണ്. തയ്യൽ മെഷീൻ വിതരണക്കാരിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല.

ഓഡിറ്റ് ചൂണ്ടികാട്ടിയ മേൽ വസ്തുതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.67 തീയതി 29/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിക്കുന്ന നടപടികളിലെ അപാകങ്ങൾ മൂലം അധികം നൽകിയ തുകയായ 280200 രൂപ നിർവ്വഹണ

ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിനാൽ അധിക ചെലവിന് ഇടയാക്കിയതിനാൽ ആകെ ചെലവഴിച്ച 2864000 രൂപയിൽ നിന്നും 280200 രൂപ കിഴിച്ച് ബാക്കിയുള്ള 2583800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-3 സെക്രട്ടറി ക്വർട്ടേഴ്സ് റെന്റ് അനുവദിക്കുന്നതിനാൽ എച്ച്. ആർ.എ ക്ക് അനുവാദമില്ല**

നഗരസഭയുടെ 2022-23 വർഷത്തെ തനത് ഫണ്ട് ചെലവുകൾ പരിയശോധിച്ചതിൽ നഗരസഭാ സെക്രട്ടറിക്ക് ക്വർട്ടേഴ്സ് റെന്റ് ഇനത്തിൽ പ്രതിമാസം ₹6000 രൂപ വീതം നൽകുന്നതായി കാണുന്നു. എന്നാൽ ഇതെ കാലയളവിൽ ശംബളത്തോടോപ്പം വീട്ട് വാടക അലവൻസും കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | വൗച്ചർ നംബർ, തീയതി | തുക | വാടക കാലയളവ് | കൈപ്പററിയ HRA |
|---|---|---|---|---|
| 1 | 22200123 തീയതി 27-04-2022 | 6000 | 3/2022 | 3390 |
| 2 | 22200187 തീയതി 10-05-2022 | 6000 | 4 /2022 | 3390 |
| 3 | 22200340 തീയതി 23-06-2022 | 6000 | 5/2022 | 3390 |
| 4 | 22200340 തീയതി 06-07-2022 | 6000 | 6/2022 | 3390 |
| 5 | 22200340 തീയതി 30-08-2022 | 6000 | 7/2022 | 3390 |
| 6 | 22200340 തീയതി 27-09-2022 | 6000 | 8/2022 | 3390 |
| 7 | 22200697 തീയതി 25-10-2022 | 6000 | 9/2022 | 3390 |
| 8 | 22200815 തീയതി 01-12-2022 | 6000 | 11/2022 | 3390 |
| 9 | 22200909 തീയതി 06-01-2023 | 6000 | 12/2022 | 3390 |
| 10 | 22201026 തീയതി 05-02-2023 | 6000 | 01/2023 | 3390 |
| 11 | 22201192 തീയതി 06-03-2023 | 6000 | 3/2023 | 3390 |
| | ആകെ തുക | 66000 | | 37290 |

സെക്രട്ടറിയുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച കാലയളവിൽ ശംബള തുകയോടൊപ്പം വീട്ടുവാടക ബത്തയും കൈപ്പറ്റുന്നതായും കാണുന്നു. ജി.ഒ.(പി) 27/2021 ഫിൻ തീയതി 10-02-2021 പ്രകാരം സർക്കാർ ക്വർട്ടേഴ്സ് അനുവദിച്ചിട്ടുള്ള സർക്കാർ ജീവനക്കാർക്ക് വീട്ടുവാടക ബത്തയ്ക്ക് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശംബള തുകയോടൊപ്പം പ്രത്യേകമായി ക്വർട്ടേഴ്സ് വാടക കൂടി അനുവദിക്കണമെന്ന സെക്രട്ടറിയുടെ 23-01-2023 തീയതിയിലെ അപേക്ഷ നഗരസഭാ കൗൺസിലിന്റെ 29-09-2023 തീയതിയിലെ അജണ്ട 26, തീരുമാനം നമ്പർ 26 (26-23) പ്രകാരം നിയമാനുസരണം തുക അനുവദിക്കാൻ സാധികാത്തതിനാൽ നഗരസഭാ സെക്രട്ടറിക്ക് കോർട്ടേഴ്സ് വാടകയോടൊപ്പം HRA തുക നോൺ റിഫണ്ടബിൾ ആയി തുക അനുവദികേണ്ടതില്ലെന്നും തിരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ ക്വർട്ടേഴ്സ് വാടകയും വീട്ടുവാടക ബത്തയും ഒരുമിച്ച് കൈപ്പറ്റുവാൻ അനുവദിച്ചുകൊണ്ടുള്ള പ്രത്യേക ഉത്തരവുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത കാലയളവിൽ HRA ഇനത്തിൽ കൈപ്പറ്റിയ ₹ 37290 തുക തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ.44 /2022- 2023 തീയതി : 27/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

**3-4 മാലിന്യം നീക്കുന്നതിനായി ഓദേദാറിക്ഷ വാങ്ങൽ-വാഹനം ഉപയോഗിക്കാത്തതിനാൽ 497000രൂപ പാഴായി**

മാനന്തവാടി നഗരസഭ ഹെൽത്ത് ഓഫീസർ നിർവ്വണോദ്യാഗസ്ഥനായി 2022-23 സാമ്പത്തിക വർഷം മാലിന്യം നീക്കുന്നതിനായി പുതിയ ഗുഡ്സ് വാങ്ങുന്നതിനായി താഴെപറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം | 42/23 |
| പ്രോജക്റ്റിന്റെ പേര് | മാലിന്യം നീക്കുന്നതിനായി പുതിയ ഗുഡ്സ് വാങ്ങൽ |
| അടങ്കൽ | 500000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | |
| 1. ബിൽ - | Payment Advice No.C102214098913തീയതി 12.10.2022 തുക- 497000/- |
| ആകെ ചെലവഴിച്ച തുക | 497000/- രൂപ |

നഗരസഭ പരിധിയിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി പുതിയ ഇലക്ട്രിക് ഓട്ടോ ഗുഡ്സ് വാങ്ങുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. ഗുഡ്സ് വാങ്ങുന്നതിനായി ജെം പോർട്ടലിൽ Bid GEM/2022 /B/243113 തീയതി 11.08.2022-10 ആയി ടെണ്ടർ പബ്ലിഷ് ചെയ്തിട്ടുണ്ട്.23.08.2022 തീയതി ബിഡ് ഓപ്പൺ ചെയ്യുകയും ഫ്ലോറാറ്റ് ടെക്നോളജീസ് , തിരുവനന്തപുരം എന്ന സ്ഥാപനവുമായി ഗുഡ്സ് ഓട്ടോ വിതരണം ചെയ്യുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തു. വാഹനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 24.09.2022 – 23.09.2037 തീയതി കാലാവധിയുള്ള KL 72D -6547 നമ്പർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ പേരിൽ മാനന്തവാടി സബ് റീജ്യണൽ ട്രാൻസ്പോർട് ഓഫീസിൽ നിന്നും അനുവദിച്ച പ്രസ്തുതവാഹനത്തിന് അനുവദിച്ച കിട്ടിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകളോടൊപ്പം വാഹനത്തിന് 14.09.2023 തീയതി വരെയുള്ള ഇൻഷ്വറൻ പോളിസി ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (നം.17 തീയതി 20/01/2024 ) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ വിശദീകരണം താഴെചേർത്ത കാരണങ്ങളാൽ തൃപ്തികരമല്ല.

1. ഇലക്ട്രിക് ഓട്ടോ ഗുഡ്സ് വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിൽ " നിലവിൽ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല" എന്നും തുടർന്ന് ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത് . 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 3, ചട്ടം 7 , 8,9,10, 11, 12 എന്നിവയിൽ വാഹനത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും വാഹനങ്ങൾ കൈകാര്യം ചെയ്യേണ്ടത് സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധം 1 ആയി ലോഗ് ബുക്ക് തയ്യാറാക്കുന്നതിന്റെ മാതൃകയും നൽകിയിട്ടുണ്ട്. എന്നാൽ വാഹനം വാങ്ങി ഓഡിറ്റ് തീയതിയിൽ ഒരു വർഷത്തിലേറെ കാലമായിട്ടും ലോഗ്ബുക്ക് സൂക്ഷിച്ചിട്ടില്ല എന്നത് ക്രമപ്രകാരമല്ല. ഓഡിറ്റ് തീയതി വരെ 29 കിലോമീറ്റർ മാത്രമാണ് പ്രസ്തുത വാഹനം ഓടിയിട്ടുള്ളത്. മാലിന്യനീക്കത്തിന് പ്രസ്തുത വാഹനം കൃത്യമായി ഉപയോഗിക്കുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു.

2.വാഹനം നിലവിൽ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 14.09.2023 തീയതി വരെ കാലാവധിയിൽ വാഹനം വാങ്ങുന്ന സമയത്ത് ഇൻഷ്വർ ചെയ്തിട്ടുണ്ട്. തുടർന്ന് വാഹനം ഇൻഷ്വർ ചെയ്തിട്ടില്ല. ഇൻഷ്വറൻസ് പോളിസി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

3. വാഹനം നിലവിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് താഴെപ്പറയുന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

" നഗരസഭയിലെ ഇടറോഡുകളിൽ നിന്നുള്ള വീടുകളിൽ നിന്നും മറ്റും ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ എം.സി.എഫ് ലേക്ക് കൊണ്ടുവരുന്നതിനും നഗരസഭ ഓഫീസിൽ നിന്നും വിദൂരത്തുള്ള കുറുദ്വീപ് , പയ്യമ്പള്ളി പോലുള്ള സ്ഥലങ്ങളിലേക്ക് തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങളുമായി പോകുന്നതിനും മറ്റുമാണ് ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങിയിട്ടുള്ളത്. ഹരിത കർമ്മ സേനയ്ക്ക് അജൈവ മാലിന്യം ശേഖരിച്ച് ഉപയോഗിക്കാമെന്ന ലക്ഷ്യത്തോടെയാണ് ഓട്ടോറിക്ഷ വാങ്ങിയിട്ടുള്ളതെങ്കിലും , ഹരിതകർമ്മ സേനാംഗങ്ങൾ ഡ്രൈവിംഗ് പഠിച്ച് ലൈസൻസ് എടുത്ത് വാഹനം നിരവധി പ്രാവശ്യം നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ ഓട്ടോറിക്ഷ ഓടിക്കാൻ തയ്യാറായി ആരും മുന്നോട്ട് വന്നിട്ടില്ല. " എന്ന വസ്തുത വിരുദ്ധമായ മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. വാഹനം വാങ്ങി 1 വർഷം 3 മാസം കഴിഞ്ഞിട്ടും ആകെ 29 കിലോമീറ്റർ മാത്രമാണ് വാഹനം ഓടിയിട്ടുള്ളത്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഇത്തരം നിർദ്ദേശം നൽകിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ വാഹനം ഹരിതകർമ്മ സേനയുടെ ഉപയോഗത്തിന് നൽകുന്നതിന് വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറോ, ഭരണസമിതിയോ തീരുമാനമെടുത്തതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.80 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നഗരസഭ പരിധിയിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വാഹനങ്ങളുടെ ഉപയോഗം അത്യാവശ്യമാണ്. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ ഇന്ധന ചെലവ് ഇനത്തിൽ വൻ തുക ലാഭിക്കാമെന്നിരിക്കെ വാഹനം ഉപയോഗിക്കാതെ നഗരസഭ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വാഹനത്തിന് ഇൻഷ്വറൻ പോളിസി പുതുക്കാതിരിക്കുന്നതിന്

കാരണം ആയത് ഉപയോഗിക്കുന്നില്ല എന്നതിനാലാണ് എന്ന് വ്യക്തമാണ്.മേൽ നടപടികൾ മൂലം മേൽ വാഹനം വാങ്ങുന്നതിനായി ചെലവഴിച്ച 497000/- രൂപ പാഴ്ചെലവായി മാറി. ഈയിനത്തിലെ ചെലവ് തുക ഓഡിറ്റ് നിരാകരിക്കുന്നു. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ വാഹനം കൂടാതെ രണ്ട് ഇലക്ട്രിക് ഗുഡ്സ് ഓട്ടോ റിക്ഷകൾ ഐസിഐസിഐ ബാങ്ക് സൗജന്യമായി നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഓട്ടോറിക്ഷകളും മാലിന്യനിർമ്മാർജന പ്രവൃത്തികൾക്കായി ഉപയോഗിക്കാവുന്നതാണ്. രണ്ട് വാഹനങ്ങളും ശരാശരി 1200 കിലോമീറ്റർ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ പരിസ്ഥിതി സൗഹൃതമാണെന്ന് മാത്രമല്ല ഇന്ധനചെലവ് ഇനത്തിൽ വലിയ തുക ലാഭിക്കുന്നതിന് സഹായകവുമാണ്. എന്നാൽ പ്രസ്തുത വാഹനങ്ങൾ പരമാവധി ഉപയോഗിക്കുന്നതിന് ആവശ്യമായ പരിഗണ നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല.





നഗരസഭ വാങ്ങിയ ഇലക്ട്രിക് ഓട്ടോ റിക്ഷ ഉപയാകിക്കാതെ സൂക്ഷിച്ചിരിക്കുന്നു

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പ്ത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 27.01.2024 | റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കുന്നു |

### 4-2 സംയുക്തപദ്ധതിക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ /വൗച്ചർ ചെക്ക് നംബർ | ചെലവഴിച്ച തുക | പൂരത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കുറ്റിമൂല നോർബർട്ട് ഹൗസ് കുടിവെള്ള പദ്ധതി | 82/22-10-22<br>286/30-30-23 | 118350<br>17960 | ലഭ്യമല്ല<br>ലഭ്യമല്ല | ലഭ്യമല്ല<br>ലഭ്യമല്ല |
| ഭൂജല വകുപ്പ് | ഹൈസ്കൂൾ കവളമൊട്ടംകുന്ന് കുഴൽ കിണർ നിർമ്മാണം | 123/31-01/23 | 174040 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | നമ്പാടി കുന്ന് കുടിവെള്ള പദ്ധതി | 124 /31-01-23 | 198614 | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പെരുവക ലക്ഷംവീട് കുഴൽ കിണർ നിർമ്മാണം | 125 /31-01-23 | 174070 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | പൊൻകുന്നം പ്രദേശം കുഴൽ കിണർ നിർമ്മാണം | 170 /01-03-23 | 204514 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | അണ്ണിചെറുർ കോളനി കുഴൽ കിണർ നിർമ്മാണം | 171 /01-03-23 | 128522 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | കോട്ടക്കുന്ന് കുടിവെള്ള പദ്ധതി | 172 /01-03-23 | 123236 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | കണിയാരം അങ്കണവാടി കുഴൽകിണർ നിർമ്മാണം | 173 /01-03-23 | 189882 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | കരിയൻ കുന്ന് അപ്പുകുട്ടിയുടെ സ്ഥലത്ത് കുഴൽ കിണർ നിർമ്മാണം | 174 /01-03-23 | 182849 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | മണ്ടകമൂല കുഴൽ കിണർ നിർമ്മാണ | 188/18-03-23 | 199676 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | മൊട്ടകുഴൽ കിണർ നിർമ്മാണം | 189 /18-03-23 | 99966 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | ശിശുമന്ദിരം കുടിവെള്ള പദ്ധതി | 299 /30-03-23 | 95676 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | കുളികാവ് കുഴൽ കിണർ നിർമ്മാണം | 302 /30-03-23 | 138104 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | അമൃത് സർവ്വെ | 22200671 /13-10-22 | 5,00,000 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | ലക്ഷം വീട്പ്രദേശം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 83 /29-10-22<br>84 /10-11-22 | 300000<br>75000 | ലഭ്യമല്ല<br>ലഭ്യമല്ല | ലഭ്യമല്ല<br>ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | പാട്ടവയൽ പൈപ്പ് ലൈൻ നീട്ടൽ | 155/27-02-23 | 2,50,000 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | റബർകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 156 /27-02-23 | 200000 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | 52 ) ം മൈൽ പാട്ടവയൽ പൈപ്പ് ലൈൻ നീട്ടൽ | 157 /27-02-23 | 2,50,000 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | അയനിയാറ്റിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 159 /27-02-23 | 200000 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | കുളങ്ങരക്കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 162 /27-02-23 | 1,00,000 | ലഭ്യമല്ല | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | പുത്തൻപുര കോളനി പൈപ്പ് ലൈൻ നീട്ടൽ | 163 /27-02-23 | 2,00,000 | ലഭ്യമല്ല | ലഭ്യമല്ല |
| | | ആകെ | 38,70,709 | | |

വിവിധ ഏജൻസികൾക്ക് 2022-23 ലെ പദ്ധതിയുമായി ബന്ധപ്പെട്ട് നിക്ഷേപിച്ച തുകയാണ് മേൽ ചെർത്തത്. എന്നാൽ പ്രസ്തുത തുക വാർഷിക കണക്കിലെ ഡെപ്പോസിറ്റ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.പദ്ധതിപ്രകാരമുള്ള മേൽ തുകകൾ വിനിയോഗിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

**4-4 വായ്പ / വായ്പതിരിച്ചടവ്**

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം /വായ്പ അനുവദിച്ച സ്ഥാപനം /ഉത്തരവ് | വായ്പാ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1 | ഹഡ്‌ക്കോ ലോൺ<br>68/2018<br>തീയതി,18-3-2018 | 200400000 | 16,19,34,133 | 13360002 | | 14,85,74,131 |
| 2 | രാജീവ് ഗാന്ധി ഹൗസിംഗ് പ്രോജക്റ്റ്<br>ജി.ഒ.62190/സി.ബി1/14 എൽ.എസ്.ജി.ഡി<br>തീയതി,27-10-2014 | 30000000 | 8434492 | 40,00,000 | 546874 | 4434492 |

ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയത്.

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 19140260 രൂപയുടെ സ്ഥിരനിക്ഷേപം കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള സ്ഥിരനിക്ഷേപ തുക 18465865രൂപയാണ്. തുക പൊരുത്തപ്പെടാത്തത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കിയിട്ടില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യാവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 336141031 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 27,66,00859 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12814 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 35,45,210 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60927142 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12814 | | മമ്പള്ളി സന്തോഷ് കുമാർ, നഗരസഭാ സെക്രട്ടറി |
| 3-1 | | 27,30,720 | മമ്പള്ളി സന്തോഷ് കുമാർ, നഗരസഭാ സെക്രട്ടറി |
| 3-2 | | 280200 | ശ്രീ.ബിജു.കെ.എൽട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | | 37290 | മമ്പള്ളി സന്തോഷ് കുമാർ, നഗരസഭാ സെക്രട്ടറി |
| 3-4 | | 4,97,000 | ശ്രീ.പി.ജി.അജിത്ത്ഹെൽത്ത് ഓഫീസർ |
| ആകെ | 12814 | 35,45,210 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 7541000 | **മമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി** |
| 1-27 | 33,56,510 | **മമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി** |
| 1-28 | 16,63,951 | **മമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി** |
| 1-29 | 12,00,000 | **മമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി** |
| 1-30 | 6,33,894 | **മമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി** |
| 1-31 | 20,00,000 | ശ്രീലേഖ. എൻ,എസ്**ഡയറി എക്സ്റ്റൻഷൻ ഓഫീസർ** |
| 1-33 | 20,00,000 | സലീം അൽത്താഫ് പ്രിൻസിപ്പാൾ ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, മാനന്തവാടി |
| 1-41 | 5,00,000 | ശ്രീ.അനിൽ കുമാർ.എ.എം.**അസി.എഞ്ചിനിയർ** |
| 1-43 | 2045454 | ശ്രീ.അനിൽ കുമാർ.എ.എം.**അസി.എഞ്ചിനിയർ** |
| 1-44 | 1,50,000 | ശ്രീ.അനിൽ കുമാർ.എ.എം.**അസി.എഞ്ചിനിയർ** |
| 1-45 | 15,75,000 | ശ്രീ.അനിൽ കുമാർ.എ.എം.**അസി.എഞ്ചിനിയർ** |
| 1-47 | 15,38,752 | ശ്രീ.അനിൽ കുമാർ.എ.എം.**അസി.എഞ്ചിനിയർ** |
| 1-51 | 14,23,355 | ഡോ.സൗമ്യ.എസ്**മെഡിക്കൽ ഓഫീസർ പി.എച്ച്.സി** |
| 1-52 | 3,08,25,347 | ഡോ.സൗമ്യ.എസ്**മെഡിക്കൽ ഓഫീസർ പി.എച്ച്.സി** |
| 1-53 | 5,24,500 | ശ്രീ.പി.ജി.അജിത്ത്**ഹെൽത്ത് ഓഫീസർ** |
| 1-55 | 2,00,000 | ശ്രീ.പി.ജി.അജിത്ത്**ഹെൽത്ത് ഓഫീസർ** |
| 1-59 | 25,83,800 | ശ്രീ.ബിജു.കെ.എൽ**ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ** |
| 1-62 | 3,00,000 | **മമ്പള്ളി സന്തോഷ് കുമാർ, നഗരസഭാ സെക്രട്ടറി** |
| 1-63 | 20,160 | **മമ്പള്ളി സന്തോഷ് കുമാർ, നഗരസഭാ സെക്രട്ടറി** |
| 1-64 | 3,60,000 | ശ്രീ.പി.ജി.അജിത്ത്**ഹെൽത്ത് ഓഫീസർ** |
| 1-66 | 70,000 | **മമ്പള്ളി സന്തോഷ് കുമാർ, നഗരസഭാ സെക്രട്ടറി** |
| 1-67 | 4,15,419 | ശ്രീ.അനിൽ കുമാർ.എ.എം**അസി.എഞ്ചിനിയർ** |
| ആകെ | 6,09,27,142 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| മമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, മാനന്തവാടി നഗരസഭ | മാമ്പള്ളി വീട്,<br>മട്ടന്നൂർ P.O,<br>കണ്ണൂർ,<br>PIN: 670702<br>Mobile No:7356307847<br>E-Mail:<br>Santhoshkumarmambally@gmail.com |
| സലീം അൽത്താഫ് പ്രിൻസിപ്പാൾ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മാനന്തവാടി | പ്രിൻസിപ്പാൾ | നെടുംകണ്ടത്തിൽവീട്,<br>നരികുനി.പി.ഒ, കോഴിക്കോട് |
| ശ്രീലേഖ. എൻ,എസ് ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | നേമവരത്തിൽ (വീട്)<br>എടക്കോട്, നേമം പി.ഒ.<br>തിരുവനന്തപുരം<br>പിൻ.695020 |
| ശ്രീ.അനിൽ കുമാർ.എ.എം. | മുനിസിപ്പൽ എഞ്ചിനിയർ | അടക്കനാട്ട് ഹൗസ്<br>കോളേരി. പി.ഒ. കേണിച്ചിറ<br>പിൻ.673596 |
| ഡോ.സൗമ്യ.എസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | നന്ദനം,ഡോക്ടേർസ് ലൈൻ<br>പത്തനം തിട്ട<br>പിൻ.689645 |
| ശ്രീ.പി.ജി.അജിത്ത് | ഹെൽത്ത് ഓഫീസർ | നിലാഞ്ജനം.വീട്<br>കോട്ടയം പൊയിൽ .പി.ഒ<br>പിൻ. 670691 ,കണ്ണൂർ |
| ശ്രീ. പ്രസാദ് കെ.എം. | പ്രോജക്ട് ഓഫീസർ | ഗീതാലയം, മുരിങ്ങോടി,<br>പേരാവൂർ (പി.ഒ)<br>കണ്ണൂർ, പിൻ.670673 |
| ശ്രീ. ബിജു കെ.എൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | കൊല്ലംമാട്ടേൽ ഹൗസ്,<br>, കണിയാരം പി,ഒ<br>പിൻ.670645<br>മാനന്തവാടി |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

മാനന്തവാടി നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-2 | 2017-18 | 7 | വസ്തുനികുതി – വിജ്ഞാപനത്തിലെ അപാകതകൾ | പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2016-17 | 3-10 | 2017-18 | അനുബന്ധം-3 ക്രമ നം. (8) | തുണ്ടിപറമ്പ് കുന്നിൽ പൈപ്പ് ലൈൻ നീട്ടൽ-റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാകാത്ത തുക വകയിരുത്തി. | പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2016-17 | 3-10 | 2017-18 | അനുബന്ധം-3 ക്രമ നം.(9) | കൊയിലേരി പബ്ലിക്ക് ടോയ്ലറ്റിന് പൈപ്പ് ലൈൻ നീട്ടൽ-റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാകാത്ത തുക വകയിരുത്തി. | |
| 2016-17 | 3-10 | 2017-18 | അനുബന്ധം-4 ക്രമ നം.(6) | കൊയിലേരി പബ്ലിക്ക് ടോയ്ലറ്റിന് പൈപ്പ് ലൈൻ നീട്ടൽ-റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാകാത്ത തുക വകയിരുത്തി. | പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2016-17 | 3-10 | 2017-18 | അനുബന്ധം-4 ക്രമ നം.(5) | തുണ്ടിപറമ്പ് കുന്നിൽ പൈപ്പ് ലൈൻ നീട്ടൽ-റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാകാത്ത തുക വകയിരുത്തി. | പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

2022-23 കാലയളവിൽ ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഏറ്റവും ഒടുവിൽ കത്തിടപാടുകൾ നടത്തിയതിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ് ഡബ്ള്യു പി .4-144/2002 തീയതി .03.07.2002 | |
| 1997-98 | എൽ.എഫ് ഡബ്ള്യു പി .4.315/02 തിയ്യതി.04.07.2003 | |
| 1998-99 | എൽ.എഫ് ഡബ്ള്യു പി .4 .416/03 | 22 |

| | | |
|---|---|---|
| | തിയ്യതി.20.01.2005 | |
| 1999-00 | എൽ.എഫ് ഡബ്ള്യു പി .3.തിയ്യതി. 334/08 08.04.2008 | 26 |
| 2000-01(പ്ളാൻ) | എൽ.എഫ് ഡബ്ള്യു പി .3.128 /05തിയ്യതി. 09.03.2006 | 17 |
| 2000-01 | എൽ.എഫ് ഡബ്ള്യു പി .4.559/03 തിയ്യതി.23/08/2006 | 8 |
| 2001-02 | എൽ.എഫ് ഡബ്ള്യു പി .3.17/ 06. തിയ്യതി.18.09.2006 | 12 |
| 2002-03 | എൽ.എഫ് ഡബ്ള്യു പി .3.17/08 തിയ്യതി.12.03.2010 | 3 |
| 2003-04 | എൽ.എഫ് ഡബ്ള്യു പി .3.992/08 തിയ്യതി.19.12.2009 | 9 |
| 2004-05 | എൽ.എഫ് ഡബ്ള്യു പി .3.1192/08 തിയ്യതി. 06.04.2010 | 10 |
| 2005-06 | എൽ.എഫ് ഡബ്ള്യു പി .3.408/09 തിയ്യതി.06.04.2010 | 25 |
| 2006-07 | എൽ.എഫ് ഡബ്ള്യു പി .3.387/09(1) തിയ്യതി.20.04.2015 | 27 |
| 2007-08 | എൽ.എഫ് ഡബ്ള്യു പി3 .76/11(1). തിയ്യതി.25.07.2015 | 30 |
| 2008-09 | എൽ.എഫ് ഡബ്ള്യു പി .3.69/11 (1) തിയ്യതി.20.04.2015 | 22 |
| 2009-10 | എൽ.എഫ് ഡബ്ള്യു പി 2. 741/12(1), തിയ്യതി 22.08.2014 | 32 |
| 2010-11 | എൽ.എഫ് ഡബ്ള്യു പി .2.347/13(2) തിയ്യതി.23.08.2014 | 9 |
| 2011-12,2012-13 | എൽ.എഫ് ഡബ്ള്യു പി .2.150/ 15 തിയ്യതി.21.05.2019 | 12 |
| 2013-14,2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2.133/16 തിയ്യതി.21.04.2017 | 29 |
| 2015-16 (പഞ്ചായത്ത്) | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2.91/17 തിയ്യതി.28.11.2019 | 7 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം2/71 /17തീയ്യതി 29.11.2019 | 22 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം2/605/2017 തീയ്യതി 04/10/2017 | 51 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം2/169/2019 തീയ്യതി 14/11/2019 | 39 |
| 2018-19 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.) എം.3-191/20തീയ്യതി 30/10/21 | 27 |
| 2019-20 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.) എം.3-870/21തീയ്യതി 15/12/2021 | 46 |
| 2020-21 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.) എം.3-402/22തീയ്യതി 12.07.2022 | 63 |
| 2021-22 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.) എം.3-936/22തീയ്യതി 11.01.2023 | 27 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5/5/23 dated 14-07-2023 and submitted on 04-11-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mananthavady Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mananthavady Municipality for the year 2022-2023

Date: 20/03/2024

Senior Deputy Director
District Office Wayanad
Kerala State Audit Department

## Audit Report appended to the Audit Certificate of Mananthavady Municipality for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets( Jalanidhi, MGNREGS assets not added to Balance Sheet).
2. 19 Bank Statements/ Reconciliation Statements not produced for verification.
3. Necessary Schedules are not seen appended to the AFS.

Eg:- I & E Schedule which shows depreciation.

4. Discrepencies in carrying forward of the closing balance in the year in respect of liabilities are detailed below.

| Sl No.. | Description | 2021-22 AFS B-1) Amount(âÂÂ¹) | 2022-23 AFS (Trial Balace OB) Amount(âÂÂ¹) |
|---|---|---|---|
| 1 | General Fund | 13,65,38,178.00 | 2,30,53,457.00 |

| | | | |
|---|---|---|---|
| 2 | Excess of Income Over Expenditure | 78,04,631.00 | 12,12,89,352.00 |

**2.Other Observations**

1. Monthly Reconsilation Statements not prepared.
2. Lack of authenticated journal vouchers for supporting the adjustment entries in âÂÂPrior Period ItemsâÂÂ.

3. The following mandatory financial statements prescribed in accounting rules are not submitted for audit.

Accounting Notes, Ratios & Previous years comparisons.

4. Not providing adequate provision for doubtful debts
5. Building Tax, Profession Tax, FTEOS Licence & Rent demand registers are not periodically reconciled with Accounts
6. Lapse in making timely and accurate demand entries in respect of tax and non tax revenue, eg:-Building Tax, Profession Tax & FTEOS Licence.

7. Demand registers are not periodically reconciled with accounts

8. FTEOS Licence, Profession Tax(Traders), Buiding Permit registers certified abstract not produced for audit verification.
9. Stock Register, Asset Register, Loan Register, Advance Register were not produced.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# Abstract of Annual Financial Statements

## Mananthavady Municipality
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 76872293.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 8913674.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3771962.00 |
| 140000000 | Fees & User Charges | RP-4 | 4510112.00 |
| 150000000 | Sale & Hire Charges | RP-5 | 139294.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 144398124.00 |
| 171000000 | Interest Earned | RP-8 | 197504.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 42170693.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 503.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 47542241.00 |
| 340000000 | Deposits Received | RP-27 | 908830.00 |
| 350000000 | Other Liabilities | RP-29 | 6542119.00 |
| 460000000 | Loans, Advances and Deposits | RP-41 | 173682.00 |
| | **Grand total** | | **336141031.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 9910309.00 |
| 220000000 | Administrative Expenses | RP-11 | 5649692.00 |
| 230000000 | Operations & Maintenance | RP-12 | 9039543.00 |
| 240000000 | Interest & Finance Charges | RP-13 | 555696.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 109914717.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 30832222.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 32227939.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 9466544.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 1115729.00 |
| 350000000 | Other Liabilities | RP-29 | 15176272.00 |



Digitally signed by MAMB
Date: 2023.11.04 15:35:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-37 | 10573266.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 1198.00 |
| 311000000 | Earmarked Funds | RP-22 | 224901.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 400000.00 |
| 330000000 | Secured Loans | RP-25 | 4000000.00 |
| 340000000 | Deposits Received | RP-27 | 2501579.00 |
| 350000000 | Other Liabilities | RP-29 | 18436098.00 |
| 410000000 | Fixed Assets | RP-31 | 15642154.00 |
| 412000000 | Capital work in Progress | RP-33 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 933000.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 59540172.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **336141031.00** |

# Mananthavady Municipality
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 188721067.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 308918.00 |
| 312000000 | Reserves | B-3 | 125804313.00 |
| | **Total Reserve & Surplus** | | **314834298.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 48583760.00 |
| | **Total Grants, Contributions for Specific Purposes** | | **48583760.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 153008623.00 |
| | **Total Loans** | | **153008623.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 9062001.00 |
| 341000000 | Deposits Works | B-8 | 36700.00 |
| 350000000 | Other Liabilities | B-9 | 12223175.00 |
| | **Total Current Liabilities and Provisions** | | **21321876.00** |
| | **TOTAL LIABILITIES** | | **537748557.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 269173756.00 |
| 411000000 | Accumulated Depreciation | B-11 | -45186236.00 |
| 412000000 | Capital Work in Progress | B-11 | 0.0 |
| | **Total Fixed Assets** | | **223987520.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 18465869.00 |
| | **Total Investments** | | **18465869.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 81374350.00 |
| 440000000 | Pre-paid Expenses | B-16 | 153008263.00 |



Digitally signed by MAMB
Date: 2023.11.04 15:36:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 59540172.00 |
| 460000000 | Loans, Advances and Deposits | B-18 | 1372383.00 |
| | **Total Current Assets, Loans and Advances** | | **295295168.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **537748557.00** |

## Mananthavady Municipality
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 68598785.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 8141983.00 |
| 140000000 | Fee & User Charges | I-4(b) | 7087437.00 |
| 150000000 | Sale & Hire Charges | I-5(b) | 139294.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 281067036.00 |
| 170000000 | Income from Investments | I-7 | 1097721.00 |
| 171000000 | Interest Earned | I-8 | 197504.00 |
| | **Total Income** | | **366329760.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 32214235.00 |
| 220000000 | Administrative Expenses | I-11(b) | 5697742.00 |
| 230000000 | Operations & Maintenance | I-12(b) | 9126643.00 |
| 240000000 | Interest & Finance Charges | I-13 | 555696.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 194564519.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 32671822.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 32698220.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 9466544.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1115729.00 |
| 272000000 | Depreciation | I-17(a) | 4876894.00 |
| | **Total Expenditure** | | **322988044.00** |
| | **Gross Surplus / Deficit of income over Expenditure** | | **43341716.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -1036542.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **44378258.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |



Digitally signed by MAMB
Date: 2023.11.04 15:35:5
Reason: Approval
Location: Kerala

**SENIOR DEPUTY DIRECTOR**
**DISTRICT AUDIT OFFICE,WAYANAD**